

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ
വാർഷികം‘23



ആദ്യം കാലുകളുണ്ടായി
പിന്നെ വഴികളുണ്ടായി
ശേഷം കഥകളുണ്ടായി



മറവുചെയ്യാൻ ഇടമില്ലാത്ത
മൃതദേഹങ്ങൾക്ക്





# പറയാനുള്ളത്

മലയാളസർവകലാശാല വിദ്യാർത്ഥിയൂണിയന്റെ 2022-23 വർഷത്തെ മാഗസിൻ പുറത്തിറങ്ങുകയാണ്. വൈസ് ചാൻസലർ എന്ന പദവിയിലുള്ള ഹ്രസ്വയാത്രയുടെ തുടക്കത്തിലാണെങ്കിലും, ഒരുപാട് പ്രതിഭകളുടെ സംഗമകേന്ദ്രമാണ് ഈ കാമ്പസ് എന്ന് ഇതിനകം തിരിച്ചറിയാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. വിദ്യാർത്ഥികളുടെ സർഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നതിന് പഠനസ്കൂളുകളും വിദ്യാർത്ഥി യൂണിയനും നടത്തുന്ന ശ്രമങ്ങൾ അങ്ങേയറ്റം ശ്ലാഘനീയമാണ്. അക്ഷരത്തിന്റെ മൂർച്ചയും തെളിച്ചവും വെളിപ്പെടുത്തുന്ന മാഗസിനിലെ രചനകൾ മലയാള സർവകലാശാല നിലകൊള്ളുന്നത് എന്തിന് എന്ന ചോദ്യത്തിനുള്ള ഉത്തരം കൂടിയാവാൻ ആശംസിക്കുന്നു.

**ഡോ. സുഷമ**
വൈസ് ചാൻസലർ
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല






# എഴുതാനുള്ളത്

ഇത് എന്റെ ആത്മഹത്യാക്കുറിപ്പാണ്,
പേടിയെക്കുറിച്ച് ഓരോരുത്തരും പറയു
മ്പോൾ പേടിക്കാത്തവരായി ആരുമില്ലായെന്ന്
മനസ്സിലാകുന്നു. വിശാലമായ ഈ ലോകത്ത്
പേടി എന്നത് ഓരോരുത്തർക്കും പല രൂപത്തിൽ
പല ഭാവത്തിൽ അനുഭവപ്പെടുന്നു. പക്ഷേ ഞാൻ
മാത്രം എപ്പോഴും പേടിയെക്കുറിച്ച് പറയാൻ
പേടിച്ചു നിൽക്കുന്നു. ഗതികേടിന്റെ ഈ
അവസാന ലാപ്പിൽ ആത്മഹത്യാക്കുറിപ്പല്ലാതെ
മറ്റൊരു വഴിയുമിപ്പോൾ കാണുന്നില്ല. കറുപ്പ്
കലങ്ങുമെന്നു പറഞ്ഞ് അവരെന്നെ ഒരു
കുളത്തിലും മുങ്ങി മരിക്കാൻ സമ്മതിച്ചില്ല,
നാവ് നീളുമെന്ന് പറഞ്ഞ് അവരെന്നെ ഒരു
മരത്തിലും തൂങ്ങിമരിക്കാനും സമ്മതിച്ചില്ല,
ഈ കുറിപ്പിന്റെ അവസാനം ഞാനിനി
അക്ഷരങ്ങൾ വിഴുങ്ങി മരിക്കുന്നു. അക്ഷരങ്ങൾക്ക്
അവകാശം പറഞ്ഞ് അവരെത്തും മുമ്പ്
ഞാനെന്റെ എഴുത്തും നിർത്തുന്നു.
ഇത് എന്റെ ആത്മഹത്യാക്കുറിപ്പാണ്,
നിങ്ങൾക്ക് എഴുതാനുള്ള പേജുകൾ ഇവിടെ
മറിച്ചുനോക്കുക

സായൂജ്





തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാലയുടെ




വാർഷികം'23

# ചെയ്യാത്ത തെറ്റിന് 'മാപ്പ്'



# പറയരുത്




നാലേ നാല്
മൂന്നേ മൂന്ന്
രണ്ടേ രണ്ട്
കൂടരുത് കുറക്കാം
അളന്നോളൂ...


നാല് സെന്റില്
ഏങ്ങിക്കരയുന്നോരോട്,
കരഞ്ഞോളിൻ
ഇങ്ങടെ കണ്ണീര്
ബാക്കിയാവാത്തത്രയും
കരഞ്ഞോളിൻ...
പക്ഷെ ചാവുമ്പോ
കരയരുത്.
കഴുത്തിലെ നീളൻ
ഞരമ്പില്
ഉടുമ്പുണ്ട് കുരുങ്ങുമ്പോ...
കഴുത്തെല്ല് പൊട്ടുമ്പോ
മൂത്രം പോവണ
വേദന വരും
ന്നാലും കരയരുത്...!



ഇരുന്നു മരിക്കുന്ന ആളുടെ ചിത്രം


രാജാവ് തീപ്പെട്ടു
വൈദികൻ കാലയവനിക പൂകി
പ്രമാണിമാർ വിട പറഞ്ഞു
ഞാൻ മാത്രം
ചത്തു!







എന്റെ വാക്കുകൾക്ക് ചെവി തരിക
നിന്നോട് സംസാരിച്ച് ഞാൻ നിന്റെ മനസ്സിലെ
കല്ലും നെല്ലും തിരിക്കാൻ പോവുകയാണ്
നുണകൊണ്ടു നേടാവുന്ന അൽപരസങ്ങളിലൊന്നും
എനിക്ക് താല്പര്യമില്ല

ഒരു ആത്മഹത്യയുടേയും കൊലപാതകത്തിന്റേയും
പൊരുളിനെക്കുറിച്ചുള്ള അജ്ഞതയാണ് നിന്റെ
ഉണർച്ചകളെ നായാടിത്തളർത്തുന്നത് എന്നെനിക്കറിയാം
സത്യത്തിന്റെ നഗ്നതകൊണ്ട് ഞാൻ നിന്റെ കണ്ണെഴുതാൻ
പോവുകയാണ് കണ്ണു ചിമ്മുകയോ തലയനക്കുകയോ
അരുത് എന്റെ വിരലിലെ നഖമെങ്ങാനും നിന്റെ കണ്ണിൽ
കൊണ്ടെങ്കിലോ..

**പ്രേതഭാഷണം**


ഈ നാല് സെന്റിലെ കഥകളൊക്കെ
ആര് തെരയാനാണ് ?
ഒരു പൊസ്തകോം എഴ്താത്ത
ഒരു ചെത്രത്തിലും പെടാത്ത
ഇന്റ് തന്ത.. തന്തേട തള്ള...
തള്ളേട തന്തേട തള്ള
ഭയങ്കരം തന്നെ കഥ



# 1

ഉഴവു ചാലുകൾ കീറി ഞങ്ങൾ
കൊഴുമുനയ്ക്കൽ ഉറങ്ങി ഞങ്ങൾ
തളർന്ന ഞങ്ങളെ വലയിലാക്കി
അടിമയാക്കി മുതുകു പൊള്ളിച്ചു
ഞങ്ങളെ ബുദ്ധി മങ്ങിച്ചു
നിങ്ങൾ ഭരണമായ്.

കടമ്മനിട്ട

സായൂജ്

# കഴുമരത്തിലെ കേശ്രാട്ടങ്ങൾ

മണ്ണിന് ഒന്നും മറച്ചുവെക്കാനില്ല, പ്രപഞ്ചത്തിലെ ആദ്യ ജീവബിന്ദു മുതൽ മണ്ണിന് അറിയാത്തതായ ചരിത്രങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ മണ്ണ് അറിയാത്ത, മണ്ണിനെ അറിയാത്ത മനുഷ്യനിർമ്മിതമായ ചരിത്രങ്ങൾ എല്ലാകാലത്തും മനുഷ്യനെ നുണ പറയാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നു. എഴുതിവെക്കപ്പെട്ട അല്ലെങ്കിൽ എഴുതിവെപ്പിച്ച ചരിത്രങ്ങൾ മാത്രം മനസ്സിലും, പാഠപുസ്തകങ്ങളിലും പ്രകമ്പനം കൊള്ളിക്കുമ്പോൾ എഴുതിവെക്കപ്പെടാതെ പോകുന്ന യഥാർത്ഥ ചരിത്രങ്ങൾ ആരുമറിയാതെ, ആരാലും വാഴ്ത്തപ്പെടാതെ, ഒരു പഴങ്കഥയായിപ്പോലും അവശേഷിക്കാതെ എവിടേക്കോ മറഞ്ഞു പോകുന്നു. എഴുതിവെച്ച ചരിത്രങ്ങൾ മാത്രം വിശ്വസിക്കുന്ന ഒരു സമൂഹത്തിൽ, അതിൽ അവരവർക്ക് ഇഷ്ടപ്പെടാത്ത ചരിത്രങ്ങൾ തിരുത്തുന്ന ഈ പുതിയ കാലത്ത് ഒരു കുടുംബം തലമുറകളായി അറിഞ്ഞുവരുന്ന കേട്ടറിവ് മാത്രമുള്ള അവിശ്വസനീയമായ ഒരു ചരിത്രത്തെക്കുറിച്ചാണ് ഇനി പറയാൻ പോകുന്നത്.





എഴുതിവെക്കപ്പെടാത്ത,
എഴുതാൻ ആളില്ലാത്ത
എല്ലാ ദളിത് ചരിത്രങ്ങളെ
പോലെയും ഇതും
കുറച്ചുപേർക്ക് അപ്പുറത്തേക്ക്
സംസാരിക്കാൻ ധൈര്യപ്പെടാത്ത
ഒരു കഥയായി മാത്രം
അവസാനിക്കുന്നു

പാലക്കാട് ജില്ലയിൽ തൃത്താല ഈരാറ്റിങ്ങൽ പാക്കനാർ ക്ഷേത്രത്തിൽനിന്നും ഏതാനും കിലോമീറ്ററുകൾ മാത്രം ദൂരമുള്ള 'പറയ' തറവാടാണ് 'മലയിൽ'. അവിടെനിന്നും 7 കിലോമീറ്റർ അപ്പുറമുള്ള കൊട്ടിലിങ്ങൽ അന്തിമഹാകാളൻ ക്ഷേത്രവുമായി ഇന്നും തറവാട് ബന്ധം സൂക്ഷിക്കുന്നുണ്ട്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടുവരുന്ന ഈ ബന്ധം തറവാട്ടുകാർ ഭക്തിസൂചകമായി കാണിക്കുന്നത് കൊട്ടിലിങ്ങൽ ക്ഷേത്രത്തിലെ പൂരത്തിനോട് അനുബന്ധിച്ച് നടത്തുന്ന നാടുനീളെയുള്ള പറയെടുപ്പിലൂടെയും, പൂര ദിവസം ക്ഷേത്ര മതിലിന് ഇപ്പുറം വരെ മാത്രം എത്തുന്ന വേലകെട്ടിയാടലുകളിലൂടേയുമാണ്. എപ്പഴോ, എങ്ങനെയോ വിച്ഛേദിക്കപ്പെട്ട ഈ അകലമിട്ടുള്ള ബന്ധം പിന്നീട് ഈ അടുത്ത കാലത്ത് പുന:സ്ഥാപിക്കപ്പെടുന്നത് സമീപത്തെ പ്രശസ്തമായ ഒരു മനയിൽ സൂക്ഷിച്ചിരുന്ന എഴുത്തോലകളുടെ കണ്ടെടുപ്പിലൂടെയാണ്. എന്നാൽ ഈ ബന്ധം എന്നാണ് ആരംഭിച്ചത് എന്നതിനും എങ്ങനെയാണ് ആരംഭിച്ചത് എന്നതിനും യാതൊരു തെളിവുകളും ലഭ്യമല്ല. അതുപോലെതന്നെ തലമുറകൾ കൈമാറിവരുന്ന, തെളിവുകൾ ഇല്ലാത്ത അതിഭീകരമായ ഒരു അനാചാരത്തിന്റെ ചരിത്രവും കൊട്ടിലിങ്ങൽ ക്ഷേത്രവുമായി ബന്ധപ്പെടുത്തി മലയിലുകാർക്ക് പറയാനുണ്ട്. വളരെ പണ്ടുകാലത്ത് ക്ഷേത്രത്തിലെ പൂരദിവസം മലയിൽ തറവാട്ടുകാർ ക്ഷേത്രമുറ്റത്ത് വേലകെട്ടിയാടിയെത്താൻ വൈകിയാൽ, മലയിൽ തറവാട്ടിലെ മൂത്ത കാരണവർ ശിക്ഷയെന്നോണം ക്ഷേത്ര പരിസരത്തെ കഴുമരത്തിൽ നാട്ടുപ്രമാണിമാർക്ക് മുമ്പിൽ പരസ്യമായി കഴുവിലേറണമായിരുന്നു. ഏറ്റവും ഒടുവിലായി ഇങ്ങനെ ആത്മഹൂതി ചെയ്തത് 'അയ്യപ്പൻ' എന്ന കാരണവരാണെന്നും എന്നാൽ അയ്യപ്പനെന്ന കാരണവർക്കോ, അതിനുംമുമ്പ് എത്രയെത്ര കാരണവന്മാർ എന്നതിന്നോ തലമുറകളായി കൈമാറിവരുന്ന ഈ കഥയല്ലാതെ കൃത്യമായ കണക്കുകളോ, തെളിവുകളോ ഇല്ല.

എഴുതിവെക്കപ്പെടാത്ത, എഴുതാൻ ആളില്ലാത്ത എല്ലാ ദളിത് ചരിത്രങ്ങളെ പോലെയും ഇതും കുറച്ചുപേർക്ക് അപ്പുറത്തേക്ക് സംസാരിക്കാൻ

**പറയർക്ക് വിദ്യാഭ്യാസമില്ലാതിരുന്ന അക്കാലത്ത് ഏതെങ്കിലും പാക്കനാർ മുത്തച്ഛൻ ചരിത്ര പുസ്തകത്തിൽ ഇതെല്ലാം എഴുതി വച്ചിരുന്നെങ്കിലോ എന്ന് വെറുതെ ആഗ്രഹിച്ചു പോകുന്നു.**

ധൈര്യപ്പെടാത്ത ഒരു കഥയായി മാത്രം അവസാനിക്കുന്നു. ഇന്ന് ഇത് അറിയുമ്പോൾ 'മലയിലെ' പുതിയ തലമുറയിൽപ്പെട്ട ഞാൻ പറയർക്ക് വിദ്യാഭ്യാസമില്ലാതിരുന്ന അക്കാലത്ത് ഏതെങ്കിലും പാക്കാനാർ മുത്തച്ഛൻ ചരിത്ര പുസ്തകത്തിൽ ഇതെല്ലാം എഴുതി വച്ചിരുന്നെങ്കിലോ എന്ന് വെറുതെ ആഗ്രഹിച്ചു പോകുന്നു.

കേട്ടറിഞ്ഞ കഥയിൽ തോന്നിയ അത്ഭുതം മാത്രമാണ് ഈ എഴുത്തിലേക്ക് പ്രേരിപ്പിച്ചത്. ഇതിലെ അതിഭീകരമായ ചരിത്ര യാഥാർത്ഥ്യങ്ങൾ അടിവരയിട്ട് ഉറപ്പിക്കാൻ തക്കതായ തെളിവുകളൊന്നും ലഭ്യമല്ലാത്ത പക്ഷം ഇവയെല്ലാം സത്യമാണെന്ന് വാദിക്കാൻ ഞാനൊരുക്കമല്ല. എന്നിരുന്നാലും 'ജാതി' എന്ന കൊടും ഭീകരത ഇന്നും തലയ്ക്കുമുകളിൽ വാഴുമ്പോൾ അയ്യപ്പനും, അതിനു മുമ്പുള്ള എത്രയോ അയ്യപ്പന്മാരും 'മലയിൽ' ജനിച്ചതായും, കൊട്ടിലിങ്ങലിലെ കഴുമരത്തിൽ മരിച്ചതായും ഞാൻ വിശ്വസിക്കുന്നു. അന്ന് ആരാലും എഴുതപ്പെടാതെ പോയ ചരിത്രം ഇന്ന് ഞാനിവിടെ എഴുതിവെച്ചെന്നും സമാധാനിക്കുന്നു.

ആര്യ പി കെ

# തേവർ വെള്ളൻ

## ഉടലിൽ കിളുർത്ത പ്രതിരോധം

എണ്ണമറ്റ മനുഷ്യരുടെ ചോര കൊണ്ട് പടുത്തുയർത്തിയതാണ് ഇന്ത്യയിലെ ജാതിക്കോട്ട. നാം കൊള്ളുന്ന മഴയിലും നടക്കുന്ന മണ്ണിലും ശ്വസിക്കുന്ന വായുവിലും അടിമകളുടെ പിടച്ചിലുണ്ട്. രേഖപ്പെടുത്താതെ പോയ സഹനങ്ങളുടെ ചരിത്രമാണ് ജാത്യടിമകൾക്കുള്ളത്. ഭാഷയിലില്ലാത്തതുകൊണ്ടുതന്നെ ആ ജനത ഉണ്മക്കു വെളിയിലായിരുന്നു. ദൈനംദിനത്തിലെ ചില പ്രാർത്ഥനകളിലും കഥകളിലും അവരുടെ വേദനകളും സംഘർഷങ്ങളും പ്രതീകാത്മകമായി ആവിഷ്കരിക്കുന്നു. ജാത്യടിമകളുടെ ചരിത്രമെഴുതാൻ ഈ പ്രതീകവ്യവസ്ഥയല്ലാതെ മറ്റൊന്നും നമുക്ക് ലഭ്യമല്ല. പുരാവൃത്തങ്ങളും അനുഷ്ഠാനങ്ങളും ബഹിഷ്കൃതരായ മനുഷ്യരുടെ ചരിത്രബോധത്തിലേക്ക് ഊളിയിട്ടിറങ്ങാനുള്ള താക്കോൽപ്പഴുതുകളാണ്.

ഒരു വർഗ്ഗത്തിന്റേയോ വിഭാഗത്തിന്റേയോ ദേശത്തിന്റേയോ പ്രകൃതിപ്രതിഭാസങ്ങളെ വിവരിക്കുന്നതും അലൗകികഘടകങ്ങൾ അടങ്ങുന്നതുമായ പാരമ്പര്യാഖ്യാനമാണ് പുരാവൃത്തം. ഒരർത്ഥത്തിൽ പുരാവൃത്തം നാടോടിക്കഥയാണ്. പക്ഷേ കഥയിൽ നിന്നുമാറി മറ്റു ചില പ്രത്യേകതകൾ പുരാവൃത്തത്തിനുണ്ട്. ഏതോ കാലത്ത് നടന്ന യാഥാർത്ഥ്യമാണ് പുരാവൃത്തമെന്ന് കരുതപ്പെടുന്നു. അതത് സമൂഹത്തിന്റെ സംസ്കാരത്തിൽ കൂട്ടി നെയ്തെടുത്തതാണ് പുരാവൃത്തത്തിന്റെ ഊടും പാവും.
ഏതെങ്കിലുമൊരു ജാതിക്കോ വർഗ്ഗത്തിനോ സമൂഹത്തിനോ അവരുടേതായ പുരാവൃത്തങ്ങളുണ്ടാവാം. ഈ പുരാവൃത്തത്തിന് മറ്റ് സമൂഹങ്ങളുമായി ബന്ധമുണ്ടായിരിക്കില്ല. ഇത്തരത്തിൽ ഒരു ജനസമൂഹത്തിന്റെ മാത്രമായ പുരാവൃത്തങ്ങളെ അവചപുരാവൃത്തമെന്ന് വിളിക്കാം.

അവചപുരാവൃത്തങ്ങളിലൊന്നാണ് തേവർ വെള്ളന്റേത്. അനേകം ദുരന്തമുഖങ്ങളിലൂടെ കടന്നുപോയപ്പോഴും മനസ്സാന്നിധ്യം കൈവിടാതെ പൊരുതി നിന്ന ഒരു ദളിത് നായകനാണ് തേവർവെള്ളൻ.

പ്രത്യക്ഷത്തിൽ വളരെ വിചിത്രമായി തോന്നുന്ന സംഭവങ്ങളുടെ അനുക്രമമാണ് പുരാവൃത്തങ്ങൾ. ലൗകികജീവിതത്തിൽ ഒരിക്കലും സംഭവ്യമല്ലെന്ന് തോന്നുന്ന,യുക്തിബോധത്തിനു മുന്നിൽ ചോദ്യചിഹ്നമായി നിൽക്കുന്ന വസ്തുതകളാണ് പുരാവൃത്തങ്ങൾക്കകത്ത് നാം കാണുക. പുരാവൃത്തങ്ങളിൽ മരിച്ചവർ തിരിച്ചുവരികയും അവരുടെ ജനതയുടെ നാവായി മാറുകയും ചെയ്യുന്നു.

ഭൂതകാലാനുഭവങ്ങളുടെ കനം പേറുന്ന ദൈവക്കരു! അതാണ് തെയ്യം. വന്നുമടങ്ങിയ പൂർവ്വികരെ താരിക്കിലുക്കം കൊണ്ട് വിളിച്ചുണർത്തി തെയ്യം തന്റെ വരവറിയിക്കുന്നു. ഈ വരവ് മറ്റൊരർത്ഥത്തിൽ രക്തസാക്ഷിത്വത്തിന്റെ കെട്ടിയാടൽ കൂടിയാണ്. തീക്കുഴിച്ചാലിൽ വച്ച് ജാതിയെ ഉരുക്കി കരിയാക്കി മാറ്റാൻ തക്ക ശേഷി ഈ രക്തസാക്ഷികൾക്കുണ്ട്. ചരിത്രം ചികഞ്ഞ് ചിലരെ ചൂട്ടിനറ്റത്തേക്ക് വലിച്ചിടേണ്ടത് ആവശ്യമായി വരുന്നു. പാലന്തായി കണ്ണൻ എന്ന തീയ്യനെ കുറുവാട്ടുക്കുറുപ്പ് വെട്ടിക്കൊല്ലുന്നു. കണ്ണൻ തെയ്യമായി പരിണമിക്കുന്നു. അതുപോലെ തന്നെ മറ്റൊരിടത്ത് തമ്പുരാന്റെ വാക്കിനെ വിലക്കെടുക്കാൻ വിസമ്മതിച്ച നീലിപ്പുലയിയെ ദേവതക്ക് ബലി നൽകുന്നു. നീലി പ്രതികാരദേവതയായ തെയ്യമായിത്തീരുന്നു. പുലയരുടെ കുലദൈവമായ പുലി മറഞ്ഞ തൊണ്ടച്ചൻ ജാതിക്കൊലയയുടെ മറ്റൊരു രക്തസാക്ഷിയാണ്.
ജാതീയമായ അപമൃത്യു സംഭവിച്ചവർ ഇരുട്ടിനെ തീ കൊണ്ട് ഭേദിച്ച് പലർക്കും വഴി കാട്ടുന്നു. മരണശേഷം ഒരു ജനതയുടെ വിമോചനത്തിന്റെ ഊക്ക് രക്തസാക്ഷികൾ ഉടലിൽ അറിയുന്നു. ഈ അറിയലാണ് തെയ്യക്കോലത്തിന്റെ കരുത്ത്. ഓർമ്മകളിലേക്കാണ് തെയ്യം തിരിച്ചുനടക്കുന്നത്. ഓർമ്മയിലെ അനുഭവമാണ് ഓരോ ദൈവക്കരുവിനെയും തെയ്യമാക്കുന്നത്.

**ഉടലിലൂടെ ആഖ്യാനത്തിന്റെ മറുമണ്ഡലം തെളിയുന്നു. ജനത ഒരു ഉടലിലേക്ക് പ്രവേശിക്കുന്നു. ഉടൽ സാക്ഷ്യപ്പെടുത്തലായി മാറുന്നു. ഓർമ്മകൾ 'ഉടലെ'ടുക്കുന്നതോടെ തെയ്യം പിറവി കൊള്ളുന്നു.**

പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും ഉടൽപൂണ്ട വിളയാട്ടമാണ് തെയ്യക്കോലങ്ങൾ. ഉടലിന്റെ ആഖ്യാനത്തിലൂടെ ഒരു ജനതയുടെ ഓർമ്മ നിലനിർത്തുകയാണിവ ചെയ്യുന്നത്. നീണ്ട കാലത്തിന്റെ ശൈഥില്യം ഏറ്റുവാങ്ങിയ ശരീരം തന്നെ ആ ശൈഥില്യങ്ങളോടും ചൂഷണങ്ങളോടുമുള്ള പ്രതിഷേധമായി തെയ്യത്തിലൂടെ മാറുന്നു.

ഉടലിലൂടെ ആഖ്യാനത്തിന്റെ മറുമണ്ഡലം തെളിയുന്നു. ജനത ഒരു ഉടലിലേക്ക് പ്രവേശിക്കുന്നു. ഉടൽ സാക്ഷ്യപ്പെടുത്തലായി മാറുന്നു. ഓർമ്മകൾ 'ഉടലെ'ടുക്കുന്നതോടെ തെയ്യം പിറവി കൊള്ളുന്നു. ഈ പിറവികളിലൊന്നാണ് പുലി മറഞ്ഞ തൊണ്ടച്ചൻ.

ഉത്തരകേരളത്തിലെ പുലയർ കോലം കെട്ടിയാടി ആരാധിക്കുന്ന ദൈവമാണ് പുലി മറഞ്ഞ തൊണ്ടച്ചൻ. പുലയ സമുദായത്തിൽ ജനിച്ച കാരിയാണ് പിന്നീട് പുലി മറഞ്ഞ



തൊണ്ടച്ചനായത്. മാടായിക്കളരിയിൽ നിന്ന് കളരി വിദ്യ പഠിക്കണമെന്ന കാരിയുടെ ആഗ്രഹം നടന്നില്ല. അക്കാലത്ത് പുലയന് കളരിയിൽ പ്രവേശനമുണ്ടായിരുന്നില്ല. ഒടുവിൽ കാരി പേരുമാറ്റി പതിനെട്ടു കളരികളിലും പോയി വിദ്യ പഠിച്ചു. ഒപ്പം തന്നെ ചോതിയാൻ കളരിയിൽ ചെന്ന് ആൾമാറ്റവിദ്യയും പഠിച്ചു. അങ്ങനെയിരിക്കെ അള്ളടം നാട്ടിൽ തമ്പുരാന് 'ആതിയും പിരാന്തും' പിടിപെട്ടു. കാരിയെ അയച്ചാൽ പകുതിസ്വത്ത് നൽകാമെന്ന് ചെമ്പോലപ്രകാരം സാക്ഷ്യപ്പെടുത്തിയിരുന്നു. ബാധയിളകിത്തുടങ്ങിയ തമ്പുരാൻ കാരിക്കുരിക്കളുടെ കയ്യിൽ നിന്ന് കലശം വാങ്ങിക്കുടിച്ചു. ഇത് മറ്റ് രാജാക്കന്മാർക്ക് ഇഷ്ടപ്പെട്ടില്ല. ചെമ്പോലയിൽ പറഞ്ഞ പ്രകാരം കൊടുക്കണമെങ്കിൽ പുലിപ്പാലും നരിച്ചിടയും കൊണ്ടുവരണമെന്ന് അവർ കൽപ്പിച്ചു. ഇതുപ്രകാരം ലക്ഷ്യം നിറവേറ്റി പുലിവേഷത്തിൽ തിരിച്ചുവരുമ്പോൾ അരി കഴുകിയ വെള്ളം മുഖത്ത് തളിക്കാനും പച്ച കലക്കിയ വെള്ളത്തിൽ ചൂല് മുക്കി മുഖത്ത് അടിക്കുകയും ചെയ്യാൻ ഭാര്യയെ ചുമതലപ്പെടുത്തി. പക്ഷേ അവൾ ഭയപ്പെട്ട് വാതിൽ തുറന്നില്ല. പുര തള്ളിക്കയറിയ കാരി അവളെ കൊന്ന് പാതാളത്തിലമർന്നു. കാരിയിൽ നിന്ന് പുലി മറഞ്ഞ തൊണ്ടച്ചനിലേക്കുള്ള യാത്രയിങ്ങനെയാണ്. സമാനമായ മറ്റൊരു പുരാവൃത്തമാണ് കുട്ടിച്ചാത്തന്റേത്. കളകാട്ടുനമ്പൂതിരിക്ക് വള്ളുവസ്ത്രീയിൽ ജനിച്ച മകനാണ് കുട്ടിച്ചാത്തൻ.

**പുരാവൃത്തങ്ങളിലൂടെ ഉടൽ പ്രതിരോധത്തിന്റെ പ്രകടനമാവുന്നതിന് പിന്നിൽ കളരിപാരമ്പര്യത്തിന്റെ കൂടി ചരിത്രമുണ്ട്. അടിമ ജീവിതത്തെ അധ്വാനം കൊണ്ടും ആയോധനം കൊണ്ടും പകരം വച്ച ചരിത്രം ദളിതർക്കുണ്ട്.**

ജാതിവ്യവസ്ഥയും ആചാരങ്ങളും ലംഘിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തതിന്റെ പേരിൽ കൊന്നുകളഞ്ഞു. മരണാനന്തരം കുട്ടിച്ചാത്തൻ ദൈവമായി മാറി. സമൂഹത്തിന്റെ നിലവിലുള്ള ക്രമത്തെ ചോദ്യം ചെയ്തതിന്റെ പേരിൽ രക്തസാക്ഷികളായവരിലേക്കാണ് കുട്ടിച്ചാത്തനും ചെന്നെത്തുന്നത്. ചുരുക്കത്തിൽ ജാതിവ്യവസ്ഥക്കകത്തു നിന്ന് കുതറിയ ഉടലുകളുടെ പ്രതിരോധം പുരാവൃത്തങ്ങളായി തിരിച്ചുവരുന്നു.

വടകര താലൂക്കിൽ തിരുവള്ളൂർ എന്ന പ്രദേശത്ത് ജീവിച്ചിരുന്നു എന്ന് വിശ്വസിക്കുന്ന കാവുംകുനിയിൽ ചോയ്യൻ എന്ന പുലയനായ അടിയാളന്റെ മൂത്ത മകനാണ് തേവർവെള്ളൻ. തേവർമഠത്തിലെ പണിക്കാരനായിരുന്ന ചോയ്യന് ഒരിക്കൽ പണി എടുക്കുന്നതിനിടക്ക് ചെറിയ കൈപ്പെട്ടി പൊന്ന് കിട്ടുന്നു. വിവരം അറിഞ്ഞ കോയ്മ ചോയ്യനെ വിസ്തരിക്കുകയും തിരിച്ചേൽപ്പിക്കാത്തതിനാൽ ചോയ്യനെ വകവരുത്താൻ ശ്രമം നടത്തുന്നു. അതിൽ നിന്നും സ്വയം രക്ഷപ്പെടുന്ന ചോയ്യനെ പിന്നീട് നാട്ടിൽ കാണുന്നില്ല. ചോയ്യന്റെ കുടുംബത്തെ എല്ലാവരും ഒറ്റപ്പെടുത്തുന്നു. ഈ പരിതസ്ഥിതിയിൽ നിന്നു രക്ഷ നേടാനായും കോയ്മയോടുള്ള പ്രതികാരത്താലും ചോയ്യന്റെ മകനായ തേവർവെള്ളൻ വിദ്യ പഠിക്കാനായി അയ്യാറ് തെക്കോട്ട് ഉറ്റസുഹൃത്തുക്കളായ മൂന്നുപേരെയും കൂട്ടി യാത്രയാകുന്നു. കളരി, ആൾമാറ്റവിദ്യ, വൈദ്യം അതത് നാട്ടിലെ വിവിധങ്ങളായ അഭ്യാസമുറകൾ എന്നിവ ആറ് വർഷത്തോളം പഠിച്ച് സ്വന്തം നാട്ടിലേക്ക് തിരിച്ചുവരുന്നു. നാട്ടിലെ കോയ്മയുടെ അധികാരങ്ങൾക്കെതിരെ പ്രതികരിച്ച തേവർവെള്ളനെ കൊല്ലാനായി കോയ്മ തച്ചോളി ഒതേനനെ ഏർപ്പാട് ചെയ്യുന്നു. തേവർവെള്ളനുമായി ഏറ്റുമുട്ടുന്ന ഒതേനൻ പരാജയപ്പെടുകയും ശേഷം സൗഹൃദം ആവശ്യപ്പെടുകയും ചെയ്യുന്നു. അങ്ങനെ ഒതേനൻ പഠിക്കാത്ത വിദ്യ തേവർവെള്ളൻ പഠിപ്പിച്ചുകൊടുക്കുന്നു. എല്ലാവരാലും ആരാധിക്കുന്ന ഒതേനന്റെ പരാജയരഹസ്യം അറിയിക്കാതെ ആവശ്യപ്പെട്ടതുപ്രകാരം തേവർവെള്ളൻ നാട്ടിൽ നിന്നും മറ്റിടങ്ങളിലേക്ക് യാത്ര പുറപ്പെടുന്നു. ഇതിന്റെ ഓർമ്മക്കായി കുംഭം പത്ത്, പതിനൊന്ന് തിയ്യതികളിൽ തച്ചോളി മാണിക്കോത്തും പുലയർകണ്ടി ക്ഷേത്രത്തിലും ഒരേ ദിവസങ്ങളിലായി ഉത്സവം നടത്തുന്നു. പഠിച്ച വിദ്യകൾ പ്രയോഗിച്ചുകൊണ്ട് പല നാടുകളിലെത്തുകയും അത്ഭുതപ്രവർത്തനങ്ങൾ നടത്തി സ്വയം വാസസ്ഥലങ്ങൾ ഉണ്ടാക്കുകയും കുടുംബബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്തു. പതിനെട്ടോളം ക്ഷേത്രങ്ങൾ തേവർവെള്ളനുമായി ബന്ധപ്പെട്ടുകിടക്കുന്നു.

പുരാവൃത്തങ്ങളിലൂടെ ഉടൽ പ്രതിരോധത്തിന്റെ പ്രകടനമാവുന്നതിന് പിന്നിൽ കളരിപാരമ്പര്യത്തിന്റെ കൂടി ചരിത്രമുണ്ട്. അടിമ ജീവിതത്തെ അധ്വാനം കൊണ്ടും ആയോധനം കൊണ്ടും പകരം വച്ച ചരിത്രം ദളിതർക്കുണ്ട്. ചെങ്ങന്നൂരാതി പോലുള്ള കളരികളുടെ ചരിത്രം ഇതിന്റെ തുടർച്ചയിലാണ് നിൽക്കുന്നത്. മനുഷ്യർ അതിജീവനത്തിന്റെ ശക്തിസ്രോതസ്സായി ആയോധനമുറകളെ പരിചരിച്ചിരുന്നു എന്ന് ചുരുക്കം. കളരിയിലൂടെ അയിത്തത്തെ വെല്ലുവിളിച്ച ഒരു ധാരയിലെ കണ്ണിയാണ് തേവർവെള്ളൻ. ആയോധനവീര്യത്തിന്റെ ദളിത് കളരി പാരമ്പര്യത്തെയാണ് തേവർവെള്ളനും പുലി മറഞ്ഞ തൊണ്ടച്ചനും ചെങ്ങന്നൂരാതിയുമെല്ലാം വെളിപ്പെടുത്തുന്നത്.

ഒരു കൂട്ടം മനുഷ്യരുടെ ഓർമ്മയെ ആഖ്യാനം ചെയ്യുന്നവയാണ് പുരാവൃത്തങ്ങൾ. പ്രതീകരൂപത്തിലുള്ള ഓർമ്മയാണിത്. 'ഞങ്ങളിവിടെയുണ്ട്' എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഒരു ജനതയുടെ വരവറിയിക്കുന്നവയാണ് തേവർവെള്ളനടക്കമുള്ള പുരാവൃത്തങ്ങൾ. സാമൂഹ്യസ്വത്വബോധത്തെയാണിവ മുന്നോട്ടുവെക്കുന്നത്.

**തേവർവെള്ളൻ പുരാവൃത്ത
ത്തെ തോറ്റിയുണർത്തുമ്പോൾ
അടിമകളായി മണ്ണടിഞ്ഞുപോയ
ലക്ഷക്കണക്കിന് മനുഷ്യരാണ്
മണ്ണിൽ നിന്ന്**



തേവർവെള്ളൻ പുരാവൃത്തത്തെ തോറ്റിയുണർത്തുമ്പോൾ അടിമകളായി മണ്ണടിഞ്ഞുപോയ ലക്ഷക്കണക്കിന് മനുഷ്യരാണ് മണ്ണിൽ നിന്ന് പിടഞ്ഞുണരുന്നത്. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ച ഇന്നാട്ടിലെ സ്പാർട്ടക്കസാണ് അയാൾ. അന്യവൽക്കരണത്തിന്റെ മുറിവുകൾ ശരീരത്തിലും ആത്മാവിലും പേറുമ്പോഴും ദളിതർ അതിജീവിക്കുമെന്ന ഉറപ്പാണ് തേവർവെള്ളൻ നൽകുന്നത്. കീഴാളരായ മനുഷ്യർക്ക് പൊരുതി മുന്നേറാനുള്ള കരുതലാണ് ആ കലാപകാരിയുടെ ജീവിതം. അതെക്കാലത്തെയും ഒരു സാംസ്കാരിക മൂലധനമാണ്.




ഓർമ്മകളങ്ങനെ കെട്ട്യോയിട്ട്
ജീവിക്കേർന്നില്ലേ
ചത്തപ്പോ അതൊക്കെ
കൂടെ പ്പോന്ന്
കെടക്കപ്പൊറുതിയില്ലാണ്ട്
പൊള്ളുന്ന്... നീറുന്ന്



# 2

## നീ, നീയാകുന്ന ഞാൻ, ഞാൻ പോലുമാകാത്ത ഓർമ്മകളിൽ തുടങ്ങി ഓർമ്മയായി മാറാത്ത വിഭാഗീയതയുടെ നിന്റെ രസതന്ത്രം



# ആഴത്തിലുയരുന്ന അതിരുകൾ

സജിത്ത്. സി. പി

മതിലുകളുടെ പൂർവ്വകാല ഉത്ഭവത്തെക്കുറിച്ച് ധാരണയില്ലെങ്കിൽക്കൂടെ വസ്തുതാപരമായ ചില യാഥാർത്ഥ്യങ്ങൾ കണ്ടെത്താവുന്നതാണ്. സംരക്ഷണമോ സുരക്ഷിതത്വമോ ഒക്കെയായിരുന്നു മതിലുകളുടെ ദൗത്യം. അക്രമകാരികളായ ഇതര ജീവികളിൽനിന്നുമുള്ള സംരക്ഷണത്തിനും, കാലാന്തരം മനുഷ്യർ അവരുടെ സ്വകാര്യതയ്ക്കു വേണ്ടിയും തങ്ങൾക്ക് ലഭ്യമായ മാതൃകകൾ ആദ്യകാലങ്ങളിൽ രൂപകൽപ്പനചെയ്തിരുന്നു. മരച്ചില്ലകളും ഇലകളുമെല്ലാം അവയുടെ ഉത്ഭവ കേന്ദ്രങ്ങളായിക്കാണാം. കൂട്ടമായി ജീവിക്കാനാരംഭിച്ച മനുഷ്യർക്ക് ഭൂമി അവകാശവും അധികാരവുമായി മാറിയതോടെ അതിർത്തികളും രൂപപ്പെട്ടു തുടങ്ങി. കൃഷിചെയ്യാനാരംഭിച്ച മനുഷ്യർ ഇതര ജീവികളിൽനിന്നും തങ്ങളുടെ വിളകളുടെ സംരക്ഷണത്തിനു വേലികളെ ഉപയോഗപ്പെടുത്തി. രാജ്യങ്ങൾ അയൽ രാജ്യങ്ങളുമായുള്ള യുദ്ധത്തിൽനിന്ന് തങ്ങളുടെ മണ്ണ് കാക്കാൻ പടുകൂറ്റൻ ചുമരുകൾ കെട്ടിപ്പടുത്തു. രാജ്യത്തിന്റെ മുഖച്ഛായയായി പല രാജ്യങ്ങളും മതിലുക



ളെ കണ്ടുപോന്നു. ഇന്ന് വീടുകൾക്കു ചുറ്റും ആഡംബര ചിഹ്നങ്ങളായും പൊതു ഇടങ്ങളുടെ സംരക്ഷണ ഭിത്തിയായും മതിലുകൾക്ക് അവിഭാജ്യസ്ഥാനം കൈവന്നിരിക്കുന്നു. സ്വന്തം ഇച്ഛയുടെയും ഉത്തരവാദിത്വത്തിന്റെയും പ്രതീകമായിപ്പോലും മനുഷ്യർ ഇന്ന് മതിലുകളെ കരുതുന്നു. മനുഷ്യരുടെ നഗ്ന നേത്രങ്ങൾക്ക് സൗന്ദര്യം ദ്യോതിപ്പിക്കുന്ന പലവർണ്ണക്കിളികളെയും ഇതര ജീവികളെയും ഇരുമ്പ് കമ്പനികളുടെ ബന്ധനങ്ങളിൽ അകപ്പെടുത്തുമ്പോൾ അവ തല ചെരിച്ച് ആ നേരിയ ഇരുമ്പു കമ്പികളിലൂടെ വിശാലമായ നീലാകാശത്തെ ആഗ്രഹിക്കുന്നുണ്ട്. ഒരേ സമയം സ്വതന്ത്രരോ സുരക്ഷിതരോ ആയി അതിർത്തികളില്ലാതെയുള്ളൊരു ജീവിതം മനുഷ്യർക്ക് ഇനി പ്രാപ്യമാകുമെന്നത് സംശയമാണ്.

ദളിത് പ്രതിനിധാനങ്ങൾക്ക് രാഷ്ട്രീയവും സാമൂഹികവുമായ മുന്നേറ്റം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽക്കൂടി കടന്നു പോകുമ്പോൾത്തന്നെ ഇന്ത്യൻ സാഹചര്യത്തിൽ ജാതീയ വിവേചന ബുദ്ധി വ്യക്തമായി രാഷ്ട്രീയ അധികാര വ്യവസ്ഥയിൽ പ്രകടമാകുന്നുമുണ്ട്. ഇന്ത്യൻ ഭരണവർഗ്ഗം ചേരി പ്രദേശങ്ങളെന്ന് മുദ്രകുത്തി അധഃസ്ഥിത സമൂഹത്തെ മതിൽ കെട്ടി മറച്ചത് സമകാലിക ചുറ്റുപാടിൽത്തന്നെയായിരുന്നു. അധികാര വർഗ്ഗത്തിനു സാധ്യമായ ഈ പ്രവൃത്തി ഇന്ന് ഇന്ത്യൻ സവർണ ജാതി മുഖത്തിനിടയിൽ തങ്ങളുടെ ദൗത്യനിർവഹണം പോലെ സാധാരണയായി മാറ്റപ്പെട്ടിരിക്കുന്നതും കാണാം.

അതിർത്തി നിർണ്ണയത്തെ ഇന്ത്യൻ പുരാണത്തിൽത്തന്നെ കണ്ടെത്താവുന്നതാണ്. രാമായണത്തിൽ ലക്ഷ്മണൻ സീതയുടെ മേലുള്ള സംരക്ഷണദൗത്യത്തിനായി വരയ്ക്കുന്ന ലക്ഷ്മണരേഖയ്ക്ക് ഇന്ത്യൻ ജനഹൃദയങ്ങളിൽ പവിത്രമായ സ്ഥാനം കൽപ്പിക്കപ്പെട്ടിട്ടുണ്ട്. ലക്ഷമണന്റെ ആജ്ഞ ഇന്ത്യയുടെ സ്ത്രീത്വത്തിന്റെ അടയാളമായി സവർണർ അടയാളപ്പെടുത്തുന്ന സീതയെന്ന ഒരു സ്ത്രീക്കുമേൽക്കൂടിയാണ് സാധ്യമാക്കുന്നത്. ലക്ഷ്മണരേഖയുടെ ദൗത്യമെന്നത് സീതയെ രാക്ഷസരാജാവായ രാവണനിൽനിന്നു സംരക്ഷിക്കുക എന്നതായിരുന്നു. രാമായണത്തിലെ രാക്ഷസരും ഭൂതഗണങ്ങളും ശൂദ്രരല്ലാതെ മറ്റാരുമല്ലെന്ന് "ജാതി നിർമ്മാർജ്ജനത്തിന്റെ ആവശ്യകത" എന്ന പുസ്തകത്തിലൂടെ നിരീക്ഷിക്കുന്ന പെരിയാർ ഇ.വി രാമസ്വാമിയെ ഇവിടെ ഓർക്കാവുന്നതാണ്. പുരാണത്തിൽത്തന്നെ ഒരു സംരക്ഷണമായോ ദൗത്യമായോ അടയാളപ്പെടുത്തുന്ന ഈ രേഖയ്ക്ക് ഇന്ത്യൻ പൊതുസമൂഹത്തിൽ

**മതിലുകൾ നിർണ്ണയിക്കുന്ന അതിർത്തികൾ ചിലപ്പോൾ സ്വാതന്ത്ര്യ ലംഘനത്തിന്റെ കൂടി ഭാഗമാണ്. ഇന്ത്യൻ ചരിത്ര ബോധത്തിൽ അയിത്തം നില കൊണ്ടിരുന്നത് പലപ്പോഴും അധികാര, ഭരണവർഗ്ഗത്തിന്റെ നേരിട്ടുള്ള ഇടപെടലുകളിൽക്കൂടി തന്നെയായിരുന്നു.**

ഇന്നും തുടരുന്ന വിഭാഗീയത സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ന്യായമായും സംശയി ക്കേണ്ടിയിരിക്കുന്നു.

മതിലുകൾ നിർണ്ണയിക്കുന്ന അതിർത്തി കൾ ചിലപ്പോൾ സ്വാതന്ത്ര്യ ലംഘനത്തിന്റെ കൂടി ഭാഗമാണ്. ഇന്ത്യൻ ചരിത്ര ബോധ ത്തിൽ അയിത്തം നില കൊണ്ടിരുന്നത് പലപ്പോഴും അധികാര, ഭരണവർഗ്ഗത്തിന്റെ നേരിട്ടുള്ള ഇടപെടലുകളിൽക്കൂടി തന്നെ യായിരുന്നു. ഇന്ന് നിയമപരമായി വിലക്ക പ്പെട്ടതാണെങ്കിൽക്കൂടെ ഇന്ത്യ മുഴുവൻ വ്യത്യസ്ത സാമൂഹിക തലങ്ങളിൽ അത് തുടർന്നു കൊണ്ടിരിക്കുന്നു. ഭക്ഷണത്തി ന്റെ, നിറത്തിന്റെ, ആചാരങ്ങളുടെ, വസ്ത്ര ത്തിന്റെ എല്ലാം മാനദണ്ഡങ്ങളിൽ അത് മറക്കപ്പെട്ടുകിടക്കുന്ന സത്യമാണ്. അയി ത്തത്തിനെതിരെ നടന്ന സമര പോരാട്ടങ്ങ ളെല്ലാം അവകാശ-സ്വത്വ പോരാട്ടങ്ങളായി രുന്നു. ഹിന്ദുമതത്തിന്റെ ഭാഗമാണെങ്കിൽ എന്തുകൊണ്ട് ഹിന്ദുക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ ദളിത് സമൂഹത്തിന് വിലക്കുകൾ വന്നു എന്നതായിരുന്നു ദളിത് സമൂഹത്തിന്റെ ചോദ്യം. എന്തുകൊണ്ട് ആചാരകർമ്മങ്ങളിൽ പങ്കാളികളാകാൻ സാധിക്കാതെ വന്നു? കുടിവെള്ളം പോലും നിഷേധിക്കപ്പെട്ടവരായി ദളിത് സമൂഹം മാറ്റപ്പെട്ടു. പൊതു ഇടങ്ങളിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു. നിരന്തരമായ അയിത്ത സങ്കൽപ്പങ്ങൾക്ക് ഇരയാക്കപ്പെട്ടവരായി ദളിത് സമൂഹങ്ങൾ നിലനിന്നിരുന്ന സാമൂഹ്യ ചുറ്റുപാടിൽനിന്ന് ഇന്നും ദളിത് സമൂഹങ്ങൾ മോചിതരല്ല. ഇന്ന് വർദ്ധിച്ചുവ രുന്ന ജാതി മതിലുകൾ അധ:സ്ഥിത സമൂഹത്തിന്റെ സ്വാതന്ത്ര്യ വീക്ഷണങ്ങൾ ക്ക് തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ ഉയരങ്ങളിലേക്ക് മാറുന്നത് ഭീതിജനകമാ ണ്.

മതിലുകളുടെ സ്വഭാവം മറയ്ക്കപ്പെടൽ കൂടിയാണ്. അവയ്ക്ക് സമൂഹത്തിൽ പലതിനേയും മൂടിവെക്കാനുള്ള കരുത്തു ണ്ട്. ദൃശ്യമായ മറകളേക്കാൾ അദൃശ്യമാ യും ഒരേ സമയം ദൃഢമായും പൊതു സമൂഹത്തിൽ അത് നില നിൽക്കുന്നുണ്ട്. അധികാരമായും അതിന്റെ അടിസ്ഥാനമായ ജാതിയായും ഉൾമറഞ്ഞ സത്യമായി പൊതു ഇടങ്ങളിലും അത് കണ്ടെ ത്താനാകും. ജാതീയതയുടെ രൂപാന്തരമെന്നത് തനിക്ക് കീഴിൽ മറ്റൊരാൾ ഉണ്ടെന്ന ബോധ്യത്തെയാ ണ് സാധൂകരിക്കുന്നത്. ബ്രാഹ്മണ്യ പുരുഷാധിപത്യം സ്ഥാപിച്ചെടുത്ത അധികാര വ്യവസ്ഥ ദളിത് ബഹുജന ങ്ങളെയും, സ്ത്രീകളെയും അടിമക ളാക്കി നിലനിർത്തുന്നതാണ്. ജാതിയെ കോളങ്ങളിൽ എഴുതിച്ചേർ ക്കുന്നതുപോലെത്തന്നെ സമൂഹ ത്തിന്റെ പൊതു മണ്ഡലത്തിൽ ശുദ്ധാശുദ്ധ സങ്കൽപ്പങ്ങളിലൂടെ യും ഉത്കൃഷ്ട-അധമ ബോധത്തിലൂ ടെയും

സർവവ്യാപിയായിരിക്കുന്നതു കാണാം. അഹിന്ദുക്കളെ ഹിന്ദുക്ഷേ ത്രങ്ങളിൽ പ്രവേശിക്കാത്ത ശീലം ഇന്നും നിലനിൽക്കുന്നു. ദളിത് ബഹുജനങ്ങൾക്ക് ആദ്യകാലങ്ങ ളിൽ ക്ഷേത്രങ്ങളിൽ പ്രവേശിക്കാന നുവാദമില്ലാതിരുന്നതും ബ്രാഹ്മണ്യ ത്തിന്റെ ശുദ്ധ ഉത്കൃഷ്ട ജാതി സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തി ലായിരുന്നു. വ്യക്തമായും പറ ഞ്ഞാൽ ദളിതുകൾ ഹിന്ദുയിസത്തി ന്റെ ഭാഗമല്ലായിരുന്നു എന്ന് തന്നെയാണ് ഇവിടെ വ്യക്തമായിരു ന്നത്. ഡോ.ബി.ആർ അംബേദ്ക്കറും, പെരിയാർ ഇ.വി രാമസ്വാമിയും, കാഞ്ച ഐലയ്യയുമെല്ലാം ഇത് അടയാളപ്പെടുത്തിയിട്ടുണ്ട്. ബ്രാഹ്മ ണ്യത്തിനും മറ്റ് സവർണ ജാതി വ്യവസ്ഥയ്ക്കും അവരുടെ അധികാ രത്തെ ദളിത് ജനതക്കുമുൻപിൽ ഇന്നും ശക്തമായി തന്നെ നില നിർത്തിക്കൊണ്ടുപോകാൻ സാധി

**ക്ഷേത്രത്തിനകത്ത് ചെണ്ടകൊട്ടാൻ കഴിയാത്ത ദളിതർ വർത്തമാനകാലത്തെ നേർക്കാഴ്ചയാണ്. ക്ഷേത്രത്തിനകത്ത് ഷർട്ട് ഊരി ബ്രാഹ്മണേതരെ കണ്ടെത്തുന്ന ശീലം ആചാരമായിത്തുടരുന്നു. ബ്രാഹ്മണരെ പോലെ തന്നെ പുലർച്ചെ എഴുന്നേറ്റു കുളിച്ചു ശുദ്ധിയായി വന്നാൽ പോലും ദളിതരെ തൊടാൻ ബ്രാഹ്മണർക്ക് ഇന്നും അയിത്തമാണ്.**

ക്കുന്നുണ്ട്. അവകാശങ്ങളും അധികാരവുമുള്ള പുരുഷ കേന്ദ്രീകൃത ഭരണ വ്യവസ്ഥ എല്ലാ തരം അധികാര വ്യവസ്ഥയിൽനിന്നും ബ്രാഹ്മണേതര ജനസമൂഹങ്ങളെ അകറ്റിനിർത്തുന്നതിൽ വിജയിച്ചിരിക്കുന്നതു കാണാം. സാമ്പത്തികമായി ഏറ്റവും അധികം വരുമാനം ലഭ്യമാകുന്ന ക്ഷേത്രങ്ങളിലുൾപ്പടെ അധികാരം ബ്രാഹ്മണരിൽ എന്നും ഭദ്രമാണ്. എന്നാൽ ഇത്തരം ക്ഷേത്രങ്ങളിലേക്കു വരുന്ന വരുമാനത്തിൽ ദളിത് സമൂഹത്തിന് വലിയ തോതിൽ പങ്കുണ്ട്. ദളിത് സമൂഹത്തിന്റെ ദൈവ സങ്കൽപ്പങ്ങളുടെയും, ആചാരാനുഷ്ഠാനങ്ങളുടേയും നിയന്ത്രണം സവർണർക്ക് ദളിത് സമൂഹത്തെ അടിമകളാക്കുന്നതിനുള്ള കടിഞ്ഞാൺ കൂടിയാണ്. എതിർക്കപ്പെടാൻ സാധ്യതയില്ലാത്ത ഒരു ശക്തിയായി ബ്രാഹ്മണർക്ക് അധികാരത്തെ ഉപയോഗപ്പെടുത്താൻ സാധിക്കുന്നതിനാലാണ് ദളിത് സമൂഹത്തിനിടയിൽ ബ്രാഹ്മണർക്ക് ഇന്നും ലഭ്യമായിട്ടുള്ള ബഹുമാനം സൂചിപ്പിക്കുന്നത്. ദളിത് ബഹുജനങ്ങൾക്കിടയിലെ വിവാഹമുൾപ്പെടുന്ന പ്രധാന ആഘോഷങ്ങളിലെല്ലാം തന്നെ മുഖ്യാതിഥികളായി ക്ഷണിക്കപ്പെടുകയും ദളിത് ജനതയുടെ സമ്പത്തിലെ നല്ലൊരു വിഹിതം ദക്ഷിണയായി കൈപ്പറ്റുകയും ചെയ്യാൻ ബ്രാഹ്മണർക്കും മറ്റ് സവർണ ജാതിക്കാർക്കും സാധ്യമാകുന്നുണ്ട്. ഇവിടെയെല്ലാം ജാതിയെ ഒരു മഹിമയായി കാണുന്ന സവർണ്ണർ പക്ഷെ ദളിത് ജനതയുമായുള്ള ബന്ധം ദൈവികമായ ആചാര കർമ്മങ്ങളുടെ നിർവ്വഹണത്തിനപ്പുറത്തേക്ക് കൊണ്ടുപോകുവാൻ താൽപര്യപ്പെടുന്നില്ല. കാരണം ഇവർക്കിടയിൽ ഒരു അദൃശ്യമായ മറ നിലനിൽക്കുന്നതാണ്. ഉത്സവത്തിന് ക്ഷേത്രത്തിനകത്തേക്ക് ദളിത് ദൈവമായ കരിങ്കാളിയെയും, മരംകൊട്ടിനേയും പ്രവേശിപ്പിക്കാൻ ഇന്നും സവർണ്ണർ ഒരുക്കമല്ല. ക്ഷേത്രത്തിനകത്ത് ചെണ്ടകൊട്ടാൻ കഴിയാത്ത ദളിതർ വർത്തമാനകാലത്തെ നേർക്കാഴ്ചയാണ്. ക്ഷേത്രത്തിനകത്ത് ഷർട്ട് ഊരി ബ്രാഹ്മണേതരെ കണ്ടെത്തുന്ന ശീലം ആചാരമായിത്തുടരുന്നു. ബ്രാഹ്മണരെ പോലെ തന്നെ പുലർച്ചെ എഴുന്നേറ്റു കുളിച്ചു ശുദ്ധിയായി വന്നാൽ പോലും ദളിതരെ തൊടാൻ ബ്രാഹ്മണർക്ക് ഇന്നും അയിത്തമാണ്. ആർത്തവ സമയത്ത് ദൈവത്തിൽനിന്നും സ്ത്രീകളെ അകറ്റി നിർത്താൻ ഇന്നും പുരുഷബോധത്തിനു കഴിയുന്നുണ്ട്. കടമയായും ഉത്തരവാദിത്വമായും എല്ലാം സമൂഹത്തിൽ അയിത്തത്തെ ഒരു അദൃശ്യമായ മതിൽ കെട്ടി ഇന്നും സമൂഹത്തെ അനുവർത്തിച്ചു പോരുന്നുണ്ട് എന്നത് തീർത്തും യാഥാർഥ്യമാണ്.

സംഗീത് എസ്

# ഔദാര്യത്തിന് അവലോസുണ്ട

***"കുതിരകൾക്കും പോത്തുകൾക്കും ഒരുമിച്ച് നുകം ഉഴുവാൻ സാധിക്കുകയില്ല"***

ഒരു മലയാളപത്രത്തിന്റെ മുഖപ്രസംഗത്തിലെ വാക്കുകളാണിവ. എഴുതിയത് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. എഴുതുവാനുണ്ടായ പ്രചോദനമാകട്ടെ ദലിത് കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനായി അയ്യങ്കാളി പോരാടിയത്. ഇന്നും സവർണ്ണർ കത്തിച്ച പള്ളിക്കൂടം അയ്യങ്കാളിയുടെ കൈയ്യിൽ പിടിച്ച് നോക്കി നിൽക്കുന്ന പഞ്ചമിയുടെ അവസ്ഥ തന്നെയാണ് ഞങ്ങൾക്ക്. അയിത്തവും അസ്പൃശ്യതയും അദൃശ്യമായത് കൊണ്ട് നിങ്ങൾക്ക് ഞങ്ങളുടെ സമരം കാണുവാൻ സാധിക്കുകയില്ല എന്ന് മാത്രം . എനിക്കറിയാം നിങ്ങൾ ഞങ്ങളുടെ അവകാശത്തെ ഔദാര്യമായാണ് കണക്കാക്കുന്നതെന്ന്. നിങ്ങൾ ഞങ്ങളുടെ രക്ഷകർതൃത്വം ഏറ്റെടുത്ത് ഞങ്ങളുടെ രക്ഷകരാകുകയാണ്. ദലിത് എന്ന പദം പോലും നിങ്ങൾ ചോദ്യം ചെയ്യും ഞങ്ങളുടെ അവകാശത്തിനായി സ്വത്വം പറയുമ്പോൾ എല്ലാ മനുഷ്യനും തുല്യരാണെന്നുള്ള നിങ്ങളുടെ കാല്പനികതയിൽ പൊതിഞ്ഞ തത്വശാസ്ത്രം നായക്ക് എല്ലിൻ കഷ്ണം എറിഞ്ഞു നൽകുന്ന പോലെ ഞങ്ങൾക്ക് ഇട്ട് തരും

അത് കടിച്ച് ഞങ്ങൾ വാലാട്ടി നിങ്ങളുടെ കാൽകീഴിൽ കിടന്നു കൊള്ളണം. നിങ്ങൾ ഞങ്ങൾക്ക് മനുഷ്യരുടെ പോയിട്ട് പട്ടിയുടെ വില പോലും കൽപ്പിക്കുന്നില്ല നിങ്ങളുടെ മാനവിക വാദത്തിന് പുറത്താണ് ഞങ്ങൾ എപ്പോഴും നിൽക്കുന്നത് അത് മനസ്സിലാക്കാൻ ഞങ്ങൾക്ക് ഞങ്ങളുടെ അനുഭവം തന്നെ ധാരാളം.



കറുത്ത നിറത്തിനെ കളിയാക്കികൊണ്ടുള്ള പാരഡികൾ ഏത് തെളിഞ്ഞ വായുവിലും അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. അവിടെ നിന്നും തുടങ്ങുന്നു നീ നീയാകുന്ന, ഞാൻ ഞാൻ പോലുമാകാത്ത വിഭാഗീയതയുടെ രസതന്ത്രം.
 “കൂട്ടർ” എന്ന വാക്കായിരുന്നു ഞാൻ നിങ്ങളുടെ കൂട്ടത്തിൽപ്പെട്ടവൻ അല്ല എന്ന ബോധ്യം ആദ്യം എനിക്ക് ഉണ്ടാക്കിയത്. ഒളിഞ്ഞും തെളിഞ്ഞും അവൻ ആ കൂട്ടരാ എന്ന് പറഞ്ഞപ്പോൾ അത് കൊണ്ട് എന്താ അർത്ഥമാക്കുന്നത് എന്ന് അപ്പോൾ എനിക്ക് മനസ്സിലായിരുന്നില്ല. പിന്നെ പിന്നെ നിങ്ങളുടെ ബോധത്തിൽ നിന്ന് നിങ്ങൾ കാണിച്ച അകലം ഞാൻ നിങ്ങളുടെ കൂട്ടത്തിൽ പെടുന്നവനല്ല എന്ന് എന്നെ മനസ്സിലാക്കിച്ചു. ഒൻപതാം ക്ലാസിൽ പഠിക്കുന്ന സമയം കൂട്ടുകാർ എല്ലാവരും വീട്ടിൽ വന്നപ്പോൾ കൂട്ടത്തിൽ ഒരാൾ മാത്രം വീട്ടിൽ നിന്നും കൊടുത്ത ചായ കുടിച്ചില്ല. എന്ത് കൊണ്ടാണെന്ന് എനിക്ക് മനസ്സിലായില്ല ചിലപ്പോൾ അവന് വിലക്കുണ്ടായിരുന്നിരിക്കണം ഞങ്ങളുടെ കൈയ്യിൽ നിന്ന് വെള്ളം വാങ്ങി കുടിക്കുന്നതിന് പോലും. എനിക്കിപ്പോഴും സംശയമാണ് നിങ്ങളുടെ വീട്ടിൽ വന്നാൽ ഞങ്ങൾക്ക് വെള്ളം കുടിക്കാൻ നൽകുന്നത് പ്രത്യേക ഗ്ലാസിലാണൊ എന്ന്. നമ്മൾ ഒരാൾക്ക് സ്നേഹത്തോടെ നൽകുന്നത് അയാൾ നിരസിക്കുമ്പോൾ ഉണ്ടാകുന്ന വിഷമം എന്റെയുള്ളിൽ വേദനയായി ഉണ്ടായിരുന്നു.

**സ്കൂളിൽ നിന്ന് പഠിച്ച പാഠഭാഗങ്ങളിൽ ഏറ്റവും വിഷമമായത് ഉമ്മക്കുലുസ്സു മരച്ചന്നു രാത്രിയിൽ എന്ന് തുടങ്ങന്ന റഫീക്ക് അഹമ്മദിന്റെ കവിതയായിരുന്നു എന്ന് കൂട്ടുകാർ പലപ്പോഴും പറയും പക്ഷെ എനിക്ക് ഏറ്റവും വിഷമങ്ങൾ തന്നത് അനുഭവപാഠങ്ങളായിരുന്നു. സ്കൂൾ കാലഘട്ടം കഴിഞ്ഞ് കോളേജിൽ എത്തി അവിടെ ജാതിയോടൊപ്പം ചേർന്ന് നിറവും എന്നെ അപമാനിക്കാനായി കൂട്ടുനിന്നു.**

അത് കണ്ടിട്ടാകണം അമ്മ വന്ന് എന്നെ ആശ്വസിപ്പിക്കാൻ എന്ന പോലെ ‘അവരുടെ വീട്ടുകാർ എന്തെങ്കിലും പറഞ്ഞിട്ടായിരിക്കാം അവൻ ചായ കുടിക്കാഞ്ഞത്’ എന്ന് പറഞ്ഞു. എനിക്കിത് ആദ്യത്തെ അനുഭവം ആയിരുന്നു എങ്കിലും അമ്മക്ക് അങ്ങനെ ആയിരിക്കില്ലല്ലോ. പിന്നീട് ഞാൻ എന്റെ ചുറ്റുപാടുകൾ ശ്രദ്ധിക്കാൻ തുടങ്ങി അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത് എന്റെ നാടുപോലും അദൃശ്യമായി ജാതിയുടെ മതിലുകളാൽ അതിര് തിരിച്ച് നിർത്തിയിരിക്കുകയാണ് എന്ന്. ഒരു സ്ഥലത്ത് നായന്മാരും, ഒരു സ്ഥലത്ത് പറയരും, ഒരു സ്ഥലത്ത് ആശാരിമാരും, ഒരിടത്ത് പുലയരും മാത്രമായി പരസ്പരം ഇടകലരാതെ ശ്രദ്ധയോടെ ജീവിക്കുകയാണെന്ന്. അതിൽ മറ്റൊരു പ്രത്യേകത കൂടിയുണ്ട് പറയരും പുലയരും താമസിക്കുന്ന സ്ഥലത്തെ മാത്രം കോളിനിയെന്നാണ് വിളിക്കുന്നത്. മറ്റുള്ളവരുടെ ജാതിക്കൂട്ടങ്ങളെ മാത്രം എന്ത്കൊണ്ട് കോളിനി എന്ന് വിളിക്കുന്നില്ല. ഞങ്ങളുടെ വീടുകളിൽ ആഘോഷം നടന്നാൽ അവരെല്ലാവരും വരും. പക്ഷെ ഭക്ഷണം കഴിക്കില്ല. കാലങ്ങൾക്ക് മുൻപ് സ്പർശിച്ചാൽ കിട്ടിയിരുന്ന അയിത്തം ഇപ്പോൾ അവർക്ക് ഭക്ഷണത്തിലൂടെയായിരിക്കും ലഭിച്ചുകൊണ്ടിരിക്കുന്നത്.

സ്കൂളിൽ നിന്ന് പഠിച്ച പാഠഭാഗങ്ങളിൽ ഏറ്റവും വിഷമമായത് ഉമ്മക്കുലുസ്സു മരച്ചന്നു രാത്രിയിൽ എന്ന് തുടങ്ങന്ന റഫീക്ക് അഹമ്മദിന്റെ കവിതയായിരുന്നു എന്ന് കൂട്ടുകാർ പലപ്പോഴും പറയും പക്ഷെ എനിക്ക് ഏറ്റവും വിഷമങ്ങൾ തന്നത് അനുഭവപാഠങ്ങളായിരുന്നു. സ്കൂൾ കാലഘട്ടം കഴിഞ്ഞ് കോളേജിൽ എത്തി അവിടെ ജാതിയോടൊപ്പം ചേർന്ന് നിറവും എന്നെ അപമാനിക്കാനായി കൂട്ടുനിന്നു. കരിങ്കുരങ്ങ് എന്നായിരുന്നു എനിക്കിട്ട പേര്. അല്ലെങ്കിലും നിങ്ങൾക്കെന്നെ മനുഷ്യനായി കാണാൻ ഇഷ്ടമല്ലല്ലോ. ഞാൻ എന്റെ ചുറ്റിലും കണ്ട പ്രണയങ്ങളിലെല്ലാം ജാതിയും പ്രവർത്തിച്ചിരുന്നത് കണ്ടിരുന്നു. എന്റെ വീട്ടുകാർ ഒരു പുലയച്ചെക്കനെ കല്ല്യാണം കഴിക്കാൻ അനുവദിക്കില്ല എന്ന് എന്റെ ഒരു കൂട്ടുകാരന്റെ മുഖത്ത് നോക്കി അവന്റെ കാമുകി പറയുന്നത് ഞാൻ കണ്ട് നിന്നിട്ടുണ്ട്.

ജാതിയില്ല ജാതിയില്ല എന്ന് എപ്പോഴും എന്റെ ചുറ്റിനും ഇരുന്ന് ഒരുപാട് പേര് പറഞ്ഞിട്ടുണ്ട്. അടുത്ത നിമിഷം ഫീസ് അടക്കുന്ന കാര്യം വരുമ്പോൾ അവർ തന്നെ എന്റെ മുഖത്ത് നോക്കി ചിരിച്ചുകൊണ്ട് പറയും “നിനക്ക് കുഴപ്പമില്ലല്ലോ സർക്കാർ ഗ്രാന്റ് തരുന്നില്ലേ എന്ന്” അത് പറയുന്ന പുച്ഛത്തിലും പരിഹാസത്തിലും എനിക്ക് കാണാൻ പറ്റുന്നത് നിങ്ങൾ എന്റെ ജാതിയെ പറഞ്ഞ് കളിയാക്കുന്നത് തന്നെയാണ്. സംവരണ സീറ്റിലാണ് ഞാൻ പഠിക്കാൻ വരുന്നത് നിങ്ങളുടെ ഔദാര്യത്തിലാണ് ഞാൻ പഠിക്കുന്ന

ത് എന്ന് എന്റെ ചുറ്റിനും നിന്ന് പറഞ്ഞ് ക്ലാസ് മുറികളുടെ വരാന്തയിലൂടെ തലതാഴ്ത്തി നടക്കാൻ നിങ്ങൾ എന്നെ പഠിപ്പിക്കാൻ ശ്രമിച്ചു. ഇനി അതിന് ഞാൻ ഒരുക്കമല്ല. തഴമ്പുകൾ ആർക്കും കാഴ്ചവെക്കാൻ ഉദ്ദേശിക്കുന്നില്ല. പണിയെടുത്ത് ഉറപ്പുകൂട്ടിയ ഈ മണ്ണിൽ തലയുയർത്തി നിൽക്കാൻ ഞങ്ങൾക്ക് ആരുടേയും ഔദാര്യം ആവശ്യമില്ല. നിങ്ങൾ എത്ര അധിക്ഷേപിച്ചാലും ഈ മണ്ണിൽ തലയുയർത്തി നിൽക്കാൻ ഞങ്ങൾക്ക് സാധിക്കും. അതിനെ ഔദാര്യമായി കണ്ട് ഉൾപുളകം കൊള്ളുകയും അതിലുണ്ടാവുന്ന ആനന്ദത്തിൽ അഹങ്കരിക്കുകയും ചെയ്യുകയാണെങ്കിൽ 'ഔദാര്യത്തിന് അവലോസുണ്ട' എന്ന് തിരിച്ചു പറയാൻ അക്ഷരങ്ങൾക്ക് ദാരിദ്ര്യമില്ല എന്ന്
ഇവിടെ ഓർമ്മപെടുത്തുന്നു.



# ഇവരെ സൂക്ഷിക്കുക

അവകാശങ്ങൾക്ക് കുറുകെ
ബാരിക്കേടുകൾ
വക്കുന്നവരെ...
ആഗ്രഹങ്ങളുടെ കയറ്റങ്ങളിൽ
കുപ്പിച്ചില്ല് വിതറി
അടക്കിച്ചിരിക്കുന്നവരെ...

**'സൂക്ഷിക്കുക'**



# താന്ന കൂട്ടര് ന്ന് പറഞ്ഞാ മോത്ത് ആട്ടും! മോറ് തൊടച്ചിട്ട് പോരാം



**കാളി** /നവജിത് അഷ്ടമചന്ദ്രൻ / ജിഷ്ണ എം കെ / സായൂജ്

ഇപ്പോക്കിങ്ങനെ തോന്നാണേ...
ഒരു കടലാസ് കാണുമ്പേ ഒന്ന് വായിക്കാനിക്ക് തിരിയില്ല്യാലോ...
പോൺ വിളിച്ചിന്നലെ രണ്ട് പന്തി..., മൂന്ന് പന്തി ന്റെ കുട്ടീടെ പോൺ വന്ന് വിളിക്കുമ്പോ ഇക്ക് നിച്ചല്ല്യാ... ഇക്ക് നിച്ചല്ല്യാ...



ഇതിന്റെ അടുത്ത് ചെന്ന്ട്ട് പറയാണ്
ഞാന് ഇക്ക് നിച്ചല്ല്യാന്ന്... ആരാത്
വിളിക്കണ്? ന്റെ കുട്ടി വിളിക്കാവും....
അത് ഇട്ത്തിട്ട് നോക്കാൻ നിച്ചല്ല്യാ...
പോധ്യല്ല്യാ... ഇതിങ്ങനെ പീ... പീ... ച്ചിട്ട്
വിളിക്കണ്ട്... ഇവര് പോണ് വിളിക്ക
മ്പോ ഞാൻ ഇങ്ങനെ ചിന്തിക്കാണ്...

*ജാതി ഒരു ബോധമാണ്. കേട്ടവർക്ക് കഥകളും. എന്നാൽ ജാതി എന്നത് ചുട്ടുപൊള്ളുന്ന തീക്ഷണമായ അനുഭവങ്ങളാണ്. തമ്പുരാന്റെ കോലായ പടികൾ അശുദ്ധമാകാതിരിക്കാനായി പടിപ്പുരകൾക്കപ്പുറം കാതങ്ങൾ അകലെ മാറി നിന്നവർക്കും, നീ ഇന്ന ജാതിയല്ലെ എന്ന പുച്ഛത്തിൽ പൊതിഞ്ഞ ചോദ്യങ്ങൾ കേട്ടവർക്കും, ജാതി ഒരു അനുഭവമാണ്. അതിന് തലമുറകൾ വ്യത്യാസമില്ല പുതിയ അയിത്തങ്ങൾ കല്പിച്ച് ജാതി ഇപ്പോഴും അനുഭവമായി തന്നെ നമ്മുടെ ചുറ്റും നിലനിൽക്കുന്നുണ്ട്.*



*ചരിത്രം കഥകളായി മാറുന്ന കാലഘട്ടത്തിൽ സത്യത്തിന് സത്യാനന്തര രൂപം കൈവരുന്നു. ജാതിയുടെ തീക്ഷണത അത് അനുഭവിച്ചവർക്ക് പോലും ചിലപ്പോൾ തിരിച്ചറിയാൻ സാധിക്കാതെ പോകും. കാരണം ജാതിയില്ല എന്ന സത്യാനന്തര സത്യം നമ്മുടെ സമൂഹം നിരന്തരം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ജാതിയുടെ വേർതിരിരുവുകൾ അദൃശ്യമായി നിലനിൽക്കുന്ന കാലഘട്ടത്തിൽ ജാതിയുടെ പ്രത്യക്ഷമായ അനുഭവം എന്തെന്ന് ചോദിച്ചറിയാനാണ് ഞങ്ങൾ കുഞ്ഞിമാളു അച്ഛമ്മയുടെ അടുക്കലേക്കെത്തിയത്.*

◆ **കുഞ്ഞിമാളു അച്ഛ മ്മയുടെ ശരിക്കുമുള്ള പേര് കാളി എന്നായിരുന്നില്ലേ അന്നത്തെ കാലത്ത് കാളി എന്നൊന്നുമല്ലാതെ സാവിത്രിയെന്നൊ ലക്ഷ്മിയെന്നോ പേരിടാൻ പറ്റുമായിരുന്നോ?**

ആ... മുമ്പത്തെ കാലത്ത് അങ്ങനാ പേരിടാ... എവട്ക്കും

**കുയി കുത്തീട്ടാ തരാ... ന്ത് പണിക്ക് പോയാലും ഈ വളപ്പിലിരിക്കണം. തോട്ടം വളപ്പില്, ന്നിട്ട് വായെല മുറിച്ച് കുയി കുത്തി കഞ്ഞി തരും. കുയി മ്മള് തന്നെ കുത്തണം വട്ടത്തില്. ഞാനെന്താ ചെയ്യാച്ചട്ടാ എലേടെ നടുക്ക് ഒരു കുത്താ കൊടുക്കും വറ്റ് കിട്ടാനായിട്ട്. ഉപ്പലിട്ട ഉപ്പാങ്ങ അതാണ് കറി.**



കൊണ്ടോവില്ല്യ ഇത് മാതിരി പടിഞ്ഞാറ്റിണ്ട് അയില് വെച്ചിട്ട മ്മക്ക് ചോറ് തരാ... അല്ലാണ്ട് പൊറത്ത്ക്ക് കൊണ്ടോയിട്ടൊന്നും ചോറ് തരില്ല്യാ. പണ്ട് പുരാതന കാലത്തൊക്കെ അങ്ങനാണ് പേരിടാ. തന്താരും തള്ളാരും ഒരമ്പലത്തില് കൊണ്ടോയിട്ട് ചോറ് തരില്ല്യ. മ്മടെ വീട്ടില് വെച്ചിട്ട് കാളി നീലി അങ്ങനെക്കെ പേര്. ന്റെ അച്ഛന്റെ പേര് ചാത്ത, ന്റെ അമ്മടെ പേര് നീലി ഇതെക്കേണ് അന്നത്തെ കാലത്തെ പേര്. തമ്പ്രാൻ പടിക്കെ ചെന്നാ അങ്ങനേ ചോയിക്കന്താ പേര്? കാളിയേ.... ഏ! ആ! കഞ്ഞിയുടിക്കണ്ടേ? ആ.... ന്നാ എല മുറിച്ചെക്ക്. കുഴി കുത്തിയിട്ട് എല മുറിച്ചെക്കണം പാത്രത്തില് തരില്യാ, മനസ്സിലായ? ഇന്നാണെങ്കി പാത്രത്തിലും തരും മുമ്പത്തെ കാലത്തെക്കെ അങ്ങനാ.

◆ **പാത്രത്തിലല്ലാതെ അന്ന് എങ്ങനെയായിരുന്നു പണിക്ക് ചെല്ലുമ്പോൾ തമ്പുരാക്കന്മാർ ഭക്ഷണം തന്നിരുന്നത്?**

കുയി കുത്തീട്ടാ തരാ... ന്ത് പണിക്ക് പോയാലും ഈ വളപ്പിലിരിക്കണം. തോട്ടം വളപ്പില്, ന്നിട്ട് വായെല മുറിച്ച് കുയി കുത്തി കഞ്ഞി തരും. കുയി മ്മള് തന്നെ കുത്തണം വട്ടത്തില്. ഞാനെന്താ ചെയ്യാച്ചട്ടാ എലേടെ നടുക്ക് ഒരു കുത്താ കൊടുക്കും വറ്റ് കിട്ടാനായിട്ട്. ഉപ്പലിട്ട ഉപ്പാങ്ങ അതാണ് കറി. കട്ടിച്ച് വെശപ്പ് മാറും. ഒന്നിച്ചങ്ങട് കൊണ്ടന്ന് തരും, മങ്കലമാണ് അന്നൊക്കെ. അയിന് അവെടൊരു മൂപ്പത്തി ഇണ്ട്.... ഹ ഹ ഹ.... വെളെമ്പാനെ ആ മനേലത്തെ പണിക്കാരി.

◆ **കൂലി ഭക്ഷണം മാത്രമായിരുന്നോ, ചെയ്യുന്ന ജോലിക്ക് പൈസയായി കൂലി തന്നിരുന്നോ?**

ഞങ്ങടെ വീടിന്റെ താഴത്ത് പാടണ്ട് അതില് പുല്ല് പറിക്കാൻ പോവുമ്പോ എടങ്ങഴി നെല്ല് കിട്ടും. പൈസല്ല്യ, പൈസ വേണങ്കി അന്നൊക്കെ അമ്പത് പൈസേണ്. മ്മള് അതൊക്കെ കൊണ്ട് കഴിയന്നേ ല്ലാണ്ടിപ്പോ ന്താ ചെയ്യാ? പിന്നെ കൊയ്യാമ്പോയാ പത്തളക്കണം ന്നെങ്കിലെ ഒരു പറ നെല്ലിങ്ങട് കിട്ടൊള്ളു അതിത്തിരി പണി ഇല്ല്യെ കൊയ്ത് മെതിച്ചിട്ട്?.

◆ **അന്ന് പണിക്ക് പോകുമ്പോൾ എത്ര നേരം പണി എടുക്കണമായിരുന്നു. പറമ്പിലെ പണി അല്ലാതെ വേറെ എന്തെങ്കിലും പണി തമ്പ്രാക്കന്മാര് ചെയ്യിപ്പിച്ചിരുന്നോ?**

നേരം അഞ്ച് മണിയായാലെ നിർത്താൻ പാടൊള്ളൂ, അല്ലാണ്ട് പണി നിർത്താൻ പറ്റില്ല്യ. പയ്യ് ചത്താ ഇമ്മള് എടുത്ത് കൊണ്ടരണം തൊഴുത്തിന്ന് വിളിച്ച് പറയും. എട്ത്തില്ലെങ്കെ കുറ്റാണ് മ്മക്ക് അത് നിർബന്ധാണ് എട്ക്കണെന്ന് വീട്ട് ഒടമത്ത പറയ്യും മ്മള് അത് കൊണ്ടന്ന് തിന്നും. ഇപ്പഴത്തെ കാലത്ത് അങ്ങനെ തിന്ന പടി കടക്കാൻ പറയും. മ്മള് അത് കൊണ്ടന്ന് ഓരൊ വീട്ടീക്ക് ഓരിയെക്കും പഷ്ണിയാണെല്ലൊ. അത് കിട്ടിയാൽ തിന്നാലോ. തോലോർക്ക് കൊട്ക്കണം വെയിലത്ത് ഉപ്പിട്ട് ഒണക്കി കൊട്ക്കണം. ഒരീസം തോല് കാണാണ്ടായി ന്നിട്ട് നായര് വന്ന് ന്റെ വല്യച്ഛനെ ഏത്തടീപ്പിക്ക്യന്നെ, പയ്യിന്റെ തോലെന്ത്യെ...? നായ കടിച്ചോണ്ടോയി, രാത്തിരി. കൊറേ നേരം ഏത്തം ഇടീപ്പിച്ചു, നായ കടിച്ചൊണ്ടേയിന്. ആഹ്........ അങ്ങനാ നായമ്മാര്.

**◆ മനക്കല് പണിക്ക് പോകുമ്പോൾ അവർ അയിത്തം കൽപ്പിച്ചിട്ടുണ്ടായിരുന്നില്ലെ അച്ഛമ്മ മനക്കല് പോകുമ്പോൾ അകലെ മാറിനിൽക്കണ്ടേ?**

മ്മള് അകലം നിക്കണം. ഉം.... കുറച്ചിങ്ങട് നീങ്ങി നിക്കണം ഇവ്ടെ വീടാണെങ്കി ദേ ആ കെണറിന്റങ്ങ്ട് നിക്കണം മനക്കല് പോയാ. മനക്കക്ക് ചെല്ലുമ്പോ കുപ്പായം ഊരി തോളില്ടണം ന്നിട്ട് പടികടന്ന്ട്ട് കുപ്പായം ഇടും. നായന്മാരോടെ അത് വേണ്ട മനക്ക പോയാ





അത് വേണം. മനക്കല്ക്ക് കുപ്പായം ഇട്ടിട്ട് ചെല്ലാൻ പാടില്യ ഇട്ടിട്ട് പോയാ ചീത്തറയും. പിന്നെ കല്ലുമാലേം ഇടണം.

**◆ കല്ലുമാല കെട്ടണം എന്ന് നിർബന്ധമുണ്ടായിരുന്നോ?**

കല്ല്മാല കെട്ടാൻ പറയും അത് മ്മടെ കൂട്ടരന്നെ പറയാ. എന്തിനാവോ അറിയില്ല. ന്നോട് കെട്ടാൻ

പറഞ്ഞ്. ഞാൻ പറ്റില്ല്യാന്നും പറഞ്ഞ്.

◆ **തമ്പുരാക്കന്മാർ കല്ലുമാല കെട്ടുമായിരുന്നോ?**

ഏയ് ഇല്ല്യ. തമ്പ്രാന്മാരൊന്നും കെട്ടില്ല്യ. താന്ന കൂട്ടര് കെട്ടണം ന്നാ പറയാ. മ്മളൊക്കെ ഒന്നല്ലെ. ഇപ്പൊ ഒന്നല്ലേ. അന്നങ്ങനി ല്ല്യ, താന്ന കൂട്ടര് ന്നാ തമ്പ്റന്മാര് പറയാ. ന്നങ്ങനെ പറഞ്ഞി ണ്ടങ്കി മോത്ത് ആട്ടും മോറ് തൊടച്ചിട്ട് പോരാം ഹ....ഹ.....ഹ.....

◆ **അച്ഛമ്മ അമ്പലത്തിൽ പോയിട്ടുണ്ടോ അക്കാലത്ത്?**

ആ! ഇല്യ മ്മക്ക് കേറാൻ പാടില്ല്യ. മ്മടെ പൈസെക്കെ എട്ക്കും ഓര്... ഹ... ഹ... മ്മടെ പൈസെക്കെ എട്ക്കും അമ്പലത്തിൽ കയറാൻ പാടില്ല്യ. പൊറത്ത് ചെന്ന് നിക്ക, തമ്പ്രാക്കൻമാർക്ക് കേറാം.

**അന്ന് പതിനഞ്ച് ദെവസാ വയ്യാണ്ട് കെടന്നത്. ആദ്യത്തെ കുട്ടി മരിച്ചോ യില്ലേ്യ. അന്ന് ആസ്പത്രി ക്കൊന്നും കൊണ്ടോവില്ല്യ മക്കളേ... പൊറത്തൊരു മാടം കെട്ടീട്ട് കെടക്കും.**

◆ **അമ്പലത്തിൽ കയറണമെന്ന് തോന്നിയിട്ടില്ലേ അക്കാലത്ത്?**

തോന്നീട്ടെന്താ കാര്യം കേറാൻ പാടില്യാന്നല്യേ അപ്പ പിന്നെ ന്താ ചെയ്യാ?

◆ **പിന്നെ എപ്പോഴാ അമ്പലത്തിലൊക്കെ കയറാൻ പറ്റിയത്?**

ഒന്നായി....... മ്മളൊക്കെ ഒന്നായപ്പോ കയറി. മ്മള് മനുഷ്യന്മാ രൊക്കെ ഒന്നായി അപ്പോ ഒന്നായി.

◆ **കുട്ടിക്കാലത്തെ ഓർമ്മകൾ എന്തൊക്കെയാ കളിക്കാ നൊക്കെ പോയിരുന്നോ?**

കളിക്കാൻ പോവും കൊറേ വീട്ണ്ടല്ലോ കളീന്ന് പറഞ്ഞാ കളിക്ക്യന്നെ കളിക്ക്യന്നെ... ഹ... ഹ... വല്യ ആൾക്കാരൊന്നും കളിക്കാൻ വരില്ല്യ. മ്മള് ഒരു പത്ത് നാപ്പത് വീട്ണ്ടേ. ന്റെ നെലം മനക്കല്ന്ന് തന്നതാ ആലിക്കരേല്.

◆ **അച്ഛമ്മയുടെ കല്യാണം എപ്പോഴായിരുന്നു?**

പതിമൂന്ന് വയസ്സിലാ കല്യാണം കൊട്ടും പാട്ടൊക്കെ ണ്ടായി. അന്നൊക്കെ ന്ത് പോധാ. ഇങ്ങട് വന്നപ്പോ അമ്മായപ്പനോട് ആൾക്കാര് ചോദിച്ച് കളരാ.. ഇയ്യെന്തിനാ ഈ കുട്ടിയെ കൊണ്ടന്നേന്ന്?. അപ്പോ ഇക്ക് ആ വീട്ടില് നിക്കണ്ടാന്നാ തോന്ന്യേ. കല്യാണം കഴിഞ്ഞിട്ടാ ഞാൻ വയസ്സറിയിച്ചത്. ഒരു

സങ്കരാന്തിക്ക് അപ്പോ പതിനാല് വയസ്സാ..... ക്ക്. ഇവിടെ വന്നിട്ട്. വയസ്സറിയിച്ചാ വേറൊരു പൊര കെട്ടി ഇരിക്കണം ഏഴ് ദെവസം ഇവടിരുന്ന് എഴ് ദിവസം അവിടേം ഇരിക്കണം.

**◆ ചെറുപ്പത്തിലെ കല്ല്യാണം കഴിച്ചപ്പോൾ പേടിയൊന്നും ഇല്ലായിരുന്നോ?**

ന്ത് പേടി ഹ..... ഹ.....പേടീണ്ട് പേടിച്ചിട്ടെന്താ കാര്യം. ഈ തള്ളാരേം തന്താരേം മ്മക്ക് പേട്യാണ്. ഇപ്പളേള്ളാർക്കൊന്നും ഒരു പേട്യൂല്ല്യ. അന്ന് ഒരേ കാണുമ്പോ പൂക്കൊല തുള്ളണ മാര്യാ തുള്ളീർന്നെ.

**◆ പ്രസവ സമയത്ത് ഇന്നത്തെപ്പോലെ ആശുപത്രിയിലൊക്കെ കൊണ്ടുപോകുമായിരുന്നോ?**

അന്ന് പതിനഞ്ച് ദെവസാ വയ്യാണ്ട് കെടന്നത്. ആദ്യത്തെ കുട്ടി മരിച്ചോയില്ല്യേ. അന്ന് ആസ്പത്രിക്കൊന്നും കൊണ്ടോവില്ല്യ മക്കളേ... പൊറത്തൊരു മാടം കെട്ടീട്ട് കെടക്കും. പെറ്റോള് പോറ്റണം, കാറ്റും മയയും വരമ്പളെ ന്റെ അമ്മായമ്മ പറയും ഒരു കൊടേം ചൂടി പലകേല് ഇരുന്നോളാൻ. ചെലപ്പൊ ചോറുണ്ടാവും, മര്ന്നില്ല്യ മ്മള് കെട്ടിയ മാടം മ്മള് തന്നെ കത്തിക്കണം. പതിനഞ്ചിന്റന്ന് കുട്ടീനെ മാറ്റീട്ട് മ്മള് തന്നെ മാടം കത്തിക്കണം. വീട്ടില് അപ്പളും കേറാൻ പറ്റില്ല്യ ഇരുപതിന്റന്ന് കേറാം. ആര്ണ്ടാവാനാ കൂടെ?...ഒടേമ്പ്രാൻ...............

**◆ അച്ഛമ്മ സ്കൂളിൽ പഠിക്കാൻ പോയിട്ടുണ്ടായിരുന്നോ?**

ഇല്യ അന്ന് പഠിക്കാൻ ഉക്കൂളില് കേറ്റില്യ. ന്റെ മക്കള് പോയിണ്ട്. ന്റെ കുട്ടി ആറ് വരെ പഠിച്ച്. ആ തളത്തില് ഒരു തമ്പ്റനിണ്ടാർന്ന് മാഷാണ്. ഓൻ പഠിക്കാൻ പോയപ്പോ, നാളെ തൊട്ടിട്ട് ചാണം കോരാൻ പൊക്കോന്ന് പറഞ്ഞ് കളിയാക്കി. അപ്പോ ഓൻ പറഞ്ഞ് ഞാൻ ഇനി പഠിക്കാൻ പോണില്ല്യാന്ന്. ഇയ്യ് തോല് കേറ്റിക്കോ, ചാണം കേറ്റിക്കോ തമ്പ്രാൻ പടിക്കെ പോയിട്ട് ന്നൊക്കെ പറയും ഇതൊന്നും നൊണയല്ല മക്കളേ.......... അങ്ങനെ ഓൻ പഠിപ്പ് നിർത്തി.

**◆ കുട്ടികളും മാഷ്മ്മാരും കളിയാക്കുന്ന കാര്യങ്ങളൊക്കെ അവർ അച്ഛമ്മയുടെ അടുത്ത് പറയാറുണ്ടായിരുന്നോ?**

ആ.... അന്ന് മാറ്റി ഉടുക്കാൻ തുണില്ല്യല്ലോ. ചെലപ്പൊ നനഞ്ഞന്നെ ഇടും. മാറ്റാൻ കിട്ടില്ല്യ. പൈസ വേണ്ടേ ഇട്ക്കാന്. ന്റെ കുട്ട്യോൾക്ക് ഇടാനില്ല്യാഞ്ഞിട്ട് മനക്കല്ന്നും നായമ്മാരോടെന്നെല്ലാം അവ്ട്ത്തെ കുട്ട്യോൾടെ പഴേ തുണ്യൊക്കെ വേടിക്കും. ഇതെക്കിട്ട് പോവ്മ്പോ ഓരെ കുട്ട്യോള് കളിയാക്കും. ഇത് ന്റെ കുപ്പായല്ലെടാ...... ഇതെക്കെ കളഞ്ഞതാടാന്നെക്കെ പറഞ്ഞിട്ട്.

**◆ അച്ഛമ്മക്ക് പഠിക്കാൻ ഇഷ്ടമുണ്ടായിരുന്നോ?**

പടിക്കാനൊക്കെ ഇഷ്ടണ്ടായിർന്നല്ലോ. പറ്റാഞ്ഞിട്ടേയ്.... ന്നെ പടിപ്പിക്കൊക്കെ ചെയ്ത്, ഇവ്ടെ വന്നപ്പൊ പടിച്ച കുട്ട്യോള് പടിപ്പിച്ച് അപ്പോ ക്ക് പുദ്ധിയൊക്കെ ഓരോരോ വഴിക്കേർന്ന്. ഒര് പുദ്ധിയല്ല 'അതില് പോയി പതിനാറ്' പറഞ്ഞ മാര്യേ. പിന്നെ തിന്നാൻ കിട്ടണ്ടേ. എബടെ പണിള്ളേച്ചാ പണിക്കോവും. കുത്ത്യേച്ച് തിന്നും.

**◆ ആദ്യം വേണ്ടത് ഭക്ഷണമാണല്ലോ അല്ലേ?**


"അല്ലേ".........?





അരാഷ്ട്രീയ വാദികൾ ഒരിക്കലെങ്കിലും
പഞ്ചായത്തു കിണറിൽ എത്തിനോക്കണം
കെട്ടുപിണഞ്ഞു കിടക്കുന്ന പാളകളും കയറുകളും,
പരസ്പരം ഒച്ചയുണ്ടാക്കുന്ന
കപ്പികളും കെട്ടുകമ്പികളും
സോഷ്യലിസത്തെ ഇതിലും മനോഹരമായി
നിങ്ങളെവിടെക്കാണും?


ഭദ്വോതിക്ക് തിരിവെച്ച്
മരം കൊട്ടിപ്പാടി
കരിങ്കുട്ടിയും കരിനീലിയും
ഞങ്ങളും
ഒറക്കെ പാടാറ്ണ്ട്
ഇട്ടാവട്ടത്തിനുള്ളില്
മുടിയാടാറ്ണ്ട്
താലാലും.. പൂലാലും..
പൂലാലും..താലാലും..


3
കരിങ്കുട്ടിയും
കരിങ്കാളിയും
ക്ഷേത്രമതിൽ കടന്നു
വന്ന് ഭഗവാനോട്
ചോദിച്ചു
ഇതിനു മുമ്പ്
ഞങ്ങളെ
എവിടെയെങ്കിലും
വച്ച് കണ്ടിട്ടുണ്ടോ?



# വലന്തലത്താളവും മരംകൊട്ടുപാട്ടും

*വാഴ്കാ വാഴുകമ്മേ വരികാ ദൈവമ്മേ..*
*നേരേ വാഴുകമ്മേ നിറപൊലി ദൈവമ്മേ..*

ശ്രാവൺ ദാസ്

വൈകുന്നേരത്തിന് വെയിലിനെ മടക്കി നൽകി ആകാശം ഇരുട്ടിനെ പടർത്തിവിടുമ്പോൾ മലവാഴിത്തറയിലും, കരിങ്കുട്ടിത്തറയിലും തുടങ്ങി ആട്ടത്തിന് കളമിട്ട എല്ലാ ആട്ടത്തറയിലും തിരി തെളിയുന്നു. ആ വെളിച്ചത്തിനു ചുറ്റും താളം ചവിട്ടിയും മുടിയഴിച്ചിട്ടാടിയും മലവാഴിയും, മൂക്കുംചാത്തനും, ചെറുനീലിയും, കരിങ്കുട്ടിയും പിന്നെക്കുറച്ച് മനുഷ്യരും മണ്ണിനെക്കുറിച്ചും, മനുഷ്യനെക്കുറിച്ചും തങ്ങളുടെ അസ്തിത്വത്തെക്കുറിച്ചും പാടുമ്പോൾ മരത്തിന്റെ വട്ടത്തിൽ നിന്ന് പാട്ടിനെയും ആട്ടത്തെയും മൂർച്ച പെടുത്തുന്ന മുഴക്കങ്ങൾ രൂപപ്പെടുന്നു. നേരം വെളുക്കുവോളം ആടിയും പാടിയും തങ്ങളുടെ പ്രതിഷേധവും പരിഭവങ്ങളും അങ്ങനെ അവർ പങ്കുവയ്ക്കുന്നു.

'എങ്കളെ കൊത്ത്യാലും ഒന്നല്ലെ ചോര' എന്ന നാടൻ പാട്ട് സമകാലിക ഇന്ത്യൻ ഭൂപടത്തിലും പ്രസക്തമാണ്. വഴി നടക്കരുതെന്നും , അകന്ന് നടക്കണമെന്നും കൽപ്പിച്ച സമൂഹത്തോട് കലഹിച്ച്കൊണ്ട് ഓരോ ദളിതന്റെയും ഉള്ളിൽ നിന്നുമുയർന്ന് പൊന്തിയ ശബ്ദമാണ് ഈ വരികളെന്ന് നിസംശയം പറയാം. തന്റെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഈ വരിയ്ക്ക് ശബ്ദമുയരുമ്പോഴൊക്കെയും കൈകൾ മരത്തിന്റെ ഇടന്തലയിലും വലന്തലയിലും ആഞ്ഞ് കൊട്ടിക്കൊണ്ടിരുന്നു. അനീതിയുടെയും, വെറുപ്പിന്റെയും രാഷ്ട്രീയ നെറികേടിന് നേരെയാണ് ഈ മരംകൊട്ട് മുഴങ്ങുന്നത്. സാമൂഹികമായും, സാംസ്കാരികമായും, രാഷ്ട്രീയമായും പടിക്ക് പുറത്ത് നിർത്തിയവന്റെ കലഹത്തിന്റെ കാഹളം മരംകൊട്ടിന് അനശ്വരത നൽകുന്നുണ്ട്.
ഈ മണ്ണിന് നിങ്ങളെപ്പോലെ ഞങ്ങളും അവകാശികളാണന്നും, മണ്ണിന് എല്ലാവരും മക്കളാണെന്നുമുള്ള സങ്കല്പമാണ് മരംകൊട്ടുപാട്ടിലൂടെ വ്യക്തമാക്കപ്പെടുന്നത്. നിലനിൽപ്പും, അസ്ഥിത്വവും നിരന്തരം ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന ദലിതരുടെ ഈ കലാവൈവിധ്യങ്ങളിലേക്ക് വഴി തെളിയിച്ചു എന്ന് അവർ വിശ്വസിക്കുന്ന അടിത്തറയായ ഐതീഹ്യ കഥയിൽ പോലും അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന വേർതിരിവിന്റെ ഭാഷ്യം നിറഞ്ഞ സന്ദർഭങ്ങൾ കണ്ടെത്താൻ കഴിയുന്നു എന്നത് എടുത്തുപറയേണ്ട ഒന്നാണ്. ദേവാസുരയുദ്ധത്തിൽ പരാജയപ്പെട്ട ദേവന്മാർ മറ്റു പോംവഴികൾ ഒന്നുമില്ലാതെ ശിവനെ അഭയം പ്രാപിച്ചു ദേവന്മാരുടെ വിജയത്തിനായി തപസ്സനുഷ്ഠിച്ചിരുന്ന ശിവനു നേരെ അസുരന്മാരിൽ ഒരാൾ അസ്ത്രം തൊടുക്കുകയും ചെയ്യുന്നു. തപസ്സ് തടസ്സപ്പെട്ട ശിവൻ ക്രോധത്തോടെ കണ്ണുതുറന്നപ്പോൾ മൂന്നാം കണ്ണിൽ നിന്നും ഉദയം ചെയ്ത സഹോദരങ്ങളാണ് മലവാഴിയും, മാണിയും. പിന്നീട് തങ്ങളുടെ പിതാവ് ആരാണെന്ന് അറിയാൻ ദേവലോകത്തേക്കിറങ്ങി സഞ്ചരിച്ച മലവാഴിയെയും, മാണിയെയും ദേവന്മാരുടെ കൂട്ടം അവിടെ നിന്നും ഓടിച്ചുവിട്ടു. ദേവലോകത്തു നിന്നും പടി കടത്തപ്പെട്ട ആ സഹോദരങ്ങൾ പിന്നീടുള്ള കുട്ടിക്കാലം കല്ലടിക്കോട് മലയടിവാരത്ത് ചെലവഴിച്ചു. ഒരിക്കൽ അവിടെവച്ച് ശിവനെ കണ്ടുമുട്ടിയപ്പോൾ അവർ തങ്ങളുടെ പിതൃത്വം സ്വീകരിക്കാനും, ഇനിയു

ള്ള ജീവിതമാർഗം കാണിക്കാനും അഭ്യർത്ഥിച്ചു പക്ഷെ ശിവൻ അതിനു തയ്യാറായില്ല എന്നാൽ ശിവനു മുമ്പിൽ തങ്ങളുടെ ദൈവീകശക്തി കാണിച്ചപ്പോൾ ശിവൻ അവരെ മനസ്സിലാക്കുകയും മക്കളായി അംഗീകരിക്കുകയും ചെയ്തു. പിന്നീട് അവർ കല്ലടിക്കോട് കരിമലയിൽ കുടികൊള്ളുകയും പറയ സമുദായത്തിന്റെ കുലദൈവങ്ങൾ ആയി മാറുകയും ചെയ്തു. 'ഉദിപ്പനത്ത് ഉദി ഭഗവാൻറെ മൂന്നുമാകണ്ണിലെ ഇളങ്കു പോലെ പൊട്ടി' എന്ന് തുടങ്ങുന്ന മരംകൊട്ടിപ്പാടലിൽ ഈ കഥകളെല്ലാം പ്രതിപാദിച്ചു പോകുന്നു. ഭൂതകാലത്തിലെയും വർത്തമാനകാലത്തിലെയും സാമൂഹിക അന്തരീക്ഷത്തെ താരതമ്യപ്പെടുത്തി ചിന്തിക്കുമ്പോൾ ഐതീഹ്യകഥ എന്നതിനപ്പുറത്തേക്ക് ഈ മിത്ത് ചർച്ചചെയ്യപ്പെടണ്ട വിഷയംകൂടിയായി മാറുന്നു.

ബ്രഹ്മാവിന്റെ തലയിൽ ന്നിന്നും ബ്രാഹ്മണനും, തോളിൽ നിന്ന് ക്ഷത്രിയനും, തുടയിൽ നിന്ന് വൈശ്യനും, പാദത്തിൽ നിന്ന് ശൂദ്രനും ജനിച്ചപ്പോൾ ചണ്ഡാളൻ വസിഷ്ഠ മഹർഷിയുടെ പശുവായ കാമദേനുവിന്റെ ചാണകത്തിലെ പുഴുക്കളാണെന്ന് മനുസ്മൃതിയുടെ പ്രസ്ഥാവനയിൽ വെറുപ്പ് രാഷ്ട്രീയത്തിന്റെ വിഷം മതസമൂഹത്തിൽ പ്രചാരമാകുന്നു.



രാമായണത്തിൽ ചാതുർവർണ്യത്തെ നിലനിർത്താനായി ശ്രീരാമൻ താടകയെ വധിച്ച അതേ സവർണ്ണാധികാര ബോധമാണ് ഇന്നും ദലിത് പീഡനങ്ങൾക്ക് കാരണമാകുന്നത്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ (NCRB) പുതിയ കണക്കുകൾ പ്രകാരം 10 ദളിത് സ്ത്രീകൾ ഒരു ദിവസം പീഡനത്തിന് ഇരയാകുന്നുണ്ട്. പിന്നോക്ക സമുദായക്കാർ എല്ലാതരത്തിലും തങ്ങളുടെ അടിമകളാണെന്നുള്ള ജാതീയമായ ബോധവും, പിന്നോക്ക സമുദായക്കാരെ പീഡിപ്പിച്ചാലും, കൊലപ്പെടുത്തിയാലും സവർണ്ണ നീതിപീഠവും 'ബ്യൂറോക്രസിയും' തങ്ങൾക്ക് നീതി നടപ്പിലാക്കും എന്ന സവർണ്ണന്റെ കഴുകൻ കണ്ണുകളേയും, സാമൂഹിക അസമത്വത്തെയും തത്വശാസ്ത്രമായി ന്യായീകരിക്കുന്ന വേദങ്ങളും, കാവ്യങ്ങളും ഇല്ലാതാക്കുന്നതിലൂടെ മാത്രമെ ഇവിടെ നീതി വിതരണം സാധ്യമാകു.

**സാമൂഹിക രാഷ്ട്രീയ പ്രാതിനിധ്യത്തിനും, തുല്യതയ്ക്കും, വിദ്യാഭ്യാസത്തിനും വേണ്ടി പോരാടിയ സാവിത്രിഫൂലെ, ജ്യോതിറാവുഫൂലെ, പെരിയാർ, അയ്യങ്കാളി ഇവരുടെയെല്ലാം ഇന്ത്യൻ സാഹചര്യത്തിലെ സ്ഥിതി വിഭിന്നമല്ല.**

ബ്രാമണിസത്തിനെതിരെയും, സാമൂഹിക അസമത്വങ്ങൾക്കെതിരെയും നിയമപരമായി പോരാടിയ, ലോകത്തിലെ ഏറ്റവും വലിയ സ്കോളറായി പറയാവുന്ന വ്യക്തിയാണ് ഡോ.ബി.ആർ. അംബേദ്ക്കർ. അംബേദ്ക്കറുടെ ജീവിതവും മഹത്വവും മനുഷ്യരാശിക്ക് മറക്കാനാകാത്ത ഒന്നാണ്. അധികാരവർഗവും ജാതിബ്രാഹ്മണ്യവും മുറുകെപിടിച്ച അനാചാരങ്ങളുടെയയും, അടിമത്വത്തിന്റെയും അനീതിയുടെയും മുനയൊടിച്ച് ഇന്ത്യയെ ആധുനിക ജനാധിപത്യമൂല്യങ്ങളിലേക്ക് നയിച്ച വ്യക്തിയാണ്അദ്ദേഹം. അധികാരവർഗത്തിന്റെയും, ജാതിക്കോമരങ്ങളുടെയും മാനുഷീകവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേരെ യുദ്ധം ചെയ്തതിനാൽ തന്നെ ഇന്ത്യൻ പൊതുസമൂഹത്തിൽ നിന്നും, പാഠപുസ്തകങ്ങളിൽ നിന്നും അദ്ദേഹം തടയപ്പെട്ടു. അംബേദ്കർ ദളിത് നേതാവായും, ഭരണഘടനാ നിർമ്മാതാവായും മാത്രം ചുരുക്കപ്പെടുകയും ചെയ്തു.

ഹിന്ദുക്കോഡ് ബില്ലിലൂടെ സ്ത്രീകൾക്കും തൊഴിലാളികൾക്കും എല്ലാ സമൂഹത്തിനും വേണ്ടി പ്രവർത്തിച്ച അംബേദ്കറെ രാഷ്ട്രീയ കാരണങ്ങളാൽ തടഞ്ഞു വയ്ക്കുന്നു. സാമൂഹിക രാഷ്ട്രീയ പ്രാതിനിധ്യത്തിനും, തുല്യതയ്ക്കും, വിദ്യാഭ്യാസത്തിനും വേണ്ടി പോരാടിയ സാവിത്രിഫൂലെ, ജ്യോതിറാവുഫൂലെ, പെരിയാർ, അയ്യങ്കാളി ഇവരുടെയെല്ലാം ഇന്ത്യൻ സാഹചര്യത്തിലെ സ്ഥിതി വിഭിന്നമല്ല. 'my birth is my fatal accident' എന്ന രോഹിത് വെമുലയുടെ വാക്കുകൾ വെമുലയ്ക്ക് മുമ്പും ശേഷവും ദളിത് വിദ്യാർഥികളിൽ അക്ഷരംപ്രതി തെറ്റാതെ സംഭവിച്ചുകൊണ്ടിരിക്കുകയാണിവിടെ. ഡിജിറ്റൽ ഡിവൈസിലൂടെ പൊതുനിരത്തിൽ നിന്നും അപ്രത്യക്ഷരാകുന്നവരും ജാതീയ അധിക്ഷേപം പഠനത്തിൽ വിലങ്ങു തടിയാകുന്ന ക്യാമ്പസുകളും ഇതിനുദാഹരണമാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ തലങ്ങളിലേക്ക് സഞ്ചരിക്കും തോറും ജാതിയുടെ വികൃത ഭാവങ്ങൾ വിദ്യാർഥികൾക്ക് നേരെ ഉയരുന്നതായിരിക്കും. വിദ്യാഭ്യാസത്തിനുശേഷം ജോലിയിൽ പ്രവേശിച്ചാലും ജാതിയത മാറ്റമില്ലാതെ തുടരുന്നു. 'അപ്പോഴും നിങ്ങൾക്ക് റിസർവേഷനില്ലേ' എന്ന് പലരും ഓർത്ത് പറഞ്ഞുകൊണ്ടിരിക്കും. സാമൂഹികമായും വിദ്യാഭ്യാസപരമായും ഉന്നത നിലയിൽ നിന്നും തഴയപ്പെട്ട ദളിതർക്ക് വേണ്ടിയുള്ള ഒരു ഭരണഘടന മെക്കാനിസം ആണ് 'റിസർവേഷൻ' എന്നത് ബോധവപൂർവ്വം എങ്കിലും മറച്ചു പിടിക്കും. ദളിത് പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന ഈ പ്രക്രിയയെ തികച്ചും ഇല്ലായ്മ ചെയ്യാനുള്ള അജണ്ടകളും നടക്കുന്നു.



ഇന്ത്യയിലെ ശ്രേണികൃത അസമത്വം രാഷ്ട്രീയപരമായ പ്രകടമാകുന്നതിനേക്കാൾ കൂടുതലായി വേരോടി കിടക്കുന്നത് സാംസ്കാരികമായാണെന്ന് നിസംശയം പറയാം. സാംസ്കാരിക ഫാസിസത്തിലൂടെ കടന്നുകൂടിയ ഒന്നാണ് 'വെജിറ്റേറിയനിസവും' 'വെജിറ്റേറിയൻ' അല്ലാത്ത ദളിത് സമൂഹത്തെ വെജിറ്റേറിയനിസത്തിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങളും ഹിന്ദുക്കളാക്കി മാറ്റുന്ന പ്രവർത്തനങ്ങളും കാലങ്ങളായി നടന്നുകൊണ്ടിരിക്കുന്നവയാണ്. ദളിത് വേലകൾക്കും, ആട്ടങ്ങൾക്കും കോഴിയെ മുറിച്ച് കറിവയ്ക്കുന്ന സംസ്കാരത്തിൽ നിന്നും ഹിന്ദുക്കൾക്ക് സദ്യ എന്ന് പറഞ്ഞുകൊണ്ട്, 'വെജിറ്റേറിയനാണെന്ന്' പറഞ്ഞുകൊണ്ട് ഈ ഹിന്ദുത്വവൽക്കരണം നടത്തിക്കൊണ്ടിരിക്കുന്നു. തറകളും കല്ലുകളും അമ്മ ദൈവ സങ്കല്പത്തെയും ആരാധിക്കുന്ന ദളിത് പൈതൃകത്തെ മാറ്റി നിർത്തി ക്ഷേത്ര രൂപത്തിൽ നിർമിതികൾ ഉടലെടുക്കുകയും, ഭഗവതി പ്രതിഷ്ഠ നടത്തി പൂണൂലിട്ടവർ വന്ന് പൂജിക്കുന്ന സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതോടൊപ്പം ദളിത് ഭൂമിയിലെ ദൈവത്തറകൾ മാറ്റി ക്ഷേത്ര നിർമ്മിതിയിൽ നമ്പൂതിരിമാർ വന്നതോടുകൂടി ഈ സ്ഥലം പ്രവേശിക്കാൻ കഴിയാത്ത ഒരിടമായി മാറുകയും അവിടെക്ക് അയിത്തവും കടന്നുവന്നുകൊണ്ടിരിക്കുന്നു.

ഇത്തരത്തിൽ കാലങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന അരികുവൽക്കരണത്തിന്നും, നിലനിൽക്കുന്ന രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക വ്യവസ്ഥിതികൾക്കും, അനീതികൾ നിറഞ്ഞ ഭരണകൂടത്തിനുമെതിരെ സന്ധിയില്ലാതെ ഒരുകൂട്ടം മനുഷ്യർ മരവും, വലന്തലയും ആഞ്ഞുകൊട്ടിക്കൊണ്ട് സമരം ചെയ്ത്കൊണ്ടിരിക്കുകയാണ്. ഉത്തമരായ ആധുനികരാണന്ന് സ്വയം വിശേഷിപ്പിക്കാൻ ശ്രമിക്കുന്ന ഇന്നത്തെ മനുഷ്യർക്കിടയിലും വേർത്തിരിവിന്റെ രാഷ്ട്രീയം പ്രകടമാണന്ന് നിസംശയം പറയാൻ സാധിക്കുന്നു.



**തറകളും കല്ലുകളും അമ്മ ദൈവ സങ്കല്പത്തെയും ആരാധിക്കുന്ന ദളിത് പൈതൃകത്തെ മാറ്റി നിർത്തി ക്ഷേത്ര രൂപത്തിൽ നിർമിതികൾ ഉടലെടുക്കുകയും, ഭഗവതി പ്രതിഷ്ഠ നടത്തി പൂണൂലിട്ടവർ വന്ന് പൂജിക്കുന്ന സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.**

പൊള്ളയായ ഒരു ലോകത്തെ പച്ചയായ മനുഷ്യരുടെ രാഷ്ട്രിയ പ്രതിരോധമായി മരംകൊട്ട് പാട്ടിനെ നമ്മുക്ക് കണക്കാക്കാവുന്നതാണ് അത് ഒരു സമൂഹത്തിനെ മുഴുവൻ ഊർജ്ജസ്വലരായി നിലനിർത്തുന്നു. സഹിച്ചും, പൊറുത്തും മാത്രം കഴിയാൻ വിധിക്കപ്പെട്ട ഒരു കാലത്തുനിന്നും അസ്ഥിത്വം വ്യക്തമായി തിരിച്ചറിയുന്ന മനുഷ്യരിലേക്കെത്തുമ്പോൾ പഴങ്കഥകളിൽ പറഞ്ഞ് കേട്ടതു പോലെ ദേവൻമാർ ഓടിപ്പിച്ചാൽ ആരും പേടിച്ചോടീയെന്ന് വരില്ല. മരംകൊട്ടി തഴമ്പിച്ച കൈകൾ മരത്തിൽ ആഞ്ഞ് തട്ടുമ്പോൾ, വലന്തലയിൽ താളം മുഴങ്ങുമ്പോൾ മലവാഴിത്തറയും, കരിക്കുട്ടിത്തറയും കടന്ന് പൊതുവഴികളോ, ദേവൻമാരുടെ മന്ദിരങ്ങളോ എന്നു നോക്കാതെ മലവാഴിയും, മാണിയും, കരിങ്കുട്ടിയും, ചൊറുനീലിയും, മുത്തപ്പനുമെല്ലാം കാലങ്ങളായി കരുതിവെച്ച ശക്തികളെല്ലാം പുറത്തെടുത്ത് മുടിയഴിച്ചിട്ടാടുമെന്നത് തീർച്ചയാണ്. 'സമരം' എന്നത് ജനനം മുതൽ കേൾക്കുന്നവർക്ക് 'മരണം' എന്നത് വെറുമൊരു വാക്കുമാത്രമാണ്. 'മരംകൊട്ടിത്തീർത്തഹ കടിയെണക്കം' വീണ്ടും ആവർത്തിച്ച് കൊട്ടുകയാണ് ഈ കൊട്ടിനും, പാട്ടിനും, ആട്ടത്തിനും അവസാനമില്ല.

നാടകം കാണുന്ന മനുഷ്യന് തീർത്തും വ്യക്തിപരമായ ചിന്തകളിലേക്ക് ഇറങ്ങി ആ ചിന്തകളിൽ നിന്നും ആസ്വാദനത്തെ എത്തരത്തിൽ സാധ്യമാക്കാം എന്ന ആശയത്തിൽ നിന്നാണ് 'ഇൻസൈഡ് എ സ്ലീപ്' (Inside A Sleep) എന്ന ഫിസിക്കൽ തിയേറ്റർ പെർഫോമൻസിന്റെ ആശയം ഉണ്ടായത്. ഒരാശയത്തെ വികസിപ്പിക്കുമ്പോൾ അതു മുളപൊട്ടി വരുന്നത് തീർത്തും ആത്മനിഷ്ഠമായ ഒരു കേന്ദ്രബിന്ദുവിൽ നിന്നാകുമല്ലോ അതിൽ നമ്മുടെ അനുഭവങ്ങൾ, അറിവുകൾ,കാഴ്ചകൾ, സൗന്ദര്യബോധം, തുടങ്ങി അനേകം ഘടകങ്ങൾ സ്വാധീനിക്കപ്പെട്ടിരിക്കും. സ്വാഭാവികമായും എന്റെ ഉറക്കവും ഉറക്കത്തിനിടയിൽ ഉണ്ടാകുന്ന എന്റെ മരണവും എത്തരത്തിൽ ആയിരിക്കും എന്ന ആശയമാണ് ആദ്യം ഉണ്ടാകുന്നത്. അതിന് ഞാൻ ആദ്യം എന്റെ മാനസിക സഞ്ചാരങ്ങളെ നിരീക്ഷിക്കുവാൻ തുടങ്ങി, എന്റെ സ്വപ്നങ്ങളുടെ സ്വഭാവം, എന്റെ ഭയം, ആനന്ദങ്ങൾ, എന്നിവയെല്ലാം എന്റെ അവസാന നിമിഷങ്ങളെ സ്വാധീനിച്ചേക്കാം. ഇതെല്ലാം തീർത്തും സാങ്കല്പികമായ ചിന്താധാരകളാണ്, അതുത



# INSIDE A SLEEP
# ഉണർവിലേക്ക് ഒരുറക്കം

ഗോകുൽ രാജ്

ന്നെയാണ് കലയ്ക്ക് ആവശ്യവും എന്ന് നിലവിൽ വിശ്വസിക്കുന്നു.എന്റെ ഉറക്കത്തിലെ മരണത്തിന് ഒരു ഘടന നൽകിയ ശേഷം സംവിധായകനായ ഗോവിന്ദ് പപ്പുവിനോട് ആശയം പങ്കുവച്ചു. ഈ ചിന്തകളെല്ലാം തന്നെ ഉണ്ടായത് അദ്ദേഹം മുൻപേ ഒരു നാടകത്തിന്റെ ആശയം ഉണ്ടോ എന്ന് ചോദിച്ചതിനാലാണ്, അതും ശരീരം കൂടുതലായി ഉപയോഗിക്കാൻ പറ്റിയ ഒന്നോ രണ്ടോ പേർ മാത്രമുള്ള ഒരു നാടകം. ഈ ആശയം അതിനു അനുയോജ്യമാണെന്ന് തോന്നിയാണ് ഇത് അവതരിപ്പിച്ചത്.
ആശയം അംഗീകരിക്കപ്പെട്ട നിമിഷം മുതൽ ഞങ്ങൾ ഇതെങ്ങനെ ചിട്ടപ്പെടുത്തി എടുക്കും എന്ന അന്വേഷണങ്ങളിലായി. ക്രിയേറ്റീവ് ഡയറക്ടറും ലൈറ്റും ചെയ്ത ആകാശും മിഥുനം ഞങ്ങളുടെ കൂടെക്കൂടി.ഒന്നാമതായി ഈ നാടകം വ്യക്തിനിഷ്ഠമായി അനുഭവിക്കാൻ എന്ത് ചെയ്യണം എന്ന ചിന്തയിൽ സംഭാഷണങ്ങൾ വേണ്ട എന്ന് തീരുമാനമെടുത്തു. കലയിൽ ആസ്വാദകന് കൂടി അർഥങ്ങൾ പൂരിപ്പിക്കാൻ സാധിച്ചാൽ അവിടെ മറ്റൊരു കല കൂടി രൂപപ്പെടുത്താൻ സാധിക്കും എന്ന വിശ്വാസ



**അഭിനയിക്കുന്നവർക്ക് വളരെ കുറച്ച് മുഖഭാവങ്ങൾ മാത്രമാണ് ഇൻസൈഡ് എ സ്ലീപിൽ നൽകിയിരിക്കുന്നത്. അതിന് ഞങ്ങൾ കണ്ട കാരണമെന്തെന്നുവച്ചാൽ മുഖഭാവങ്ങൾ ഒരു കാര്യത്തെ ഒരു പ്രത്യേക അനുഭവമണ്ഡലത്തിലേക്ക് മാത്രം ചുരുക്കിയേക്കാം എന്ന ചിന്തയാണ്. മനുഷ്യന്റെ അടിസ്ഥാന ഘടകമായ ശരീരം മാത്രം ഉപയോഗിക്കുമ്പോൾ ആസ്വാദകന് ഇഷ്ടമുള്ള തരത്തിൽ ഒരു ചിത്രത്തെ വ്യാഖ്യാനിക്കാനുള്ള അവസരം ലഭിക്കുന്നു.**

ത്തിൽ സംഭാഷണങ്ങൾ ഞങ്ങൾ ഒഴിവാക്കി. ഉറക്കവും ഉറക്കത്തിനുള്ളിൽ സംഭവിക്കുന്ന അനുഭവങ്ങളും അനുഭൂതികളും മാത്രം ചിട്ടപ്പെടുത്തുക അതിനൊരു പൂർണ്ണതയില്ലാത്ത ചിത്രം നൽകുക എന്ന ഉദ്ദേശത്തിൽ റിഹേഴ്സൽ ആരംഭിക്കുകയായിരുന്നു. റിഹേഴ്സലിനിടയിലാണ് ഈ നാടകത്തിന് ഇപ്പോഴുള്ള രൂപം ഉണ്ടായത് പപ്പു (ഗോവിന്ദ് പപ്പു ) മിഥുൻ,ശരത് എന്നീ രണ്ടുപേരുടെയും ശരീരങ്ങൾ കൊണ്ട് ചില ചിത്രങ്ങൾ വരച്ചു തുടങ്ങി. തീർത്തും ആത്മനിഷ്ഠമായ സ്വരൂപം അപ്പോൾ നാടകത്തിന് ഉണ്ടായിരുന്നു. അതിനെ എത്തരത്തിൽ ഒഴിവാക്കണം എന്ന അന്വേഷണങ്ങളിൽ പല കാര്യങ്ങളും പരീക്ഷിച്ചുനോക്കി. അതേ സമയം നാടകം അയഞ്ഞൊരു രൂപത്തിലേക്ക് പോകുവാനും പാടില്ല. അതിനാൽ ഞങ്ങൾ അവലംബിച്ച രീതിയിൽ എന്തെന്നുവച്ചാൽ അംഗചലനങ്ങളുടെ ചിട്ടപ്പെടുത്തലിൽ ഞങ്ങൾ ഞങ്ങളുടെ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാക്കി, പക്ഷേ അത് തീർത്തും നേരിട്ട് അനുഭവിപ്പിക്കുന്നതിന് പകരം അവിടെയെല്ലാം ചില ശൂന്യമായ ഇടങ്ങൾ ബാക്കിവച്ചു ഈയിടങ്ങളിലെല്ലാം പ്രേക്ഷകന് പൂരിപ്പിക്കാനുള്ള അവസരം നൽകിയാൽ അത് ആ വ്യക്തിയുടെ കൂടി അനുഭവമായി മാറും. ശരീരമാണ് ഇവിടെ പെയിന്റിങ് ബ്രഷ് ആയി മാറുന്നത്, ശരീരത്തിന്റെ സാധ്യതകൾ. രണ്ട് ശരീരങ്ങളുടെ ചലന

**കല അതിന്റെ പരുവപെടലിൽ തന്നെ രാഷ്ട്രീയം ഉൾകൊള്ളുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.ഒരു കലാസൃഷ്ടി നിർമ്മിക്കുമ്പോൾ,നമ്മൾ ചിന്തിക്കുന്ന രീതി,നമ്മൾകാണുന്ന കാഴ്ച , കാര്യങ്ങൾ സ്വാധീനിച്ച സംഭവങ്ങൾ എന്നിവ അതിൽ സ്വാധീനിക്കപ്പെടുന്നു.**

ങ്ങൾ തീർക്കുന്ന അനുഭവ മണ്ഡലത്തിലൂടെ ആസ്വാദനകനിലേക്ക് എത്തിച്ചേരുക. ഇൻസൈഡ് എ സ്ലീപ് ശരിക്കും ഞങ്ങൾക്ക് ഒരു പഠനം ആയിരുന്നു. അതിന്റെ സംഗീതത്തിന്റെ ചിട്ടപ്പെടുത്തലും ശരീരങ്ങളുടെ ചലനവും അത് ഉളവാക്കുന്ന അനുഭവവും ഇതിനെയെല്ലാം പിന്താങ്ങാൻ ഉപയോഗിച്ച വെളിച്ച വിതാനവും. ഇവയെല്ലാം മനുഷ്യ മനസ്സിലെ സങ്കീർണതകളെ ഉൾക്കൊള്ളുവാൻ സാധിക്കുന്നതാകണം. അതേസമയം പ്രേക്ഷകനെ ഒട്ടും മടിപ്പിക്കാതെ ഈ പ്രക്രിയ ചെയ്യുവാനും കഴിയേണ്ടതുണ്ട്. പ്രേക്ഷകനെ പാടെ മറന്നാണ് ഇതെല്ലാം ചെയ്തത് എന്ന് പറയാൻ സാധിക്കില്ല കാരണം ഞങ്ങളെ സംബന്ധിച്ച്,പ്രത്യേകിച്ച് പിമോകാ ടെയിൽസ് ആർട്ട് കളക്ടീവ് (Pimoca Tales Art Collective) എന്ന ഞങ്ങളുടെ സംഘടനയെ സംബന്ധിച്ച് അത്തരമൊരു പ്രവർത്തിയിൽ ഏർപ്പെടുവാൻ ഞങ്ങൾക്ക് സാധിക്കുമായിരുന്നില്ല.കാരണം ഞങ്ങൾ തുടക്കക്കാരാണ് ഇനിയും വേദികൾ ലഭിച്ചാൽ മാത്രമേ സാമ്പത്തികമായും കലാപരമായും ഞങ്ങൾക്ക് നിലനിൽപ്പ് സാധ്യമാവുകയുള്ളു. പക്ഷേ പ്രേക്ഷകർ സ്വീകരിച്ചു എന്നതിന് തെളിവായി ഈ നാടകത്തിൽ രണ്ടാമത്തെ വേദിയും ലഭിച്ചു.

കല അതിന്റെ പരുവപെടലിൽ തന്നെ രാഷ്ട്രീയം ഉൾകൊള്ളുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.ഒരു കലാസൃഷ്ടി നിർമ്മിക്കുമ്പോൾ,നമ്മൾ ചിന്തിക്കുന്ന രീതി,നമ്മൾകാണുന്ന കാഴ്ച , കാര്യങ്ങൾ സ്വാധീനിച്ച സംഭവങ്ങൾ എന്നിവ അതിൽ സ്വാധീനിക്കപ്പെടുന്നു. അതിനാൽ തന്നെ ഒരു നാടകത്തിൽ അഭിനയിക്കുന്ന ഉടലുകളും പ്രത്യക്ഷത്തിൽ ഒരു രാഷ്ട്രീയ പ്രസ്താവനയാണ് മുൻപോട്ട് വെക്കുന്നത്. ഫിസിക്കൽ തിയേറ്ററിൽ മനുഷ്യ ശരീരത്തിന്റെ സാധ്യതകളാണ് പരമാവധി ഉപയോഗിക്കുന്നത് ഡയലോഗുകൾ ഇല്ലാതെ അംഗചലനങ്ങൾകൊണ്ട് കാര്യം പറയുക എന്ന രീതിയാണ് ഇതിൽ അവലംബിക്കുന്നത്. അതിനാൽ തന്നെ, ഇൻസൈഡ് എ സ്ലീപ് എന്ന നാടകത്തിൽ ഈ സാധ്യതയെ പരമാവധി ഉപയോഗിക്കാനാണ് ശ്രമിച്ചിരിക്കുന്നത്. അഭിനയിക്കുന്നവർക്ക് വളരെ കുറച്ച് മുഖഭാവങ്ങൾ മാത്രമാണ് ഇൻസൈഡ് എ സ്ലീപിൽ നൽകിയിരിക്കുന്നത്. അതിന് ഞങ്ങൾ കണ്ട കാരണമെന്തെന്നുവച്ചാൽ മുഖഭാവങ്ങൾ ഒരു കാര്യത്തെ ഒരു പ്രത്യേക അനുഭവമണ്ഡലത്തിലേക്ക് മാത്രം ചുരുക്കിയേക്കാം എന്ന ചിന്തയാണ്. മനുഷ്യന്റെ അടിസ്ഥാന ഘടകമായ ശരീരം മാത്രം ഉപയോഗിക്കുമ്പോൾ ആസ്വാദകന് ഇഷ്ടമുള്ള തരത്തിൽ ഒരു ചിത്രത്തെ വ്യാഖ്യാനിക്കാനുള്ള അവസരം ലഭിക്കുന്നു. ഈ വ്യാഖ്യാനങ്ങൾക്ക് പശ്ചാത്തലം ഒരുക്കുക എന്ന ലക്ഷ്യമാണ് ഇൻസൈഡ് എ സ്ലീപ് മറ്റൊരുതരത്തിൽ മുൻപോട്ട് വയ്ക്കുന്നത്.

നാടകത്തിന് ശേഷം ഒരു രംഗത്തിൽ തന്നെ പലർക്കും പല അർത്ഥങ്ങളാണ് ലഭിച്ചതെന്ന് കാണികളുടെ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലായി. ഉദാഹരണത്തിന് നാടകത്തിലെ അവസാനത്തെ രംഗങ്ങളിൽ മുഖംമൂടിയണിഞ്ഞ ഒരു രൂപത്തെ കാണിക്കുന്നുണ്ട്. പ്രാരംഭഘട്ടത്തിൽ ഈ ആശയം രൂപപ്പെട്ടത് എനിക്കുള്ള മുഖംമൂടിയോടുള്ള ഭയത്തിൽ നിന്നാണ്. നാടകത്തിൽ ഈ രംഗം ആവിഷ്കരിക്കപ്പെട്ടപ്പോൾ പലർക്കും പലതാണ് അനുഭവവേദ്യമായത്. സ്വപ്നം കണ്ടതിനുശേഷം അതിനെ കുറിച്ചുള്ള കുറ്റബോധമായും, കണ്ട സ്വപ്നം സദാചാരവിരുദ്ധമാണെന്ന് മനസ്സിലാക്കിയിട്ടും അത് ആനന്ദിക്കുന്ന അവസ്ഥയായും, ജീവിതത്തിൽ നാം അണിയുന്ന മുഖംമൂടിയായുമെല്ലാം ആ രംഗം വായിക്കപ്പെട്ടു. ഈ സാധ്യതയാണ് ഒരു ഫിസിക്കൽ തിയേറ്റർ പെർഫോമൻസ് മുൻപോട്ട് വെക്കുന്നത്.ഫിസിക്കൽ തിയറ്ററിന്റെ ഏറ്റവും വലിയ നേട്ടം എന്തെന്നാൽ ഒരു കലാരൂപമെന്ന നിലയിൽ, അത് ഒന്നിലധികം സംസ്കാരങ്ങളെയും ഭാഷകളെയും കടന്ന് എല്ലായിടത്തുമുള്ള പ്രേക്ഷകരിലേക്ക് പ്രാപ്യമാകുന്നു എന്നതാണ്.

**കല മനസിലാക്കാൻ മാത്രമുള്ള ഒരു കാര്യമാണെന്ന പൊതുബോധം നിലനിൽക്കുന്നുണ്ട്. ലോകത്ത് പലയിടത്തും കലാരൂപങ്ങൾ ഇതിനെയെല്ലാം മറികടന്നിരിക്കുന്നതായി കാണാൻ സാധിക്കും.**

കല മനസിലാക്കാൻ മാത്രമുള്ള ഒരു കാര്യമാണെന്ന പൊതുബോധം നിലനിൽക്കുന്നുണ്ട്. ലോകത്ത് പലയിടത്തും കലാരൂപങ്ങൾ ഇതിനെയെല്ലാം മറികടന്നിരിക്കുന്നതായി കാണാൻ സാധിക്കും. കലയെ അതിന്റെ രൂപത്തെ ആസ്വദിക്കുക, ആസ്വദിക്കുക മാത്രം ചെയ്യുക എന്ന പ്രക്രിയയെ നമുക്ക് അത്ര പരിചയമില്ല. ഈ ലക്ഷ്യംകൂടി ഇൻസൈഡ് എ സ്ലീപിനുണ്ട്. മനസ്സിലാക്കൽ മാത്രമല്ല കല എന്നതും അതൊരുതരത്തിലുള്ള അനുഭവം കൂടിയാണ് എന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഏകപക്ഷീയമായ സംവേദനതിനപ്പുറം നാടകം കാണിയിൽ ഇടപെട്ട് കാണിയും അതിൽ പങ്കാളികൾ ആകുമ്പോൾ അവിടെ ഇരുപക്ഷങ്ങളിൽ നിന്നും ആശയങ്ങൾ നിക്ഷേപിക്കപ്പെടുന്നു അങ്ങനെ കലയ്ക്ക് ഒരു സവിശേഷ രൂപം കൈവരിക്കുവാൻ സാധിക്കും. സംഗീതത്തിന് മനസ്സിനെ എളുപ്പത്തിൽ ചലിപ്പിക്കാൻ സാധിക്കും. നമ്മുടെ അനുഭവ മണ്ഡലം ഈ പ്രകൃതിയോട് ഇഴപിരിഞ്ഞു കിടക്കുന്നതിനാൽ പ്രകൃതയിലെ ഘടകങ്ങൾ തന്നെയാണ് സംഗീതത്തിന് ഉപയോഗിച്ചിരുന്നക്കുന്നത്. എട്ടുകാലി വല നെയ്യുന്ന ശബ്ദത്തിന്റെ നോട്സ്, ജലം, തടി എന്നിവയുടെ ശബ്ദങ്ങളും, മറ്റു സംഗീതോപകരണങ്ങളുമാണ് നാടകത്തിൽ ഉപയോഗിച്ചിരിക്കുന്നത്. നാടകത്തിന് സമൂഹത്തിൽ ഇടപെടാൻ പെട്ടന്ന് കഴിയും, അതൊരു നീണ്ട ജൈവിക പ്രക്രിയ ആയത് കൊണ്ട് തന്നെ അത് കൂട്ടങ്ങളെ നിലനിർത്തും. ആൾക്കൂട്ട കൊലപാതകങ്ങൾ നിരവധി നടക്കുന്ന നമ്മുടെ രാജ്യത്ത്, മനുഷ്യക്കൂട്ടങ്ങളെ അവരുടെ സർഗ്ഗാത്മകതയെ നഷ്ടപ്പെടുത്താതെ നിലനിർത്തേണ്ടതുണ്ട് 'പിമോകടെയിൽസ്' പോലൊരു കലാസംഘത്തിനും , അതിൽ നിന്നുണ്ടായ 'ഇൻസൈഡ്  എ സ്ലീപ്' എന്ന  നാടകത്തിനും ഈ ഉത്തരവാദിത്തം ഏറ്റെടുത്ത് മുൻപോട്ട് പോകാൻ സാധിക്കട്ടെ. രാജ്യം തന്നെ ഒരു നീണ്ട ഉറക്കത്തിൽ പെട്ടിരിക്കുന്ന ഈ കാലത്ത് തീർത്തും ഒറ്റയായി ജനിക്കുന്ന, മനുഷ്യന്റെ ഉറക്കത്തിൽ ഇടപെട്ട്കൊണ്ട് ഉണർവ്വിലേക്ക് നയിക്കാൻ ചിലപ്പോൾ ചില പ്രതിഫലനങ്ങൾക്ക് സാധിച്ചേക്കും. അതെ ഉറക്കമൊരു മങ്ങിയ കണ്ണാടികൂടിയാണ്!


ആളനക്കമില്ലാത്തൊരു
ഉച്ച നേരത്ത്
കൊക്കുകളും
കാക്കകളും
ഒരുമിച്ചു കുളിച്ചു

ഗോകുൽ ബുദ്ധൻ

# തമിഴകം തുറക്കുന്ന ദലിത് വുഡ് വാതിലുകൾ



ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിന്റെ ഏറ്റവും താഴെത്തട്ടിൽ ജീവിക്കുകയും, സാമൂഹിക രാഷ്ട്രീയ വ്യവഹാരങ്ങളിൽ ഉയർന്ന സ്ഥാനം പേറുന്നവരുമാണ് എക്കാലവും ദക്ഷിണേന്ത്യൻ ജനത. ഇന്ത്യൻ സിനിമ ചരിത്രം പരിശോധിച്ചാൽ തന്നെ മുംബൈ കേന്ദ്രീകൃത സിനിമ സ്വഭാവമല്ല ദക്ഷിണേന്ത്യൻ സിനിമകളുടേത്. ഇന്ത്യൻ ചലച്ചിത്രഭാഷ്യങ്ങളുടെ തുടക്കകാലം മുതലേ ഉപയോഗിക്കപ്പെട്ട മിത്തുകളും, ഐതീഹ്യങ്ങളും കഥാപ്രമേയമായി കടന്നുവരുന്നെങ്കിലും പ്രാദേശികതയുടെ വേറിട്ട വഴികളാണ് തെക്കേ ഇന്ത്യൻ സിനിമകൾ സ്വീകരിച്ചത്. തമിഴ്, കന്നട, തെലുഗു, മലയാളം എന്നീ ഭാഷകളിൽ നിർമ്മിക്കപ്പെടുന്ന ദക്ഷിണേന്ത്യൻ സിനിമകൾ പിൻപറ്റിയിരുന്ന ദ്രാവിഡമായ, സ്വത്വബോധമുള്ള വ്യക്തിത്വം ബോളിവുഡിൽ നിന്നും തീർത്തും വ്യത്യസ്താനുഭവമായിരുന്നു. പ്രാദേശിക രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെ ചലച്ചിത്രാഖ്യാനവുമായി സമീകരിക്കുന്ന സംരംഭങ്ങൾ തമിഴകത്താണ് ആദ്യമായി പരീക്ഷിക്കപ്പെടുന്നത്. രാഷ്ട്രീയ പ്രവർത്തനവും ദൃശ്യ കലാരൂപങ്ങളുമായുള്ള പാരസ്പര്യം തമിഴകത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പല നിലയ്ക്കും നിർണ്ണായകമാണ്. ദ്രാവിഡ ദേശീയവാദമായിരുന്നു അക്കാലത്ത് പ്രധാനമായും കലാ വ്യവഹാരങ്ങളുടെ ആഭിമുഖ്യങ്ങളിലേക്ക് ദിശയേകിയത്.



തമിഴ് സിനിമാലോകം മറ്റു ഇന്ത്യൻ ഭാഷ സിനിമകളിൽ നിന്നും കൂടുതൽ പ്രകടനപരത കാഴ്ച വയ്ക്കുന്നതും മെച്ചപ്പെട്ട സാമ്പത്തിക വിജയം കൈവരിക്കുന്നതും ഇത്തരം സിനിമകളുടെ ജനകീയത കാരണമാകുന്നു. ഇന്ത്യയിൽ തന്നെ ദലിത്-സ്വത്വ സിനിമ സങ്കല്പം പ്രാവർത്തികമാകുന്നത് തമിഴിലാണ്. വലിയൊരു ദ്രാവിഡ പാരമ്പര്യം കയ്യാളുന്ന ഈ ദക്ഷിണേന്ത്യൻ മേഖലയുടെ സാമൂഹിക രാഷ്ട്രീയ സാഹചര്യമാണ് ഇതിനൊരു കാരണം. വ്യത്യസ്ത ജാതി മതവിഭാഗങ്ങളുള്ള ഇവിടെ ജാതി, സമൂഹത്തിലും സിനിമയിലും ഒരുപോലെ പ്രകടമാകുന്നു. തമിഴ് രാഷ്ട്രീയ-ദലിത് സിനിമകൾ രൂപപ്പെടുന്നത് ദലിത് കലാകാരന്മാരിൽ നിന്നാകുന്നു എന്നതും മറ്റു ഇന്ത്യൻ ഭാഷകളെ തുലനം ചെയ്യുമ്പോൾ തമിഴ് സിനിമകളെ വ്യത്യസ്തമാക്കുന്നു. കാലാനുസൃതമായി മാറ്റങ്ങൾക്ക് വിധേയപ്പെടുന്ന സിനിമാമേഖലയിൽ കാലഘട്ടങ്ങളായി തുടർന്നുപോരുന്ന ജാതീയതയുടെ രാഷ്ട്രീയം പ്രമേയമാകുന്നത് സമൂഹത്തിന്റെ നവോത്ഥാന സ്വഭാവമായി കണക്കാക്കാം. ഇന്ത്യൻ സിനിമ മേഖലകളിൽ അധികവും ഭൂരിപക്ഷ ജനപ്രിയ സിനിമകളെ കൊണ്ടുനടക്കുന്ന ഒരു നൂറ്റാണ്ടിൽ വേറിട്ട സിനിമ പരീക്ഷണങ്ങളാണ് ദക്ഷിണേന്ത്യയിൽ നടക്കുന്നത്. തമിഴ് പോലെതന്നെ മലയാളത്തിലും, കന്നടയിലും ഇത്തരം ദലിത് - സാമൂഹിക വ്യവസ്ഥിതിയുടെ സ്ഫുരണങ്ങൾ ചലച്ചിത്ര ലോകത്ത് കാണാനാകും. തമിഴിൽ നിന്ന് വെട്രിമാരൻ, പാ രഞ്ജിത്ത്, മാരി സെൽവരാജ് തുടങ്ങിയവരുടെ സിനിമകൾ ഇന്ത്യൻ സിനിമ മേഖലയുടെ മുഖമായി മാറിക്കൊണ്ടിരിക്കുന്നു. ഹിന്ദി സിനിമ എല്ലാകാലത്തും ഉന്നംവച്ചുൽപ്പാദിപ്പിച്ചിരുന്ന 'മദ്രാസി' മാതൃക കഥാപാത്രങ്ങളെ പൊളിച്ചുകൊണ്ട് കേന്ദ്രകഥാപാത്രങ്ങളിലേക്കും, പ്രമേയ സ്വഭാവങ്ങളിലും ദലിത് ജനതയുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ സിനിമ എന്ന മാധ്യമത്തെ ഇവരുപയോഗിക്കുന്നു. കർണ്ണൻ, അസുരൻ, സർപ്പട്ടപരമ്പരൈ, ആടുകളം, പരിയേറും പെരുമാൾ, വിടുതലൈ, മാടത്തി, വിസാരണൈ, കാലാ തുടങ്ങിയ വ്യത്യസ്ത ഴാനർ കയ്യാളുന്ന ചിത്രങ്ങളുടെയെല്ലാം അടിസ്ഥാനം അവഗണന നേരിടുന്ന, വ്യക്തിസ്വാതന്ത്ര്യവും, സുരക്ഷിത സാമൂഹിക ജീവിതവും ഹനിക്കപ്പെട്ട വിഭാഗങ്ങളുടെ കഥയാണ്. സമൂഹത്തിൽ ഉണ്ടായിട്ടുള്ള യഥാർത്ഥ സംഭവവികാസങ്ങളെ ഉൾച്ചേർത്ത ജയ് ഭീം, വിസാരണൈ തുടങ്ങിയ ചിത്രങ്ങൾ പുതിയൊരു രാഷ്ട്രീയ പ്രവർത്തനമായി രൂപപ്പെടുന്നതായും നമുക്കിവിടെ കാണാം. സിനിമ, സമൂഹത്തിലെ അസമത്വ രാഷ്ട്രീയ സ്വഭാവങ്ങളുടെ ആശയാഖ്യാനമായി പ്രവർത്തിക്കുന്നതിന്റെ ഉത്തമ ഉദാഹരണമായി തമിഴ്സിനിമ ലോകം രൂപപ്പെടുന്നു.


സിനിമ എല്ലാകാലത്തും ഒരു അജണ്ടയായി പ്രവർത്തിക്കുന്ന ഒന്നാണ്. കേവലം ആസ്വാദനമോ, ആശയാഖ്യാനമോ മാത്രമാകുന്നില്ല സിനിമയുടെ ധർമ്മം. പ്രേക്ഷകന്റെ കാഴ്ചയിൽ, ചിന്തയിൽ, ആശയരൂപീകരണത്തിന് ഇന്ന് സിനിമയോളം സ്വാധീനശക്തി മറ്റു കലാവിഷ്കരണങ്ങൾക്കൊന്നുമില്ല. ദക്ഷിണേന്ത്യൻ സിനിമ മേഖലയുടെ സിനിമാ പരീക്ഷണങ്ങളിൽ ദലിത് സ്വത്വബോധം കടന്നു വരുന്നതിന്റെ പ്രധാന



**കർണ്ണൻ, അസുരൻ, സർപ്പട്ടപരമ്പരൈ, ആടുകളം, പരിയേറും പെരുമാൾ, വിടുതലൈ, മാടത്തി, വിസാരണൈ, കാലാ തുടങ്ങിയ വ്യത്യസ്ത ഴാനർ കയ്യാളുന്ന ചിത്രങ്ങളുടെയെല്ലാം അടിസ്ഥാനം അവഗണന നേരിടുന്ന, വ്യക്തിസ്വാതന്ത്ര്യവും, സുരക്ഷിത സാമൂഹിക ജീവിതവും ഹനിക്കപ്പെട്ട വിഭാഗങ്ങളുടെ കഥയാണ്.**


കാരണങ്ങളിലൊന്നുമിതാണ്. കലുഷിതമായ, വിവേചന പൂർണ്ണസമീപനം പ്രകടമായ ഒരു സമൂഹത്തിൽ സിനിമ എടുക്കുക എന്നതും ഒരു രാഷ്ട്രീയോദ്ദേശമാകുന്നു. ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ അംബേദ്കറേയും, ബുദ്ധനേയും ഏറ്റവും അധികം തിരശ്ശീലയിൽ കാഴ്ചാനുഭവമാക്കുന്നത് തമിഴകമാണ്. ദലിത് ബോധത്തിന്റെ അടയാളപ്പെടുത്തലുകളിൽ ദക്ഷിണേന്ത്യ കാഴ്ചവയ്ക്കുന്ന ജാഗ്രത മറ്റൊരു സിനിമാ മേഖലയ്ക്കുമില്ല. ജാതിക്കൊലപാതകങ്ങളുടെ, അവകാശനിഷേധങ്ങളുടെ തുറന്നു പറച്ചിലുകൾ സമൂഹത്തിൽ പ്രമാണീകരണ സ്വഭാവത്തോടെ വെളിപ്പെടുമ്പോൾ വ്യക്തിയും, സമൂഹവും ഒരുപോലെ ചോദ്യംചെയ്യപ്പെടുന്നു. അധികാര വികേന്ദ്രീകരണ വ്യവസ്ഥിതിയുടെ ഭാഗമായ ഇന്ത്യൻ ജനത ഇത്തരം സിനിമകളാൽ ബോധവൽക്കരിക്കപ്പെടുന്നതായും നമുക്ക് കാണാം. പൂർണ്ണമായ രാഷ്ട്രീയ പ്രമേയം സംസാരിക്കുന്ന സിനിമകൾ അല്ലാതെ മറ്റ് വാണിജ്യ, ഇടത്തരം സിനിമകളിൽ അരികുവൽക്കരിക്കപ്പെടുന്ന സമൂഹങ്ങളുടെ











കഥാപരിസരങ്ങൾ കടന്നുവരുന്നതും ദക്ഷിണേന്ത്യൻ സിനിമകളുടെ പ്രത്യേകതകളിലൊന്നാണ്. കുമ്പളങ്ങി നൈറ്റ്സ്, കാന്താര, നായാട്ട് തുടങ്ങിയ വാണിജ്യ സിനിമകളിൽ ഇത്രകാലം തുടർന്നുപോന്നിരുന്ന പാത്ര സൃഷ്ടികളിലും കഥാപാത്ര അന്തരീക്ഷത്തിലും വലിയൊരു മാറ്റം കണ്ടെത്താനാകും. ജാതി അധികാരത്തിലൂന്നിയ കഥാപാത്രസൃഷ്ടികളിൽ നിന്നും അടിസ്ഥാന ജനവിഭാഗത്തിന്റെ കഥകളിലേക്ക് പ്രമേയം എത്തിച്ചേരുകയും, പുറംകാഴ്ചകൾക്കുമാത്രം ഉപയോഗിക്കപ്പെട്ടിരുന്ന ദലിത് വ്യക്തിത്വ കഥാപാത്രങ്ങൾക്ക് തന്റെ ജീവിതത്തെക്കുറിച്ചും അനുഭവത്തെക്കുറിച്ചും പുതിയ സിനിമകളിൽ ആവിഷ്കരിക്കാൻ സ്വാതന്ത്ര്യവും ഉണ്ടാകുന്നു.

മാറുന്ന കാലത്തിന്റെ, സമൂഹത്തിന്റെ ചരിത്രാവശേഷിപ്പായിക്കൂടി സിനിമ വർത്തിക്കുന്നുണ്ട്. ഇനിയുള്ള തലമുറകൾക്ക്, മരിച്ചുപോയ ജീവിതങ്ങളുടെ ജീവിക്കുന്ന ഓർമ്മ

പെടുത്തലാകുന്നു സിനിമകൾ, ഇത്തരത്തിൽ വലിയൊരു ഉത്തരവാദിത്തമായി ഇന്ന് സിനിമ നിർമ്മാണം മാറുന്നു. ജാതി-സ്വത്വ രാഷ്ട്രീയ സിനിമകൾ പ്രധാനമായും ദലിത് ജനതയെ ഉദ്ബോധിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെയും, മാനുഷികമായ അവകാശങ്ങളുടെയും, ജീവിതത്തിന്റെ അന്തസ്സിനെക്കുറിച്ചും, ആവശ്യകതയെക്കുറിച്ചും ദശാബ്ദങ്ങളോളം ഇതെല്ലാം ഹനിക്കപ്പെട്ട ജനതയെ കാഴ്ചയിലൂടെ സിനിമ ഇനിയും ലഭിക്കാത്ത സ്വാതന്ത്ര്യത്തിലേക്ക് സ്വാഗതം ചെയ്യുന്നു. അരികുവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ ശീലപ്പെടലുകളിൽ അവരിന്നും അധസ്ഥിതരാണെന്നുള്ള ബോധം നിർമ്മിക്കപ്പെടുന്നുണ്ട്. ഇതിലേക്കാണ് ദലിത് രാഷ്ട്രീയ സിനിമകൾ കടന്നു ചെല്ലുന്നത്. പുതിയ പല കലാകാരന്മാരും ഇവരെ പിൻപറ്റി ദലിത് സ്വത്വബോധമുള്ള സിനിമകൾ നിർമ്മിക്കുകയും, കഥകളെഴുതുകയും ചെയ്യുന്നു. ഇന്ത്യയിൽ അകത്തും പുറത്തും ഇത്തരം സിനിമകൾ സ്വീകരിക്കുകയും ചെയ്യുന്നത് ഇന്ത്യൻ രാഷ്ട്രസമൂഹത്തിന്റെ തന്നെ നവീകരിക്കപ്പെടലുകളിലൊന്നാണ്. പുതുതലമുറയെ ഇതുവരെ തുടർന്നുപോന്ന നീതിനിഷേധങ്ങളുടെ കഥകൾ പരിചയപ്പെടുത്തുക എന്നതിലുപരി ചരിത്രം വിസ്മരിച്ച മനുഷ്യരെ പ്രതിമ നിർമ്മിക്കാതെയും, മന്ദിരങ്ങൾക്ക് പേരിടാതെയും സമൂഹത്തിനകത്ത് ദലിത് സിനിമകൾ വെളിപ്പെടുത്തുന്നു. ജീവിതത്തോട് അന്തർലീനമായിക്കിടക്കുന്ന ജാതിവ്യവസ്ഥയും മറ്റു മാനസികമൂല്യങ്ങളെ നിഷേധിക്കുന്ന എല്ലാത്തരം ദുർവ്യവസ്ഥിതികളെയും സിനിമ എന്ന മാധ്യമമുപയോഗിച്ച് ദക്ഷിണേന്ത്യ ചോദ്യം ചെയ്യുന്നു. ദളിത് സിനിമകളധികവും സംവദിക്കുന്നത് പ്രേക്ഷകനോടാണ്. ഇതുവരെ തുടർന്ന ജീവിത വഴികളിൽ ശരിയെന്ന് പറഞ്ഞതും ചെയ്തതും ആരുടെയൊക്കെ ശരികളായിരുന്നുവെന്ന് സ്വയം ചോദിക്കാൻ കെൽപ്പുള്ളവരായി ഒരു സമൂഹം മാറ്റം ചെയ്യപ്പെടുന്നു. ആരാണ് ഈ സമൂഹത്തിലെ ശരി കൽപ്പിക്കുന്നത്? എന്ന ചോദ്യം ദളിത് സ്വത സിനിമ കണ്ടിറങ്ങുന്ന ഏതൊരു പ്രേക്ഷകനും ഉല്പാദിപ്പിക്കപ്പെടുന്നവയാണ്. ദക്ഷിണേന്ത്യ നിർമ്മിക്കുന്ന സിനിമകൾ രാഷ്ട്രീയമായും, ചരിത്രമായും, ആസ്വാദനമായുമെല്ലാം അനുവർത്തിക്കപ്പെടുന്നു. ഒരു സമൂഹത്തിന് ഊർജ്ജത്തോടെ സ്വതബോധത്തോടെ ജീവിക്കാൻ പ്രതീക്ഷ പുലർത്താൻ ഇത്തരം സിനിമകൾ സഹായകമാകുന്നു. ഇനിയും മാറ്റത്തിന് വിധേയപ്പെടേണ്ട സാമൂഹികനീതിയുടെ ഓർമ്മപ്പെടുത്തലുകളുമായി ഒരു ജനത ഇവിടെ ജീവിച്ചിരുന്നെന്ന അവശേഷിപ്പോടെ ദക്ഷിണേന്ത്യൻ ദളിത് രാഷ്ട്രീയ സിനിമകൾ അടയാളപ്പെടുന്നു

**പുതുതലമുറയെ ഇതുവരെ തുടർന്നുപോന്ന നീതിനിഷേധങ്ങളുടെ കഥകൾ പരിചയപ്പെടുത്തുക എന്നതിലുപരി ചരിത്രം വിസ്മരിച്ച മനുഷ്യരെ പ്രതിമ നിർമ്മിക്കാതെയും, മന്ദിരങ്ങൾക്ക് പേരിടാതെയും സമൂഹത്തിനകത്ത് ദലിത് സിനിമകൾ വെളിപ്പെടുത്തുന്നു.**



# ബിനാലെയുടെ സിരകളിൽ എന്നാണ് ദളിത് രക്തം ഒഴുകുക

ആര്യ.പി. കെ. / ഡോ.കെ.എം.അനിൽ



കേരളത്തിലെ ഒരു ചെറുപട്ടണത്തിൽ ഒരു തുണിക്കടയുടെ ഉൽഘാടനം. ഉൽഘാടനത്തിന് വരുന്നത് കൗമാരക്കാരുടെ ഇഷ്ടപ്പെട്ട ഒരു യൂട്യൂബർ. എവിടെനിന്നെന്നറിയാതെ നൂറുകണക്കിന് കുട്ടികൾ ഇരമ്പിയെത്തുന്നു. ഗതാഗതം സ്തംഭിപ്പിച്ചുകൊണ്ട് അവർ റോഡിലും പരിസരപ്രദേശങ്ങളിലും തമ്പടിച്ചു. പോലീസ് വലഞ്ഞു. തീർത്തും അപ്രതീക്ഷിതമായ ഒരാൾക്കൂട്ടം. എന്താണ് ഈ യൂട്യൂബർ സൃഷ്ടിക്കുന്ന ലഹരിയുടെ അടിസ്ഥാനം? അയാൾ അശ്ലീലം പറയും ലൈംഗികമായ ചേഷ്ടകൾ കാണിക്കും. ബുദ്ധിശൂന്യനെപ്പോലെ അഭിനയിക്കും. സ്വയം കോമാളിയാവും. ഇതൊക്കെ മതി നമ്മുടെ കൗമാരക്കാരെ ആവേശത്തിൽ ആറാടിക്കാൻ. ഭാവിസമൂഹം അറിഞ്ഞാദരിക്കാൻ പോവുന്ന പ്രതിഭകൾ ഇത്തരക്കാരായിരിക്കുമോ? എവിടേക്കാണ് നമ്മുടെ കലാലോകം ചെന്നെത്തുന്നത്. തീർന്നില്ല, കേരളത്തിൽ അനുദിനം ഉയർന്നുവരുന്ന ക്ഷേത്രങ്ങളും ആചാരങ്ങളും ഉൽസവങ്ങളും നോക്കൂ. ദൃശ്യതയുടെ പുതുരൂപങ്ങൾ അവിടെയും കാണാം.

സ്ഥാപിതതാൽപര്യങ്ങളോടെ ഉറപ്പിച്ചെടുക്കുന്ന ഉൽസവങ്ങൾ വേറെയുമുണ്ട്. ശോഭായാത്രകൾ,ഗണേശോൽസവങ്ങൾ,രഥയാത്രകൾ അങ്ങിനെ പലതും. ഹിന്ദുപുരാണങ്ങളേയും ബ്രാഹ്മണ്യത്തെയും ഉറപ്പിച്ചെടുക്കുന്ന കൂറ്റൻ ദൃശ്യങ്ങൾ അരങ്ങുതകർക്കുന്നു. രാജ്യത്തെ മുഴുവൻ ചാനലുകളും മണിക്കൂറുകളോളം സംപ്രേഷണം ചെയ്ത അയോധ്യയിലെ ശിലാന്യാസനം. പാർലമെന്റിലെ പൂജ, ഇന്ത്യയിലെ 'വികാസ് പുരുഷ'ന്റെ പല ഭാവത്തിലുള്ള 'ചലച്ചിത്രങ്ങൾ' അങ്ങനെ പുനരുത്ഥാനദൃശ്യതയുടെ മലവെള്ളപ്പാച്ചിൽ മറ്റൊരു വഴിയിൽ കാണാം. അവർ രാഷ്ട്രീയത്തെ കാഴ്ചപ്പണ്ടങ്ങളാക്കി വഴിനീളെ പ്രദർശിപ്പിച്ചിരിക്കുന്നു. ദൃശ്യതയുടെ ലോകത്തെ ഈ പ്രവണതകൾക്കു മുന്നിലാണ് ഒരു കലാകൃത്ത് ചെന്നുനിൽക്കുന്നത്. ഈ കാഴ്ചശീലങ്ങൾക്കകത്ത് ചരിത്രബോധം നഷ്ടപ്പെട്ട ഒരു ജനതയോടാണ് അയാൾക്ക് സംവദിക്കേണ്ടത്. ദൃശ്യതയെ ബുദ്ധികൊണ്ടളക്കുന്ന സാക്ഷരതയുടെ ഊരാക്കുടുക്കിലാണ് ഇപ്പോഴും മലയാളി. ദരിദ്രവും പ്രതിലോമകരവുമായ ഈ ദൃശ്യതയുടെ സന്ദർഭത്തെ ഗൗരവബുദ്ധിയായ ഒരു കലാകൃത്ത് എങ്ങനെ അഭിമുഖീകരിക്കുമെന്ന ചോദ്യം നിർണ്ണായകമാണ്. ഗൗരവമായ കല, കലയുടെ രൂപവും ഭാവവും, കലയുടെ രാഷ്ട്രീയം എന്നിങ്ങനെ പല കാലങ്ങളിലായി നാം ചർച്ച ചെയ്ത പ്രമേയങ്ങൾ വരാനിരിക്കുന്ന കാലത്ത് അപ്രസക്തമായിത്തീരുമെന്നാണോ കരുതേണ്ടത്.

സിരകളിലൊഴുകുന്ന മഷിയും തീയും പ്രതിസന്ധികളുടേയും നിരാശയുടേയും ഈ കാലത്താണ് കൊച്ചി മുസിരിസ് ബിനാലെയിലേക്ക് ഒരു പ്രേക്ഷക കടന്നു ചെല്ലുന്നത്. അന്തർദേശീയവും ദേശീയവുമായ പശ്ചാത്തലത്തിൽ കലയിലെന്ത് നടക്കുന്നുവെന്ന ചോദ്യം ജീവിതത്തിലെന്തു സംഭവിക്കുന്നുവെന്ന ചോദ്യത്തിന്റെ തുടർച്ചയാണ്. ഇത്തവണത്തെ ബിനാലെയുടെ ക്യൂറേറ്റോറിയൽ ആശയം "നമ്മുടെ സിരകളിൽ ഒഴുകുന്ന മഷിയും തീയും" എന്നതായിരുന്നു.

പരിചിതമായതിനെ അപരിചിതമാക്കിത്തീർക്കുകയും അപരിചിതമായതിനെ പരിചിതമാക്കിത്തീർക്കുകയും ചെയ്യുന്നവയാണ് കലാസൃഷ്ടികൾ. ഒരേ സമയം ആവൃതവും അനാവൃതവുമാകുന്ന ദ്വയാർത്ഥകത സൃഷ്ടികളുടെ പ്രത്യേകതയാണ്. വെളിപ്പെട്ടതിനു പുറമെ ഇനിയും വെളിപ്പെടാനുള്ളവയെ അത് ഉള്ളിൽ കോറിയിടുന്നു.

ശാസ്ത്രവും ചരിത്രവും സാഹിത്യവും ബിനാലെയിലെ കലയിൽ സംഗമിക്കുന്നു. പ്രദർശനങ്ങളുടെ ഉള്ളടക്കം ഇതിനെ സാധൂകരിക്കുന്നു. പാരമ്പര്യങ്ങൾ, പ്രാദേശികത, പ്രാദേശികചരിത്രം, പരിസ്ഥിതി, വിവർത്തനം, (സംസ്കാരാന്തരവിനിമയം), ദളിത്, പോസ്റ്റ് ഹ്യൂമൻ (മനുഷ്യൻ-പ്രകൃതി തുടർച്ച), ആഗോളവൽക്കരണം, സ്ത്രീ, കോവിഡ് എന്നിങ്ങനെ പല പ്രമേയങ്ങളും ബിനാലെയുടെ ഭാഗമായി.
ഈ ഉള്ളടക്കങ്ങളിലേക്കെത്തിച്ചേരുന്ന മാധ്യമങ്ങളിലും വൈവിധ്യങ്ങൾ കാണാം. ശബ്ദം, ചിത്രം, ഇൻസ്റ്റലേഷൻ, വീഡിയോ, കൊളാഷ് തുടങ്ങിയവയാണവ. ബെർലിൻ കലാകൃത്തായ ഹേഗു യാങ്ങിന്റെ 'ധ്യാനവും ക്ഷീണവും'(2018) എന്ന സൃഷ്ടിയിൽ ഉപയോഗിക്കുന്ന ലോഹമണികളുടെ ശബ്ദവും ഡൽഹിയിലെ അസീം വാഖിഫിന്റെ ഇംപ്രവൈസ് എന്ന മുള കൊണ്ടുള്ള ഇൻസ്റ്റലേഷനും ശാബ്ദികമാധ്യമങ്ങളായി മാറുന്നുണ്ട്.

അന്തർദേശീയ കലാസംഗമത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പ്രത്യക്ഷപ്പെട്ട കലാകൃത്തുക്കൾ പ്രത്യേകവായന അർഹിക്കുന്നു. വാസുദേവൻ അക്കിത്തം, ദേവി സീതാറാം, സ്മിത ജി. എസ്, അഞ്ജു ആചാര്യ, ഇ. എൻ ശാന്തി, ബിജു ഇബ്രാഹിം, ജിതിൻലാൽ എൻ. ആർ,

**കോവിഡ് -19 അടച്ചിടൽ കാലത്തെ 365 ദിവസങ്ങളിൽ വരച്ച 365 ജലച്ഛായചിത്രങ്ങളാണ് 'നഷ്ടവർഷത്തിന്റെ പഞ്ചാംഗം'. അവ കാഴ്ചകളും ദർശനങ്ങളും സ്വപ്നങ്ങളും വാർത്തകളും ഒത്തുചേർന്ന് പുതിയ യാഥാർത്ഥ്യങ്ങളും കെട്ടുകഥകളും നിർമ്മിക്കുന്ന ഒരിടമായി മാറുന്നു.**





സാജു കുഞ്ഞൻ, മിത്ര കമലം തുടങ്ങിയവരാണ് കേരളത്തിൽ നിന്നുള്ള കലാകൃത്തുക്കൾ. വാസുദേവൻ അക്കിത്തത്തിന്റെ 'നഷ്ടവർഷത്തിന്റെ പഞ്ചാംഗം', 'അകലം' എന്നീ സൃഷ്ടികളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. കോവിഡ് -19 അടച്ചിടൽ കാലത്തെ 365 ദിവസങ്ങളിൽ വരച്ച 365 ജലച്ഛായചിത്രങ്ങളാണ് 'നഷ്ടവർഷത്തിന്റെ പഞ്ചാംഗം'. അവ കാഴ്ചകളും ദർശനങ്ങളും സ്വപ്നങ്ങളും വാർത്തകളും ഒത്തുചേർന്ന് പുതിയ യാഥാർത്ഥ്യങ്ങളും കെട്ടുകഥകളും നിർമ്മിക്കുന്ന ഒരിടമായി മാറുന്നു. പുറപ്പാട്, പ്രയാണം, വന്നുചേരൽ എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന അക്കിത്തത്തിന്റെ 'അകലം' വ്യക്തിഗത അനുഭവങ്ങളെ കൂട്ടായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി, ഗ്രാമത്തിൽ നിന്ന് നഗരത്തിലേക്കുള്ള ഒരു ചെറുപ്പക്കാരന്റെ യാത്രയുടെ ആത്മകഥാപരമായ വിവരണത്തെ പിന്തുടരുന്നു. തിരുവനന്തപുരം കേന്ദ്രീകരിച്ച് കലാപ്രവർത്തനം നടത്തുന്ന കലാകൃത്താണ് ദേവി സീതാറാം. 'ആങ്ങളമാരും അച്ഛന്മാരും അമ്മാവൻമാരും' എന്നതാണ് ദേവി സീതാറാമിന്റെ പെയിന്റിങ്ങിന്റെ ടൈറ്റിൽ. ചിത്രത്തിലെ പുരുഷന്മാർ പരമ്പരാഗതമായ രീതിയിൽ കസവുകരയുള്ള മുണ്ടുകൾ അരയിൽ ചുറ്റി ഉടുത്തിരുന്നവരാണ്. കാലം എത്ര കടന്നുപോയിട്ടും ആണുങ്ങളിപ്പോഴും ഉൾച്ചേർക്കലുകളില്ലാതെ പൊതു ഇടങ്ങൾ കൈവശപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. മുണ്ടിന്റെ കോന്തലക്കൽ ഇഴുകിച്ചേർന്ന ആണത്തനാട്യങ്ങൾ ആവർത്തിച്ചാവർത്തിച്ച് പരിശീലിച്ചുകൊണ്ടേയി

രിക്കുന്നുവെന്ന് ചിത്രം ഓർമ്മിപ്പിക്കുന്നു. സ്മിത ജി. എസിന്റെ പ്രവർത്തനമണ്ഡലം കോഴിക്കോടാണ്. പേരിടാത്ത ചിത്രങ്ങളാണ് ഇവരുടേത്. വന്യജീവികളും ജലജീവികളും ചേർന്ന വർണ്ണാഭമായ പ്രകൃതിയിലൂടെ സ്വന്തം ജീവിതത്തെ പുനരാവിഷ്ക്കരിക്കുകയാണ് കലകൃത്ത്. കൊച്ചിയിൽ കലാജീവിതം നയിക്കുന്ന കലകൃത്താണ് അഞ്ജു ആചാര്യ. 'ശമനം' എന്ന പേരിലാണ് അഞ്ജു ആചാര്യയുടെ സൃഷ്ടി പ്രദർശിപ്പിച്ചിട്ടുള്ളത്. ബയോളജിസ്റ്റായ അഞ്ജു ആചാര്യയുടെ സൃഷ്ടികൾ ശരീരശാസ്ത്രപരമായ പരിണാമത്തിന്റെ പാരസ്പര്യത്തെയാണ് അവതരിപ്പിക്കുന്നത്. കേരളത്തെ പ്രതിനിധീകരിച്ച മറ്റൊരു കലാകൃത്താണ് ഇ. എൻ ശാന്തി. അൺടൈറ്റിൽഡ് പെയിന്റിങ്ങുകളാണ് ഇ. എൻ ശാന്തിയുടേത്.

**'ബിനാലെ 2023'നെ പ്രതിനിധീകരിച്ച കലാകൃത്തുക്കളെല്ലാം അനുഭൂതികളുടെ ചരിത്രത്തെ ആവാഹിച്ചവരാണ്. അവർ ദൃശ്യതയുടെ പുതിയ തുറസ്സുകൾ തുറന്നുവെച്ചു. വിവാൻ സുന്ദരം, അർച്ചന ഹെൻഡെ, അമോൽ കെ പാട്ടീൽ, നതാലി മുഹമ്മദ്, പ്രണയ് ദത്ത, പ്രിയഗീത ദിയ തുടങ്ങിയവരുടെ സൃഷ്ടികളെല്ലാം ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്.**

കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന കലാകൃത്താണ് ജിതിൻലാൽ എൻ. ആർ. സി അയ്യപ്പന്റെ 'പ്രേതഭാഷണം' എന്ന കഥയെ മുൻനിർത്തി 'പ്രേതഭാഷണം(2022)' എന്ന പേരിൽ നടത്തിയ പ്രദർശനത്തിലൂടെയാണ് ജിതിൻലാൽ ബിനാലെയുടെ ഭാഗമായത്. ജാതിസ്വത്വത്തിന്റെ സങ്കീർണ്ണതകൾ ദൃശ്യപരമായി അവതരിപ്പിക്കുന്നവയാണ് ഈ സൃഷ്ടികൾ. ഇവ കൂടാതെ 'വിശ്രാന്തിയിൽ ആത്മാവിന്റെ കല' എന്ന പേരിൽ ബിജു ഇബ്രാഹിമിന്റെ ഫോട്ടോഗ്രാഫുകളുടെ പ്രദർശനവുമുണ്ടായിരുന്നു. വൈജാത്യമാർന്ന ജനപഥങ്ങളിലേക്കും വൈവിധ്യമാർന്ന സംസ്കൃതികളിലേക്കും മാനസികമായ കാഴ്ചയിലൂടെ കടന്നുചെല്ലുന്നവയാണ് ബിജു ഇബ്രാഹിമിന്റെ ഫോട്ടോഗ്രാഫുകൾ. ദേശചരിത്രത്തെ മുൻനിർത്തിയുള്ള സൃഷ്ടികളാണ് സാജു കുഞ്ഞന്റേത്. അവ തലമുറകളുടെ ചരിത്രത്തിലേക്ക് നീളുന്നു. പഴയ പുത്തൻകുളം(2021), സർപ്പക്കാവ്(2021), പുതിയ പുത്തൻകുളം(2021), തൂക്കുപറമ്പ് റോഡ്(2022), പിറന്ന മണ്ണിൽ നിന്നും നാടുകടത്തപ്പെട്ടവൻ(2022), പിറന്ന മണ്ണിലേക്കുള്ള മടക്കം(2022) എന്നിവയാണവ. രാഷ്ട്രീയജീവിതാവസ്ഥകളോട് സദ്യപ്രതികരണം നടത്തുന്നവയാണ് മറ്റൊരു കലാകൃത്തായ മിത്ര കമലത്തിന്റെ സൃഷ്ടികൾ. 2023 കൊച്ചി മുസിരിസ് ബിനാലെക്ക് വേണ്ടി അവർ പ്രത്യേകം തയ്യാറാക്കിയ സൃഷ്ടികൾ 2018ൽ ചെയ്തുതുടങ്ങിയ 'കറക്റ്റീവ് മെഷേഴ്സി'ന്റെ തുടർച്ചയാണ്.
'ബിനാലെ 2023'നെ പ്രതിനിധീകരിച്ച കലാകൃത്തുക്കളെല്ലാം അനുഭൂതികളുടെ ചരിത്രത്തെ ആവാഹിച്ചവരാണ്. അവർ ദൃശ്യതയുടെ പുതിയ തുറസ്സുകൾ തുറന്നുവെച്ചു. വിവാൻ സുന്ദരം, അർച്ചന ഹെൻഡെ, അമോൽ കെ പാട്ടീൽ, നതാലി മുഹമ്മദ്, പ്രണയ് ദത്ത, പ്രിയഗീത ദിയ തുടങ്ങിയവരുടെ സൃഷ്ടികളെല്ലാം ഇതിന്റെ ദൃഷ്ടാന്തങ്ങളാണ്.

ബിനാലെക്ക് വേണ്ടി തെരഞ്ഞെടുത്ത ഇടങ്ങളിൽ ചിലത് പെപ്പർ ഹൗസ്, ആസ്പിൻവാൾ തുടങ്ങിയവയാണ്. കുമ്മായമടർന്ന ചുമരുകളും കായലിലേക്ക് തുറക്കുന്ന ജനവാതിലുകളും പഴയ കട്ടിൽപ്പടികളും – ഇത്തരമൊരു ഇടത്തിൽ നിന്നുകൊണ്ടാ


ണ് നാം ആ ചിത്രങ്ങളുമായി സംവദിക്കുന്നത്. വാസ്തവത്തിൽ ഇത് കൊളോണിയൽ പാരമ്പര്യവുമായും ആഗോളസമ്പദ് വ്യവസ്ഥയുമായും ബന്ധപ്പെട്ട തൊഴിൽ, അടിമജീവിതം, പ്രവാസം എന്നിവയുടെ ഓർമ്മകൾ അടിഞ്ഞുകൂടിയ ഇടമാണ്. അവിടെ ഒരു കോസ്മോപൊളിറ്റനായ വിശ്വബന്ധുത്വത്തിന്റേതായ ഒരു അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. ആ അന്തരീക്ഷത്തിനകത്തു നിന്നുകൊണ്ടാണ് നാം ആ ചിത്രങ്ങളോട് സംവദിക്കുന്നത്.

ബിനാലെ കണ്ട് പുറത്തിറങ്ങുമ്പോൾ എന്തായിരിക്കും കാണികളിൽ ശേഷിച്ചിട്ടുണ്ടാവുക? അതിസാങ്കേതിക വിദ്യയിൽ തീർത്ത കൗശലങ്ങളോ അജ്ഞാതദേശങ്ങളിലെ സഹനങ്ങളോ? സാമൂഹ്യപാഠത്തെ ഓർമ്മിപ്പിക്കുന്ന ചില സ്ഥിതിവിവരക്കണക്കുകളോ? അതോ സ്വന്തം ജീവിതത്തിന്റെ വിലക്ഷണങ്ങളോ? ഈ ചോദ്യത്തെ അഭിമുഖീകരിക്കാതെ ബിനാലെയെ വിലയിരുത്താനാവില്ല. ഇന്ത്യയിലെ ദളിതരുടെ മുഖത്തേക്ക് മൂത്രമൊഴിച്ചുകൊണ്ടേയിരിക്കുന്ന ബ്രാഹ്മണപ്രത്യയശാസ്ത്രത്തെ പ്രതിക്കൂട്ടിൽ നിർത്തുന്ന എത്ര രചനകൾ



**ഇന്ത്യയിലെ ദളിതരുടെ മുഖത്തേക്ക് മൂത്രമൊഴിച്ചുകൊണ്ടേയിരിക്കുന്ന ബ്രാഹ്മണപ്രത്യയശാസ്ത്രത്തെ പ്രതിക്കൂട്ടിൽ നിർത്തുന്ന എത്ര രചനകൾ ബിനാലെയിലുണ്ട് എന്ന ചോദ്യം സോഷ്യൽ ഓഡിറ്റിങിന്റെ ഭാഗമാണ്.**












**ജയ് ഭീം വികാസ്, ഷഠഭാജി ഭഗത്, മഞ്ജുള പ്രദീപ് തുടങ്ങിയവർ ഇന്ത്യയിലെ ചില ദളിത് കലാകൃത്തുക്കളാണ്. പ്രേം കുമാർ, വിനു വി. വി, സത്യഭാമ, വിഷ്ണുപ്രിയൻ......തുടങ്ങി ദേശീയ\അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ദളിത് കലാകൃത്തുക്കൾ കേരളത്തിലുമുണ്ട്. അവർക്ക് അവകാശപ്പെട്ട ഇടം നിഷേധിക്കുന്നതിന്റെ പേരാണ് ബ്രാഹ്മണ്യം.**


ബിനാലെയിലുണ്ട് എന്ന ചോദ്യം സോഷ്യൽ ഓഡിറ്റിങ്ങിന്റെ ഭാഗമാണ്. അമോൽ കെ പാട്ടീലിന്റെ 'തൊലിയുടേയും പ്രസ്ഥാനങ്ങളുടേയും രാഷ്ട്രീയം' (2022) എന്ന സീരീസ് ഒഴിച്ചുനിർത്തിയാൽ കൊച്ചി മുസിരിസ് ബിനാലെ ഇക്കാര്യത്തിൽ കാണിച്ച 'കുറ്റകരമായ'വിവേചനം ഗൗരവത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.



ജയ് ഭീം വികാസ്, ഷഠഭാജി ഭഗത്, മഞ്ജുള പ്രദീപ് തുടങ്ങിയവർ ഇന്ത്യയിലെ ചില ദളിത് കലാകൃത്തുക്കളാണ്. പ്രേം കുമാർ, വിനു വി. വി, സത്യഭാമ, വിഷ്ണുപ്രിയൻ...... തുടങ്ങി ദേശീയ\അന്തർദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ട ദളിത് കലാകൃത്തുക്കൾ കേരളത്തിലുമുണ്ട്. അവർക്ക് അവകാശപ്പെട്ട ഇടം നിഷേധിക്കുന്നതിന്റെ പേരാണ് ബ്രാഹ്മണ്യം. സവർണ്ണകല കലരൂപങ്ങളിൽ പല ഭാവങ്ങളിൽ അതിന്റെ സ്ഥാനം ഉറപ്പിച്ചുകൊണ്ടിരിക്കും. കാലഹരണപ്പെട്ടതും പ്രതിലോമകരവുമായ ഭാവുകത്വശീലങ്ങളെ എഴുന്നള്ളിച്ചിരുത്തുകയും പ്രതിരോധത്തിന്റെ അതിശക്തമായ ധാരകളെക്കുറിച്ച് അജ്ഞത നടിക്കുകയും ചെയ്യുന്നത് ഒരു രാഷ്ട്രീയപ്രയോഗമാണ്. ദളിത് ആർട്ടിസ്റ്റുകളുടെ നേതൃത്വത്തിലുള്ള ഒരു ബിനാലെ നമുക്ക് ആലോചിക്കേണ്ടിവരും. കൊളോണിയലിസത്തിന്റെ പായ്ക്കപ്പലുകൾ വന്നടിഞ്ഞ കടപ്പുറത്തല്ല. മലമുകളിലെ ഊരുകളിൽ, മുത്തപ്പന്റെ മലമേടുകളിൽ. പ്രിവിലേജുള്ളവർക്ക് അജ്ഞത അലങ്കാരമാണ് സർ! പക്ഷേ ആ അജ്ഞത കൊണ്ട് എന്നും തോൽപ്പിക്കാമെന്ന് കരുതേണ്ട.


CONSTITUTION
OF
INDIA


ഉന്റ പെണ്ണിനേം
മൂന്നോളേം, അന്ന് ഓര്
തുണിയുരിച്ച് കല്ലെറിഞ്ഞ്
കോല് കുത്തിയോടിച്ചു
മുറിവൊണങ്ങിയിട്ടില്ല
ഓരിപ്പൊ ഒറങ്ങാറില്ല


4
BANNED
കല
കലാപമായിരിക്കുന്നു
തെരുവുകളിൽ
കൂട്ടംകൂടുന്നത്
നിരോധിച്ചിരിക്കുന്നു

ബ്രഹ്മാസ്ത്രം പ്രയോഗിച്ച് ഉത്തരയുടെ ഗർഭസ്ഥ ശിശുവിനെ കൊല്ലാൻ ശ്രമിച്ചത് പോലെ വീണ്ടും ഒരു കാഴ്ച കാലത്തിനു മുന്നിൽ കെട്ടിയാടും ഉഗ്രശ്രവസ്സേ...

ഭാവികാലവാർത്തികന്റെ വാക്കുകൾ കേട്ട ഉഗ്രശ്രവസ്സ് തന്റെ ഓർമ്മകളിൽ വാക്കുകളോരോന്നും കോർത്തു വച്ചു .നൂറ്റാണ്ടുകൾക്കിപ്പുറം പരിണാമത്തിന്റെ വേരുകളിൽ കുടുങ്ങിക്കിടന്നോ ഇല്ലാതെയോ മനുഷ്യവംശം പുരോഗതി പ്രാപിച്ചുകൊണ്ടിരുന്നു. അവർക്ക് ചുറ്റും കെട്ടിപ്പടുത്ത ലോകത്തിൽ നിരവധി വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും കുരുക്കുകൾ മുറുകി.

മനുഷ്യരോടൊപ്പം തന്നെ,അവർ നിർമ്മിച്ച ജാതിയും മതവും ദൈവങ്ങളും വളർന്നു. പിന്നീടെപ്പോഴോ മനുഷ്യൻ മതങ്ങളായി മാറി.

ഭാവികാല വാർത്തികന്റെ വാക്കുകളോരോന്നും ഓർമ്മയിൽ സൂക്ഷിച്ച ഉഗ്രശ്രവസ്സ് കഥ പറയേണ്ടുന്ന കാലം ഇതുതന്നെയെന്ന് ഉറപ്പിച്ചു. വാർത്തികൻ തടയുകയാണുണ്ടായത്, ഭാവികാലത്തെ കുറിച്ചുള്ള കഥകൾ പറഞ്ഞ് എന്തിനു മനുഷ്യർക്കിടയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കണം? കഥകൾ അനുഭവങ്ങളായി തീർന്ന് പതിറ്റാണ്ടുകൾക്ക് ശേഷം ഓർമ്മകളെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കലാണ് നിന്റെ ധർമ്മം, അത് നീ മറന്നുകൂടാ...

**ആര്യ.എം.വി**

# അഭിനവ ഭാരതം

**കുടുംബാംഗങ്ങൾക്ക് മുന്നിൽവച്ച് ഗർഭിണിയായ ഒരു പെണ്ണ് ബലാൽസംഗത്തിനിരയായി. അവൾക്ക് ചേല കൊടുക്കാൻ അവതാര പുരുഷൻമാർ ആരും മെനക്കെട്ടില്ല. ബോധമുണർന്നവൾക്ക് മുന്നിൽ ബന്ധുജനങ്ങളുടെ ശവശരീരം കാഴ്ചയായി. കാലം മുന്നോട്ടുപോകേ നീതി തന്നെ നോക്കി പല്ലിളിക്കുന്നതായി അവൾക്കനുഭവപ്പെട്ടു. പാപം ചെയ്തവന്റെ മതവും ജാതിയും ഉന്നതമായതിനാൽ അവൻ ചെയ്ത തെറ്റ് തെറ്റല്ലത്രേ !**

ഉഗ്രശ്രവസ്സ് നിശബ്ദനായി.

ഒരു വംശം യുദ്ധത്താൽ ഇല്ലാതായ കഥ ജനമേജയന് വിശദീകരിച്ച് കൊടുത്ത് സർപ്പ വംശത്തെ സംരക്ഷിച്ച തന്റെ കഥകൾ കാലത്തിനിങ്ങോട്ട് സഞ്ചരിക്കുമ്പോൾ ഭാവികാലം പറയവയ്യാതെ നിശബ്ദമായതിനാൽ,മനുഷ്യവംശം വേരറ്റ് പോകുമെന്ന ഉൾക്കാഴ്ച ഒരു നിശ്വാസത്തിലൊതുങ്ങി നിന്നു.....

എനിക്കിത് പറയാതെ വയ്യ...
ഉഗ്രശ്രവസ്സിന്റെ വാക്കുകൾ മുഴങ്ങി.

നാം നിയോഗിക്കപ്പെട്ട കാലത്തിന്റെ കാഥികർ മാത്രമാണ്.നിനക്കിതു പറഞ്ഞുകൊണ്ട് മനുഷ്യവംശത്തെ സംരക്ഷിക്കണം എന്നാണെങ്കിൽ ആ കഥകൾ ഈ കാലത്ത് സംഭവിക്കും. നീ കഥകൾ പറയുക,മനുഷ്യർ അതിനെ അതിജീവിക്കുമോയെന്ന് നോക്കാം;ഭാവികാല വാർത്തികൻ പുഞ്ചിരിയോടെ പറഞ്ഞു.

ഉഗ്രശ്രവസ്സ് കഥ പറയാൻ ആരംഭിച്ചു.
കാലം അതിന് സാക്ഷിയായി.

മനുഷ്യൻ പരസ്പരം ജാതിയുടെയും മതത്തിന്റെയും പേരിൽ കലഹിച്ചുകൊണ്ടിരുന്നു. നിരവധി വർഗീയ,വംശീയ കലാപങ്ങളുണ്ടാവുകയും ബുദ്ധി നശിച്ച പല വിദ്വേഷങ്ങളുടെയും വാഹകരായി മാത്രം അവർ മാറുകയും ചെയ്തു.

ഉത്തരയുടെ ഗർഭത്തിലേക്ക് ബ്രഹ്മാസ്ത്രമെന്നപോലെ നിറവയറിലുറങ്ങുന്ന ശിശുവിനെ മതാന്ധതയുടെ ത്രിശൂലം കുത്തി പുറത്തേക്കെടുത്തു.

ഹാ! ജനനത്തിനു മുന്നേ മതം കാർന്നുതിന്ന മരണം ചോരയൊലിപ്പിച്ചു നിന്നു!

കുടുംബാംഗങ്ങൾക്ക് മുന്നിൽ വച്ച് ഗർഭിണിയായ ഒരു പെണ്ണ് ബലാൽസംഗത്തിനിരയായി. അവൾക്ക് ചേല കൊടുക്കാൻ അവതാര പുരുഷൻമാർ ആരും മെനക്കെട്ടില്ല. ബോധമുണർന്നവൾക്ക് മുന്നിൽ ബന്ധുജനങ്ങളുടെ ശവശരീരം കാഴ്ചയായി. കാലം മുന്നോട്ടുപോകേ നീതി തന്നെ നോക്കി പല്ലിളിക്കുന്നതായി അവൾക്കനുഭവപ്പെട്ടു. പാപം ചെയ്തവന്റെ മതവും ജാതിയും ഉന്നതമായതിനാൽ അവൻ ചെയ്ത തെറ്റ് തെറ്റല്ലത്രേ ! നീതി തേടി കോടതി കയറുമ്പോൾ പടിയിലെ കല്ലിനുണ്ടായിരുന്ന അതേ മരവിപ്പ് തന്നെയാണ് നക്ഷത്രകണ്ണുകളുള്ള



കുഞ്ഞിനെ ക്ഷേത്രസന്നിധിയിൽ വെച്ച് പിച്ചി ചീന്തുമ്പോൾ നടയിലെ കൽ വിഗ്രഹ ത്തിനുമുണ്ടായിരുന്നത്.

മതവും കുലവും ഉന്നതമാണെന്ന് ഭരണപ ക്ഷം വിശ്വസിച്ചതിനാൽ കുറ്റവാളികൾക്കെ ല്ലാം സംരക്ഷണത്തിന്റെ കാവിപ്പുതപ്പ് ലഭിച്ചു. ആ കാവിക്കോട്ടകൾ തച്ചുടച്ച് ചോര കുടിക്കാൻ ഒരു കൊതുകിനുപോലും സാധിച്ചതുമില്ല.

ആരാണ് നിങ്ങൾ?
നിങ്ങളുടെ അജണ്ടകൾ എന്താണ്?
ചോദ്യങ്ങൾ ആവർത്തിച്ചു കൊണ്ടിരുന്നു.
ഒരിക്കൽ ഒരു ചോദ്യം മത രാഷ്ട്രീയത്തിനു മുകളിൽ മാറ്റൊലി കൊണ്ടു,
'ആരായിരുന്നു ശിവജി?'

അറിവിന്റെ ആയുധം കൊണ്ടുള്ള ചോദ്യ ത്തിന് അന്ധത കൊണ്ട് ജീവനെടുത്തവർ മറുപടി നൽകി.

ഇല്ല...!

എന്നിട്ടും അവസാനിച്ചില്ല.
തൂലികകൾ വീണ്ടും ചലിച്ചു.
ആയുധങ്ങൾ നിശബ്ദമാകാൻ നിന്നു കൊടുക്കാതെ രക്തത്തെ തേടി....

**ആരാണ് നിങ്ങൾ?**
**നിങ്ങളുടെ അജണ്ടകൾ എന്താണ്?**
**ചോദ്യങ്ങൾ ആവർത്തിച്ചു കൊണ്ടിരുന്നു. ഒരിക്കൽ ഒരു ചോദ്യം മത രാഷ്ട്രീയത്തിനു മുകളിൽ മാറ്റൊലി കൊണ്ടു,**
**'ആരായിരുന്നു ശിവജി?'**

ഇനിയും വയ്യ, ഉഗ്രശ്രവസ്സ് ചെവികൾ പൊത്തി. ഭാവികാല വാർത്തികൻ ഒരു പുഞ്ചിരിയോടെ പറഞ്ഞു;അറിവ് ആക്രമിക്കപ്പെടു ന്നത് ആദ്യമായല്ല.ഗുരുവെന്ന അധികാരമുപയോഗിച്ച് ശിഷ്യനിൽ നിന്ന് വിരൽ ദക്ഷിണ വാങ്ങിയ ദ്രോണരുടെ പിന്തുടർച്ചയാണിത്. നേടിയ വിദ്യയത്രയും,അറിവത്ര യും നിഷ്ഫലമായതും ജാതിയിൽ താണവനെന്ന് ഗുരുവിനാൽ മുദ്രകുത്തപ്പെട്ടതിനാലാണ്.



കറുത്തകാലം...

ഉഗ്രശ്രവസ്സ് നെടുവീർപ്പിട്ടു.

കാവിയെന്ന് കാലവും...

അപ്പോൾ ഒരു വശത്ത്, പുതിയ മന്ദിരങ്ങൾ ഉയരുകയും മനുഷ്യർ അവഗണിക്കപ്പെടുകയും ചെയ്യുക യായിരുന്നു.
ദാരിദ്ര്യത്തെ മറയ്ക്കാൻ മതിൽ കെട്ടിയുയർത്തിയ വിഭജന രേഖ പോലെ കാലം നോക്കുകുത്തിയാ യി!

അധികാരത്തിന്റെ ചെങ്കോലുകൾ അവഗണനയോടെ മുഖം തിരിച്ച് ശംഖൊലി നാദത്താൽ സ്ഥാപിത മായി.

' ഒരു സൂതനെ വരിക്കാൻ എനിക്ക് സമ്മതമല്ല '

സ്വയംവര വേദിയിൽ ആ പെൺ ശബ്ദം ആർത്തലച്ചു.
അപമാനിതനായി പിന്മാറിയ സൂതന്റെ കണ്ണുകൾ ഈറനണി ഞ്ഞിട്ടുണ്ടാവണം.

ഏത് അധികാര

**കഥകൾ തുടരും തോറും കാലം മുന്നോട്ടു സഞ്ചരിച്ചു. വടക്കുകിഴക്കൻ മേഖലയിലെ താഴ്വര പ്രദേശങ്ങളിൽ കലാപങ്ങൾ പൊട്ടി പുറപ്പെട്ടു. ഭൂപ്രകൃതിയിലെയും ജനവിന്യാസ ത്തിലെയും വിഭജനരേഖകളുടെ അടിസ്ഥാന ത്തിലാണോ കലാപമുണ്ടായത്,അതോ അവ ഭരണകൂടത്തിനാൽ സൃഷ്ടിക്കപ്പെട്ടതോ?**

സ്ഥാനത്തിരിക്കുമ്പോഴും സൂതൻ സൂതൻ തന്നെ. അധികാരത്തിന്റെ ചെങ്കോലിനവകാശം കുലത്തിനാണ്, അതും ഉന്നതകുലത്തിന്. കാലത്തിനപ്പോൾ കണ്ണു നീരിന്റെ ചുവയായിരുന്നി ല്ല ...
നികൃഷ്ടമായ ജാതിബോധ ത്തിനെതിരെ പ്രതിഷേധ ങ്ങൾ ഉയർന്നു.

രാജാവ് നിശബ്ദനായിരു ന്നു, പടയാളികൾ നഗ്നരും.

കഥകൾ തുടരും തോറും കാലം മുന്നോട്ടു സഞ്ചരി ച്ചു. വടക്കുകിഴക്കൻ മേഖലയിലെ താഴ്വര പ്രദേശങ്ങളിൽ കലാപ ങ്ങൾ പൊട്ടിപുറപ്പെട്ടു. ഭൂപ്രകൃതിയിലെയും ജനവിന്യാസത്തിലെയും വിഭജനരേഖകളുടെ അടിസ്ഥാനത്തിലാണോ കലാപമുണ്ടായത്,അതോ

അവ ഭരണകൂടത്തിനാൽ സൃഷ്ടിക്കപ്പെട്ട തോ?
ഗോത്രങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടൽ തുടരുമ്പോഴും അധികാരികൾ മൗനത്തി ലായിരുന്നു!

അല്ല...

നിശബ്ദമായി, ഹിന്ദുത്വ അജണ്ടകൾ നടപ്പിലാക്കുകയായിരുന്നു.

വംശം,മനുഷ്യവംശം ഏറ്റുമുട്ടുന്നു...!

കലാപത്തിൽ വാസസ്ഥലങ്ങൾ കത്തിയെ രിയുന്നു. മനുഷ്യർ പരസ്പരം കൊല്ലുന്നു. അവസാന മനുഷ്യനും മരിക്കും വരെ



രാജാവ് കാത്തിരിക്കുന്നു, കൂട്ടിയിട്ട ശവശരീരങ്ങൾക്ക് അന്ത്യാഞ്ജലി അർപ്പിക്കാൻ...

മൗനം...,
രാജാവിനെ വിഴുങ്ങിയിരിക്കുന്ന മൗനത്തിനന്ത്യം പൗരരുടെ പൂർണമായ മരണം തന്നെ...

രജസ്വലയായ ദ്രുപതപുത്രിയുടെ വസ്ത്രം സഭാമധ്യത്തിൽ വലിച്ചഴിക്കപ്പെട്ടപ്പോൾ, തുടർന്നുള്ള യുദ്ധത്തിൽ കൗരവവംശത്തിന് അന്ത്യം സംഭവിച്ചു. എന്നാലിപ്പോഴോ, വിവസ്ത്രരാക്കപ്പെട്ട് പുരുഷാരത്താൽ നയിക്കപ്പെട്ട് ആ രണ്ട് സ്ത്രീകൾ നടപ്പാതകൾ താണ്ടി...കണ്ണുനീരുറ്റിയ അവരുടെ മാറിടങ്ങൾ നടത്തതിനിടയ്ക്കും പലരും ഞെരിക്കുന്നുണ്ടായിരുന്നു. ഒടുവിൽ അവർ ബലാത്സംഗം ചെയ്യപ്പെട്ടത്രെ...

വാർത്തികാ...
ഇനിയുമെനിക്ക് വയ്യ...
ഞാൻ എന്റെ കഥകൾ അവസാനിപ്പിക്കുന്നു... മനുഷ്യവംശത്തിന്റെ അന്ത്യത്തിന്റെ കഥകൾ പറയാൻ താല്പര്യപെടാതെ ചെവികളമർത്തിപിടിച്ചുകൊണ്ട് ഉഗ്രശ്രവസ്സ് മരണം വരിച്ചു.

ഭാവികാലവാർത്തികൻ അപ്പോഴും ചിരിക്കുകയായിരുന്നു.

ഉഗ്രശ്രവസ്സ് പറഞ്ഞ കഥകളിൽ കഥകളേതെന്നും കാലമേതെന്നും തിരിച്ചറിയാത്ത ഈ കാലത്തിൽ മനുഷ്യവംശത്തിന്റെ അന്ത്യം സംഭവിക്കും...
അപ്പോഴുമൊരുപക്ഷെ,മതങ്ങൾ ബാക്കി നിൽക്കും...

അവർ കാലത്തെ നോക്കുകുത്തിയാക്കും...
മനുഷ്യവംശത്തിന്റെ അവസാനകണ്ണി ആരാവും...?
കഥകൾ പൂർത്തിയാക്കാതെ മടങ്ങിയ ഉഗ്രശ്രവസ്സിനെയോർത്ത് കൊണ്ട് ഭാവികാലവാർത്തികൻ ചോദിച്ചു...

അതെ,
ആരാണ് മനുഷ്യവംശത്തിന്റെ അവസാനകണ്ണി?



**രജസ്വലയായ ദ്രുപതപുത്രിയുടെ വസ്ത്രം സഭാമധ്യത്തിൽ വലിച്ചഴിക്കപ്പെട്ടപ്പോൾ, തുടർന്നുള്ള യുദ്ധത്തിൽ കൗരവവംശത്തിന് അന്ത്യം സംഭവിച്ചു. എന്നാലിപ്പോഴോ, വിവസ്ത്രരാക്കപ്പെട്ട് പുരുഷാരത്താൽ നയിക്കപ്പെട്ട് ആ രണ്ട് സ്ത്രീകൾ നടപ്പാതകൾ താണ്ടി**

കൃഷ്ണ.കെ.പി

*"വിശുദ്ധ മൃഗമായ പശുവിനെ നീയാണോ ഉപദ്രവിച്ചത്?"*
*സന്യാസിമാർ കുട്ടിയോട് ചോദിച്ചു.*
*"ഞാൻ ഉപദ്രവിച്ചില്ല. ഞാൻ തിന്നിരുന്ന പഴത്തോൽ പശു തട്ടിപ്പറിച്ചു. അതുകൊണ്ട് ഞാനതിനെ ഓടിച്ചതാണ്."*
*കുട്ടി പറഞ്ഞു.*
*"നീ മുസൽമാനായിരിക്കണം; നീ പശുവിനെ ഉപദ്രവിച്ചു"*
*അവർ പറഞ്ഞു.*
*"നിങ്ങൾ പശുവിന്റെ ഉടമസ്ഥരാണോ?"*

**(വിശുദ്ധപശു, മാധവിക്കുട്ടി)**

# കാളയും വിളയും: വിശുദ്ധപശു തിന്നുന്നതാരെ?

കല്പവൃക്ഷം, കാമധേനു എന്നീ സങ്കൽപങ്ങളിൽ നിന്നും തുടങ്ങാം. ഇവ യാഥാക്രമം സ്വർഗ്ഗത്തിലെ മരവും പശുവുമാണ്. എന്ത് ആഗ്രഹവും നിവർത്തിച്ച് തരാൻ കെൽപ്പുള്ളവയാണ് ഇവ എന്നാണ് സങ്കൽപ്പം. ഏതൊരു സങ്കൽപ്പത്തിനും ഒരു ഭൗതിക അടിത്തറയുണ്ടാകും. എന്താണ് ഇവയുടെ ഭൗതിക അടിത്തറ?



മരങ്ങളിൽനിന്നും ഭക്ഷണം ശേഖരിച്ചിരുന്ന ഒരു നീണ്ട കാലം പിന്നിട്ടിട്ടുണ്ട്, മനുഷ്യകുലം. ഇത്തരത്തിൽ, തിന്നാൻ തന്നിരുന്ന മരത്തെ വിശേഷമായിക്കണ്ടതോടെയാണ് മരാരാധനക്ക് പ്രാചീന കാലത്ത് തുടക്കമായിട്ടുണ്ടാകുക. ഏത് ഗോത്രവംശത്തെ എടുത്ത് പരിശോധിച്ചാലും മരാരാധനയുടെ ശേഷിപ്പുകൾ കാണാം. അന്നദാതാക്കളായ സസ്യലതാദികൾ ചില സവിശേഷ കാലങ്ങളിൽ മാത്രമേ ലഭ്യമായിരുന്നുള്ളൂ. അതിനാൽത്തന്നെ ആഹാരത്തിന് ഭൗതികവും പ്രായോഗികവുമായ പരിമിതി നേരിട്ടു. ഈ പരിമിതി എല്ലാ കാലത്തും ഫലം ലഭ്യമാകുന്ന വൃക്ഷം എന്ന മാനസിക ഭാവനയെ നിർമ്മിച്ചു. അതായത് ഫലമൂലാദികൾ ശേഖരിച്ചു ജീവിച്ചിരുന്ന മനുഷ്യരുടെ ഭാവനയിൽനിന്നാണ്

കൽപ്പവൃക്ഷം എന്ന സങ്കല്പം രൂപപ്പെട്ടു വന്നത്. മനുഷ്യകുലം പിന്നീട് കൃഷിയിലേക്കും കാലിമേക്കലിലേക്കും വികസിക്കുന്നുണ്ട്. അതോടെ നേരത്തെ സൂചിപ്പിച്ച ഭൗതിക പരിമിതി കന്നുകാലികളുടെ കാര്യത്തിലും നേരിട്ടു. എന്തും പ്രദാനം ചെയ്യാൻ ശേഷിയുള്ള പശു എന്ന സങ്കൽപ്പം (കാമധേനു) പശുപാലക വൃന്ദ (Cattle Society)ത്തിന്റെ ഭാവന രൂപപ്പെടുത്തിയ ഒന്നാണ്. അതായത് ഇത്തരം സങ്കല്പങ്ങൾ അതിജീവന സമരത്തിന്റെ മനോനിർമ്മിത പരിഹാരങ്ങളാണ് എന്നർത്ഥം. ആ അർത്ഥത്തിൽ ഇത് മൊത്തം മനുഷ്യകുലത്തിന്റെയും ഭാവനയുടെ ഭാഗവുമാണ്. തുടർന്ന് കൃഷിയിൽനിന്നു ലഭിച്ച മിച്ചമൂല്യവും കാർഷിക-ജന്മി-ഭൂപ്രഭുത്വ വിഭാഗവും കേന്ദ്രീകൃത ഭരണകൂടവുമെല്ലാമാണ് ഇന്ത്യയിലെ മനുഷ്യകുലത്തിന്റെ വികാസത്തെ നിർണയിച്ചത്. ഗോത്രാക്രമണങ്ങളിൽ പശു ഒരു വലിയ അഥവാ മോഷ്ടിക്കാൻ തക്കവണ്ണമുള്ള സമ്പത്തായിരുന്നു എന്ന് കാണാം. ക്രമേണ പശു എന്നത് ഒരു സമ്പത്ത് മാത്രമല്ല; അധികാര ചിഹനവുമായി മാറി. അതോടെ പശുവിന് മനുഷ്യനിർമ്മിതമായ ഒരു ചരിത്ര ജീവിതം രൂപപ്പെട്ടു വന്നു. അതിലാകട്ടെ അധികാരത്തിന്റെ രൂപമാണ്ട ഒരു പശു നടക്കുന്നുണ്ട്. ഇന്ത്യയിൽ വേരാഴ്ന്നു തുടരുന്നത് ബ്രാഹ്മണികമായ അധികാര രൂപങ്ങളാണ് എന്നതിനാൽ ആ പശുവും ബ്രാഹ്മണിക പ്രതീകമായാണ് അടയാളപ്പെട്ടത്. ലേഖനം അതിനെ 'വിശുദ്ധപശു' എന്ന് വിളിക്കുന്നു. വർണാശ്രമ ധർമ്മത്തിന്റെ രീതി പദ്ധതികളാണ് അതിന്റെ മേച്ചിൽ പുറങ്ങൾ. അതിന്റെ കൊമ്പ് ദലിതർക്കും ന്യൂനപക്ഷങ്ങൾക്കും നേരെ സദാ തിരിഞ്ഞിരിക്കുന്നു.

വിശുദ്ധ പശുവും ബ്രാഹ്മണ പ്രത്യയശാസ്ത്രവും തമ്മിലുള്ള ബാന്ധവത്തിന് ചരിത്രത്തിൽ അനേകം ഉദാഹരണങ്ങളുണ്ട്. വിജയനഗരസാമ്രാജ്യത്തെ (പതിനാലാം നൂറ്റാണ്ട്) ബ്രാഹ്മണരുടെയും അവരുടെ പശുക്കളുടെയും സംരക്ഷകരായാണ് ചരിത്രം അടയാളപ്പെടുത്തുന്ന



**ഇന്ത്യയിൽ വേരാഴ്ന്നു തുടരുന്നത് ബ്രാഹ്മണികമായ അധികാര രൂപങ്ങളാണ് എന്നതിനാൽ ആ പശുവും ബ്രാഹ്മണിക പ്രതീകമായാണ് അടയാളപ്പെട്ടത്. ലേഖനം അതിനെ 'വിശുദ്ധപശു' എന്ന് വിളിക്കുന്നു. വർണാശ്രമ ധർമ്മത്തിന്റെ രീതി പദ്ധതികളാണ് അതിന്റെ മേച്ചിൽ പുറങ്ങൾ. അതിന്റെ കൊമ്പ് ദലിതർക്കും ന്യൂനപക്ഷങ്ങൾക്കും നേരെ സദാ തിരിഞ്ഞിരിക്കുന്നു.**



ത്.1 പശുക്കളുടെയും ബ്രാഹ്മണരുടെയും രക്ഷകനായി ഭൂമിയിൽ അവതരിച്ചു എന്ന് പ്രചരിപ്പിക്കപ്പെടുന്ന ശിവജി ഇങ്ങനെ പറയുന്നു: "നമ്മൾ ഹിന്ദുക്കളാണ് ലോകത്തിന്റെ യഥാർത്ഥ അവകാശമുള്ള പ്രഭുക്കൾ. നമുക്ക് ഗോവധത്തിനും ബ്രാഹ്മണരോടുള്ള അടിച്ചമർത്തലിനും സാക്ഷിയാകാൻ കഴിയില്ല". ഇതിൽനിന്നും ബ്രാഹ്മണരും പശുക്കളും ഹൈന്ദവ വർഗീയ വാദത്തിന്റെ വേണ്ടപ്പെട്ടവരായിരുന്നു എന്ന് മനസ്സിലാക്കാം.

എന്നാൽ ജനങ്ങളെ സംഘടിപ്പിക്കുന്നതിനുള്ള രാഷ്ട്രീയ ആയുധമായി പശു മാറാൻ തുടങ്ങിയത് 1870ൽ സിഖ് കുക്കാ (നാംധാരി) വിഭാഗങ്ങൾക്കൊപ്പം പഞ്ചാബിൽ ആരംഭിച്ച സംഘടിത ഹിന്ദു ഗോസംരക്ഷണ പ്രസ്ഥാനത്തോടെയാണ്. 1882ൽ ദയാനന്ദ സരസ്വതി ആരംഭിച്ച ആദ്യ ഗോസംരക്ഷിണിസഭയാണ് പിന്നീട് ഇതിന് ശക്തി നൽകുന്നത്. ഗോവധം നടത്തുന്നത് മുസ്ലീങ്ങളാണ് എന്ന ആരോപണത്തിന്റെ മറവിൽ 1880 മുതൽ 1890 വരെ അനേകം വർഗീയ കലാപങ്ങൾ ഇന്ത്യയിൽ നടന്നിട്ടുണ്ട്. അതോടെ പശുവിന് വിശുദ്ധമായ ഒരു പദവി കൈവന്നു. 1888ൽ പശു ഒരു വിശുദ്ധ മൃഗമല്ല എന്ന കോടതി ഉത്തരവ് കൂടി വന്നതോടെ ഗോ സംരക്ഷണസേനകൾ കൂടുതൽ ശക്തിപ്പെട്ടു. ഗോഹത്യ അനേകം ഹിന്ദു-മുസ്ലിം കലാപങ്ങൾക്കാണ് വഴിവെച്ചത്. അസംഗർ കലാപം (1893), അയോധ്യയിലെ അക്രമം (1912-13), ഷഹാബാദ് കലാപം (1917) എന്നിവ ഉദാഹരണങ്ങളാണ്. 1966ൽ ഇന്ത്യയിലെ മുഴുവൻ വർഗീയ സംഘടനകളും കൈകോർത്തുപിടിച്ചുകൊണ്ട് ഗോവധത്തിനെതിരെ രംഗത്തുവരുന്നുണ്ട്. പാർലമെന്റിന് മുന്നിൽ എട്ടോളം പേരുടെ മരണത്തിനും അനേകം പേരുടെ പരുക്കുകൾക്കും വഴിവെച്ച കലാപമായാണ് അത് അവസാനിച്ചത്. ഒരു ലേഖനത്തിന് ഉള്ളടക്കം ചെയ്യാനാകാത്ത വിധം ബാഹുല്യമുണ്ട് ഗോവധവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ അരങ്ങേറിയ കലാപങ്ങൾക്കും സംഘർഷങ്ങൾക്കും. മാറി വന്ന ഇന്ത്യൻ രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസരിച്ച് വിശുദ്ധപശു എന്ന സങ്കൽപ്പത്തിന്റെ തീവ്രതയ്ക്കും പരിണാമം ഉണ്ടായിട്ടുണ്ട്. മതാത്മക രാഷ്ട്രീയത്തിന് രണ്ടാം തവണയും അധികാരം ലഭിച്ചു കഴിഞ്ഞ സമകാല ഇന്ത്യൻ സാഹചര്യത്തിൽ പശു കൂടുതൽ തീവ്രതയോടെ വളർന്നു വരുന്നു എന്ന് കാണാം.

**അസംഗർ കലാപം (1893), അയോധ്യയിലെ അക്രമം (1912-13), ഷഹാബാദ് കലാപം (1917) എന്നിവ ഉദാഹരണങ്ങളാണ്. 1966ൽ ഇന്ത്യയിലെ മുഴുവൻ വർഗീയ സംഘടനകളും കൈകോർത്തുപിടിച്ചുകൊണ്ട് ഗോവധത്തിനെതിരെ രംഗത്തുവരുന്നുണ്ട്.**

### എന്താണ് സമകാല ഇന്ത്യൻ സാഹചര്യം?

'ഇന്ത്യ ഹിന്ദുക്കളുടേതാണ്' എന്ന വാദത്തിന് ഹിന്ദു വർഗീയ വാദത്തിന്റെ രാഷ്ട്രീയാധികാര ലബ്ധിയെക്കാൾ പഴക്കമുണ്ട്. 1925ൽ സ്ഥാപിതമായ ആർ എസ് എസിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് നൂറ് വർഷം തികയുന്നതിന് മുൻപേ ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കിത്തീർക്കുക എന്നത്. കമ്മ്യൂണിസ്റ്റുകാരെയും ന്യൂനപക്ഷങ്ങളെയും അക്കൂട്ടർ പ്രധാന ശത്രുക്കളായി പരസ്യപ്രഖ്യാപനം നടത്തിയിട്ടുമുണ്ട്.2 ഈ വിഭാഗങ്ങളെ സവിശേഷമായി പ്രീണിപ്പിച്ചും പീഡിപ്പിച്ചും വരുതിയിലാക്കാൻ ഇന്ത്യയിൽ ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളെ അടയാളപ്പെടുത്താൻ ഈ ലേഖനം പോരാതെ വരും. യഥാർത്ഥത്തിൽ ആർഎസ്എസിന്റെ ലക്ഷ്യം വർണാശ്രമ ധർമ്മത്തെ സത്താപരമായി പുനഃസ്ഥാപിക്കുക എന്നതാണ്. അതിന് മുതലാളിത്തത്തിന്റെ കൈക്കൂട്ടുമുണ്ട്. ഇവിടെ, യഥാർത്ഥത്തിൽ ഇന്ത്യയിൽ പുരാതനകാലം മുതൽക്കേ ഹിന്ദു എന്ന മതം നിലനിന്നിരുന്നുവോ

എന്നതു കൂടി പരിശോധിക്കേണ്ടതുണ്ട്. സിന്ധുനദീതടവാസികളായിരുന്നു ഭാരതത്തിൽ ഉണ്ടായിരുന്നതെന്നും കച്ചവടത്തിനും മറ്റുമായി വന്ന പേർഷ്യക്കാർ 'സിന്ധുവിന്റെ തീരത്ത് താമസിക്കുന്നവർ' എന്ന അർത്ഥത്തിൽ 'സിന്ധു' എന്ന് പ്രയോഗിക്കുകയും പിന്നീട് 'സ' കാരത്തിനു പകരം 'ഹ' കാരമായിത്തീരുകയും അങ്ങിനെ 'ഹിന്ദു' എന്ന പ്രയോഗം ഉണ്ടായി എന്നുമുള്ള ഒരു നിരീക്ഷണം ഉണ്ട്. ചുരുക്കത്തിൽ ഇന്ന് വ്യവഹരിക്കപ്പെടുന്നതു പോലെയുള്ള ഹിന്ദുമതം പ്രാചീനകാലത്ത് ഇന്ത്യയിൽ നില നിന്നിരുന്നില്ല എന്ന് അനുമാനിക്കാം. അതേസമയം സമകാലിക ഇന്ത്യയിൽ ഹിന്ദുക്കൾ പ്രാചീനകാലം മുതൽക്കേ ഒരു മതസ്ഥരായിരുന്നു എന്നും ഇന്ത്യ ഹിന്ദുക്കളുടേതായിരുന്നു എന്നും സ്ഥാപിക്കാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ ഇല്ലാത്ത പാരമ്പര്യത്തെ നിർമ്മിച്ചെടുക്കാനുള്ള ഇന്ത്യൻ മധ്യവർഗ്ഗത്തിന്റെ ഇത്തരം വാഞ്ചക്കുള്ളിലാണ് പശു വിശുദ്ധമാകുന്നതും അതിന് ഇന്ത്യയിലെ ദലിതരെയും ന്യൂനപക്ഷങ്ങളെയും കുത്തിക്കീറാനുതകും വിധം കൊമ്പു മുളയ്ക്കുന്നതും. ഈ വിശുദ്ധപശു നാട്ടിൽ മേയുന്ന ഭൗതികപ്പശുവല്ല. ഒരുപക്ഷേ പശുവിന്റെ പരിപാലനവും അന്ത്യകർമ്മവും വരെ നോക്കാൻ നിയോഗിക്കപ്പെടുന്നവരാണ് ഇന്ത്യൻ ദലിത് സമൂഹം. എന്നാൽ ആ പശു സാംസ്കാരികമായി ദലിതരുടേതല്ല. ചുരുക്കത്തിൽ ഇന്ത്യയിൽ രണ്ടു തരം പശുക്കൾ ഉണ്ട് -നാട്ടിൻ പുറത്തെ ഭൗതികപ്പശുവും അധികാരത്തിന്റെ രൂപത്തിലുള്ള സാംസ്കാരികപ്പശുവും -ഇതിൽ രണ്ടാമത്തേതാണ് ദലിതർക്കെതിരെ പ്രവർത്തിക്കുന്നത്. ചരിത്രത്തി








ലൂടെ നടന്നുവരികയും കൊമ്പുകൂർപ്പിക്കുകയും ചെയ്യുന്ന ഈ നിർമ്മിത സാംസ്കാരിക പശുവിന്റെ ഉടമസ്ഥരാണ് ഇന്ത്യൻ ഹൈന്ദവ വർഗീയവാദം. യഥാർത്ഥത്തിൽ, ആർഎസ്എസ് അതാണ്. ഈ സാംസ്കാരികപ്പശുവാണ് ഇവിടെ വിശുദ്ധപശു എന്ന വിവക്ഷയിൽ വരുന്നത്. ഈ നിരീക്ഷണത്തിന് വേരുനൽകുന്ന എത്രയെത്ര ഉദാഹരണങ്ങളാണ് നമുക്ക് ചുറ്റും!3

മധ്യപ്രദേശ് സർക്കാരിന്റെ ഗോവധ-പ്രതിഷേധ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിരിക്കുന്ന അവസ്ഥയാണ് നിലവിൽ ഇന്ത്യയിലുള്ളത്. പശുവിനെ കൊല്ലുന്നത്, ഇറച്ചി സൂക്ഷിക്കുന്നത് എന്നിവ ഏഴ് വർഷം വരെ ജയിൽ ശിക്ഷ ലഭിച്ചേക്കാവുന്ന പാതകമാണ്. അതേസമ

യം ഇന്ത്യയിൽ പ്രതിദിനം കൊല്ലപ്പെടുന്ന ദളിതരുടെ മരണംപോലും അടയാളപ്പെടുന്നില്ല. സമകാല ഇന്ത്യയിൽ പശുവാണോ ദലിതയാണോ മൂല്യവത്തെന്ന ചോദ്യം ഇവിടെ ഉയർന്നു വരുന്നു.

മറ്റൊന്ന്, പ്രണയദിനത്തിൽ പശുവിനെ ആലിംഗനം ചെയ്യണമെന്ന കേന്ദ്ര മൃഗ ക്ഷേമ ബോർഡിന്റെ ഉത്തരവാണ്. ഇത് കേവലം ഒരു തമാശയല്ല. ഇന്നത്തെ ഇന്ത്യയിൽ മനുഷ്യർക്ക് പരസ്പരം സ്നേഹത്തോടെയും സമാധാനത്തോടെയും ആലിംഗനം ചെയ്യാൻ സാധ്യതയുണ്ടോ? ജാതിയുടെ പേരിൽ പ്രണയിതാക്കളെ തച്ചു കൊല്ലുന്ന, വ്യത്യസ്ത തന്മാ (Identity)വാഹികളായ മനുഷ്യരെ അംഗീകരിക്കാത്ത ഇന്ത്യയിൽ പശുവിനെ നാം കെട്ടിപ്പിടിക്കുന്നു! മനുഷ്യരെക്കാൾ മൂല്യമുള്ള വിശുദ്ധപശു!

മറ്റൊരുദാഹരണം അഹമ്മദാബാദിനടുത്തുള്ള ആനന്ദ് ടൗണിന് സമീപത്തെ ബക്രോൾ ഗ്രാമത്തിലെ ബാൻസുരി ഗോശാലയുടെ ആഹ്വാനമാണ്. പാല് തരുന്ന എല്ലാ പശുക്കളെയും ഗോമാതാവായി കാണേണ്ടതില്ല എന്നതാണ് വിചിത്രവാദം. (പശുവിനെ മാതാവായിക്കാണുന്ന സമീപനം ബ്രാഹ്മണ-പുരുഷാധിപത്യം അനുശാസിക്കും വിധമുള്ള ഭാരതീയ കുലസ്ത്രീ-മാതൃ സങ്കല്പത്തിലേക്കും വിരൽ ചൂണ്ടുന്നുണ്ട്).
ജേഴ്സിപ്പശുക്കളെപ്പോലെ സങ്കരയിനം പശുക്കളുടെ പാലിനോ മറ്റു വസ്തുക്കൾക്കോ മൂല്യമില്ല. തനത് ഇന്ത്യൻ പശുക്കളുടെ പാൽ, മൂത്രം, ചാണകം എന്നിവയ്ക്ക് മാത്രമേ ഔഷധഗുണമുള്ളൂ. മറ്റൊന്ന് കോവിഡിനെ തുരത്താൻ പശുവിന്റെ ഉൽപ്പന്നങ്ങൾക്ക് ശേഷിയുണ്ട് എന്ന വാദമാണ്. അശാസ്ത്രീയമായ ഇത്തരം വാദങ്ങളെ അസംബന്ധങ്ങളായി മാത്രം കണ്ടുകൂടാ. അവ പശു എന്ന പ്രതീകത്തെ മുൻനിർത്തി നടത്തുന്ന വംശീയവാദമായി വേണം പരിശോധിക്കാൻ.



ഹിന്ദു വർഗീയ വാദം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു നുണയാണ് മുസ്ലീങ്ങളാണ് ഗോമാംസ ഭക്ഷണം ഇന്ത്യയിൽ എത്തിച്ചത് എന്നത്. ഡി എൻ ഝാ ഇതിനെ തള്ളിക്കളയുന്നുണ്ട്.4 അതിന് പുരാണങ്ങളിലും മറ്റു പ്രാചീന ഗ്രന്ഥങ്ങളിലും പരാമർശിക്കുന്ന തെളിവുകളെ അദ്ദേഹം അവലംബിക്കുന്നു. ബലി വൈദിക കാലത്തെ പ്രധാനപ്പെട്ട ഒരു ആചാരമായിരുന്നു.5 പൊതുയോഗങ്ങളുടെ മുന്നൊരുക്കമെന്നോണം നടത്തിയിരുന്ന ആഗ്നേയ (അഗ്നിയുമായി ബന്ധപ്പെട്ട) സമ്പ്രദായത്തിൽ ഒരു പശുവിനെ നിർബന്ധമായും കൊല്ലണമെന്ന നിഷ്കർഷയുണ്ടായിരുന്നു. മറ്റൊന്ന് യാജ്ഞ്യ-വൽക്യ സ്മൃതിയിലുള്ള പരാമർശമാണ് (AD 100-300). ശ്രോത്രിയ ബ്രാഹ്മണന് (വൈദികൻ) വത്സമാംസം (മൂന്നു വയസ്സു കഴിഞ്ഞിട്ടില്ലാത്ത പശുക്കിടാവിന്റെ മാംസം) നിർബന്ധമാണ് എന്നു പറയുന്നു. പുരാണങ്ങളിലും സ്മൃതികളിലും വിശിഷ്ട വ്യക്തികളെ ഗൃഹങ്ങളിലേക്ക് സ്വീകരിച്ചിരുന്നത് പശുവിനെ കൊന്നുകൊണ്ടായിരുന്നു എന്നതിന്റെ സൂചനകൾ കാണാം. മഹാഭാരതത്തിലെ കഥാപാത്രങ്ങൾ എല്ലാവരും മാംസം ഭക്ഷിക്കുന്നവരായിരുന്നു എന്നതും ഇവിടെ ശ്രദ്ധേയമാണ്. രാമായണത്തിൽ രാമനെ ഭരദ്വജൻ സ്വീകരിക്കുന്നത് ആരോഗ്യഗാത്രനായ ഒരു പശുക്കിടാവി

**മാട്ടിറച്ചി സൂക്ഷിച്ചു എന്ന നുണയുടെ പിൻബലത്തിലാണ് അടുത്തിടെ അദ്ദേഹത്തെ തല്ലിക്കൊന്നത്. സമാനമായി കന്നുകാലികളുടെ മേളക്കു വേണ്ടി കാളകളെ കയറ്റി കൊണ്ടു പോകുകയായിരുന്ന മുഹമ്മദ് മജ്ലൂം(35), അസദ് ഖാൻ(15) എന്നിവരെ ഗോസംരക്ഷണ ജാഗ്രത സമിതി പ്രവർത്തകർ കൊന്നു കെട്ടിത്തൂക്കിയതും ഇതേ ഇന്ത്യയിലാണ്;**

നെ വധിച്ചു കൊണ്ടാണ്.
വർണ്ണാശ്രമധർമ്മത്തെ അരക്കിട്ടുറപ്പിക്കുന്ന മനുസ്മൃതി (AD 100-200)യിൽ പോലും പട്ടിണിയിൽനിന്നും രക്ഷനേടാനായി ബ്രാഹ്മണർ തന്നെ നായയുടെയും പശുവിന്റെയും മാംസം ഭക്ഷിച്ചിരുന്നതായുള്ള ഉദാഹരണങ്ങൾ പരാമർശിക്കുന്നുണ്ട്. ശ്രമണ മതങ്ങൾ ബലിയെ എതിർത്തിരുന്നു എന്നതുകൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്. എന്നിരിക്കിലും അവരുടെ പ്രാമാണിക ഗ്രന്ഥങ്ങളിൽ ഒന്നും തന്നെ പശു ഒരു വിശുദ്ധ മൃഗമായി വാഴ്ത്തപ്പെടുന്നില്ല. അതായത് ഇക്കാലത്ത് പശു ദക്ഷിണയും ഭക്ഷണവുമായിരുന്നു എന്ന് കാണാം. എന്നാൽ, ബ്രാഹ്മണ പ്രത്യയശാസ്ത്രം രാഷ്ട്രീയമായി മേൽക്കൈ നേടാൻ ശ്രമിക്കുന്ന പിൽക്കാലത്താണ് പശുവിന് ഇന്നു കാണുന്ന വിശുദ്ധ പദവി കൈവരുന്നത്. ഈ പരിസരത്തിൽനിന്നു വേണം പശുക്കളെ കൊന്നു തിന്നുന്നു എന്ന വ്യാജ ആരോപണത്തിന്റെ പേരിൽ ഹിന്ദു വർഗീയവാദികൾ നടത്തിക്കൊണ്ടിരിക്കുന്ന മുസ്ലിംഹത്യയെ നോക്കിക്കാണാൻ. മുഹമ്മദ് അഖ്‌ലാക്ക് ഉദാഹരണമാണ്. മാട്ടിറച്ചി സൂക്ഷിച്ചു എന്ന നുണയുടെ പിൻബലത്തിലാണ് അടുത്തിടെ അദ്ദേഹത്തെ തല്ലിക്കൊന്നത്. സമാനമായി കന്നുകാലികളുടെ മേളക്കു വേണ്ടി കാളകളെ കയറ്റി കൊണ്ടുപോകുകയായിരുന്ന മുഹമ്മദ് മജ്‌ലൂം(35), അസദ് ഖാൻ(15) എന്നിവരെ ഗോസംരക്ഷണ ജാഗ്രത സമിതി പ്രവർത്തകർ കൊന്നു കെട്ടിത്തൂക്കിയതും ഇതേ ഇന്ത്യയിലാണ്; യുപിയിലും ജാർഖ ണ്ഡിലും.

കർണാടകയിലെ സ്കൂളിൽ ഗോമാംസം നിരോധിച്ചതിന്റെ പേരിൽ നടന്ന പ്രതിഷേധവും ഇവിടെ ചേർത്തുവെക്കേണ്ടതുണ്ട്. 2002 ഒക്ടോബർ 15ന് ഉത്തരേന്ത്യയിൽ ദസറ (പ്രതീകാത്മകമായി രാവണനെ ദഹിപ്പിക്കുന്ന ഉത്സവം) ആഘോഷത്തിനിടെ പശുത്തോലിന്റെ വിഷയത്തിൽ അഞ്ചു ദലിതരെ മർദ്ദിച്ചവശരാക്കി പെട്രോൾ ഒഴിച്ച് തീ കൊളുത്തിയിട്ടുണ്ട്, ഭാരത്മാതയുടെ വീരഭടർ! പശുവിന്റെ തോല് വില്പനയായിരുന്നു ആ അഞ്ചു പേരുടെയും ഉപജീവന മാർഗ്ഗം. അവരുടെ തുച്ഛ വരുമാനത്തിൽ പങ്കു പറ്റണം എന്ന പോലീസുകാരുടെ വാദത്തെ തുടർന്നാണ് ഈ സംഭവം നടന്നത്. ഇവിടെ 1989ൽ നിലവിൽ വന്ന പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമത്തെയാണ് വിശുദ്ധപശു കുത്തിക്കൊന്നു കളഞ്ഞത്.



ഇവ ചുരുങ്ങിയ ഉദാഹരണങ്ങൾ മാത്രമാണ്. ഇവയിൽനിന്നു തന്നെ, ഗോ മാംസം ഇന്ത്യയിൽ കേവലം ഒരു ഭക്ഷണമല്ല എന്ന് കാണാം. അത് ഇന്ത്യയിലെ ദലിതരെയും ന്യൂന പക്ഷങ്ങളെയും ഉന്മൂലനം ചെയ്യാനുള്ള രാഷ്ട്രീയ ആയുധമാണ്. നൂറിലേക്കടുക്കുന്ന ഹൈന്ദവ വർഗീയ പ്രത്യയശാസ്ത്രം സമകാല ഇന്ത്യയിൽ നടത്താനിരിക്കുന്ന സമാനതകളില്ലാത്ത വംശഹത്യക്ക് കളമൊരുക്കാനായി, കള പറിക്കുകയാണ് കൂർത്ത കൊമ്പും കൊടിയ വിഷവുമുള്ള വിശുദ്ധപശു!
ഹേ, അങ്ങാടിപ്പയ്യേ...,
നീ എത്ര സാധു!

കുറിപ്പുകൾ


1. Champakalakshmi, R യുടെ Religion, Tradition, and Ideology: Pre-Colonial South India എന്ന പുസ്തകം
2. ഗോൾവാൾക്കർ, എം എസ് എഴുതിയ വിചാരധാര.
3. Dool news, Deshabhimaani.com എന്നിവയിൽ നിന്നുമാണ് ദത്തശേഖരണം നടത്തിയത്.
4. Jha, D N എഴുതിയ The Myth of the Holy Cow എന്ന പുസ്തകം.
5. കേരളവർമ്മ, സി ആറിന്റെ മന്ത്രവാദവും മതവും എന്ന പുസ്തകം.

വിഷ്ണു.കെ. പി

# 1843 ചേറൂർ

സാഹിത്യ ചരിത്രാഖ്യാതാവ് ഉൾപ്പെടുന്ന കാലം, ദേശം, വർഗം,വർണ്ണം, ലിംഗം, സമൂഹം, സമുദായം, രാഷ്ട്രീയം തുടങ്ങിയ അനേകം അധികാര ഘടകങ്ങളാൽ രൂപപ്പെടുന്ന ഒന്നാണ് പ്രമാണ പാഠങ്ങൾ. ചരിത്ര നിർമ്മിതിയിൽ ഈ പ്രമാണ വൽക്കരണ പ്രക്രിയ അഥവാ കാനോനീകരണ പ്രക്രിയ നടന്നിട്ടുണ്ട്. അതത് കാലത്തെ സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥയും സൗന്ദര്യബോധവും ഇതിന് ആധാരമായി പ്രവർത്തിക്കുന്നുണ്ട്. ചില പ്രത്യയശാസ്ത്ര താൽപ്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കാനോനീകരണ പ്രക്രിയയിൽ ആഖ്യാതാവിന്റെ കാഴ്ച സ്ഥാനവുമായി ബന്ധിപ്പിച്ചാണ് ചരിത്ര സംഭവങ്ങളെ അവഗണിക്കുന്നതും മഹത്വവൽക്കരിക്കുന്നതും. ഇങ്ങനെ ചെയ്യുമ്പോൾ പല സമരങ്ങളും ചരിത്രത്തിൽ നിന്നും പുറത്താവുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യുന്നു.



ഇന്ത്യയിൽ ആദ്യമായി 1924-ൽ വൈക്കത്ത് അയിത്തോച്ചാടന സമ- രത്തിന് ആരംഭം കുറിക്കുകയായിരുന്നു. ദേശീയ രാഷ്ട്രീയത്തിന്റെ ശ്രദ്ധാ കേന്ദ്രം പിന്നീട് വൈക്കം സത്യാഗ്രഹവേദിയായിത്തീർന്നു. തുടർന്ന് കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ അയിത്തോച്ചാടന സമരങ്ങൾ നടന്നു. എന്നാൽ ഒന്നോ രണ്ടോ ചരിത്ര സംഭ വങ്ങളിൽ ഒതുങ്ങി നിൽക്കുന്നതല്ല അയിത്തോച്ചാടന സമരങ്ങൾ. ചെറുതും വലു തുമായ നിരവധി പോരാട്ടങ്ങൾ അയിത്ത സമ്പ്രദായത്തിനെതിരെ കേരളത്തിൽ നടന്നിട്ടുണ്ട്. എന്നാൽ അവയൊന്നും തന്നെ യഥാവിധി രേഖപ്പെടുത്തപ്പെട്ടിട്ടില്ല ആത്മത്തെ കണ്ടെത്താനും അതിന്റെ അസ്തിത്വത്തെ ഉറപ്പിക്കാനുമുള്ള കഠിന യത്നമായിരുന്നു നവോത്ഥാനമെങ്കിലും പലപ്പോഴും നവോത്ഥാന ശ്രമങ്ങൾ തിരുവിതാംകൂറുമായി ബന്ധപ്പെട്ടു കൊണ്ടാണ് കൂടുതലായും പഠിക്കപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിൽ മലബാറിലെ അയിത്തോച്ചാടന സമരങ്ങളുടെ ചരിത്രം എടുത്ത് പരിശോധിക്കുമ്പോൾ മലപ്പുറം ജില്ലയിലെ" ചേറൂർ" എന്ന ഗ്രാമവും '1843 ' എന്ന വർഷവും ആരുമറിയാതെ മൂടപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടേക്കാം. കാലത്തിൽ അമർത്തിവെച്ചതെല്ലാം കാലത്തിലൂടെയും ദേശത്തിലൂടേയും ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്റേയും ആയിത്തീരുന്നതിന്റെയും എഴുത്താണ് ചരിത്രം.

ഓർക്കുക എന്ന പ്രവൃത്തിയിൽ എല്ലായ്പ്പോഴും ഒരു വീണ്ടുവിചാരത്തിന്റെ ഘടകം പ്രവർത്തിക്കുന്നുണ്ട്. ഭൂതകാലത്തിലുണ്ടായ ഒരനുഭവത്തെ പുന:സൃഷ്ടിക്കാനുള്ള ഇച്ഛ എല്ലാ ഓർമ്മകളിലുമുണ്ട്. സംഭവം അസന്നി ഹിതമായിരിക്കുമ്പോഴും അതുണ്ടാക്കിയ അനുഭൂതി തുടരുന്നു എന്നതാണ് ഓർമ്മയുടെ പ്രത്യേകത. സന്നിഹിതമല്ലാത്ത ഒന്നിനെ മാത്രമേ നാം ഓർമ്മിക്കാൻ ശ്രമിക്കൂ. ഓർമ്മയുടെ

**ഓർമ്മകൾ രണ്ടു വിധത്തിലുണ്ട് അതിലൊന്ന് ബോധപൂർവ്വം ഉണർത്തി യെടുക്കേണ്ട ഓർമ്മകളും മറ്റൊന്ന് പ്രേരണ കൂടാതെ മനസ്സിലേക്കെത്തുന്ന**

കാര്യത്തിൽ എല്ലായ്പ്പോഴും ഒരു അപരം പ്രവർത്തിക്കുന്നുണ്ട്. സന്നിഹിതമല്ലാത്തത് സന്നിഹിതമായതിന്റെ അപരമാണ് എന്ന് അരി സ്റ്റോട്ടിൽ നിരീക്ഷിക്കുന്നു.ഓർമ്മകൾ രണ്ടു വിധത്തിലുണ്ട് അതിലൊന്ന് ബോധപൂർവ്വം ഉണർത്തി യെടുക്കേണ്ട ഓർമ്മകളും മറ്റൊന്ന് പ്രേരണ കൂടാതെ മനസ്സിലേക്കെത്തുന്ന ഓർമ്മകളുമാണ്. ഓർമ്മകൾക്ക് തെളിവുകളുടെ പിൻബലം അവകാശപ്പെടാൻ കഴിയുമ്പോൾ അത് ചരിത്രമായിത്തീരുന്നു.പ്രത്യേകിച്ച് പ്രയത്നമൊന്നും കൂടാതെ മനസ്സിലേക്ക് കടന്നു വരുന്ന ഓർമ്മകളുണ്ട്. അത് ഒരു ഭൂതകാല അനുഭവത്തിന്റെ അനുഭൂതിയിലേയ്ക്ക് പ്രവേശിക്കലാണ്. എന്നാൽ ഓർമ്മകളെ തിരഞ്ഞ് നാം നടത്തുന്ന ശ്രമകരമായ പ്രയാണങ്ങളുണ്ട്.സംസ്കൃത്തിലെ സങ്കൽപ്പമനുസരിച്ച് ഇതിൽ ആദ്യത്തേതിന്

സ്മൃതി എന്നും രണ്ടാമത്തേതിനെ അനുഭവം എന്നും വിളിക്കാം. ഇന്ത്യയുടെ മാപ്പിൽ നിന്നും അനുഭവങ്ങളൊന്നും ഒഴിഞ്ഞു പോകുന്നില്ല. ഓർമ്മയെ ശ്രമകരമായി കണ്ടെത്തുന്നതിനെയാണ് അനുഭവം എന്ന് പറയുന്നത്. അത്തരം അനുഭവങ്ങളെ കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ് 'ചേറൂർ കലാപം'.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ കണ്ണമംഗലം പഞ്ചായത്തിൽപ്പെട്ട പ്രദേശമാണ് ചേറൂർ. ഊരകം മലയോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശം വേങ്ങരയിൽ നിന്ന് രണ്ടരകിലോമീറ്റർ വടക്ക് മാറി സ്ഥിതി ചെയ്യുന്നു.1843 ഒക്ടോബർ 19 ന് ആണ് ചേറൂർ കലാപം നടക്കുന്നത്. യമനിലെ ഹള്റ മൗത്തിൽ നിന്ന് 16 മത്തെ വയസ്സിലാണ് അൽവി തങ്ങൾ തിരൂരങ്ങാടിയിൽ ( മമ്പുറം) എത്തിയത്. തങ്ങളുടെ ആഗമനത്തോടെ ഈ ദേശത്തിന് വലിയ ബഹുമാനങ്ങൾ കൈവന്നു. സയ്യിദ്ദ് അൽവി തങ്ങളുടെ മമ്പുറത്തേക്കുള്ള വരവും തുടർന്ന് തിരൂരങ്ങാടി ദേശത്തുണ്ടായ മാറ്റങ്ങളും ഇസ്ലാമിക പ്രബോധത്തിൽ വലിയ മാറ്റമാണ് നടത്തിയത്. ജനങ്ങളിൽ സ്നേഹത്തിന്റെയും മൈത്രിയുടേയും കാലത്ത് ഇസ്ലാമിനെ കുറിച്ച് അറിയുന്നതിനു വേണ്ടി മലബാറിൽ നിന്നും മറ്റ് ഇസ്ലാമിക രാഷ്ട്രത്തിൽ നിന്നും നിരവധി ആളുകൾ തിരൂരങ്ങാടിയിലേക്കും മലബാറിലെ മറ്റു ആത്മീയ കേന്ദ്രങ്ങളിലേക്കും വന്നിരുന്നു. അദ്ദേഹം നടത്തിയ ശാന്തമായ മതപ്രബോധനത്തിന്റെ ഫലമായി വിവിധ വിഭാഗങ്ങളിൽ നിന്നും ജാതികളിൽ നിന്നും അനേകം പേർ ഇസ്ലാമത വിശ്വാസം സ്വീകരിച്ചു. ഈ മതാശ്ലേഷം പിന്നീട് കാലപങ്ങളിലേക്ക് വഴിവെക്കുകയുമാണ് ചെയ്യുന്നത്. ഇത്തരം കീഴാളരുടെ കൂട്ടത്തിൽ സ്ത്രീകളും ഉൾപ്പെട്ടിരുന്നു. ഇങ്ങനെ നടന്ന മതം മാറ്റത്തിൽ ഒന്നാണ് തിരൂരങ്ങാടിക്കടുത്തുള്ള വെന്നിയൂരിൽ നിന്നുള്ള മൂന്ന് പുരുഷന്മാരും മൂന്ന് സ്ത്രീകളും ഉൾപ്പെടുന്ന സംഘത്തിന്റേയും ഇസ്ലാമിലേക്കുള്ള മതപരിവർത്തനം.

ഇവർ തിരൂരങ്ങാടിയിലെ ജന്മിയായിരുന്ന കപ്രാട്ട് കൃഷ്ണപ്പണിക്കരുടെ അടിയാളന്മാരായിരുന്നു. ഇവരുടെ മതപരിവർത്തനത്തിന് ശേഷം തങ്ങൾ അവരെ യഥാക്രമം ഹുസൈൻ ,സഹൽമി ,അഹമ്മദ് എന്നും ഖദീജ ,ആയിഷ ,ഹഫീമ എന്നും പുനർനാമകരണം ചെയ്തു. ഈ മതപരിവർത്തനം നടത്തിയ കീഴാള വിഭാഗം സയ്യിദ് അൽവി തങ്ങളിൽ നിന്ന് ലഭിച്ച സമാശ്വാസവും ഉപദേശവും മുറുകെ പിടിച്ചു കൊണ്ട് പുതു വിശ്വാസികളായി. ഈ സംഘം തങ്ങളുടെ നാട്ടിലേക്ക് തിരിച്ച് എത്തുകയും ഈ വാർത്ത നാട്ടധികാരിയും

**മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ കണ്ണമംഗലം പഞ്ചായത്തിൽപ്പെട്ട പ്രദേശമാണ് ചേറൂർ. ഊരകം മലയോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശം വേങ്ങരയിൽ നിന്ന് രണ്ടരകിലോമീറ്റർ വടക്ക് മാറി സ്ഥിതി ചെയ്യുന്നു.**

ജന്മിയുമായ കൃഷ്ണപ്പണിക്കർ അറിയുന്നു. തന്റെ അടിയാളരായവർ മതം മാറിയതും സാമ്പ്രദായിക വേഷങ്ങൾ ഉപേക്ഷിച്ച് മാപ്പിള വേഷം ധരിച്ച് നാട്ടിൽ എത്തിയെന്നും കൃഷണപ്പണിക്കർ മനസ്സിലാക്കി. പുരുഷന്മാർ തൊപ്പിയും കുപ്പായവും സ്ത്രീകൾ തട്ടവും മേൽകുപ്പായവുമാണ് ധരിച്ചിരുന്നത്. കീഴാള വിഭാഗത്തിന് മാറുമറയ്ക്കാ നും മേൽമുണ്ട് ധരിക്കാനും അധികാരമില്ലാത്ത അക്കാലത്ത് ഇവരുടെ പ്രവൃത്തി നാട്ടിലെ സവർണ്ണ വിഭാഗത്തെ

ചൊടിപ്പിച്ചിരുന്നു. ഇതു തന്നെയാണ് കപ്രാട്ട് കൃഷ്ണപ്പണിക്കരേയും കോപത്തിലേക്ക് എത്തിച്ച ത്. ഉടൻ തന്നെ കച്ചേരി വിളിച്ച് അയാൾ തന്റെ കാര്യസ്ഥന്മാരോട് പുതു വിശ്വാസികളെ പിടിച്ചു കൊണ്ടുവരാൻ കല്പിച്ചു. ഞെട്ടിക്കുന്ന ഈ വാർത്ത ആലിഹസ്സൻ കേട്ടറിഞ്ഞു. അധികാരിയോടുള്ള അമർഷവും പുതു വിശ്വാ സികളോടുള്ള സഹതാപ വും ആലിഹസ്സനെ രോഷാ കുലനാക്കി. ആലിഹസ്സനും അധികാരിയായ കൃഷ്ണപ്പണിക്കരും തമ്മിൽ കലഹം തുടർന്നു. കുപിതനായ അധികാരി ഹസ്സനോട് തൊപ്പിയെടുത്ത് മര്യാദയ്ക്ക സംസാരി ക്കുവാൻ ആജ്ഞാപിച്ചു. 'പോടാ കൃഷ്ണ തൊപ്പി യെടുക്കാൻ ഞാൻ മരിക്കണമെന്ന്' ഹസ്സൻ തിരിച്ചടിച്ചു. അങ്ങനെ ഇരുവരും വാക്കേറ്റം തുടർന്നു. പിന്നീട് പുതുമുസ്ലിങ്ങൾക്കുണ്ടാകുന്ന വിപത്തിനെക്കുറിച്ച് മുസ്ലിങ്ങൾക്ക് കൃത്യമായ ധാരണ ഉണ്ടായിരുന്നു. അതിനാൽ ആലിഹസ്സൻ മതം മാറിയവരുടെ അടുത്തേക്ക് പോകുകയും കാര്യത്തിന്റെ ഗൗരവത്തെ ബോധ്യപ്പെടുത്തുക യും ചെയ്തു.

വെന്നിയൂരിലെ തന്റെ അടിയാളർ മതം മാറിയ വാർത്ത അറിഞ്ഞ അധികാരി കൃഷ്ണപ്പണിക്കർ ക്ഷുഭിതനായി തന്റെ വിശ്വസ്തനായ കാര്യസ്ഥ നെ വിളിച്ചു കൊണ്ട് കുലം മാറിയ മുഴുവൻ ആളുകളെയും എത്രയും വേഗത്തിൽ പിടിച്ചു കൊണ്ടുവരുവാൻ കല്പിക്കുകയും ചെയ്തു. തമ്പ്രാന്റെ കല്പന അവരെ അറിയിച്ചു. അപ്രകാ രം അവർ അധികാരിയുടെ മനയിൽ എത്തി കാര്യസ്ഥൻ അവരെ തിരുമനസ്സിന്റെ മുൻപിൽ ഹാജരാക്കി. കൃഷ്ണപ്പണിക്കർ തൊപ്പിയും തലപ്പാവും അഴിക്കാൻ അവരോട് ആവശ്യപ്പെടു കയും ചെയ്തു. തൽഫലം മറുപടി തങ്ങൾ അത് അഴിക്കില്ല എന്നും തുർന്ന് അധികാരി അവർക്ക്



**വെന്നിയൂരിലെ തന്റെ അടിയാളർ മതം മാറിയ വാർത്ത അറിഞ്ഞ അധികാരി കൃഷ്ണപ്പണിക്കർ ക്ഷുഭിതനായി തന്റെ വിശ്വസ്തനായ കാര്യസ്ഥനെ വിളിച്ചു കൊണ്ട് കുലം മാറിയ മുഴുവൻ ആളുകളെയും എത്രയും വേഗത്തിൽ പിടിച്ചു കൊണ്ടുവരുവാൻ കല്പിക്കുകയും ചെയ്തു.**

നേരെ ജയിൽ ശിക്ഷ വിധിക്കുകയും ആയിഷയാ യി മതപരിവർത്തനം നടത്തിയ ചക്കിയുടെ മേൽക്കുപ്പായം അഴിച്ചെടുത്ത് മുലകൾ അരി ഞ്ഞെടുക്കുകയും ചെയതു.

കൃഷ്ണപ്പണിക്കരുടെ അനീതിക്കെതിരെ അസഹിഷ്ണുതക്കാരിയായ ആയിഷ ചോരയൊ ലിക്കുന്ന മാറും നഗ്നമാക്കപ്പെട്ട ശരീരവുമായി

മമ്പുറം സയ്യിദ് അൽവി തങ്ങളുടെ അടുത്തേക്ക് ഓടി. തങ്ങളുടെ അടുത്ത് ചെന്ന് തങ്ങൾക്ക് നേരെ നടന്ന അക്രമ സംഭവങ്ങളെ വിശദീകരിച്ചു. തങ്ങുടെ ഇസ്ലാമിക വേഷഭൂഷാദികൾ പറിച്ചെറിഞ്ഞതും കാരാഗൃഹത്തിലടച്ചു മർദ്ദിക്കപ്പെട്ടതുൾപ്പടെ കാര്യങ്ങൾ അവൾ വിശദ്ദീകരിച്ചു. ഈ കാര്യങ്ങൾ കേട്ട തങ്ങൾ ഇതിനെതിരെ പ്രതികരിക്കണമെന്നും ഇതിൽ രക്തസാക്ഷിത്വം വരിക്കുന്നവർക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാമെന്നും പറഞ്ഞു. പിന്നീട് തന്റെ ദൂതനെ അയച്ചു കൊണ്ട് സയ്യിദ് അൽവി തങ്ങൾ അധികാരിയുടെ അടുത്തേക്ക് കത്തയച്ചു. നവ വിശ്വാസികളെ എല്ലാം കാരാഗൃഹത്തിൽ നിന്ന് വിട്ടയക്കുക, അന്യായങ്ങൾ അവസാനിപ്പിക്കുക എന്നതായിരുന്നു ദൂതൻ വഴി കൊടുത്തയച്ച പ്രസ്തുത കത്തിന്റെ ഉള്ളടക്കം. പക്ഷേ കൃഷണപ്പണിക്കർ അത് ചെവികൊണ്ടില്ല. അങ്ങനെ അപമാനിതനായ ദൂതൻ തിരിച്ചെത്തി മനയിൽ നിന്നും നേരിട്ട പ്രശ്നങ്ങളെ തങ്ങൾക്കു മുൻപിൽ അവതരിപ്പിച്ചു.ഇതോടെ സയ്യിദ് അൽവി തങ്ങളുടെ ആഹ്വാന പ്രകാരം അധികാരിക്കെതിരെ യുദ്ധത്തിനൊരുങ്ങാൻ മാപ്പിളമാരോട് ആവശ്യപ്പെട്ടു.

മാപ്പിളമാർ സംഘടിച്ചു എന്നറിഞ്ഞ അധികാരി നാടകീയമായി ബന്ദികളായ മാപ്പിളമാരെ മോചിപ്പിക്കുന്നു. തിരൂരങ്ങാടിക്കാരാനായ ഒരു മാപ്പിള കച്ചവടത്തിനായി 'പൊൻമളയിൽ' എത്തുന്നു. അയാൾ വെന്നിയൂരിൽ നടന്ന സംഭവങ്ങൾ പ്രദേശവാസികളോട് പറഞ്ഞു. അവരുടെ കൂട്ടത്തിൽ പട്ടർകടവൻ ഹുസൈൻ എന്നൊരാൾ ഉണ്ടായിരുന്നു. അയാൾ സ്വയം ചില തീരുമാനങ്ങൾ എടുക്കുകയും പ്രസതുവിവരങ്ങളെല്ലാം തന്റെ അടുത്ത സുഹൃത്തക്കളായ പൂവ്വാടൻ മുഹിയിദ്ധീൻ ,തെക്കേപ്പുറം മുഹിയിദ്ധീൻ ,പൂന്തിരിത്തി ഇസ്മായിൽ എന്നിവരോട് പറഞ്ഞു.അവർ പ്രസ്തുത വാർത്തയോട് പ്രതികരിക്കാൻ തീരുമാനിക്കുകയും അവർ ഒത്തുചേർന്ന്

**നവ വിശ്വാസികളെ എല്ലാം കാരാഗൃഹത്തിൽ നിന്ന് വിട്ടയക്കുക, അന്യായങ്ങൾ അവസാനിപ്പിക്കുക എന്നതായിരുന്നു ദൂതൻ വഴി കൊടുത്തയച്ച പ്രസ്തുത കത്തിന്റെ ഉള്ളടക്കം.**



ചില കൂടിയാലോചനകൾ നടത്തുകയും അക്രമിയായ കൃഷ്ണപ്പണിക്കർ അധികാരിയെ കൊലചെയ്യുവാനുള്ള ആഗ്രഹം മമ്പുറം തങ്ങളോട് ചെന്ന് പറയുവാൻ തീരുമാനിക്കുകയും ചെയ്തു.നാല്വർ സംഘം മമ്പുറത്തെത്തി സയ്യിദ് അൽവി തങ്ങളെ കാണുകയും നീചനായ അധികാരിക്കെതിരെ യുദ്ധം ചെയ്യുവാൻ സമ്മതം വാങ്ങിക്കുകയും ചെയ്യുന്നു. തുടർന്ന് കുന്നം ചേരി ആലിഹസ്സന്റെ സുഹൃത്തുക്കളായ പൂവ്വാടാൻ മുഹിയിദ്ധീൻ പട്ടർകടവൻ ഹുസൈൻ, പൂന്തിരിത്തി ഇസ്മായിൽ ,തെക്കേപ്പുറം മുഹിയിദ്ധീൻ എന്നിവരും കലാപകാരികളുടെ സാഹസികതയിൽ ആവേശം പൂണ്ട് കലാപകാരികൾക്കൊപ്പം ചേരുകയും ചെയ്തു. ചോലക്കൾ ബുഖാരി, തോപ്പിൽ മിസ ,കുന്നം ചേരി ആലിഹസ്സൻ അങ്ങനെ നാല് പേരിൽ നിന്ന് ഏഴ് പേർ അടങ്ങിയ സംഘമായി കലാപകാരികൾ വിപുലപ്പെടുകയും കൃഷ്ണപ്പണിക്കർക്ക് നേരെ അക്രമണം നടത്തുകയും അദ്ദേഹത്തിന്റെ തല വെട്ടിയെടുത്തതിനുശേഷം അധികാരി കുടുംബത്തെ വെല്ലുവിളിക്കുകയും ചെയ്യ്തു. തുടർന്ന് ഭയപ്പെട്ട നാടുവാഴികൾ ബ്രിട്ടീഷ് കമ്പനിയോട് സഹായം ആവശ്യപ്പെട്ടു. കമ്പനി കൃഷ്ണപ്പണിക്കരെ വധിച്ചവരെപട്ടാളം തിരിച്ചറിഞ്ഞിരിക്കുന്നു എന്നും കീഴടങ്ങുവാൻ ആവശ്യപ്പെടുകയും ചെയ്യ്തു. എന്നാൽ ഈ വാക്കുകൾക്ക് മാപ്പിള പോരാളികൾ വിലനൽകിയില്ല. തൽഫലമായി കമ്പനി യുദ്ധം തുടങ്ങാൻ ഉത്തരവിട്ടു. കലാപകാരികളായ ഏഴ്

മാപ്പിളമാരും ഉറക്കെ സ്വലാത്ത് ( മന്ത്രങ്ങൾ) ഉച്ചരിച്ച് കയ്യിൽ വാളും പരിചയും പിടിച്ച് വീട്ടിൽ നിന്ന് പുറത്തിറങ്ങി. തൽക്ഷണം ബുഖാരിയും ,മൂസക്കുട്ടിയും, ആലിഹസ്സനും ശത്രുനിരയിലേക്ക് ചാടി വീണു. തനിക്കെതിരെ വന്ന ജമീന്ദാരെ ആലിഹസ്സൻ ആഞ്ഞു വെട്ടുകയും തുടർന്ന് മറ്റു നാല് രണവീരൻമാരും ശത്രുക്കൾക്കുനേരെ ചാടി വീണു. അവർ തലങ്ങും വിലങ്ങും വെട്ടി മറുഭാഗത്ത് മുന്നണിയിൽ നിന്നിരുന്ന പല പ്രമുഖരും നിലം പതിച്ചു. കമ്പനി പട്ടാളത്തിന്റെ സമനില തെറ്റി. കമാൻഡർ ഓഫീസർ വെടിവെയ്ക്കാൻ ഉത്തരവിട്ടു. ആലിഹസ്സന്റെ വെട്ടിൽ നിന്നും രക്ഷപ്പെട്ട ജമീന്ദാരെ ബുഖാരിയും ചേർന്ന് കൊലപ്പെടുത്തി. തുടർന്നു നടന്ന ബ്രിട്ടീഷ് വെടിവെപ്പിൽ മാപ്പിള പോരാളികളായ ഏഴുപേരും രക്തസാക്ഷികളായി.

176 വർഷം പിന്നിടുന്ന ചേറൂർ കലാപത്തിന്റെ ഓർമ്മകളെ അർഹമാം വിധം പുനർവായനകൾക്ക് വിധേയമാവേണ്ടിയിരിക്കുന്നു. വസ്തുനിഷ്ഠമായ ഒരു ചരിത്ര സംഭവം എന്ന നിലയിലല്ല ഇന്നും നാം അതിനെ നോക്കിക്കാണുന്നത്. മറിച്ച് വിഭ്രാന്തചിന്തരായ ഏതാനും ചിലരുടെ ഹാലിളക്കിന്റെ സംഭ്രാന്തമായ മതഭ്രാന്തിന്റെ രൂപമാണ് അതിനു നൽകിയത്.വാസ്തവത്തിൽ ചേറൂർ കലാപം കണ്ണിചേർക്കപ്പെടുന്നത് 19 – നൂറ്റാണ്ടോടെ കേരളീയ സമൂഹത്തിൽ തുടക്കം കുറിച്ച സാമൂഹിക പരിഷ്കരണ പരിശ്രമ ങ്ങളോടാണ്. ജാതി വ്യവസ്ഥ സൃഷ്ടിച്ച സാമൂഹിക ദുരാചാങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിച്ച ചാന്നാർ ലഹളയ്ക്ക

**ജാതി വ്യവസ്ഥ സൃഷ്ടിച്ച സാമൂഹിക ദുരാചാങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിച്ച ചാന്നാർ ലഹളയ്ക്ക മുൻപ് നടന്ന കലാപം എന്ന നിലയിൽ ചരിത്രത്തിൽ ചേറൂർ കലാപം അടയാളപ്പെടുത്തപ്പെടേണ്ടതുണ്ട്.**



മുൻപ് നടന്ന കലാപം എന്ന നിലയിൽ ചരിത്രത്തിൽ ചേറൂർ കലാപം അടയാളപ്പെടുത്തപ്പെടേണ്ടതുണ്ട്. കാരണം ചാന്നാർ ലഹള നടക്കുന്നത് 1859 കളിലാണ്. എന്നാൽ ചേറൂർ കലാപം നടക്കുന്നത് 1843 ഒക്ടോബർ 19 ന് ആണ്. ഇത്തരത്തിൽ അടിയാളന്മാരോട് കാണിച്ച നെറികേടിനോടുള്ള സാമൂഹിക ഭ്രഷ്ടനോടുമുള്ള പ്രതികരണമായിരുന്നു ചേറൂർ കലാപം. ഇത്തരം പ്രാദേശീക അയിത്തോച്ചാടന സമരങ്ങൾക്ക് പുറങ്കിൽ അംബേദ്ക്കറിന്റെ ആദർശാത്മക സമൂഹത്തെ (Ideal society) സൃഷ്ടിച്ചെടുക്കാനുള്ള ശ്രമങ്ങൾ കാണാം. വിവേചനവും ശ്രേണീകരണവും ഇല്ലാത്ത വിപുലവും സമത്വപൂർണ്ണവുമായ ഒരു സമൂഹം. അവിടെ സാഹോദര്യത്തിൽ അധിഷ്ഠിതമായ എല്ലാവരും രാഷ്ട്രത്തിന്റെ ഭാഗമാണെന്ന വിശ്വാസം പങ്ക് വയ്ക്കുന്ന സമൂഹത്തെയാണ് അംബേദ്കർ ആദർശാത്മക സമൂഹമായി കാണുന്നത്. ജനാധിപത്യപരമായ ഐക്യത്തിൽ അധിഷ്ഠിതമായ ഒരു പുതുസമൂഹത്തെ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമമാണ് മേൽപ്പറഞ്ഞ സമരത്തിൽ നാം കണ്ടത്.ഇതേ നാട്ടിൽ തന്നെയാണ് വെണ്ണായൂർ ക്ഷേത്രപ്രവേശന സമരത്തിൽ ഈമ്പിച്ചിയുടെ മകനായ ശങ്കരനേയും കൂട്ടരേയും ചിന്നക്കുറുപ്പ് പെരുങ്കുളത്തിൽ കുളിപ്പിച്ച് ക്ഷേത്രപ്രവേശനം നടത്തിയതും, മുണ്ടിയാതയെയും കൂട്ടരേയും കാരിക്കാട് സുബ്രഹ്മണ്യ ക്ഷേത്രക്കുളത്തിൽ കുളിപ്പിക്കുന്നതുമെല്ലാം. ഇവയെല്ലാം തന്നെ തികഞ്ഞ ജനാധിപത്യ വിപ്ലവം തന്നെയാണെന്ന് ഉറപ്പിച്ച് പറയാൻ സാധിക്കുന്നു. ഇവിടെയാണ് അംബേദ്ക്കറിന്റെ മെഹദ് സമ്മേളനം (1927 മാർച്ച് 20) പ്രസക്തമാകുന്നത്. മെഹദിലെ ചവദാർ തടാകത്തിൽ കൂടിയ സത്യാഗ്രഹികളോട് അംബേദ്ക്കർ പറഞ്ഞു. "നിങ്ങൾ ഇവിടെ കൂടിയത് ചവദാർ തടാകത്തിലെ വെള്ളം കുടിക്കാനല്ല. വെള്ളം കുടിച്ചതുകൊണ്ട് നമ്മളാരും മരിക്കാതിരിക്കില്ല. വെള്ളം കുടിച്ചതു കൊണ്ട് മോക്ഷം കിട്ടണമെന്നില്ല. ഇതൊരു വെള്ളം കുടിയുടെ പ്രശ്നമായി എടുക്കേണ്ട മറിച്ച് നമ്മൾ ആ തടാകത്തിലേക്ക് പോകുന്നത് നമ്മളും മനുഷ്യരാണെന്നും മറ്റുള്ളവരെപ്പോലെ തന്നെയാണ് എന്നും കാണിക്കാനാണ്." അതായത് പ്രതീകാത്മകമാണ്. തുല്യത എന്ന ആദർശം ഉറപ്പിക്കുന്ന ജനാധിപത്യപരമായ ഐക്യം നിലനിൽക്കുന്ന സമത്വം നിലനിൽക്കുന്ന സാഹോദര്യം നിലനിൽക്കുന്ന രാഷ്ട്രത്തെ നിർമ്മിച്ചെടുക്കാനുള്ള ലക്ഷ്യത്തോടുകൂടിയ



**ചരിത്രത്തിൽ എന്ത് നടന്നു ? പ്രസ്തുത സംഭവങ്ങൾ എന്ത് കൊണ്ട് നടന്നു ? അവ എങ്ങനെ സംഭവിച്ചു ? അവയ്ക്ക് മനുഷ്യർ കൽപിച്ച മൂല്യം എന്തായിരുന്നു ? തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ചരിത്രകാരന്മാർ ശ്രമിക്കേ ണ്ടിയിരിക്കുന്നു. മനുഷ്യരുടെ കാലത്തിലുള്ള ആയിത്തീരലാണ് ചരിത്രമെങ്കിൽ കർത്തൃകേന്ദ്രിത മായ ചരിത്ര ആഖ്യാനങ്ങൾക്കായിരിക്കണം പ്രാമുഖ്യം. വ്യക്തികളുടെ വിശ്വാസങ്ങൾ, സമീപനങ്ങൾ ,പ്രവൃത്തികൾ എന്നിവയാണ് സ്ഥാപങ്ങളുടെ രൂപത്തേയും ഉള്ളടക്കത്തേയും നിർണ്ണയിക്കുന്നതെങ്കിൽ കർത്തൃത്ത്വമാണ് നിർണ്ണായക ഘടകം**

യോഗമായിരുന്നു. മെഹദ് സമ്മേളനം. അതിന്റെ തുടർച്ചകളിലൂടെ വേണം ചരിത്ര സംഭവങ്ങളെ വിലയിരുത്താൻ.

ചരിത്രത്തിൽ എന്ത് നടന്നു ? പ്രസ്തുത സംഭവങ്ങൾ എന്ത് കൊണ്ട് നടന്നു ? അവ എങ്ങനെ സംഭവിച്ചു ? അവയ്ക്ക് മനുഷ്യർ കൽപിച്ച മൂല്യം എന്തായിരുന്നു ? തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ചരിത്രകാരന്മാർ ശ്രമിക്കേ ണ്ടിയിരിക്കുന്നു. മനുഷ്യ രുടെ കാലത്തിലുള്ള ആയിത്തീരലാണ് ചരിത്രമെ ങ്കിൽ കർത്തൃകേന്ദ്രിതമായ ചരിത്ര ആഖ്യാനങ്ങൾ ക്കായിരിക്കണം പ്രാമുഖ്യം. വ്യക്തികളുടെ വിശ്വാസങ്ങൾ, സമീപനങ്ങൾ ,പ്രവൃത്തികൾ എന്നിവ യാണ് സ്ഥാപങ്ങളുടെ രൂപത്തേയും ഉള്ളടക്കത്തേ യും നിർണ്ണയിക്കുന്നതെങ്കിൽ കർത്തൃത്ത്വമാണ് നിർണ്ണായക ഘടകം. ചരിത്രത്തിലെ ഓരോ ഘട്ടവും സവിശേഷമായ കർത്തൃത്ത്വങ്ങൾക്ക് രൂപം നൽകു ന്നുണ്ട്. മേൽപ്പറഞ്ഞ സമരങ്ങളിലെല്ലാം അടഞ്ഞു കിടന്ന വർഗമെന്ന നിലയിൽ തുടർന്നു പോന്ന ജാതി ബന്ധത്തെ തകർത്ത് അതിലെ വ്യക്തികൾക്ക് കർതൃപദവി നൽകുന്നതാണ് നാം കാണുന്നത്. ഒരർത്ഥത്തിൽ ജാതിശരീരങ്ങൾ കർതൃ പദവിയുള്ള പൗരശരീത്തിലേക്ക് വികസിക്കുന്നതാണ് ഇവിടെ കാണുന്നത്. ഇത്തരത്തിലുള്ള കർതൃ പരിണാമത്തെ യാണ് നാം സാമൂഹ്യമുന്നേറ്റം എന്ന് വിളിക്കുന്നത്. വർത്തമാനത്തിൽ ജീവിക്കുമ്പോൾ തന്നെ ഒരാൾ തന്റെ ഭൂതകാലത്തെ സവിശേഷമായ ആവശ്യങ്ങൾ ക്കനുസരിച്ച് വായിച്ചെടുക്കുന്നതും ഒരാപത്തിന്റെ നിമിഷത്തിൽ മിന്നി മറയുന്ന ഒരു ഓർമ്മയെ കയ്യെ ത്തി പിടിക്കലാണ് ചരിത്രം.ഇന്ത്യയെ പോലെ ബഹു സ്വരമായ സമൂഹത്തിൽ ഓർമ്മകളെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതുണ്ട്. ഭൂതകാലത്തെ തിരു ത്താനല്ല ഭാവിയെ നിർമ്മിച്ചെടുക്കാനാണ് നാം ഓർമ്മകളെ പരിചരിക്കേണ്ടത് എന്ന ജാഗ്രത നാമെല്ലാം സൂക്ഷിക്കേണ്ടിരിയിരിക്കുന്നു

**വർത്തമാനത്തിൽ ജീവിക്കുമ്പോൾ തന്നെ ഒരാൾ തന്റെ ഭൂതകാലത്തെ സവിശേഷമായ ആവശ്യങ്ങൾക്കനുസരിച്ച് വായിച്ചെടുക്കുന്നതും ഒരാപത്തിന്റെ നിമിഷത്തിൽ മിന്നി മറയുന്ന ഒരു ഓർമ്മയെ കയ്യെത്തി പിടിക്കലാണ് ചരിത്രം.**

നൂറ്റിനാൽപ്പത്തി നാലുകളെ
ഭയക്കാത്ത തെരുവുകളുണ്ട് സാർ..
ഒച്ചപ്പാടുകൾക്കുമുമ്പിൽ
വെടിയൊച്ചകൾ നിഷ്ഫലമാകുന്ന
വെടിയുണ്ടകൾ ദ്രവിച്ചു പോകുന്ന
നിലനിൽപ്പു നിലങ്ങൾ..





കൊത്തി നുറുക്കിക്കൊന്നു...
പെറ്റോൾക്ക് കാണാൻ
പതിരു പോലും കിട്ടിയില്ല
കോളനിപ്പിള്ളേർക്ക്
പ്രേമിക്കാൻ പാടില്ലാത്രേ


പച്ച മരം
ചുവന്ന ചോര
നനഞ്ഞ മണ്ണ്

അനു

# ചരിത്രം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു



സമൂഹത്തിന്റെ കൽപ്പിത മനുഷ്യക്രമം ദ്വന്ദ്വങ്ങളിൽ അടിത്തറയിട്ടു നിൽക്കുന്നു. ഇതേവരെ പറഞ്ഞു കേട്ട മിത്തുകൾക്കനുസരിച്ച് സംസ്കാരത്തിലെ മിത്തുകൾ ആണായോ, പെണ്ണായോ സമൂഹമാഗ്രഹിക്കുന്ന രീതിയിലായിരിക്കുവാൻ ആവശ്യപ്പെടുന്നു. തങ്ങളുടെ സമൂഹത്തിൽ അനുയോജ്യരായിരിക്കുവാൻ തൊട്ടിൽ തൊട്ട് കല്ലറ വരെ ഉടമ്പടി ചെയ്യപ്പെട്ടിരിക്കുന്ന നിബന്ധനകൾക്കുള്ളിൽ നിന്നു ജീവിച്ചുകൊണ്ടിരിക്കണം. സ്ഥാപിക്കപ്പെട്ടിരിക്കുന്ന ലിംഗഭേദ അനുമാനങ്ങൾക്കും ആശയങ്ങൾക്കും പുറത്തുള്ള മനുഷ്യർ എവിടെ? അപ്പോൾ നിങ്ങൾ ചരിത്രത്തെ എങ്ങനെ വിഭജിക്കും?



ചരിത്രത്തെ രണ്ടായി വിഭജിച്ചു കൊണ്ട് LGBTQIA+ സമൂഹത്തിൽ ഉള്ള മനുഷ്യരെ ജീവിതത്തിന് പുറത്തു നിർത്തുകയാണ് സാമൂഹിക ക്രമം ചെയ്തുവരുന്നത്. അതിനാൽ മാത്രമാണ് അവനവന് അവകാശമുള്ള ഭൂമിയിൽ ഉറച്ചുനിൽക്കുവാൻ തുടരെത്തുടരെ ശബ്ദമുയർത്തേണ്ടിവരുന്നത്. തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുമ്പോൾ മാനസിക അസുഖമാണെന്നും, പ്രകൃതിവിരുദ്ധമാണെന്നും കേൾക്കേണ്ടിവരുന്നത് എത്ര സംഘർഷഭരിതമായ അവസ്ഥയാണ്. ഭൂമിയിൽ ജീവിക്കുന്ന ഓരോ ദിവസവും തങ്ങളുടെ സ്വത്വം LGBTQIA+ ഇൽ ഉൾപ്പെടുന്നതാണ് എന്ന് പറഞ്ഞു സമരസപ്പെടേണ്ടിവരുന്ന അവസ്ഥ നൽകുന്ന ട്രോമ ചെറുതൊന്നുമല്ല. ഒരുവശത്ത് നമ്മൾ ലിംഗ സമത്വത്തെ പറ്റിയും എല്ലാ

മനുഷ്യരെയും ഒപ്പം നിർത്തേണ്ടതിന്റെ അനിവാര്യതയെപ്പറ്റിയും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ മറുപുറത്ത് നിരന്തരമായ സാമൂഹിക വിചാരണയ്ക്കും, അധിക്ഷേപങ്ങൾക്കും കാരണമാകേണ്ടി വരുന്നു എന്നത് തർക്കമില്ലാത്ത വിഷയമാണ്. ഹെട്രോ നോർമേറ്റീവ് ആയുള്ള ചിന്തകളിലൂടെ LGBTQIA+ സമൂഹത്തിലുൾപ്പെടുന്ന വ്യക്തികളോട് ആരോഗ്യപരമല്ലാതെ ഇടപെടുന്ന ധാരാളം അനുഭവങ്ങൾ പരക്കെ വെളിപ്പെട്ടിട്ടുണ്ട്. സാമൂഹികപരമായ അരികുവത്കരണത്തിന്റെയും, മോശമായ അനുഭവങ്ങളുടെയും ഭാഗമായി ദിനംപ്രതി ആത്മഹത്യ ചെയ്യുന്ന QUEER വ്യക്തികൾ നമുക്ക് ചുറ്റുമുണ്ട്. 'സിസ് ജൻഡർ' വ്യക്തികൾക്ക് ലഭിക്കുന്ന അവകാശങ്ങളിൽനിന്നും ഏറെ താഴെയായി Queer വ്യക്തികളുടെ സ്വത്വം നിലനിൽക്കുന്നത് എന്തുകൊണ്ടാണ്?

ചരിത്രത്തിന്റെ തുടക്കം മുതലേ QUEER വ്യക്തികളോടുള്ള അസഹിഷ്ണുത പ്രകടമായിട്ടും അതുപോലെ തന്നെ ചില സന്ദർഭങ്ങളിൽ ലിഖിതമായിട്ടും കാണാൻ സാധിക്കുന്നു. 1871 ഇൽ ക്രിമിനൽ ട്രൈബ് ആക്ട് പ്രകാരം LGBTQIA+ കമ്മ്യൂണിറ്റിയിൽ ഉൾപ്പെടുന്നവരെ അങ്ങേയറ്റം ചൂഷണം ചെയ്യുകയും ദ്രോഹിക്കുകയും ചെയ്തിരുന്നു. 2014 ഇൽ ഇന്ത്യൻ പരമോന്നത നീതിപീഠം (NALSA) പ്രകാരം ട്രാൻസ്ജെൻഡർ മനുഷ്യരുടെ പൗരത്വം അംഗീകരിച്ചിട്ടുണ്ട്. പക്ഷേ എത്ര ട്രാൻസ് വ്യക്തികൾ സ്വസ്ഥവും സമാധാനവുമായി ജീവിക്കുന്നുണ്ടാകും. എത്രപേർക്ക് അടിസ്ഥാന ആവശ്യങ്ങളായ തൊഴിൽ, ചികിത്സ, വിദ്യാഭ്യാസം, പാർപ്പിടം എന്നിവ കൃത്യമായി ലഭിക്കുന്നുണ്ടാകും?

2014ന് പിന്നിലേക്ക് ചരിത്രം മറിക്കുമ്പോൾ ഇവിടുത്തെ ഹെട്രോ നോർമേറ്റീവ് അവസ്ഥയും, ട്രാൻസ്ഫോബിയയും ചെയ്ത പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ബദലായി എന്ത് മറുപടി നൽകും? ഒരു ജനതയുടെ മുഴുവൻ ദുരിതത്തിനും ഹേതുവായതിൽ മതം വലിയൊരു പങ്കുവഹിക്കുന്നു. സ്വവർഗ്ഗ അനുരാഗം തെറ്റാണെന്നും, QUEER സ്വത്വമുള്ളവർ രോഗികളാണെന്നും സ്ഥാപിക്കുന്നതിൽ കവല പ്രസംഗം നടത്തിക്കൊണ്ടിരിക്കുന്ന മതാചാര്യന്മാരുൾപ്പെട്ടിരിക്കുന്ന അതേ സമൂഹത്തിലാണ് നമ്മളിപ്പോഴും ജീവിക്കുന്നത്. ഭൂമിയിലേക്ക് പിറന്നുവീഴുന്ന ഓരോ കുഞ്ഞുങ്ങളെയും സാമൂഹിക ക്രമം ആദ്യം അഭിസംബോധന ചെയ്യുന്നത് 'ആണാണോ പെണ്ണാണോ' എന്ന ചോദ്യം കൊണ്ടാണ്. അതിനാൽത്തന്നെ രാഷ്ട്രക്രമത്തിന്റെ ഭാഗമായി പല വ്യക്തികളും സ്വന്തമായിട്ട് വെളിപ്പെടുത്താൻ ഭയന്നുകൊണ്ട് ഉടമ്പടി ചെയ്യപ്പെട്ട അവസ്ഥയിൽ ശ്വാസം മുട്ടി ജീവിക്കുന്നു.
പ്രതീക്ഷാഭരം എന്ന് പറയട്ടെ നിലനിൽക്കാനുള്ള ശ്രമത്തിൽ മനുഷ്യർ വിജയിക്കും. അതിനാലാണ്

**ഹെട്രോ നോർമേറ്റീവ് ആയുള്ള ചിന്തകളിലൂടെ LGBTQIA+ സമൂഹത്തിലുൾപ്പെടുന്ന വ്യക്തികളോട് ആരോഗ്യപരമല്ലാതെ ഇടപെടുന്ന ധാരാളം അനുഭവങ്ങൾ പരക്കെ വെളിപ്പെട്ടിട്ടുണ്ട്. സാമൂഹികപരമായ അരികുവത്കരണത്തിന്റെയും, മോശമായ അനുഭവങ്ങളുടെയും ഭാഗമായി ദിനംപ്രതി ആത്മഹത്യ ചെയ്യുന്ന QUEER വ്യക്തികൾ നമുക്ക് ചുറ്റുമുണ്ട്.**

നമ്മളിപ്പോൾ QUEER സമൂഹങ്ങളുടെ ചെറുത്തുനിൽപ്പുകളും വിജയങ്ങളും കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന് സ്വന്തമായി ട്രാൻസ്ജെൻഡർ നയവും ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും നിലനിൽക്കുന്നുണ്ട്. ഇതെല്ലാം അനേകമനേകം ദിനങ്ങളുടെ പരിശ്രമങ്ങൾക്കും, മുഴക്കമുള്ള ശബ്ദങ്ങൾക്കും ഒടുവിൽ ലഭിച്ചതാണ്. സാമൂഹിക ഉടമ്പടികൾ ഇങ്ങനെയും സ്റ്റീരിയോ ടൈപ്പുകളെയും കടന്നുകൊണ്ട് ഇന്നൊരു വ്യക്തി 'ഞാൻ ഗേ'







**രണ്ടു പെൺകുട്ടികൾ സ്നേഹത്തിൽ ഇടപഴകുകയും തമ്മിലൊരാൾക്കു മറ്റൊരാൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ "ഓ നിങ്ങൾ മറ്റേത് ആണെന്ന് അറിയാം" എന്ന 'സ്റ്റീരിയോടൈപ്പ് കമന്റുകൾ' ഇപ്പോഴും കേൾക്കാറുണ്ട്.**



ആണെന്നോ 'ലെസ്ബിയൻ' ആണെന്നോ 'ബൈ സെക്ഷ്വൽ' ആണെന്നോ സധൈര്യം പറയുന്നുണ്ടെങ്കിൽ അത് ഏറെക്കാലത്തെ പരിശ്രമത്തിന്റെ ഫലമാണ്. കല, രാഷ്ട്രീയം, തൊഴിലിടങ്ങൾ തുടങ്ങി സമൂഹത്തിന്റെ നാനാ പരിസരങ്ങളിൽ തങ്ങളുടെ നിലയുറപ്പിക്കാൻ 'ട്രാൻസ് വ്യക്തികൾക്ക്' കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ നടക്കുന്ന 'PRIDE' വിവിധ 'ട്രാൻസ് കൂട്ടായ്മകൾ' എന്നിവ മാറ്റത്തിന്റെ മുന്നേറ്റങ്ങളെ അടയാളപ്പെടുത്തുന്നു.

ഇവിടെ ജീവിച്ചു പോരുന്ന മനുഷ്യരാരും പ്രകൃതിക്ക് പുറത്തു നിൽക്കുന്നവരോ, പ്രകൃതിക്ക് അകത്തു നിൽക്കുന്നവരോ, പ്രകൃതിക്ക് വിരുദ്ധരായി നിലനിൽക്കുന്നവരോ അല്ല. ഇവിടുത്തെ എല്ലാ ജീവിതങ്ങളും ഉൾക്കൊള്ളുന്നതാണ് പ്രകൃതി. അവിടെ നിലനിന്നുകൊണ്ട് മറ്റൊരു മനുഷ്യജീവിയെ സ്ലട്ട് ഷെയിം ചെയ്യുവാനും, അളക്കുവാനും നിങ്ങൾക്കെന്ത് അധികാരമാണ് ഉള്ളത്? രണ്ടു പെൺകുട്ടികൾ സ്നേഹത്തിൽ ഇടപഴകുകയും തമ്മിലൊരാൾക്കു മറ്റൊരാൾ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ "ഓ നിങ്ങൾ മറ്റേത് ആണെന്ന് അറിയാം" എന്ന 'സ്റ്റീരിയോടൈപ്പ് കമന്റുകൾ' ഇപ്പോഴും കേൾക്കാറുണ്ട്. കുണ്ടനെന്നും, ഒൻപത് എന്നുമുള്ള വിളികൾ ഇപ്പോൾ അപ്പാടെ അപ്രത്യക്ഷമായെന്ന് കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്ക് സമാന്തര ലോകത്തു നിന്നും സലാം പറയുന്നു.

രണ്ട് മനുഷ്യർ തമ്മിൽ പ്രണയത്തിലോ, സ്നേഹത്തിലോ ആയിക്കൊള്ളട്ടെ പുറത്ത് നിന്നുകൊണ്ട് നിങ്ങൾ മറ്റു മനുഷ്യരെ ക്രൂശിക്കുന്നതെന്തിനാണ്? പ്രണയത്തിനോ, സ്നേഹത്തിനോ, ജീവിതത്തിനോ അങ്ങനെ പ്രത്യേക നിബന്ധനകളൊന്നും നിലനിൽക്കുന്നില്ല. തൊട്ടപ്പുറത്തു നിൽക്കുന്ന മനുഷ്യരുടെയും, ജീവിതങ്ങളുടെയും സ്വാതന്ത്ര്യം ഹനിക്കാതിരിക്കുക എന്ന് മാത്രം. "ഞാനൊരു തമാശ പറഞ്ഞതല്ലേ " എന്ന ലാഘവത്തിൽ ഇതേവരെ മനസിലാക്കി വച്ചിരിക്കുന്ന പൊള്ള ബോധങ്ങൾക്കനുസരിച്ച് സംസാരിക്കുമ്പോൾ

**ഇവിടെ ജീവിച്ചു പോരുന്ന മനുഷ്യരാരും പ്രകൃതിക്ക് പുറത്തു നിൽക്കുന്നവരോ, പ്രകൃതിക്ക് അകത്തു നിൽക്കുന്നവരോ, പ്രകൃതിക്ക് വിരുദ്ധരായി നിലനിൽക്കുന്നവരോ അല്ല. ഇവിടുത്തെ എല്ലാ ജീവിതങ്ങളും ഉൾക്കൊള്ളുന്നതാണ് പ്രകൃതി.**

തീർച്ചയായും ഓർത്തിരിക്കണം അപ്പുറത്ത് നിൽക്കുന്ന മനുഷ്യർക്ക് ഉണ്ടാകുവാൻ പോകുന്ന മാനസിക പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും.

പലതരത്തിലുള്ള മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടായി വരുന്നത് ഇത്തരം തമാശകളിൽനിന്നുമാണ്. പരിഹാസങ്ങളുടെ പാത്രമായതിനാൽ മാത്രം കടന്നു വന്ന ആത്മഹത്യകളുടെ കണക്കുകൾ മറന്നു പോകേണ്ടതില്ല. നിങ്ങളുടെ തൊട്ടപ്പുറത്തു നിൽക്കുന്ന മനുഷ്യരോട് ഇടപഴകുമ്പോൾ കുറേകൂടി അനുകമ്പയോടും, പരിഗണനയോടും കൂടി ഇടപഴകേണ്ടതുണ്ട്. ലോകം ഉരുവാക്കപ്പെട്ടിട്ടുള്ളത്ത് പൊതുബോധ്യങ്ങളുടെ അടിസ്ഥാനത്തിലാണ്. പൊതുബോധ്യത്തിന്റെ തീരാത്ത അടിസ്ഥാനങ്ങളിൽ ഉറച്ചു പോകാത്ത മനുഷ്യരായി മാറ്റപ്പെടുവാൻ നിങ്ങൾക്കുള്ളിൽ പഠനങ്ങളും, പുനർ പഠനങ്ങളും ഉണ്ടായി തീരട്ടെ.

ഞങ്ങൾക്കും ഈ സമൂഹത്തിൽ ജീവിക്കണമെന്ന് പറഞ്ഞുകൊണ്ട് മുൻനിരയിലേക്ക് കടന്നുവരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് എന്ത് സംഭവിക്കുന്നു? അരികുവത്കരിച്ച ഇടങ്ങളിൽ നിന്നും സർവ്വശക്തിയുമെടുത്ത് പൊതുയിടങ്ങളിലേക്ക് നിലയുറപ്പിക്കാൻ ശ്രമിക്കുന്ന ട്രാൻസ് വ്യക്തികളെ സമൂഹം ചേർത്തുപിടിക്കുന്നുണ്ടോ എന്ന വിലപ്പെട്ട ചോദ്യത്തിന്റെ ഉത്തരം "ഇല്ല" എന്ന് തന്നെയാണ്. ജീവിതത്തിന്റെ പല മേഖലകളിൽനിന്നും വിവേചനം തന്നെയാണ് ട്രാൻസ്ജെൻഡേഴ്സ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. വർഷങ്ങൾക്കുമുൻപ് ലോക ആരോഗ്യ സംഘടനയുടെ രോഗവർഗ്ഗീകരണ പട്ടികയിൽ 'ട്രാൻസ് സെക്ഷ്വലിസം' മാനസിക പെരുമാറ്റ ക്രമക്കേടുകളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരുന്നത്. വിപ്ലവകരം എന്ന് പറയട്ടെ ഈയടുത്ത് ലോക ആരോഗ്യ സംഘടന 'ട്രാൻസ് സെക്ഷ്വലിസം' എന്നതിനു പകരം 'ജെൻഡർ ഇൻകോൺഗ്രുവൻസ്' എന്ന പുതിയ പദം ചേർക്കുകയും, ഒപ്പം ലൈംഗിക ആരോഗ്യ അവസ്ഥകളുടെ പട്ടികയിലേക്ക് മാറ്റുകയും ചെയ്തു. ലോകത്താകമാനം എല്ലാ മനുഷ്യരെയും അവരവരായി അംഗീകരിക്കുവാനുള്ള തയ്യാറെടുപ്പുകൾ അങ്ങിങ്ങായി നടന്നുകൊണ്ടിരിക്കുന്നു. ചരിത്രപരമായ തീരുമാനങ്ങളിലൂടെയും, സന്ദേശങ്ങളിലൂടെയും സമൂഹത്തിനെ കുറച്ചുകൂടി പരിഷ്കൃതമാക്കി എടുക്കുവാൻ സാധിക്കും.
എന്നാൽ അടിസ്ഥാനപരമായി അവരവർ നിലനിൽക്കുന്ന ഇടങ്ങളിൽനിന്നുള്ള മാറ്റങ്ങൾ സംഭവിക്കുന്നത് വളരെ കഠിനമായാണ്.

സ്വന്തം വീടുകളിൽനിന്ന് പോലും പുറത്താക്കപ്പെടുമോ എന്ന ഭയത്താൽ വ്യക്തിത്വം വെളിപ്പെടുത്തുവാൻ മടിച്ചു കഴിയുന്ന മനുഷ്യർ പരക്കെ ബാക്കിയാകുന്നു.
"എന്റെ ജീവിതം ഇതാണ് എന്റെ അടയാളം ഞാനാണ് "
എന്ന് സന്തോഷത്തോടെ, അഭിമാനത്തോടെ വീടകങ്ങളിൽ വെളിപ്പെടുത്തുവാൻ കഴിയാതെ ജീവിക്കേണ്ടി വരുന്നത് എത്ര ദുരിത പൂർണ്ണമാണ്.

മധുര യാത്രക്കിടയിൽ കണ്ടുമുട്ടിയ ട്രാൻസ് വുമൺ പറഞ്ഞത് തന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്നതിനാൽ വീട്ടുകാർ ഉപദ്രവിക്കുമോ എന്ന പേടിയിൽ ഇവിടേക്ക് വന്നു എന്നതാണ്. അന്വേഷണങ്ങളിലും റിപ്പോർട്ടുകളിലും വ്യക്തമാണ് നിലയിറപ്പിച്ചു നിൽക്കാൻ ബുദ്ധിമുട്ടുന്ന വ്യക്തികളെക്കുറിച്ച്. നാഷണൽ ഹ്യൂമൻ റൈറ്റ്സ് 99% ട്രാൻസ് വ്യക്തികളും കുടുംബങ്ങളിൽനിന്നും പൊതുസമൂഹങ്ങളിൽനിന്നും കടുത്ത നീതി നിഷേധങ്ങൾ നേരിടുന്നു എന്ന് തെളിയിക്കുന്നു. റിപ്പോർട്ടുകളിലോ കണക്കുകളോ ഉൾപ്പെടാത്ത മനുഷ്യരും ബാക്കിയാകുന്നുണ്ട്. ട്രാൻസ് വിഭാഗങ്ങൾക്കിടയിൽ നിരന്തരമായി നടക്കുന്ന ദുരൂഹ മരണങ്ങൾ, ആത്മഹത്യകൾ എന്നിവയ്ക്കൊന്നും വേണ്ട തരത്തിൽ ശ്രദ്ധ ലഭിക്കുന്നില്ല. സമൂഹത്തിന്റെ പൊതുബോധം നൽകുന്ന തിക്താനുഭവങ്ങളും,അവഹേളനങ്ങളും സ്വന്തം ചുറ്റുപാടിൽ നിന്നും, അന്യസംസ്ഥാനങ്ങളിലേക്കും ഓടിപ്പോകുവാനും, മറഞ്ഞിരിക്കുവാനും അവരെ പ്രേരിപ്പിക്കുന്നു.

ട്രാൻസ്ജെൻഡർ നയത്തിലൂടെ തുല്യനീതി, വ്യക്തിസ്വാതന്ത്ര്യം, മുഖ്യധാരയിലെ പങ്കാളിത്തം, തടസ്സങ്ങൾ ഇല്ലാത്ത വിദ്യാഭ്യാസം, എന്നിങ്ങനെയുള്ള അവകാശങ്ങൾ അനുവദിച്ചു നൽകുന്നു. എന്നാൽ കേരളത്തിലെ അന്തരീക്ഷം എത്രത്തോളം ട്രാൻസ്ജൻഡറുകൾക്ക് അനുകൂലമാണെന്ന് പരിശോധിക്കേണ്ടതുണ്ട്. തുല്യനീതി അവകാശമായി അനുവദിക്കുമ്പോൾ പൊതുവിടങ്ങളിൽ ആൺ/പെൺ ബോർഡുകൾ മാത്രം കാണേണ്ടി വരുന്നത് വിരോധാഭാസമാണ്.

പൊതു ശൗചാലയങ്ങളിൽ ചെന്ന് ബൈനറി ബോർഡുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് തങ്ങളുടെ അവകാശങ്ങൾ എവിടെ? എന്ന് അന്വേഷിക്കുന്ന കണ്ണുകളെ സമൂഹത്തിന് ഒരുകാലത്തും അവഗണിക്കുവാൻ സാധിക്കുകയില്ല. പുരോഗമന പരമായ നീക്കങ്ങൾ നടത്തുമ്പോൾ ബദലായിത്തന്നെ തൊഴിലിടങ്ങളിൽനിന്നും മാനസികമായും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന അനുഭവങ്ങൾ ട്രാൻസ് വ്യക്തികൾക്കുണ്ടാകുന്നു. അധിക വാടക ഇടാക്കുന്ന വീടുകൾ, ദിവസം തോറും ലോഡ്ജ് മുറികൾ കയറി ഇറങ്ങുന്ന വീട് ലഭിക്കാത്തവർ, പരിഹാസങ്ങൾ തുടങ്ങിയവ എല്ലാം ദൈനംദിന ജീവിതത്തെ മുറിപ്പെടുത്തുന്നു.

മെച്ചപ്പെട്ട ജീവിതം നയിക്കുക എന്നുള്ളത് ഏതൊരു മനുഷ്യനാണ് ആഗ്രഹിക്കാത്തത്. അടിസ്ഥാനപരമായി ഏറ്റവും ആദ്യഘട്ടത്തിൽ നിന്നുതന്നെ മാറ്റങ്ങൾക്ക് വഴിയൊരുക്കുക അനിവാര്യമാണ്. സ്കൂൾകാലം മുതൽ തന്നെ വിദ്യാർത്ഥികൾക്ക് ലൈംഗിക വിദ്യാഭ്യാസം നൽകുക, ബൈനറികൾക്കപ്പുറം മനുഷ്യർ നിലനിൽക്കുന്നുണ്ട് എന്ന് ബോധവൽക്കരിക്കുക, സാമൂഹികപരമായി പേടിയില്ലാതെ ഇടപെടുവാൻ അവസരം ഒരുക്കുക, കുടുംബങ്ങളിൽ സംസാരിക്കുവാൻ ഇടയൊരുക്കുക, എല്ലാ ജെൻഡറുകളിൽ ഉള്ളവർക്കും സൗഹൃദപരമായി ജീവിക്കുവാനുള്ള അന്തരീക്ഷത്തിന് വേണ്ടി തയ്യാറാകുക, എന്നിവ അത്യന്താപേക്ഷിതമായി ചെയ്യേണ്ടതാണ്.

സാർവ്വത്രികമായി എല്ലാ മനുഷ്യർക്കും സമാധാനപരമായി ജീവിക്കുവാനും, ഇറങ്ങി നടക്കുവാനും, ഇടപഴകുവാനും കഴിയണം. നിങ്ങളുടെ ബോധതലങ്ങൾക്കപ്പുറം മനുഷ്യർക്കിവിടെ നിലനിൽക്കുവാനും, ജീവിക്കുവാനുമുള്ള അവകാശമുണ്ട്. എങ്ങനെയാണു മനുഷ്യർ നിങ്ങൾക്കന്യരായി തോന്നിത്തുടങ്ങിയത്. നിങ്ങൾക്ക് മാത്രം അവകാശപ്പെട്ട ജീവിതമാണിവിടെ എന്ന് നിങ്ങളോടാരാണ് ചട്ടം കെട്ടിയത്? ഓർമ്മയിലിരിക്കട്ടെ ഇതേവരെ ചരിത്രം നിങ്ങളോട് കളവു പറഞ്ഞതാണ്.




കാക്കയെ എന്തിനു നമ്മൾ
പണിയാളാക്കി?
സത്യത്തിൽ അവ നമുക്കുവേണ്ടി
എന്തെങ്കിലും ചെയ്യുന്നുണ്ടോ?
വെളുത്ത പ്രാവിനെ ചുവന്ന
റോസയോട്
ചേർത്തുവെച്ചതാര്?
അല്ലെങ്കിൽ തന്നെ നമ്മുടെ
പ്രണയത്തിൽ
റോസാച്ചെടിക്കെന്തുകാര്യം.
മണ്ണിരയുടെ പ്രണയത്തെ ആരും
എഴുതി വക്കുന്നില്ല...
തേളിനേയും തേരട്ടയേയും
കള്ളിമുൾചെടിയേയും
അടയാളപ്പെടുത്തുന്നില്ല..
മനുഷ്യൻ അവന്റെ കാഴ്ചകളെ
മറച്ചുവക്കുന്നു

സുവർണ.പി



**ലൈംഗികത ജീവിതത്തിൽ ഏറ്റവും ഭംഗിയുള്ള ഒരു അനുഭവമാണ് കുട്ടികളെ ഉണ്ടാക്കാനുള്ള ഉപാധി മാത്രമല്ല. ജീവിതം മുന്നോട്ടു പോകുന്നത് അനുഭവങ്ങൾ മനോഹരമാകുമ്പോഴാണ്. സ്വന്തം ശരീരത്തിന്റെ സുഖ ബിന്ദുക്കൾ അറിയാത്ത വ്യക്തിയോട് എങ്ങനെ മത്സരിച്ചാണ് നിങ്ങൾ ആനന്ദത്തിലെത്തുക?**

ടെസ്റ്റോസ്റ്റിറോണിനെ മാത്രം ചുറ്റിപ്പറ്റി വലുതായി വന്ന ഒരു വ്യവസ്ഥിതിയുടെ ഭാഗമാണ് മനുഷ്യരെല്ലാരും. നിങ്ങൾ ആണായി ജനിച്ചാൽ രാത്രിയും പകലും നിങ്ങൾക്കുള്ളതാണ് നിങ്ങളുടെ ഭൂമിയുടെ കറക്കം സന്ധ്യയാകുമ്പോൾ നിലയ്ക്കുന്നില്ല. ഇത്തരത്തിൽ പൊട്ടിപ്പൊളിഞ്ഞ തങ്ങൾക്കൊട്ടും യോജിക്കുവാനാകാത്ത വ്യവസ്ഥിതിയുടെ ഭാഗമാണ് ബാക്കിയുള്ള ലിംഗക്കാരും; അതുകൊണ്ടാണ് അവർ രണ്ടാം ലിംഗക്കാരും, മൂന്നാം ലിംഗക്കാരുമെല്ലാമാകുന്നത്. പെണ്ണെഴുത്ത് വ്യവസ്ഥിതിയോടുള്ള കലഹം മാത്രമല്ല ലിംഗ പദവിയിൽ ഒന്നാം സ്ഥാനം കയ്യാളുന്നവർക്ക് കണ്ടുപഠിക്കാവുന്ന മാതൃകകൾ കൂടിയാണ്. ഒരു സ്ത്രീ കേന്ദ്രീകൃത വ്യവസ്ഥ ഏത് രീതിയിൽ മാനസികവും ശാരീരികവുമായി മനുഷ്യന് എങ്ങനെ ഗുണം ചെയ്യുമെന്ന് അത് പഠിക്കുന്നു. പെണ്ണെഴുത്തല്ല ആണെഴുത്തല്ല മനുഷ്യനെഴുത്താണ് വേണ്ടതെന്ന് വാദിക്കുന്ന വിഡ്ഢികൾ അങ്ങനെ ചത്തൊടുങ്ങട്ടെ. മലയാള സാഹിത്യങ്ങളും, സിനിമകളും മുൻനിർത്തി മേൽപ്പറഞ്ഞ വാദം തെളിയിക്കാൻ സാധിക്കുന്നു.



സാറാ ജോസഫിന്റെ 'മാറ്റാത്തി' എന്ന നോവലിൽ തന്റെ ഉപസ്ഥത്തിലേക്കുതിർന്ന ചോര ചൂണ്ടുവിരലിൽ തോണ്ടിയെടുത്ത നായികയെ വായിച്ച് പെൺകുട്ടികൾ ആലോചിച്ചിരുന്നിട്ടുണ്ടായിരിക്കാം. ആദ്യമായിട്ടായിരിക്കും താൻ അനുഭവിച്ചിരുന്ന വൃത്തികെട്ട വികാരത്തെ മറ്റൊരാൾ എഴുതി കണ്ടത്. പിന്നീടും കുറേക്കാലം അതൊരു വൃത്തികേടായി തന്നെ മനസ്സിൽ തുടർന്നിട്ടുണ്ടായിരിക്കാം. സ്വന്തം വിരൽ യോനിയിലേക്ക് ഇട്ടു നോക്കും വരെ ഓരോ പെണ്ണിനും അവളുടെ ലിംഗങ്ങൾ അറപ്പുണ്ടാക്കുന്ന സാധനമാണ്, ചോര പേടിസ്വപ്നവും. പറഞ്ഞുവന്നതതല്ല. വ്യവസ്ഥിതിയിൽ നിലവിൽ സുഖമനുഭവിക്കുന്നവർക്കും കൂടി തോന്നണമല്ലോ പെണ്ണെഴുത്താണ് ശരിയെന്ന്. നിലവിലെ സാഹചര്യത്തിലെ കുടുംബം എന്ന ആശയം പരിശോധിക്കാം. സ്ത്രീ- സ്ത്രീ/പു -പു /പു -സ്ത്രീ ഇങ്ങനെ രണ്ടുപേർ ചേരുന്നതാണ് ഒരു കുടുംബം.





ലൈംഗികത ജീവിതത്തിൽ ഏറ്റവും ഭംഗിയുള്ള ഒരു അനുഭവമാണ് കുട്ടികളെ ഉണ്ടാക്കാനുള്ള ഉപാധി മാത്രമല്ല. ജീവിതം മുന്നോട്ടു പോകുന്നത് അനുഭവങ്ങൾ മനോഹരമാകുമ്പോഴാണ്. സ്വന്തം ശരീരത്തിന്റെ സുഖ ബിന്ദുക്കൾ അറിയാത്ത വ്യക്തിയോട് എങ്ങനെ മത്സരിച്ചാണ് നിങ്ങൾ ആനന്ദത്തിലെത്തുക? ഇതിന് മൂടുപടങ്ങളുടെ കത്തിക്കൽ ആവശ്യമാണ്. എവിടെ തൊടണമെന്ന അറിവ് അവരവരാണാർജി ക്കേണ്ടത് ആണെഴുത്ത് / 'ഫസ്റ്റ്-സെക്സ്' ആനന്ദ ത്തെ ലഘുവൽക്കരിക്കു ന്നു അതിന് കൽപ്പിക്കേണ്ട വൈകാരിക മാനങ്ങൾ അവഗണിക്കുന്നു. ജിയോ ബേബിയുടെ 'മഹത്തായ ഭാരതീയ അടുക്കള' ഉദ്ധരിക്കുന്നു "ഏട്ടാ ഞാനൊരു കാര്യം പറഞ്ഞാ ഫീൽ ആവോ? ഏട്ടാ നമ്മള് ചെയ്യൂലെ അപ്പൊ എനിക്ക് നല്ല പെയിനുണ്ട്, കുറച്ചു ഫോർപ്ലേ കൂടിണ്ടെങ്കിൽ" ; പെണ്ണെഴുത്ത് വികാരങ്ങളെ പരിഗണിക്കുന്നു ലൈംഗികതയെ പറ്റി 'പോൺ' കണ്ട് മാത്രം പരിചയമുള്ള ഏട്ടന്റെ വികാരവും ലൈംഗിക തയിലൂടെ അവൾക്ക് കിട്ടേണ്ടി യിരുന്ന ആനന്ദത്തിന് പകരം ലഭിച്ച അവളുടെ വേദനയും മുകളിലെ വരികളിൽ ഉണ്ട്. മാറ്റാ ത്തി മാറ്റം ഉണ്ടാക്കിയത് തന്റെ യോനിയിലേക്ക് വിരൽ കയറ്റിയാ ണെങ്കിൽ ഇവിടേക്ക് വരുമ്പോൾ തുറന്നു പറച്ചിലും, മനസ്സിലാക്കലും, ആവശ്യപ്പെട ലുമാണ് പെണ്ണെഴുത്ത്. അത് ആരെയും ഒറ്റയ്ക്കാക്കുന്നില്ല എല്ലാ ലിംഗത്തെയും പരിഗണി ക്കുന്നു.

ഈയിടെ നെറ്റ്ഫ്ലിക്സിൽ ഇറങ്ങിയ 'ബ്രിജെട്ടൺ' (ജൂലിയ ക്വിന്നിന്റെ പുസ്തകത്തെ ആസ്പദമാക്കിയത്) എന്ന വെബ് സീരീസിലാണ് സ്ത്രീയെ 'കണിലിംഗസ്' കൊണ്ട് തൃപ്തി

**ജിയോ ബേബിയുടെ 'മഹത്തായ ഭാരതീയ അടുക്കള' ഉദ്ധരിക്കുന്നു "ഏട്ടാ ഞാനൊരു കാര്യം പറഞ്ഞാ ഫീൽ ആവോ? ഏട്ടാ നമ്മള് ചെയ്യൂലെ അപ്പൊ എനിക്ക് നല്ല പെയിനുണ്ട്, കുറച്ചു ഫോർപ്ലേ കൂടിണ്ടെങ്കിൽ" ; പെണ്ണെഴുത്ത് വികാര ങ്ങളെ പരിഗണിക്കുന്നു ലൈംഗികതയെ പറ്റി 'പോൺ' കണ്ട് മാത്രം പരിചയമുള്ള ഏട്ടന്റെ വികാരവും ലൈംഗികത യിലൂടെ അവൾക്ക് കിട്ടേണ്ടിയിരുന്ന ആനന്ദ ത്തിന് പകരം ലഭിച്ച അവളുടെ വേദനയും മുകളിലെ വരികളിൽ ഉണ്ട്.**

പ്പെടുത്തുന്ന രംഗങ്ങൾ മെയിൻ സ്ട്രീം റൊമാൻസിന്റെ ഭാഗമായി പുറത്തേക്കെത്തുന്നത്. പുരുഷൻ തന്റെ സങ്കടങ്ങൾ പറഞ്ഞ് സ്ത്രീയുടെ മാറിൽ കിടന്നു കരയുന്നതും അഭിപ്രായങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതുമായ ഒട്ടനവധി രംഗങ്ങൾ സീരീസിൽ കാണാം. ഈ വൈകാരിക അടുപ്പമാണ് മുകളിലെ ജിയോ ബേബിയുടെ കഥയിലെ ഭാര്യ പറയുന്ന 'ഫോർ പ്ലേ'.

ആഷിക് അബുവിന്റെ മായാനദിയിലാണ് മലയാളത്തിലെ മികച്ച ഒരു റൊമാൻസ് സീൻ കണ്ടിട്ടുള്ളത്. ആ രംഗം ഭംഗിയാകുന്നത് അപർണയുടെ സ്വാതന്ത്ര്യബോധം കൊണ്ടാണ് മനസ്സിൽ തോന്നിയത് പറയുകയും തനിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന 'സെക്കൻഡ് സെക്സ്' ആണ് എല്ലാത്തിനെയും ഭംഗിയാക്കുന്നത്. വികാരങ്ങൾ പേടി കൂടാതെ തുറന്നുപറയുകയും ഒരു ഉപകാരവും ഇല്ലാത്ത എനിക്ക് എല്ലാം അറിയാം എന്ന ചിന്തയെ തിരുത്തി പഠിക്കുകയും ചെയ്യുന്ന ആണുങ്ങളും രംഗങ്ങൾക്ക് ശോഭ കൂട്ടുന്നു .

ഭംഗിയുള്ള ബന്ധങ്ങൾ സ്നേഹമുള്ള തലമുറകളെ സൃഷ്ടിക്കും. നീ എനിക്ക് ചേർച്ചയില്ല എന്നൊരു പെണ്ണ് പറഞ്ഞാൽ കത്തിയുമെടുത്ത് കുത്താൻ ഇറങ്ങുന്ന ആൺ സമൂഹം അരക്ഷിതമാണ്. ഇത് പെണ്ണിന് ജീവൻ നഷ്ടപ്പെടുത്തുന്നു. ആണിനും. "കുട്ടികളെ പെറ്റുപോറ്റാനും കള്ളുകുടിച്ച് അടിക്കാനുമെല്ലാം" പെണ്ണിനെ ക്ഷണിക്കുന്ന ആണെഴുത്ത് ഇതാണ് ആണുങ്ങളെ പഠിപ്പിച്ചത്. ഒന്നുകിൽ വിധേയപ്പെടുത്തുക അല്ലെങ്കിൽ കൊന്നുകളഞ്ഞേക്കുക, വാസ്തവത്തിൽ ഇത് യാതൊരുതരത്തിലുള്ള ജീവിതസാക്ഷാത്കാരവും ആർക്കും നൽകുന്നില്ല. എല്ലാവരും പീഡിപ്പിക്കപ്പെടുന്നു; തലച്ചോറിലും തീ ശരീരത്തിലും തീ , ഈ തീപിടിച്ച അവയവങ്ങൾ കൊണ്ട് പുരുഷൻ ബലാൽക്കാരങ്ങൾ ചെയ്യുന്നു. ഇത് സന്മാർഗമല്ലെന്നു മാത്രമല്ല ഉള്ളിലെ സ്വയം ഉള്ള വെറുപ്പിനെ അടക്കാൻ പോലും ഇത് സഹായിക്കുന്നില്ല. ആണെഴുത്ത് ദേഷ്യം വരുമ്പോൾ സിഗരറ്റ് കത്തിക്കുന്നു, മദ്യപിക്കുന്നു, ശരീരത്തെയും മനസ്സിനെയും വീണ്ടും നോവിക്കുന്നു, സഹായം തേടാനുള്ള മനുഷ്യന്റെ ത്വരയെ അപമാനിക്കുന്നു. ചിലർ സ്വന്തം ജനനത്തിൽ അപലപിക്കുന്നു ചിലർ മറ്റുള്ളവരെ വേദനിപ്പിച്ച് തന്റെ വെറുപ്പ് പരത്തുന്നു. എന്നാൽ എല്ലാത്തിനെയും അംഗീകരിക്കലാണ് പെണ്ണെഴുത്ത്. പെണ്ണെഴുത്തിലെ ആണുങ്ങൾ ചിരിക്കുന്നവരാണ്, കരയുന്നവരാണ്, സംസാരിക്കുന്നവരാണ്, സമാധാനിപ്പിക്കുന്നവരാണ്, സഹായം ചോദിക്കുന്നവരാണ് ഇത്തരക്കാർക്ക് ആരെയും കൊല്ലേണ്ടി വരില്ല, സ്വന്തം ജീവൻ എടുക്കേണ്ടി വരില്ല, സിഗരറ്റ് വലിക്കേണ്ടി വരില്ല, മദ്യപിച്ച് ബോധരാഹിത്യം വന്നുറങ്ങേണ്ടി വരില്ല.

സ്ത്രീ കേന്ദ്രീകൃത വ്യവസ്ഥിതിയിൽ സമ്മർദ്ദത്തോടെ ആളുകൾക്ക് ജോലി ചെയ്യേണ്ടി വരില്ല. സ്വന്തം രൂപത്തിലപകർഷരാകേണ്ടി വരില്ല. ജനിക്കേണ്ടിയിരുന്നില്ല എന്ന് തോന്നില്ല. അവസാനമായി യുദ്ധങ്ങൾ ഉണ്ടാകില്ല. പെണ്ണ് എഴുത്ത് നിങ്ങൾ ഓരോരുത്തരെയും പരിഗണിക്കും, ആവലാതികൾക്ക് ഊന്നൽ തരും വ്യക്തിത്വത്തെ ബഹുമാനിക്കും, നിങ്ങളെ മാംസമായി കാണുകയില്ല ബോധത്തിന് വില നൽകുമ്പോഴാണ് എഴുത്ത് ആസ്വാദ്യമാകുന്നത്. വികാരങ്ങൾക്ക് ഊന്നൽ നൽകുമ്പോഴാണ് വരികൾ മാനുഷികമാകുന്നത്. അല്ലാത്ത കലകൾ ആരെയും സഹായിക്കുന്നില്ല.

ജിഷ്ണ എം കെ

# പാട്ട്

എല്ലാർക്കും  എല്ലാരേം ഇഷ്ടപ്പെടാൻ പറ്റീന്നെങ്കിലെന്ന് ഞാൻ ആലോയ്ക്കല്ണ്ട്. അങ്ങനേന്നിങ്കില് തല പെരുത്ത് നടക്കണ മനുഷ്യന്മാര് ഈ അണ്ഡകടാഹത്തില് ഇണ്ടാവൂലേനു. നൊണ പറയാൻ മനുഷ്യന്മാർക്ക് അറിയില്ലേനു. അയ്ന്റെല്ലാം മോളില് ആരും ആരേം കൊല്ലൂല്ലേനു. കറുത്തതീന്ന് വെളുത്തതിനേം വെളുത്തതിൽന്ന് കറുത്തതിനേം പെറുക്കിയെടുക്കണ ശീലം ഇല്ലാത്തോണ്ട് ഒരുപാടിഷ്ടം തോന്ന്യ ഒരുത്തനേണ് ഓർക്കാപ്പുറത്തായാലും പ്രേമിക്കാൻ തയ്യാറായത് പാട്ട് പാടുമ്പോ തള്ള വെരല് മുറുക്കിപ്പിടിച്ച് പാടുന്നോൻ, ഗസലോളെ കാമുകിയാക്കി കയ്യിന്റുള്ളിൽ വക്കണോൻ. ഉലുവേം മഞ്ഞളും മണക്കണ അങ്ങാടിത്തെരുവും, തിക്കും തെരക്കും ഹലുവേം തിന്നണ മിട്ടായിത്തെരുവും, വൈകുന്നേരം കഥ പറയണ മാനാഞ്ചിറയും കോലൈസിനെ തണുപ്പിക്കണ ആള് കൂടിയ ബീച്ചും, ബാബുക്കാന്റെ പാട്ട് പാടുമ്പോൾ മാത്രം ഹാർമോണിയം മുരളുന്ന മച്ചും അങ്ങനെ ഓന്റെ പാട്ട് കേക്കാൻ കൊതിക്കാത്ത കോയിക്കോട്ടാര് ഇണ്ടേർന്നില്ല. പക്ഷെ ആദ്യായിട്ട് സൊറ പറഞ്ഞിരുന്ന കട്ടൻചായക്ക് ശേഷം ഓൻ പാടിയതെല്ലാം ഇന്നെക്കുറിച്ചേനു. ആർക്കും ആരേം ബോധ്യപ്പെടുത്താതെ ഞങ്ങള് പരാഗൺന്ന് ബിരിയാണി തിന്നു, കടൽക്കാറ്റ്കൊണ്ട് ഉപ്പും മധുരോം ചേർത്ത് ഐസൊരതി കോരിത്തിന്നു, പ്രേമിച്ചു, ഉമ്മ വച്ചു, മേലുള്ള മറുകുകള് എണ്ണിച്ചിരിച്ചു. ഒടുവിൽ ഒരു തെറ്റും ചെയ്യാത്ത ഓന്റെ പാട്ടിനെ പത്തുപന്ത്രണ്ടാളുകൾ കല്ലായിപ്പുഴേല് മുക്കിക്കൊന്നു. അടക്കം ഇന്നലേനു കല്ലായിപ്പുഴക്ക് വെഷമണ്ട്!

എന്തിനാണ് മനുഷ്യൻ മനുഷ്യനെതന്നെ കൊല്ലുന്നേന്ന് എത്ര ആലോയ്ച്ചിട്ടും ഇക്ക് മനസ്സിലാവണ്ല്ല. വഴിയോരത്ത് നിക്കണ പാഴ്ച്ചെടി പോലെ പ്രേമവും വെയിലേറ്റ് കരിയുംന്ന് വിചാരിച്ചിട്ടേയ്ക്കും, വെള്ളത്തില് മുക്കിയ സ്പീക്കറ് പോലെ പാട്ട് പാടില്ലെന്ന് വിചാരിച്ചിട്ടേയ്ക്കും.

എന്തായാലും നന്നായി ഒന്നും പറയാനില്ല. അങ്ങാടിയിൽ വെളിച്ചമിട്ട് തൊടങ്ങി തെരക്ക് കൂടി വരണ്ട്. ഇഷ്ടങ്ങളുണ്ടായോണ്ടേയ്ക്കും ഇനിക്ക് ഇഷ്ടക്കേടൊന്നും തോന്നാത്തെ. ഏതായാലും ഞാനൊരു പാട്ട് പാടട്ടെ!




അമൃത.സി

ഇടവഴിയിൽ പെട്ട പട്ടിയുടെ അവസ്ഥ പോലെയെന്നൊരു നാടൻ ചൊല്ലുണ്ട് മനുഷ്യർക്കിടയിൽ. ഒരുപക്ഷേ വീതി കുറഞ്ഞ വഴികളിലെത്തുമ്പോളുണ്ടാവുന്ന പരിഭ്രമത്തെയാവും ഈ ചൊല്ല് സൂചിപ്പിക്കുന്നത്. സംഗതി വാസ്തവമാണ്. തോട്ടിൻ പുറം കോളനിയിലേക്കുള്ള രണ്ട് വഴികളും ഇറുകിയതും ഇടുങ്ങിയതുമാണ്. ഒരാൾക്ക് കഷ്ടിച്ച് നടന്നു പോവാം എന്നതാണാവസ്ഥ. ഇമ്പിച്ചി വളവിൽ നിന്ന് ഇടത്തോട്ട് തിരിയുമ്പോൾ കാണുന്ന റോഡിനോട് ചേർന്നൊരു ഓടയുണ്ട്. അത് ചാടിക്കടന്നാൽ കാണുന്ന കുറിയ വഴിയിലേക്ക് ചാടി നേരെ നടന്നാൽ തോട്ടിൻ പുറം കോളനിയിലേക്ക് എളുപ്പമെത്താം. എന്നാൽ ഈ വഴി അധികമാരും ഉപയോഗിക്കാറില്ല.അതിന് രണ്ട് കാരണങ്ങളാണുള്ളത്. ഓട ചാടിക്കടക്കാനുള്ള പ്രയാസമാണ് അതിൽ പ്രധാനപ്പെട്ടത്. പ്രത്യേകിച്ചും പ്രായമായവർക്ക്. ഇമ്പിച്ചി വളവ് മുതൽ മൂത്തേടത്ത് താഴം വരെയുള്ള മുഴുവൻ കടകളിലെയും ചില വീടുകളിലെയും മാലിന്യങ്ങൾ ഈ ഓടയിലും പരിസരത്തും നിക്ഷേപിക്കുന്നതാണ് രണ്ടാമത്തെ കാരണം.



ഇമ്പിച്ചി വളവിൽ നിന്ന് ഇടത്തോട്ട് തിരിയുമ്പോൾ കാണുന്ന റോഡിനോട് ചേർന്നൊരു ഓടയുണ്ട്. അത് ചാടിക്കടന്നാൽ കാണുന്ന കുറിയ വഴിയിലേക്ക് ചാടി നേരെ നടന്നാൽ തോട്ടിൻ പുറം കോളനിയിലേക്ക് എളുപ്പമെത്താം.



രണ്ടാമത്തെ വഴി സാമാന്യം മെച്ചപ്പെട്ടതാണെന്ന് കാണുന്നവർക്ക് തോന്നും. എന്നാൽ അത് തോന്നൽ മാത്രമാണെന്ന് മാളുവിന് ബോധ്യപ്പെട്ടത് സുജ കുളിമുറിയിൽ തലയടിച്ച് വീണ ദിവസമാണ്. അന്ന് മൂന്ന് മാസമാണ് മാളുവിന്റെ പ്രായം. ഓർമ തെളിഞ്ഞു തുടങ്ങുന്ന പ്രായം.പാലും കുടിച്ച് വയറ് വീർപ്പിച്ച് മനോജിന്റെ വർക്ക് ഷോപ്പിന്റെ മുന്നിൽ കിടക്കുമ്പോഴാണ് സംഭവം. മനോജിന്റെ വർക്ക് ഷോപ്പും റബീഹിന്റെ മൊബൈൽ ഷോപ്പും പിന്നെയും ചില കടകളൊക്കെയുള്ള ഏരിയയ്ക്ക് പിന്നിലൂടെയാണ് കോളനിയിലേക്കുള്ള ദുരിതം പിടിച്ച ആ രണ്ടാമത്തെ വഴി. ചോര തലയിൽ നിന്ന് വാർന്നൊഴുകുന്ന സുജയെ മൂന്ന് പേര് ചേർന്ന് മലർത്തിയെടുത്തിട്ടുണ്ട്. പാതി ബോധത്തിൽ സുജ മുരളുന്നു. വഴിയിലൂടെ അവളെയുമെടുത്ത് നടന്നു വരുന്ന മനുഷ്യരുടെ മുഖം പിന്നീടൊരിക്കലും മറക്കാനാവുന്നതല്ല. അതായിരുന്നു മാളുവിന്റെ ഓർമയിലെ ആദ്യത്തെ ദുരിതകാഴ്ച.

ആസ്പത്രിൽ നിന്ന് സുജയെ തിരികെ കൊണ്ട് വരുന്നത് വരെ എങ്ങും പോകാൻ തോന്നാതെ മാളു വർക്ക്ഷോപ്പിന്റെ അരികിൽ തന്നെ കിടന്നു. വണ്ടി നിർത്തി സുജയും കൂടെയുള്ളവരും ഇറങ്ങി കോളനിയിലേക്കുള്ള വഴിയിലേക്ക് നടക്കുമ്പോൾ പിന്നാലെ മാളുവും നടന്നു. മാളുവിനെ കുണുങ്ങിയുള്ള നടത്തം കണ്ടപ്പോൾ സുജ കൈ കൊണ്ട് ആംഗ്യം കാണിച്ചു. അവരുടെ തലയിൽ വെളുത്ത പരുത്തി കൊണ്ട് കെട്ടിയിട്ടുണ്ട്. നനഞ്ഞ മുടിയിഴകൾക്ക് നേരിയ ചോര മണമുമുള്ളതായി മാളുവിന് അനുഭവപ്പെട്ടു. സുജയും കൂട്ടരും കൂടെ മാളുവും നടന്നു. വീടെത്തും വരെയുള്ള കാഴ്ചകളെല്ലാം മാളുവിന് പുതിയ അനുഭവമായിരുന്നു. ഇടുങ്ങിയ വഴികളിലൂടെ നടന്നപ്പോൾ മാളുവിന് പോലും ശ്വാസം മുട്ടി. ആ വഴിയിലൂടെ അവരെങ്ങനെ സുജയെ റോട്ടിലേക്കെത്തിച്ചെന്നോർത്ത് മാളു വേവലാതിപ്പെട്ടു.






**ആസ്പത്രിൽ നിന്ന് സുജയെ തിരികെ കൊണ്ട് വരുന്നത് വരെ എങ്ങും പോകാൻ തോന്നാതെ മാളു വർക്ക്ഷോപ്പിന്റെ അരികിൽ തന്നെ കിടന്നു. വണ്ടി നിർത്തി സുജയും കൂടെയുള്ളവരും ഇറങ്ങി കോളനിയിലേക്കുള്ള വഴിയിലേക്ക് നടക്കുമ്പോൾ പിന്നാലെ മാളുവും നടന്നു.**




വഴി അവസാനിക്കുന്നയിടത്ത് നിന്ന് പുതിയ വഴികൾ ആരംഭിക്കുന്നത് മാളു കണ്ടു. ചുറ്റിലും തുരുതുരെ വീടുകൾ. ഒരു വീട്ടിൽ നിന്ന് അടുത്തതിലേക്ക് വേണ്ടത്ര അകലമില്ല. മുറ്റത്തും മുന്നിലുമായി കുട്ടികളും പ്രായമായവരും ഇരിക്കുന്നു. മിക്ക വീടുകളിലും ആളനക്കമില്ല. അതിരാവിലെ പലരും ആ വഴി നടന്ന് വന്ന് തൊഴിൽ വണ്ടികളിൽ കയറുന്നത് മാളു കണ്ടിട്ടുണ്ട്. അവരുടെ തുണികൾ അയകളിൽ വിരിച്ചിട്ടിട്ടുണ്ട്. കഴുകിയ പത്രങ്ങളെല്ലാം പുറത്തുള്ള മണ്ണടുപ്പിനോട് ചേർന്ന് മനോഹരമായി ക്രമപ്പെടുത്തിയിട്ടുണ്ട്. ചില വീടുകളുടെ പുറമെയായി ടാർപ്പായ കൊണ്ട് കെട്ടിയ കുളിമുറികൾ.പിന്നെ വീടും ചുറ്റുപാടും വൃത്തിയാക്കുന്ന ഉത്സാഹികളായ കോഴികൾ. ഓരോ വീട്ടിലും ഓരോന്നെന്ന മട്ടിൽ പൂച്ചകൾ. അവർ കുട്ടികളുടെയും പ്രായമായവരുടെയും അരുമയായി വിലസുന്നു. മുറ്റമേത് അതിരേതെന്ന് തിരിച്ചറിയാനാവാത്തത്ര ഇഴയെടുപ്പത്തിൽ എല്ലാ വീടുകളിലും പൂക്കളും, ചെടികളും, പച്ചക്കറി കൃഷികളും. വിസ്താരം കുറഞ്ഞ ആ കുഞ്ഞു സ്ഥലത്തെ എത്ര മനോഹരമായാണിവർ പരിപാലിക്കുന്നതെന്ന് മാളു അത്ഭുതം കൊണ്ടു. വീടെത്തിയപ്പോൾ സുജ അകത്തേക്ക് കയറി. ഒരു പത്രത്തിൽ ചോറുമായി പതുക്കെ വന്നു. എത്രയോ കാലമായി അടുപ്പമുള്ളൊരാളോടെന്ന പോലെ മാളുവിന്റെ അരികിലേക്ക് വന്നു.സുജയ്ക്ക് അറപ്പോ ഭയമോ ഇല്ല. സ്നേഹമുള്ള കണ്ണുകൾ, കൈകൾ. മാളു വാലാട്ടി കൊണ്ട് സുജയ്ക്ക് ചുറ്റും ഓടി നടന്നു.സുജ കുഴച്ച ചോറ് പാത്രത്തോടെp മാളുവിന് മുന്നിൽ വച്ചു. മാളു സുജയുടെ കണ്ണുകളിലേക്ക് നോക്കി.കോളനിയിലേക്കുള്ള വഴികൾ മാത്രമാണ് ഇടുങ്ങിയതായുള്ളതെന്ന് മാളുവിന് തോന്നി.

തിരിച്ചു നടക്കുമ്പോൾ മാളുവിന് കണ്ണ് നിറഞ്ഞു. വഴികൾ കാണുമ്പോൾ വീണ്ടും ശ്വാസം മുട്ടി. മനോജിന്റെ വർക്ക്ഷോപ്പിന്റെ അരികിലെ തിണ്ണയിൽ പോയ് കിടന്നു. കോളനിയിലെ മനുഷ്യരെയോർത്ത് മാളുവിന് ഭയം വന്നു. കണ്ണുകളടയ്ക്കാൻ പറ്റുന്നില്ല. ഒരു ഗർഭിണി എടായിലൂടെ കാലുകൾ വിടർത്തി വച്ച് നടന്ന് നടന്നു വരുന്നത് മാളുവിന്റെ കണ്ണിൽ നിറയുന്നു. നിരവയറുണ്ടർക്ക്.കൈകൾ ഊരയ്ക്ക് കൊടുത്ത് വയറ് താങ്ങി കിതച്ച് പതുക്കെയാണവർ വരുന്നത്. ഭയം കൊണ്ട് മാളുവിന്റെ ശരീരം വിറച്ചു. അവർ ഓടയുടെ കുറുകെയുള്ള കോൺക്രീറ്റ് കഷ്ണത്തിലേക്ക് കാല് വക്കാനോങ്ങിയതും പെട്ടന്നൊരു പൂച്ച കുറുകെ ചാടിയതും മാളു കുരച്ച് മുന്നോട്ടാഞ്ഞതും ഒന്നിച്ചായിരുന്നു. ഓടയ്ക്ക് ചുറ്റും ചോര മണം.ഭയത്തിന് ചുവപ്പ് നിറം.


ബോധമുദിച്ച കാലം മുതലാണ് നായിന്റെ മോന് ചുറ്റുപാടിലും സംശയങ്ങൾ വന്നു തുടങ്ങുന്നത്
USE ME


അടുത്തടുത്ത മണങ്ങളിൽ
ഉണക്കമീനും സാമ്പ്രാണിയും
മുന്തി നിന്നെങ്കിലും
പറഞ്ഞു വന്നപ്പോൾ
"ഒണക്ക മീനിന് നാറ്റവും
സാമ്പ്രാണിക്ക് മണവും"


എന്തിനാണെനിക്കറിയില്ല
അയാളപ്പോ ചിരിച്ചോണ്ടെയിര്ന്ന്
ഞാനപ്പോ കരഞ്ഞില്ല
ഞാനപ്പോ... ഞാൻ.. ഞാ... ഞ..


6
പാടത്ത് പന്ത് തട്ടുന്ന കുട്ടികൾ
പാടമവരുടെ സ്വന്തമെന്ന് കരുതുന്നു

അൻസിഫ് ഏലംകുളം



# ഗാലറികളിൽ ഫൗൾ വിസിൽ മുഴങ്ങുന്നു

സമൂഹത്തിൽ ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്ന ഘടനാപരമായ വിവേചനങ്ങളെ അടയാളപ്പെടുത്താതെ ജീവിക്കൽ സങ്കീർണമാണ്. മനസ്സിന്റെ കോണിൽ എന്റേതെന്നും നിന്റേതെന്നുമുള്ള വേലികെട്ടലിൽ നിന്ന് പോസ്റ്റ്മോഡേൺ കാലത്തും നമ്മൾ മാറിയിട്ടില്ലെന്നത് അവിതർക്കിതമാണ്. വംശീയത കൊളോണിയലിസത്തിന്റെ സന്തതിയാണ്.ആഫ്രിക്കയെ മുമ്പ് അധിനിവേശം നടത്തിയിരുന്ന യൂറോപ്യന്മാർ അവർ 'lessor humans' ആണെന്നും അവരെ പുനരുദ്ധരിക്കൽ വെള്ളക്കാരുടെ ഭാരമാണെന്നും പ്രചരിപ്പിച്ചു. പാശ്ചാത്യരുടെ സിനിമകളിലും കാർട്ടൂണുകളിലും പെയിന്റിംഗുകളിലും ഏഷ്യ, ആഫ്രിക്ക ജനങ്ങളെ അബലരും അശക്തരും വിരൂപികളും അലഞ്ഞുനടക്കുന്നവരുമായി (nomedic) ചിത്രീകരിച്ചു. എഡ്വെർഡ് സൈദിന്റെ പഠനങ്ങൾ ഇത് സൂചിപ്പിക്കുന്നുണ്ട്. അമേരിക്കൻ ഫുട്ബോൾ ലീഗുകളിൽ അതിതീവ്രമായി നിലനിന്നിരുന്ന അധമമനോഭാവം യൂറോപ്പിലേക്ക് പടർന്നത് അടുത്ത കാലത്താണ്. മെഡിറ്ററേനിയൻ കടൽ കടന്ന് അഭയാർത്ഥികൾ കൂട്ടം കൂട്ടമായി യൂറോപ്യൻ രാജ്യങ്ങളിലേക്ക് പ്രവേശിച്ചതാവാം തുടക്കം. അഭയാർത്ഥികളോടുള്ള ഭരണകൂട വിമുഖത ജനങ്ങളും വച്ചുപുലർത്തിയതോടെ കലുഷിതമായ അന്തരീക്ഷം രൂപപ്പെട്ടു.

*If you don't like something,Change it.*
*if you can't Change it, change your attitude.*

***Maya angelou***

സ്പെയിൻ, ഗ്രീസ്, ഇറ്റലി തുടങ്ങിയ അഭയാർത്ഥി പ്രവാഹമേറിറിയ രാജ്യങ്ങളിൽ വർധമാന തോതിൽ വംശീയ അധിക്ഷേപങ്ങൾ രേഖപ്പെടുത്തപ്പെട്ടു.2010 മുതൽ യൂറോപ്പിലുണ്ടായ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ മാറ്റങ്ങൾ, സിറിയയിലെ ആഭ്യന്തര കലാപം, മ്യാന്മറിലെ വംശഹത്യ എന്നിവ പലായനത്തിലേക്കും അതുമൂലം അതിതീവ്ര ദേശീയവാദം ഉടലെടുക്കാനും കാരണമായി. അന്യതാബോധത്തിൽ നിന്നാണ് അപഹാസങ്ങളും അക്രമസ്വഭാവങ്ങളും പൊട്ടിപ്പുറപ്പെട്ടത്. ഇതിന്റെ ഭാഗമായി സ്പാനിഷ് ലീഗ്, ലാ ലീഗ എന്നിവ വംശവെറിയുടെ പ്രദർശനശാലകളായി മാറി.



രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ വംശവെറിയോട് വിധേയപ്പെടുന്നതിൽ അത്ഭുതപ്പെടാനില്ല. തീവ്ര വലതുപക്ഷ കാഴ്ചപ്പാടുള്ളവർ ഭൂരിപക്ഷത്തെ പ്രീണിപ്പിക്കാൻ കറുത്ത വർഗക്കാരെ പീഡിപ്പിക്കുന്നു. ബാഹ്യലോകത്തെ ഇത്തരം ഉരസലുകളുടെ പ്രതിഫലനമാണ് ഗാലറിയിലൂടെയും പുറത്തുവരുന്നത്. കുരങ്ങന്മാരുടെ ചേഷ്ടകൾ കാണിക്കുക, കൂവുക, ഏത്തപ്പഴവും വെള്ളക്കുപ്പിയും വലിച്ചെറിയുക എന്നിവയെല്ലാം തെളിവുകളാണ്. ലാരി കോളിൻസും ഡോമിനിക് ലാപ്പിയറും ചേർന്നെഴുതിയ 'ഈസ് പാരിസ് ബേണിങ് 'എന്ന കൃതിയിൽ കുടിയേറ്റക്കാരോടുള്ള വിദ്വേഷത്തിന്റെ മലീമസമായ ചിത്രം ഉയർത്തിക്കാണിക്കുന്നുണ്ട്. ഫ്രാൻസിൽ പോലീസുകാരാൽ വേട്ടയാടപ്പെടുന്ന ആഫ്രിക്കൻ, അറബ് വംശജരുടെ വാർത്തകൾ ആധികാരികതയേറ്റുന്നു. ഫ്രാൻസിന്റെ വേൾഡ് കപ്പ് ഫൈനൽ തോൽവിക്ക് ശേഷം കിങ്സ്‌ലി കോമാൻ, ഒറേലിയോ ഷോമനി എന്നീ താരങ്ങൾ സഹിച്ച പരിഹാസവാക്കുകൾക്കും കൂകിവിളികൾക്കുമപ്പുറം അപരവൽക്കരണത്തിന്റെ മുഖംമൂടിയുണ്ടായിരുന്നു. ഒളിവർ ജിറൂദിനോ ഗ്രീസ്‌മാനോ തോൽവിയുടെ പേരിൽ പഴികേട്ടില്ല.



**ഫ്രാൻസിന്റെ വേൾഡ് കപ്പ് ഫൈനൽ തോൽവിക്ക് ശേഷം കിങ്സ്‌ലി കോമാൻ, ഒറേലിയോ ഷോമനി എന്നീ താരങ്ങൾ സഹിച്ച പരിഹാസവാക്കുകൾക്കും കൂകിവിളികൾക്കുമപ്പുറം അപരവൽക്കരണത്തിന്റെ മുഖംമൂടിയുണ്ടായിരുന്നു.**

'എംബാപ്പയെ രാത്രിയിലെങ്ങാൻ വഴിയിൽ കണ്ടാൽ നമ്മൾ ഞെട്ടി എഴുദിവസം പനിപിടിച്ച് കിടക്കും' എന്ന ടി. ജി മോഹൻദാസിന്റെ വിഷലിപ്തമായ പോസ്റ്റിലെ കമന്റുകളും ഞെട്ടിപ്പിക്കുന്നതായിരുന്നു. ഇത്തരം തമാശകളെ ഗ്ലോറിഫൈ ചെയ്യുന്നതും പ്രചരിപ്പിക്കുന്നതും ഭീതിയുളവാക്കുന്നുണ്ട്.

2018 ലോകകപ്പിൽ ജർമനി ആദ്യറൗണ്ടിൽ തന്നെ പുറത്തായതിന്റെ അരിശം ആരാധകരും മുൻകളിക്കാരും തീർത്തത് ഓസിലിനെ വംശീയമായി അധിക്ഷേപിച്ചു കൊണ്ടായിരുന്നു.കൊറിയക്കെതിരെയുള്ള ഞെട്ടിപ്പിക്കുന്ന തോൽവിയിൽ പോലും ഓസിൽ എഴോളം മികച്ച അവസരങ്ങൾ സൃഷ്ടിച്ചിരുന്നു. തുർക്കിയിൽ നിന്ന് കുടിയേറി വന്നവരായിരുന്നു ഓസിലിന്റെ കുടുംബം. ലോകകപ്പിന് മുമ്പ് തുർക്കി പ്രസിഡന്റ് ഉർദുഗാനുമൊത്തുള്ള ഫോട്ടോ ഓസിൽ പോസ്റ്റ് ചെയ്തത് ജർമനിയിലെ വലതുപക്ഷ കക്ഷികളെ ചൊടിപ്പിച്ചിരുന്നു. സംഭവത്തിൽ ഖേദം പ്രകടിപ്പിച്ചിട്ട് പോലും ഓസിലും കുടുംബവും നിരവധി അപഹാസ്യങ്ങൾക്ക് പാത്രമായി. ഗോളാടിക്കുമ്പോൾ മാത്രം ജർമനിക്കാരനും അല്ലാത്തപ്പോഴെല്ലാം അയാൾ തുർക്കിക്കാരനുമായി. ഇനിയൊരിക്കലും ജർമനിക്ക് വേണ്ടി ബൂട്ടണിയില്ലെന്നത് വംശീയതക്കെതിരെ ഫുട്ബോൾ ലോകം കണ്ട മികച്ചൊരു പ്രസ്താവനയായിരുന്നു.



2021 ജൂലൈ 12 ന് ഇംഗ്ലണ്ട് -ഇറ്റലി മത്സരത്തിൽ പെനാൽറ്റി നഷ്ടപ്പെടുത്തിയതിനെ തുടർന്ന് റാഷ്ഫോഡിനെ ഇംഗ്ലീഷ് ആരാധകർ കൂട്ടത്തോടെ വേട്ടയാടി. 'ഞാൻ ആരാണെന്ന

**2018 ലോകകപ്പിൽ ജർമനി ആദ്യറൗണ്ടിൽ തന്നെ പുറത്തായതിന്റെ അരിശം ആരാധകരും മുൻകളിക്കാരും തീർത്തത് ഓസിലിനെ വംശീയമായി അധിക്ഷേപിച്ചു കൊണ്ടായിരുന്നു. കൊറിയക്കെതിരെയുള്ള ഞെട്ടിപ്പിക്കുന്ന തോൽവിയിൽ പോലും ഓസിൽ എഴോളം മികച്ച അവസരങ്ങൾ സൃഷ്ടിച്ചിരുന്നു. തുർക്കിയിൽ നിന്ന് കുടിയേറി വന്നവരായിരുന്നു ഓസിലിന്റെ കുടുംബം. ലോകകപ്പിന് മുമ്പ് തുർക്കി പ്രസിഡന്റ് ഉർദുഗാനുമൊത്തുള്ള ഫോട്ടോ ഓസിൽ പോസ്റ്റ് ചെയ്തത് ജർമനിയിലെ വലതുപക്ഷ കക്ഷികളെ ചൊടിപ്പിച്ചിരുന്നു.**

തിന്റെ പേരിൽ ഒരാളോടും മാപ്പ് പറയില്ല 'എന്ന പ്രതികരണം ശ്രദ്ധേയമായിരുന്നു.2012 സ്പാനിഷ് ലീഗിൽ ബാർസ -വിയ്യാറയൽ മത്സരം നടക്കുമ്പോൾ കോർണർ കിക്കെടുക്കാനെത്തിയ ഡാനി ആൽവസിനുനേരെ കാണികൾ പഴമെറിഞ്ഞു. കിക്കിനു മുമ്പ് പഴം തൊലിയുരിഞ്ഞ് കഴിച്ചത് വംശീയവാദികൾക്കേറ്റ കനത്ത മറുപടിയായി. സമൂഹ മാധ്യമങ്ങളിൽ പഴം കഴിച്ചുകൊണ്ട് ആൽവസിന് പിന്തുണയുമായി വൻതാരനിര രംഗത്തു വന്നു.

'Why always me' എന്നെഴുതിയ ഇന്നർ കാണിക്കുന്ന, വിതുമ്പുന്ന മാരിയോ ബലോടെല്ലിയുടെ മുഖം ഫുട്ബോൾ ചരിത്രത്തിന്റെ കണ്ണിലെ കരടാണ്. ഇരയുടെ മാനസികാരോഗ്യം ക്ഷയിക്കുകയും വൈകാരികമായി പെരുമാറാൻ സാധ്യതയുണ്ടെന്നും അറിവുള്ളത് കൊണ്ട് എതിർടീമിലെ കളിക്കാർക്ക് നേരെ പ്രയോഗിക്കാവുന്ന ഉപായമായും കാണികൾ ഇത് പുറത്തെടുക്കാറുണ്ട്. വംശീയ വിരുദ്ധ സംഘടനകളും ക്യാമ്പയിനുക






ളും സമീപകാലത്താണ് ഫുട്ബോളിൽ സജീവമായത്. 1993/94 കാലത്ത് 'let's kick racism out of football ' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. അതുമുതൽ ഘട്ടം ഘട്ടമായി വംശീയ വിരുദ്ധ പരിപാടികൾ ഫുട്ബോളിൽ വികസിച്ചു. 'Say no to racism' എന്ന പേരിൽ യുവേഫയും 'No room for racism' എന്ന പേരിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗും ക്യാമ്പയിനുകളുമായി രംഗത്തുണ്ട്. ഗാലറികളിൽ കാണിക്കുന്ന ആംഗ്യങ്ങളും ആക്രോശങ്ങളും കുറ്റമാണെങ്കിലും നിയമനടപടികളെക്കുറിച്ച് വ്യക്തതയില്ല. പഴുതിലൂടെ പലരും രക്ഷപ്പെടുന്നു. Kick it out എന്ന ബ്രിട്ടീഷ് സംഘടന 2020 സീസണിൽ മാത്രം 446 സംഭവങ്ങൾ വംശീയാധിക്ഷേപവുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ഫിഫ തുടർന്നു വരുന്ന കാണികളെ താക്കീതുചെയ്യുക, കളി നിർത്തി വെക്കുക എനിവക്കപ്പുറം ദീർഘ കാലാടിസ്ഥാനത്തിലുള്ള പരിഹാരങ്ങൾ തേടണം. നിയമനിർമാണത്തിലൂടെയും സുതാര്യമായി അവ നടപ്പാക്കുന്നതിലൂടെയും മാത്രമേ വംശീയതയെ അതിജീവിക്കാനാവൂ. 'Let america be america again' എന്ന

**1993/94 കാലത്ത് 'let's kick racism out of football ' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. അതുമുതൽ ഘട്ടം ഘട്ടമായി വംശീയ വിരുദ്ധ പരിപാടികൾ ഫുട്ബോളിൽ വികസിച്ചു. 'Say no to racism' എന്ന പേരിൽ യുവേഫയും 'No room for racism' എന്ന പേരിൽ ഇംഗ്ലീഷ് പ്രീമിയർ ലീഗും ക്യാമ്പയിനുകളുമായി രംഗത്തുണ്ട്.**

കവിതയിൽ ലാങ്ങ്സ്റ്റൺ ഹ്യൂസ് 'ഇരുട്ടിൽ പിറുപിറുക്കുന്ന നിങ്ങൾ ആരാണെ'ന്ന ചോദ്യം ഉന്നയിക്കുന്നുണ്ട്. ഇരുട്ടിന്റെ മറവിൽ എടുത്തുപ്രയോഗിക്കാവുന്ന ഒളിയമ്പുമായി ചുറ്റുമുള്ള മനുഷ്യരെ വേട്ടയാടുന്ന അക്രമികളെ കരുതിയിരിക്കണം. ഫ്ലോയ്ഡിലോ വിനീഷ്യസിലോ മാത്രം എരിഞ്ഞുതീരുന്നതല്ല അവരുടെ വെറി.

അഫ്സൽ

# അസാധാരണമായി സ്റ്റാർട്ടാകുന്ന വണ്ടികൾ

ബ്യൂണസ് ഐറിസ് എന്ന അർജന്റീനയിലെ തെരുവിൽ നിന്നും ലാപെഡറോസാ എന്ന് സ്നേഹപൂർവ്വം വിളിക്കപ്പെടുന്ന ഇരു ചക്രവാഹനം അതുവരെ പുസ്തകങ്ങളിൽ നിന്നു മാത്രം പരിചയമുണ്ടായിരുന്ന ലാറ്റിനമേരിക്കയുടെ വിവിധ ഭാഗങ്ങൾ കഴിയുന്നത്രയും പര്യവേക്ഷണം ചെയ്യാനായി പുറപ്പെട്ടു. ചൂഷിതരായവരെയും മർദ്ദിക്കപ്പെട്ടവരെയും രോഗികളെയും അടുത്തറിഞ്ഞ ആ യാത്ര അയ്യായിരം മയിലുകൾ കടന്നപ്പോൾ സാമ്രാജ്യത്വ ശക്തികൾ എക്കാലവും ഭയപ്പെടുന്ന ഒരു പേര് രൂപപ്പെട്ടു. കാലക്രമേണ ലോകം ആ പേര് ചുരുക്കി വിളിച്ചു കോമ്രേഡ് 'ചെ'. ലോകം കണ്ട മഹാനായ വിപ്ലവകാരി ഏണസ്റ്റോ ചെഗുവേര. ഏത് പാതിരാത്രിയിലും വീര്യം നിറക്കുന്ന ഈ കഥ തലമുറകളായി കടന്നുവരുന്നതാണ്. ഏതൊരു ചെറുപ്പക്കാരെയും സ്കൂട്ടറെടുത്ത് ലോകം കറങ്ങാൻ ഇത് പ്രേരിപ്പിച്ചേക്കാം. 'മോട്ടോർ സൈക്കിൾ ഡയറീസ്' എന്ന ചെഗുവേരയുടെ യാത്രക്കുറിപ്പ് പോലെ തന്നെ ലാപെഡറോസയുടെ ശബ്ദവും ഭൂഗോളത്തിലെ മനുഷ്യരുടെ ഹൃദയത്തിൽ മുഴങ്ങുന്നു. എന്നാൽ ഇന്ന് ഇവിടെ കഥ വ്യത്യസ്തമാണ്. കെ ടി എമ്മും ഡ്യൂക്കും പോലുള്ള ബൈക്കുകളുടെ റീലുകൾ ആണ് ആധുനിക സമൂഹത്തിൽ അമിതവേഗതയിൽ മുഴങ്ങുന്നത്. മുഴങ്ങുന്നതും മുഴക്കുന്നതുമല്ല പ്രശ്നം അത് നിർമ്മിച്ചെടുക്കുന്ന കണ്ണാപ്പി വിളികളും കോളനി വിളികളുമാണ്. ഒരു മനുഷ്യനെ എത്രത്തോളം തളർത്താം? അതിനു പറ്റിയ മനുഷ്യത്വമില്ലാത്ത ആയുധമാണ് ബോഡി ഷെയ്മിങ്. ശരീരം കളിയാക്കപ്പെടാനും കൂടിയുള്ളതാണെന്ന മനുഷ്യന്റെ ചിന്ത എന്നുമുതൽ ആരംഭിക്കുന്നതാണെന്ന് കൃത്യമല്ല. എന്തായാലും അത് മനുഷ്യന് ബുദ്ധിയുറച്ചതുമുതൽ ആയിരിക്കാമെന്ന് കരുതാം. കാലം ഇത്രയും പരിണമിച്ചിട്ടും അതിന് തെല്ലൊരു മാറ്റവുമില്ല എന്നുള്ളത് ചുറ്റിലും നോക്കുമ്പോൾ മനസ്സിലാക്കാം. ശരീരത്തെ, അവഹേളിക്കാനും കളിയാക്കാനും തമാശയ്ക്ക് വേണ്ടിയും നിരന്തരം ഓരോ മനുഷ്യരും ഉപയോഗിക്കുന്നു.

നമ്മൾ കണ്ടു ശീലിച്ച സമൂഹത്തിലേക്ക് എത്തുമ്പോൾ അത് സുഖവിവരം അന്വേഷിക്കാനുള്ള മാധ്യമം കൂടിയാകുന്നു എന്നുള്ളത് ഒരു വിരോധാഭാസമായി കാണാവുന്നതാണ്. "ഓ നീ അങ്ങ് വല്ലാതെ കറുത്തു പോയല്ലോ.. ശെടാ നീ വല്ലാണ്ട് മെലിഞ്ഞു.. നീ തടി കുറയ്ക്കണം കേട്ടോ.." തുടങ്ങിയ സുഖാന്വേഷണങ്ങൾ ഒരു മനുഷ്യന്റെ ഉള്ളിൽ ഉണ്ടാക്കുന്ന അരക്ഷിതാവസ്ഥയും വിഷമവും എത്രത്തോളം വലുതാണെന്ന് ഓരോ മനുഷ്യനും കൃത്യമായി അറിയാമെങ്കിൽ പോലും ശരീരത്തെ കളിയാക്കാൻ മനുഷ്യൻ തയ്യാറാവുന്നു. ഇത്തരത്തിൽ ബോഡി ഷെയ്മിങ്ങിൽ നിന്ന് ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്നു. ആധുനികമായ ലോകത്തേക്ക് എത്തുമ്പോൾ ബോഡി ഷെയ്മിങ്ങിന് ഇന്റർനെറ്റും ഉപയോഗപ്പെടുത്താം എന്ന അതിബുദ്ധിയാണ് ഓൺലൈൻ മാധ്യമങ്ങളിലൂടെ സംഭവിക്കുന്ന ബോഡിഷെയ്മിങ്ങും തമാശകളും. ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സാമൂഹിക മാധ്യമങ്ങളിൽ ദിനംപ്രതി മനുഷ്യർ ബോഡി ഷെയ്മിങ്ങിന് ഇരയാകേണ്ടി വരുന്നു എന്നത് വാസ്തവമാണ്. അതിനൊരു ഉദാഹരണമാണ് കണ്ണാപ്പികൾ എന്ന വിളി. ബൈക്കും നീളൻ മുടിയും കുറിയും ഉണ്ടെങ്കിൽ ചെറുപ്പക്കാർ കണ്ണാപ്പികളും കോളനി വാണങ്ങളുമാകുന്നു. കോളനി വാണം എന്ന പേരിന്റെ ഉത്ഭവം ഏത് രസസിദ്ധാന്തത്തിൽ





നിന്നും ഉത്ഭവിച്ചതായിരിക്കുമെന്ന് ഇടയ്ക്കെങ്കിലും നമ്മൾ ചിന്തിക്കേണ്ടതാണ്. സമൂഹം അരികുവൽക്കരിച്ച കോളനി വീടുകളിൽ താമസിക്കുന്ന മനുഷ്യർ നിരന്തരം സമൂഹത്തിൽ ഏറ്റവും കുഴപ്പം പിടിച്ച മനുഷ്യരായി മാറുന്നത് ഈ അടുത്തകാലത്ത് തുടങ്ങിയ സംഗതിയല്ല. കോളനി പ്രദേശത്തെ മനുഷ്യർ എക്കാലവും നേരിടുന്ന പ്രധാന പ്രശ്നമാണ് മനുഷ്യാന്തസ്സ് എന്നത്. ഇത് കാലഹരണപ്പെടാതെ പൂർവാധികം ശക്തിയോടെ ഇന്നും നിലനിൽക്കുന്നു. ഇതിന്

നിരവധിയായ ഉദാഹരണങ്ങൾ നമുക്ക് ചുറ്റും കാണാവുന്നതാണ്. ഇത്തരം അവസ്ഥകളിലേക്കുള്ള നൂതനമായ രീതിയാണ് ഓൺലൈൻ മാധ്യമങ്ങളിലൂടെയുള്ള കണ്ണാപ്പി, കോളനി വിളികൾ. ശരീരത്തെ കളിയാക്കുന്നതിലൂടെയുള്ള മറ്റു വ്യക്തമായ ഉദ്ദേശങ്ങൾ പ്രത്യക്ഷത്തിൽ തന്നെ മനസ്സിലാക്കാവുന്നതാണ്. ബോഡി ഷെയ്മിങ്ങും, ബോഡി ഷെയ്മിങ് തമാശകളും ഒരിക്കലും ഒരുകാലത്തും അംഗീകരിച്ചു കൊടുക്കാൻ കഴിയാത്തവയാണ്. ഒരു മനുഷ്യശരീരം മറ്റൊരു ശരീരത്തെ കളിയാക്കുന്നു എന്ന സാധാരണമായ സ്ഥിതി മറ്റ് എന്തിനെക്കാളും അസാധാരണമാണ് എന്ന ചിന്ത പൊതു സമൂഹത്തിന് ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു. ലാപെഡറോസ




എന്ന ഇരുചക്രവാഹനം ലാറ്റിൻ അമേരിക്കയിൽ കറങ്ങിക്കൊണ്ടിരുന്നത് നീളൻ മീശയുള്ള ചെഗുവേര തന്റെ മുകളിൽ ഇരിക്കുന്നുണ്ടെന്ന് അറിഞ്ഞു കൊണ്ടായിരുന്നില്ല. കറുത്തവനോ വെളുത്തവളോ തടിച്ചവളോ തടിച്ചവനോ എന്നതിന് ഈ ലോകത്തിൽ യാതൊരു പ്രസക്തിയുമില്ല. നിങ്ങൾ നിങ്ങളായി തന്നെ ഇരിക്കുക മറ്റുള്ളവരുടെ ശരീരം തമാശയാക്കാതിരിക്കുക. ലാപെഡറോസകൾ ലോകം ചുറ്റട്ടെ.


അത് നിങ്ങളുടെ
നോട്ടത്തിന്റെ കുഴപ്പമാണ്
നേരെ നോക്കുമ്പോഴെല്ലാം
നേരായി തോന്നിയേക്കാം
തെറ്റുപറ്റിയത്
നിങ്ങൾക്കു മാത്രമാണ്
തിരിച്ചു നോക്കിയാൽ
മനസ്സിലാകും

പ്രസാദ് കുറ്റിക്കോട്



# കുമാരസംഭവം

"അംബേദ്കർ മരിച്ചതും ഞാനും കുമാരനും പെറന്നതും ഒരേദിവസാ... ഈ രണ്ട് വീടിന്റേം എടക്കുള്ള പൊളിഞ്ഞ മതില് പതുക്കെ ഉയരാൻ തൊടങ്ങി. പതിയെപ്പതിയെ മതിലിന്റെ പൊക്കോം ബലോം കൂടിക്കൂടി വന്നു. മതിലിന് ന്നെക്കാളും പൊക്കം വന്നു."

എല്ലാ കൊല്ലവും പൂരത്തിന്റെ ദിവസം അമ്മയുടെ ഈ മതിൽപ്പാട്ട് പതിവാണ്. ഇടക്ക് വാതിൽക്കലിൽ ചെന്ന് കിഴക്കോട്ട് നോക്കും. പുളിഞ്ചോടിറങ്ങി തിറയും പൂതനും അകമ്പടിക്കാരും വരുന്നുണ്ടോ എന്നാണ് നോട്ടം. പല തവണ നോക്കുന്നതിനിടയ്ക്ക് അകലങ്ങളിൽ നിന്ന് തുടിമുഴക്കവും കാൽച്ചിലമ്പൊലിയും അരമണി കിലുക്കവും ഉയരുന്നത് കേൾക്കാം. നേർത്ത ശബ്ദമുയർന്നുയർന്ന് അടുത്തെത്തുമ്പോഴേക്കും അമ്മ പൂമുഖത്തേക്കോടും. ഓട്ടുവിളക്കിൽ എണ്ണയും തിരിയും ഇടും. നാഴിയിൽ അരിയും നാരായത്തിൽ നെല്ലും വയ്ക്കും. നേരെയിറങ്ങി പടിപ്പുര തുറന്നിടും. അകത്തേക്ക് തിരിച്ചുവന്ന് ആരൊക്കെയൊ തന്നെ കേൾക്കുവാനുണ്ടെന്ന മട്ടിൽ പറയും,

" കുമാരന് പ്രായായി. ഇപ്പോ വേഷം കെട്ട്യാ പഴേ എടുപ്പില്ല. കുമാരന്റെ ആയകാലത്ത് തെറേടെ മുടിയേറ്റിക്കളിക്കണ കാഴ്ച്ച, ഹൊ അതൊരു കാഴ്ച്ചന്യാണ്. കാവിലെ ആൽച്ചോട്ടില് കളിക്കുമ്പോ പെണ്ണുങ്ങൾടെ നോട്ടം മുഴുവൻ അവന്റെ എണ്ണയുള്ള ദേഹത്താവും. കണ്ണെഴുതി മൊഖത്തരിമാവ് തേച്ച് മുടിയേറ്റി കളിക്കണ കുമാരനെ കണ്ടാ ദേവിക്കും മോഹം തോന്നും...!"

**"കൊല്ലത്തിലധികോം മണ്ണാൻ, പുരക്കാലത്ത് ഭൂതഗണങ്ങളോടൊപ്പം വീടുകേറണ ഭഗവതി. ഇതിനെടക്കൊരിക്കലും അയാളൊരു മനുഷ്യനാവണില്ലല്ലൊ...?"**

അമ്മ പറഞ്ഞുതീർന്നതും
കൈയിലെ വെളുത്ത പത്രക്കട
ലാസിലെ കറുത്ത നവോത്ഥാ
നാക്ഷരങ്ങളിൽനിന്ന് മുഖമു
യർത്തികൊണ്ട് അച്ഛൻ
ചോദിക്കും,

"നെനക്കും മോഹം തോന്നീരു
ന്നോ ലക്ഷ്മിക്കുട്ട്യേ...?"

ആ ചോദ്യം അമ്മയുടെ മനസ്സി
ലെ അമിട്ടിന് തിരികൊളു
ത്തും. അത് സ്വർണ്ണ നിറത്തിൽ
ചിന്നിച്ചിതറും.

" ഛെ! മണ്ണാൻച്ചെക്കനോട്
കൃഷ്ണന്നായരടെ മകൾക്ക്
മോഹോ?"

അച്ഛന്റെ ചോദ്യത്തിന് മറുചോ
ദ്യം പകർന്ന് അമ്മ പൂമുഖത്ത്
ചെന്ന് പടിപ്പുരയിലേക്ക് കണ്ണു
നട്ട് നിൽക്കും. ആരോടെന്നില്ലാ
തെ അച്ഛൻ പറയുന്നുണ്ടാവും,

"തോന്ന്യാലും തെറ്റില്ല. അന്ന്
കുമാരൻ മന്ഷ്യനല്ലാലൊ?
ദൈവല്ലേ, ദൈവത്തിനോട്
മോഹണ്ടാവാത്ത മന്ഷ്യരുണ്ടാ
വില്ലാലൊ..?"

അച്ഛന്റെ ചോദ്യം കേൾക്കാത്ത
മട്ടിൽ നിൽക്കുന്ന അമ്മയുടെ
ചെവിത്തൊട്ടിക്കു മുകളിൽ
അച്ഛന്റെ വാക്കുകൾ വീണ്ടും
തീത്തിറ കെട്ടും.

"കൊല്ലത്തിലധികോം മണ്ണാൻ,
പൂരക്കാലത്ത് ഭൂതഗണങ്ങളോ
ടൊപ്പം വീടുകേറണ ഭഗവതി.
ഇതിനെടക്കൊരിക്കലും
അയാളൊരു മനുഷ്യനാവണില്ല
ല്ലൊ...?"

"ഒന്ന് നിർത്ത്വോ... അവര് പടിപ്പൊരേ
ലെത്തി..."
അമ്മ മൗനത്തിന്റെ വേരറുത്തു.

അച്ഛൻ കൈയിലെ പത്രം താഴെ
വയ്ക്കാതെ പൂമുഖത്ത് വന്ന്
പുറത്തിറങ്ങി തിണ്ണയിലിരുന്നു.
വന്നവരുടെ കൂട്ടത്തിലെ കൗമാര
ക്കാരനെന്ന് തോന്നിയ്ക്കുന്നയാൾ
അച്ഛന്റെ കൈയിലെ പത്രത്തിലേക്ക് 123
ഉറ്റുനോക്കി. ഒന്ന് ചിരിച്ചു. അച്ഛൻ
അയാളുടെ നോട്ടത്തിന് എന്തോ
അർത്ഥമുണ്ടെന്നവണ്ണം തിരിച്ചും
ചിരിച്ചു.
കുമാരൻ വരിക്കപ്ലാവിന്റെ കനമു

**കിരീടത്തിൽ രണ്ടുഭാഗത്തായി ഉറപ്പിച്ച ലോഹവളയത്തിൽ തൂങ്ങിക്കിടക്കുന്ന തോർത്തുകളുടെ അറ്റങ്ങളിൽ പിടിച്ച് തിറയുടെ സമനില തെറ്റാതെ ഒറ്റക്കാലിൽ തുള്ളിക്കൊണ്ട് മറുകാലിലുന്നി കുമാരൻ ഉയർന്നുപൊന്തി.**

ള്ള മുടി തലയിലുറപ്പിച്ചു. കിരീട
ത്തിൽ രണ്ടുഭാഗത്തായി ഉറപ്പിച്ച
ലോഹവളയത്തിൽ തൂങ്ങിക്കിടക്കു
ന്ന തോർത്തുകളുടെ അറ്റങ്ങളിൽ
പിടിച്ച് തിറയുടെ സമനില തെറ്റാതെ
ഒറ്റക്കാലിൽ തുള്ളിക്കൊണ്ട് മറുകാ
ലിലൂന്നി കുമാരൻ ഉയർന്നുപൊന്തി.
അപ്പോൾ നല്ലെണ്ണയിൽ മുക്കി
പതംവരുത്തിയ കിരീടത്തിന്റെ
മുകളിൽ ഭഗവതിയുടെ രൂപം, താഴെ
വ്യാളീമുഖം, തുമ്പിക്കൈയാൽ
ജലതർപ്പണം ചെയ്യുന്ന ആന,
വാദ്യങ്ങൾ, വിളക്കുകൾ തുടങ്ങിയവ
യെല്ലാം കൊത്തിവച്ച പതിനാറുപല
കകൾ ചേർത്തുവച്ച് ചൂരലുകൊണ്ട്

കെട്ടിയുറപ്പിച്ചതു കാണാം. പലകകളുടെ മുകളിലായി ഓടയും പീലിത്തണ്ടും ചെങ്ങണപ്പുല്ലും മെടഞ്ഞുണ്ടാക്കിയ തഴയും തുണിയിൽ തീർത്ത കുതിരക്കണ്ണുകളും ഉണ്ടാവും. ആ രൂപം, പറ മുഴക്കത്തിനൊപ്പമുള്ള ചടുലതാളം. എല്ലാം കാണുമ്പോൾ എന്റെ മകൻ കരഞ്ഞ് അമ്മുടെ സാരിത്തലപ്പത്ത് പിടിമുറുക്കി.

"ന്തിനാ ഉണ്ണി കരയണേ, കുമാരൻ മാമ തമ്പാട്ട്യായിട്ട് വന്നതല്ലെ...!"

അമ്മയുടെ വാക്കുകൾ വർഷങ്ങൾ പിന്നിലേക്കെത്തിച്ചു.

അന്ന് ചുമരുതേക്കാൻ വന്ന മനുഷ്യനെ ഞാനെപ്പഴോ മാമയെന്ന് വിളിച്ചു. മണ്ണാനെ അമ്മാവനെന്ന് വിളിച്ച മഹാപരാധത്തിന് പലരാത്രികളിൽ അമ്മ ചെവിതല കേൾപ്പിച്ചിട്ടില്ല.

പാതിയറ്റ ഓർമ്മകളിൽനിന്ന് തുടിമുഴക്കമേറ്റ് തിറയുടെ കാൽനൃത്തം വയ്ക്കുന്ന വർത്തമാനത്തിന്റെ മുറ്റത്തേക്ക് ഞാൻ തെറിച്ചുവീണു.

അതിനോടകം തന്റെ അനുഭവസമ്പത്ത് മുഴുവൻ ചാണകം തേച്ച മുറ്റത്ത് വിവിധ രൂപത്തിലുള്ള കാൽപ്പാടുകളുടെ രൂപത്തിൽ അയാൾ ചാർത്തിക്കഴിഞ്ഞിരുന്നു.



കളി കഴിഞ്ഞ് ദീർഘശ്വാസമെടുത്ത് കുമാരനും സംഘവും പടിപ്പുര കടക്കുമ്പോൾ ഉണ്ണി അമ്മയോട് ചോദിച്ചു...

" അച്ഛമ്മേ നാളേം കുമരമ്മാമ തമ്പാട്ട്യാണോ? കണ്ടാ തൊഴണോ?"

അമ്മയുടെ കാതുകളിലെ കറുത്ത ദ്വാരത്തിലേക്ക് ആ ചോദ്യത്തിൽ ഉൾച്ചേർന്ന ഒരക്ഷരം പോലും ഊർന്നിറങ്ങിയില്ലെന്നത് വ്യക്തം.

പക്ഷേ, മകന്റെ സംശയത്തിനൊപ്പം അച്ഛന്റെ ചോദ്യവും എന്നിൽ മുഴങ്ങിത്തുടങ്ങി. അതിന്റെ തീച്ചൂളയിൽ നിൽക്കുമ്പോൾ മതിലിനപ്പുറം നിൽക്കുന്ന കുമാരന്റെ പുരയിടം എനിക്ക് വ്യക്തമായി കാണാം. പൂരം കഴിഞ്ഞ് മുടിയഴിച്ചതിനുശേഷം അയാൾ പരദേവതയോട് പറയുന്നത് എനിക്കിപ്പോൾ വ്യക്തമായി ഉയർന്നുകേൾക്കാം.

എന്റെ കൺമുന്നിലെ മതിലിനുമുകളിൽ അയാൾ നിൽക്കുന്നത് നിലാവെളിച്ചത്തിൽ വ്യക്തമായിക്കാണാം. കരമാത്രം മഞ്ഞളിൽ മുക്കിയുണക്കിയ എട്ടുമുഴം നീളമുള്ള കോടിത്തുണിയുടുത്തു, അതിനുമേൽ അലങ്കാരവസ്ത്രങ്ങളും തൊങ്ങലുകളും. കണ്ണിൽ കരിമഷിയെഴുതി മുഖത്തും ശരീരത്തും അരിമാവും മഞ്ഞളും ചാലിച്ച കുറികളണിഞ്ഞ് പൂമാലകൾ ചാർത്തി. അരമണിയും കാലിൽ ചിലമ്പുമിട്ടുകൊണ്ട് അയാൾ ഒറ്റക്കാലിലൂന്നി വട്ടംതിരിഞ്ഞു. ഉയർന്നുപൊന്തി. അയാളുടെ ചടുലതാളത്തിൽ മതിൽ പൊളിയുമെന്ന് ഞാൻ കരുതി. ഇല്ല, പൊളിയുന്നില്ല. അയാൾ മതിലിൽ തളർന്ന് ഇരുന്നു. ആരോടെന്നില്ലാതെ അയാളുടെ ശബ്ദമുയർന്നു.

" എന്നും പൊലഭ്യം കേക്കേണ്ടോൻ, നെറല്ലാത്ത കാലത്തും നെറത്തിന്റെ പേരില് പൊലയാട്ട് കേക്കേണ്ടോൻ, അടുത്ത വീട്ടിലെ നായരുട്ട്യോട്

**അന്ന് ചുമരുതേക്കാൻ വന്ന മനുഷ്യനെ ഞാനെപ്പഴോ മാമയെന്ന് വിളിച്ചു. മണ്ണാനെ അമ്മാവനെന്ന് വിളിച്ച മഹാപരാധത്തിന് പലരാത്രികളിൽ അമ്മ ചെവിതല കേൾപ്പിച്ചിട്ടില്ല.**

ചിറിച്ചേന് മുതുകത്ത് മുട്യേങ്കോലിന്റെ വടു ഏറ്റ്യോൻ, കൊല്ലത്തിലൊരിക്കെ ദേവ്യാവുണു. കോലഴിച്ചാ പിന്നേം മണ്ണാനാവുണു... ഇയ്ക്ക് ദേവ്യാവണ്ട, ആരും തൊഴണ്ട. ഒരീസെങ്കിലും മന്ഷ്യനാവാൻ പറ്റ്വോ? ഒരീസെങ്കിലും മന്ഷ്യനാവാൻ പറ്റ്വോ?"



അയാളുടെ ശ്വാസോച്ഛ്വാസമുയർന്ന് കേൾക്കുന്നു. എന്റെ നെഞ്ചിടിപ്പിന്റെ വേഗം കൂടി. നേരം പുലർന്ന് തുടങ്ങിയിരുന്നു. ഞാൻ പതിയെ മതിലിനടുത്തേക്ക് നടന്നു. മതിലിനു മുകളിൽനിന്ന് കോലമണിഞ്ഞ് കിടക്കുന്ന കുമാരന്റെ കൈ താഴേക്ക് തൂങ്ങിക്കിടക്കുന്നു.

മതിലിന് പിന്നെയും ഉയരം കൂടിയിരിക്കുന്നു.

ഡോ.കെ വി ശശി

# കീഴാളം ദളിതം:

## സാംസ്കാരിക മൂലധനത്തിന്റെ പ്രശ്നങ്ങൾ

കാണുന്നീലോരക്ഷരവും എന്റെ വംശത്തെപ്പറ്റി/കാണുന്നുണ്ടനേകവംശത്തിൻ ചരിത്രങ്ങൾ/എന്റെ വംശത്തെപ്പറ്റി പാടാൻ/ഉർവിയിലാരും ഇല്ലാതെ പോയല്ലോ എന്ന് പൊയ്കയിൽ അപ്പച്ചൻ. ദളിത് വിമർശനത്തിന്റെ സൂക്ഷ്മ ഭൗതികവും ചരിത്രവും ഈ നിരീക്ഷണത്തിൽ ഘനീഭൂതമായിരിക്കുന്നു. ഇന്ത്യൻപൊതുബോധത്തിലൂടെ ആരാണ് സംസാരിച്ചുകൊണ്ടേയിരിക്കുന്നത്? വേദങ്ങളും ഇതിഹാസപുരാണങ്ങളും സാഹിത്യങ്ങളും ധർമസംഹിതകളും രാഷ്ട്രമീമാംസകളും ആരുടെ ആത്മകഥകളാണ്? ലോകാധികാരിയായ പുരുഷബ്രാഹ്മണൻ. അവനാണ്; അവൾ അല്ല, ഇന്ത്യൻപൊതുബോധത്തിലൂടെ സംസാരിക്കുന്നത്. അവന്റെ ആത്മകഥകളാണ് ഇതിഹാസങ്ങളും സാഹിത്യങ്ങളും രാഷ്ട്രമീമാംസകളും ധർമശാസ്ത്രങ്ങളും. അതെ, അവനാണ് ഇന്ത്യയുടെ പുരുഷസൂക്തം. ദളിതർ സംസാരിക്കാൻ തുടങ്ങുമ്പോൾ ഈ സൂക്തങ്ങൾ അർഥരഹിതങ്ങളായിമാറുന്നു. ആത്മാവിൽ തേളുകടിച്ചപോലെ ആൽത്തറസന്യാസിമാർ രുഷ്ടരാവുന്നു. ചരിത്രം വേരടക്കം പിഴുത് മാറ്റിപ്പണിയപ്പെടുന്നു. പുതിയലോകവും ലോകബോധവും ഉദിച്ചുവരുന്നു. അതെ, ദളിത്ബോധം പുതിയൊരു ചരിത്രവും ദളിത് വിമർശം അതിന്റെ നിർമാണശക്തിയുമാണ്. അത് ജനാധിപത്യത്തിന് പുതിയ കണ്ണുകൾ നൽകുന്നു. ജനാധിപത്യത്തിന്റെ ഈ പുതുചൈതന്യം സ്വീകരിക്കാൻ സൂക്ഷ്മബലിഷ്ഠസ്പർശിനികൾ കൂടിയേ കഴിയൂ. ആധുനികതയുടെയും ആധുനികതാവാദത്തിന്റെയും ഭൂതങ്ങൾ ദളിത് വിമർശത്തിനെതിരെ ഛേദനാവാദവുമായി ഇപ്പോഴും അരങ്ങിലവശേഷിക്കുന്നത് ഇതിന്റെ അസാന്നിധ്യത്തിലാണ്. പരിണാമം ജീവജാതികളെ ഒരുമിച്ച് മായ്ച്ചുകളയുന്നില്ലല്ലോ.

ദളിത് വിചാരങ്ങളിൽ പൊതുവെയും മലയാളത്തിൽ വിശേഷിച്ചും അതിവൈകാരികതയുടെ സാന്ദ്രസാന്നിധ്യം പ്രകടമാണ്. ഒരു വിമോചനപ്രസ്ഥാനത്തിന്റെ ആരംഭകാലങ്ങളിൽ അത് സ്വാഭാവികം. ഈ വികാരവിക്ഷുബ്ധതതന്നെയാണ് ഇത്തരം പ്രസ്ഥാനങ്ങളുടെയും പ്രയോഗങ്ങളുടെയും ഊർജകേന്ദ്രവും. മലയാളത്തിൽ ഇവ്വിധം സൈദ്ധാന്തികാലോചനകൾക്ക് സൂക്ഷ്മാരംഭംകുറിച്ച പുസ്തകമെന്ന നിലയിൽ ദളിത് ഭാഷ (കവിയൂർ മുരളി, 1997), ദളിത് സാഹിത്യം (കവിയൂർ മുരളി, 2001), ദളിതർക്കെഴുതിയ സുവിശേഷംകവിയൂർ മുരളി, 2001) തുടങ്ങിയ പഠനങ്ങൾ അങ്ങനെ വൈകാരികതയുടെ സാന്ദ്രാഖ്യാനങ്ങളാണെന്നു പറയാം. മനുഷ്യേച്ഛകളും പ്രത്യാശകളുമെല്ലാം സൂക്ഷ്മാർഥത്തിൽ ചരിത്രം തന്നെയാണല്ലോ. ഇവയെല്ലാം ചേരുന്നതാണ് ചരിത്രമെന്നും പറയാം. സിദ്ധാന്തവിചാരം വികാരരഹിതമാണെന്ന മുൻവിധികളുടെ അടിപ്പടവിളക്കാൻ ഇത് ബലിഷ്ഠവുമാണ്. വിമർശമെന്നാൽ സാഹിത്യവിമർശനമെന്നും ദളിത് വിമർശമെന്നാൽ സാഹിത്യകേന്ദ്രിതവിമർശനമെന്നും പൊതുബോധം നിലനിൽക്കുന്നുണ്ട്. വാസ്തവത്തിൽ ഇത്തരം എല്ലാ അതിർത്തിരേഖകളെയും ഭസ്മീകരിക്കുന്ന സാമൂഹ്യപ്രയോഗങ്ങളുടെ മണ്ഡലമാണ് വിമർശം.

തത്വചിന്തകർ ലോകത്തെ പലമട്ടിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.




അതിനെ മാറ്റിത്തീർക്കുകയാണ് യഥാർഥപ്രശ്നം എന്ന് മാർക്സ് പതിനൊന്നാം ഫൊയർബാഹ് തിസീസിൽ എഴുതി. ലോകത്തെ വ്യാഖ്യാനിക്കുകയെന്ന നിലവിട്ട് വ്യാഖ്യാനാത്മകമായി ഉടച്ചുവാർക്കുകയാണ് വേണ്ടതെന്നർഥം. വ്യാഖ്യാനത്തിൽനിന്ന് പ്രയോഗത്തിലേക്കുള്ള ഈ വികാസം, കേവലസിദ്ധാന്തങ്ങളുടെ മണ്ഡലത്തിൽനിന്ന് സാമൂഹ്യപ്രയോഗം (praxis) ങ്ങളുടെ മണ്ഡലത്തിലേക്ക് ഉടലും ഉയിരും മാറി ഉണരലാണ്. ജ്ഞാനശാസ്ത്രപരമായ വിച്ഛേദ(epistemological break)മാണ്. ലോകം മാറ്റിത്തീർക്കാവുന്നതും മാറ്റിത്തീർക്കേ

ണ്ടതുമാണെന്ന ഈ ബോധ്യം മുതലാളിത്തത്തിന്റെ ഉപലബ്ധികളിൽ പരമപ്രധാനമാണ്. നാടുവാഴിത്തത്തിൽ ഇത് തികച്ചും അസാധ്യമായിരുന്നു; അചിന്ത്യവും. (ചിന്തയുടെ ചരിത്രാത്മകത) ദൈവകേന്ദ്രിതമാണ് നാടുവാഴിത്തലോകം. സനാതനവും അചാല്യവുമായ സാക്ഷാദ് വസ്തുവിന്റെ ആവിഷ്കാരഭേദങ്ങളായിരുന്നു അവിടെ സമസ്തവും. ചലനമല്ല, നിശ്ചലതയാണതിന്റെ ചൈതന്യം. ഈശ്വരകൽപ്പനയിൽ ഇളകിയാടുന്ന ജാതിശരീരങ്ങളാണ് അവിടെ ലോകം. ചലനമറ്റ ഈ സംസ്കാരഘടനയാണ് സനാതനസത്യം ശാശ്വതസൗന്ദര്യം തുടങ്ങിയ സംവർഗങ്ങളുടെ ജ്ഞാനമേഖല. ഈ ലോകത്തിന്റെ ബലതന്ത്രമേഖല കണ്ടെത്തിയതാണ് ചരിത്രത്തിൽ മുതലാളിത്തത്തിന്റെ മൗലികസംഭാവന. ദൈവത്തിന്റെ രഹസ്യം അതു പരസ്യപ്പെടുത്തി. ലോകകേന്ദ്രത്തിൽ നിന്ന് ദൈവത്തെ നിഷ്കാസനം ചെയ്തു. അവിടെ മനുഷ്യനെ സ്ഥാപിച്ചു. അതോടെ ഈ ലോകം മാറാവുന്നതും മാറ്റേണ്ടതുമാണെന്ന ബോധം ഉദിച്ചു. ഇങ്ങനെ ലോകത്തെ സ്വന്തം ഭാവനയിൽ അഴിച്ചുപണിയാൻപോന്ന മനുഷ്യേച്ഛയുടെ പ്രയോഗമാണ് വിമർശം. വിമോചനാത്മകമായ ഇച്ഛയുടെ പ്രയോഗമാണത്; സാമൂഹ്യവും ചരിത്രപരവുമായ എല്ലാ ആധിപത്യക്രമങ്ങളെയും കുടഞ്ഞെറിഞ്ഞ്, സ്വന്തം കർമങ്ങൾക്കുമേൽ യുക്തിപൂർവനിയന്ത്രണം നേടിയെടുക്കാനും അതുവഴി ലോകത്തെയും തന്നെത്തന്നെയും പുതുക്കിപ്പണിയാനുമുള്ള ഇച്ഛ. കേവലം വിമർശനാത്മകമായ അറിവല്ല, ധ്യാനാത്മകതയെ അതിക്രമിക്കുന്ന സാമൂഹ്യപ്രയോഗ (praxis)മാണ് വിമർശം. സിദ്ധാന്തം/പ്രയോഗം എന്ന വിപരീതയുഗ്മത്തെ അത് നിർവീര്യമാക്കുന്നു. നാടുവാഴിത്തത്തിൽ ഈ മനുഷ്യനോ ഇച്ഛാശക്തിയോ ഇല്ല. അതുകൊണ്ട് വിമർശനം മുതലാളിത്തത്തിന്റെ വ്യവഹാരമാണ്. നിലനിൽക്കുന്ന ലോകത്തെ മാറ്റിപ്പണിയുക മനുഷ്യനുമാത്രം സാധ്യവും ദേവന് അസാധ്യവുമാണ്. ദേവന്മാരുടെ ലോകമായതുകൊണ്ട് സംസ്കൃതത്തിൽ വിമർശനമില്ല. ദളിത് വിമർശം, ഈയർഥത്തിൽ ലോകത്തെ മാറ്റിത്തീർക്കുന്ന സാമൂഹ്യപ്രയോഗമാണ്. അത് ജാതിവാദമോ സാഹിത്യപ്രസ്ഥാനമോ അല്ല. സമൂഹം, സംസ്കാരം, സമ്പദ്ഘടന എന്നിങ്ങനെ സമസ്ത ജീവിതമേഖലകളെയും ജനായത്തവൽക്കരിക്കുന്ന സാമൂഹ്യനീതിയിലധിഷ്ഠിതമായ രാഷ്ട്രപുനഃസംവിധാനത്തിന്റെ പ്രയോഗപദ്ധതിയാണത്.സാംസ്കാരികമൂലധനത്തിന്റെ പുനർവിതരണത്തിനുവേണ്ടി അത് വാദിക്കുന്നു. ഗെയ്ൽ ഓംവെദ് (Dalit vision,1995:224)സൂചിപ്പിക്കുന്നതുപോലെ, ഹിന്ദുത്വപാരമ്പര്യത്തിൽനിന്ന് ഇന്ത്യൻസംസ്കാരവും ചരിത്രവും വീണ്ടെടുക്കാനുള്ള സംഗരം.

ദളിത് വിമർശം, ദളിതരുടെ മാത്രം പ്രശ്നമാണോ? ഇന്ത്യൻസന്ദർഭത്തിൽ മറുപടി ഏകതാനമല്ല. ഉത്തരേന്ത്യൻപ്രകരണത്തിൽ ദളിതർക്കുവേണ്ടി ദളിതരെഴുതുന്ന സാഹിത്യം literature എന്നല്ല വിവക്ഷ) മാത്രമാണ് ദളിത് സാഹിത്യം. മലയാളത്തിലും സമാനനിലപാടുകൾ പ്രകടമാണ്. പക്ഷെ, അത് ഒറ്റത്തീർപ്പല്ല. കാഴ്ചകൾ ഭിന്നം. വൈവിധ്യാ

**ഈ ലോകത്തിന്റെ ബലതന്ത്രമേഖല കണ്ടെത്തിയതാണ് ചരിത്രത്തിൽ മുതലാളിത്തത്തിന്റെ മൗലികസംഭാവന. ദൈവത്തിന്റെ രഹസ്യം അതു പരസ്യപ്പെടുത്തി. ലോകകേന്ദ്രത്തിൽ നിന്ന് ദൈവത്തെ നിഷ്കാസനം ചെയ്തു. അവിടെ മനുഷ്യനെ സ്ഥാപിച്ചു**

ത്മകം; വൈരുധ്യാത്മകവും. ദളിതരെക്കുറിച്ച് ദളിതരെഴുതുന്നത് മാത്രമാണ് ദളിത് സാഹിത്യമെന്ന വാദം(കവിയൂർ മുരളി 2001) പ്രബലമാണ്. ഈ വാദം അനുസരിച്ചാൽ കെ.പി. കറുപ്പനും ടി.കെ.സിയും സി.അയ്യപ്പനുമെല്ലാം ചിലപ്പോഴെങ്കിലും ദളിത് സാഹിത്യത്തിനു പുറത്താകും. ആ രചനകൾ അബോധത്തിൽ വർണാശ്രമധർമയുക്തികൾ സൂക്ഷിക്കുന്നു എന്നതുതന്നെ കാരണം.

**ഭാഷയുടെ ജനാധിപത്യവല്ക്കരണം**

സാഹിത്യം മൗലികമായി, ഭാഷയുടെ പ്രപാതഫലങ്ങളിൽ (effect) )ഒന്നാണ്. അപ്പോൾ ഭാഷ കേന്ദ്രപ്രശ്നമായിത്തീരുന്നു. ഭാഷ, ആശയങ്ങളെ കേവലം പ്രതിഫലിപ്പിക്കുകയോ കയറ്റിയിറക്കുകയോ ചെയ്യുന്ന നിഷ്ക്രിയമണ്ഡലമല്ല. യാഥാർഥ്യങ്ങളുടെ നിർമിതിയിൽ സക്രിയമായി ഇടപെടുന്ന പ്രത്യയശാസ്ത്ര പ്രയോഗമാണ്. അത് യാഥാർഥ്യങ്ങളെ അഴിച്ചുടയ്ക്കുന്നു; പുതുക്കിപ്പണിയുന്നു. സാംസ്കാരികഘടനയുടെ സാധൂകരണം സാധ്യമാക്കുന്ന യുക്തിയെന്ന നിലയിൽ ഭാഷ പ്രത്യയശാസ്ത്രപരം തന്നെയാണെന്ന് ഹെബർമാസ്. ജ്ഞാന സംസ്കാരങ്ങളെ സാധ്യമാക്കുന്ന നിയാമകങ്ങളുടെ മണ്ഡലമായി-വ്യവഹാരമായി-ഭാഷ പ്രവർത്തിക്കുന്നു. ഇവിടെ, ഇന്ത്യൻസന്ദർഭത്തിൽ ഭാഷ ഹൈന്ദവാധികാരയുക്തികളാൽ നിർണയിക്കപ്പെടുന്ന

**സാഹിത്യം മൗലികമായി, ഭാഷയുടെ പ്രപാതഫലങ്ങളിൽ (effect) )ഒന്നാണ്. അപ്പോൾ ഭാഷ കേന്ദ്രപ്രശ്നമായിത്തീരുന്നു. ഭാഷ, ആശയങ്ങളെ കേവലം പ്രതിഫലിപ്പിക്കുകയോ കയറ്റിയിറക്കുകയോ ചെയ്യുന്ന നിഷ്ക്രിയമണ്ഡലമല്ല. യാഥാർഥ്യങ്ങളുടെ നിർമിതിയിൽ സക്രിയമായി ഇടപെടുന്ന പ്രത്യയശാസ്ത്ര പ്രയോഗമാണ്.**



മണ്ഡലമാണ്. ഈ ഭാഷ ജനായത്തവൽക്കരിച്ചുകൊണ്ടുമാത്രമേ ദളിത്അനുഭവലോകം ആവിഷ്കരിക്കാനാവൂ. അതുകൊണ്ട് ദളിത് വിർശത്തിന്റെ പ്രഥമമൗലികധർമം ഭാഷയുടെ ജനായത്തവൽക്കരണമാണ്. ഇതാകട്ടെ ഭാഷയിൽ ഒതുങ്ങുന്ന പ്രവർത്തനവുമല്ല. മൂലധനത്തിന്റെ നാനാവിധപ്രയോഗങ്ങളെ അപനിർമിച്ചുകൊണ്ടുമാത്രമേ ഇത്തരം ഒരു ബദൽവ്യവഹാരം സാധ്യമാവൂ. അതുകൊണ്ട് ഭൂതകാലത്തിന്റെ സമ്പൂർണനിരാസമല്ല, ഹൈന്ദവധർമത്തിന്റെ സാധൂകരണയുക്തിയായി അതെങ്ങനെ പ്രവർത്തിക്കുന്നുവെന്ന അന്വേഷണമാണ് പ്രധാനമെന്നു വരുന്നു. ദരിദയുടെ നിരീക്ഷണം തർജമചെയ്താൽ, ഭാഷ അഥവാ ചരിത്രത്തിനു പുറത്ത് ഒന്നുമില്ല (nothing outside the history). അപ്പോൾ അത് കേവലം ജാതിപ്രശ്നമല്ല; പൗരാവകാശപ്രശ്നമാണ്. സാമൂഹ്യനീതിയിലധിഷ്ഠിതമായി സാംസ്കാരികമൂലധനം പുനഃസംവിധാനം ചെയ്യുന്ന സാമൂഹ്യപ്രയോഗമെന്ന് പറയാം. അതുകൊണ്ട് കാഴ്ച സൂക്ഷ്മതരമാക്കേണ്ടിയിരിക്കുന്നു.

**ദളിത്അവബോധം**

ദളിത്അവബോധം എന്ന സങ്കൽപ്പനം അംബേദ്ക്കർ അവതരിപ്പിച്ചിട്ടുണ്ട്. ദളിത്അവബോധത്തോടെ ലോകത്തെ അപനിർമിക്കുന്ന രീതിപദ്ധതിയാണ് ഇവിടെ ദളിതെഴുത്തുകൾ. ജന്മമല്ല, അവബോധമാണ് കേന്ദ്രപ്രശ്നം. ദളിത്അവബോധകേന്ദ്രിതമായ സാംസ്കാരിക, രാഷ്ട്രീയപ്രവർത്തനങ്ങളും കഥയും കവിതയും സാഹിത്യവിമർശനവുമെല്ലാം അന്തർവാഹിനിയായ സൃഷ്ട്യുന്മുഖതകൊണ്ട് ദളിത് വിമർശത്തിന്റെ



വഴികളാണ്. മലയാളത്തിൽ അത് അയ്യങ്കാളിയിൽ തുടങ്ങുന്നു. പിന്നീട് പണ്ഡിറ്റ് കറുപ്പൻ, ടി.കെ.സി, സി.അയ്യപ്പൻ, ടി. എം.യേശുദാസൻ, കെ.കെ.കൊച്ച്, ചെറായി രാമദാസ്, സണ്ണി എം. കപിക്കാട്, രേഖാരാജ് എന്നിവരിലൂടെ സംക്രമിക്കുന്ന ഈ ധാര സുദീർഘവിസ്തൃതം. പ്രദീപൻ പാമ്പിരികുന്ന് മലയാളസാഹിത്യ/സംസ്കാരവിമർശനത്തിൽ ഇതൊരു സൈദ്ധാന്തികപ്രയോഗമാക്കി വികസിപ്പിച്ചു. സജിത കെ.ആർ, എം.ബി.മനോജ്, ഒ.കെ. സന്തോഷ്, അജയ്ശേഖർ, കെ.പി.ജയകുമാർ, എ. എസ്. അജിത്കുമാർ അങ്ങനെ സുദീർഘവും രാഷ്ട്രീയമായി ജാഗ്രത്തുമാണ് ആ ധാര.



**അക്കാദമികം അനക്കാദമികം**

ദളിത് വിമർശത്തിൽ അക്കാദമികവും അനക്കാദമികവുമായ രണ്ട് ധാരകൾ ഇന്ന് പ്രബലമാണ്. സാമൂഹ്യരാഷ്ട്രീയപ്രവർത്തനങ്ങളുടെ തുടർച്ചയിലാണ് അനക്കാദമികദളിത് വിമർശം ഉരുവപ്പെട്ടത്. സൂക്ഷ്മാർഥത്തിൽ, ഇത്രാ ഷ്ട്രീയ, സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമായി വികസിച്ചു വന്ന സമരധാരയാണ്. 'അയ്യങ്കാളി', 'കേരളചരിത്രത്തിലെ അവഗണിക്കപ്പെട്ട ഏടുകൾ', 'കേരളചരിത്രം: ഒരു മുഖവുര', 'ഇളംകുളവും കേരളചരിത്രവും', 'അയ്യങ്കാളി നടത്തിയ സ്വാതന്ത്ര്യസമരങ്ങൾ', (ടി. എച്ച്.പി.ചെന്താരശ്ശേരി), 'അയ്യൻകാളിക്ക് ആദരത്തോടെ'(രാമദാസ്, ചെറായി,2006), 'കേരളത്തിന്റെ വികസനപ്രതിസന്ധി', (എം. കുഞ്ഞാമൻ), 'ജനതയും ജനാധിപത്യവും' (സണ്ണി എം. കപിക്കാട്,1997) എന്നീ പഠനങ്ങൾ ഓർമിക്കുക.

അക്കാദമികധാര ഇതിന്റെ അനുബന്ധം മാത്രം. അതുകൊണ്ട് അനക്കാദമികധാര

തന്നെയാണ് അക്കാദമികവിമർശത്തിന്റെ ഊർജപ്രഭവം. ഇവിടെ പക്ഷെ, അക്കാദമികവഴി മാത്രം പിന്തുടരുന്നു. അക്കാദമികസൂക്ഷ്മതയും സൈദ്ധാന്തികജാഗ്രതയുമാർന്ന ദളിത് വിമർശം ആദ്യം രൂപപ്പെടുത്തിയത് അംബേദ്ക്കറാണ്. ദേശരാഷ്ട്രസങ്കൽപ്പാധിഷ്ഠിത താത്വികരീതിപദ്ധതി സ്വീകരിക്കുക വഴി അദ്ദേഹം അത് ഒരു പൗരാവകാശപ്രശ്നമാക്കിത്തീർത്തു; ഒരു ജനായത്തപ്രയോഗം. 'ദളിത്പഠനങ്ങൾക്കൊരു മുഖവുര', 'ദളിത് സ്വത്വവും അധികാരത്തിന്റെ പ്രശ്നവും, 'ബലിയാടുകളുടെ വംശാവലി', 'കറുത്ത ദൈവങ്ങളും നഗ്നസത്യങ്ങളും', (ടി. എം.യേശുദാസൻ), 'അദർശം, ആദർശം എഴുത്ത് അവസ്ഥ: ദളിത് സാഹിത്യപഠനങ്ങൾ', 'ദളിത്പഠനങ്ങൾ', 'ദേശം ദേശിമാർഗം: സാഹിത്യമെന്ന ഉപാദാനസാമഗ്രി', (എം.ബി.മനോജ്), 'ദലിത്പഠനം: സ്വത്വം സംസ്കാരം സാഹിത്യം', 'ദലിത് സൗന്ദര്യശാസ്ത്രം', 'ഏകജീവിതാനശ്വരഗാനം' (പ്രദീപൻ പാമ്പിരികുന്ന്), 'മറ്റൊരു ജീവിതം സാധ്യമാണ്', (കെ.കെ. ബാബുരാജ്), 'സംസ്കാരം പ്രതിനിധാനം പ്രതിരോധം: സംസ്കാരരാഷ്ട്രീയത്തിലേക്കുള്ള കുറിപ്പുകൾ' (അജയ് ശേഖർ,) 'മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം' (അനിൽകുമാർ ടി.കെ), 'വായനയുടെ ദളിത്പാഠം' (കെ. കെ.കൊച്ച്), 'എടനാടൻപാട്ട്', 'ദളിതമക്ഷരസംയുക്തം...', 'നവോത്ഥാനത്തിന്റെ മലയാളം'(സജിത കെ.ആർ). തിരസ്കൃതരുടെ രചനാഭൂപടം(സന്തോഷ് ഒ.കെ,2010).

**മലയാള സിനിമയും ആണത്തങ്ങളും'(ജെനി റൊവീന,2011) എന്നിവ കാണുക. ഇവ വിമോചനാത്മകസാമൂഹ്യപ്രയോഗമെന്ന നിലയിൽ ദളിത് വിമർശത്തെ സ്ഥാനനിർണയം ചെയ്യുന്നു. അടിമുടി ജാതിധർമകേന്ദ്രിതമായ മലയാളസംസ്കാരത്തിന്റെ സനാതനതാനാട്യത്തെ സംശയിച്ച് അഴിച്ചുപണിയുന്ന ഉഗ്രസമരപ്രയോഗമായി ദളിത്വിമർശം വികസിച്ചുവരുന്നു.**

ഈ നിലയ്ക്കുള്ള അന്വേഷണങ്ങൾ പ്രധാനങ്ങൾ തന്നെയാണ്. സാഹിത്യം, സംസ്കാരം, വംശീയമാധ്യമപഠനങ്ങൾ എന്നിങ്ങനെ സമകാലവിമർശപഠനങ്ങളുടെ മേഖലകളെയെല്ലാം അന്തർവിഷയാത്മകം വിശകലനം ചെയ്യുന്ന ധാരാളം പ്രബന്ധങ്ങൾ മലയാളഅക്കാദമികവിചാരപരിസരത്ത് സ്ക്രിയമായി ഇടപെട്ടുതുടങ്ങിയിട്ടുണ്ട്. ദളിത് വിമർശത്തിന്റെ ദീപ്തമുഖം ഇതിലൂടെ വികസിച്ചുവരുന്നുണ്ട്. രാഷ്ട്രീയം, സംസ്കാരം, സാഹിത്യം, മാധ്യമം, സിനിമ എന്നീ മേഖലകളിലെല്ലാംതന്നെ ഇത് സൃഷ്ട്യുന്മുഖം ഇടപെട്ടുതുടങ്ങിയിരിക്കുന്നു. 'ജാതിവ്യവസ്ഥയും മലയാളസിനിമയും'(കെ. പി.ജയകുമാർ), 'കേൾക്കാത്ത ശബ്ദങ്ങൾ'(എ.എസ്.അജിത്കുമാർ), 'തെമ്മാടികളും തമ്പുരാക്കൻമാരും: മലയാള സിനിമയും ആണത്തങ്ങളും'(ജെനി റൊവീന,2011) എന്നിവ കാണുക. ഇവ വിമോചനാത്മകസാമൂഹ്യപ്രയോഗമെന്ന നിലയിൽ ദളിത് വിമർശത്തെ സ്ഥാനനിർണയം ചെയ്യുന്നു. അടിമുടി ജാതിധർമകേന്ദ്രിതമായ മലയാളസംസ്കാരത്തിന്റെ സനാതനതാനാട്യത്തെ സംശയിച്ച് അഴിച്ചുപണിയുന്ന ഉഗ്രസമരപ്രയോഗമായി ദളിത് വിമർശം വികസിച്ചുവരുന്നു. ഇന്ത്യൻസാഹിത്യത്തിന്റെ ഹൈന്ദവഅബോധത്തെ തുറന്നിട്ടുവെന്ന് വിലയിരുത്തുന്നു. മാർക്സിസ്റ്റ്

വിമർശത്തെപ്പോലും ആദ്യകാലത്ത് മനംമയക്കി നിർത്തുവാൻ ഈ ഹൈന്ദവത ബലിഷ്ഠമായിരുന്നുവെന്ന് അത് ഇന്ന് ഉറക്കെ പറയുന്നു.

**ആധുനികത**
**മാർക്സിസം കീഴാളവാദം**

മറ്റൊരു ചരിത്രത്തിലും കാലത്തിലും രൂപപ്പെട്ട വ്യവഹാരങ്ങളെ വർത്തമാനത്തിന്റെ ആവശ്യങ്ങളും മുദ്രകളുംകൊണ്ട് വിചാരണചെയ്യുന്ന രീതി മാനവികശാസ്ത്രമേഖലയിൽ കീഴാളപഠനങ്ങളും യാന്ത്രിക ഭൗതികവാദവും സ്വീകരിച്ചുകാണാം. വർത്തമാനാഭിലാഷങ്ങൾ പൂർവദർശനം ചെയ്തു പൂരിപ്പിക്കാത്തതിന് പഴയ വ്യവഹാരങ്ങൾ അവിടെ കുറ്റവാളികളായി മുദ്രചാർത്തപ്പെടുന്നു. മനുഷ്യജീവിതം എല്ലാ കാലത്തും എവിടെയും ഒരുപോലെയാണെന്ന വിചാരമാണ് ഈ കാഴ്ചയുടെ ആധാരം; മനുഷ്യർ കാലാതീതസത്തയുടെ അവതാരഭേദങ്ങളാണെന്നതാണ് സനാതന മതത്തിന്റെ ജ്ഞാനമേഖല. ചരിത്രത്തിന്റെ സൂക്ഷ്മബലതന്ത്രങ്ങൾ കാണാതെപോവുകവഴി മനുഷ്യാനുഭവങ്ങൾ പൂർവനിശ്ചിതങ്ങളും ചരിത്രാതീതവുമാണെന്ന് അവ കരുതുന്നു. ചരിത്രത്തിൽ സ്ഥിരപ്രമേയങ്ങൾ ഉടലെടുക്കുന്നതപ്പോഴാണ്. വാസ്തവത്തിൽ, നാനാവിധമനുഷ്യജീവിതത്തെ അഥവാ ചരിത്രത്തെ അചാല്യസത്തയായി മനസ്സിലാക്കുകവഴി സനാതനവാദത്തിന്റെ അതേ വ്യവഹാരങ്ങളിൽത്തന്നെ ക്ലാസിക്കൽ മാർക്സിസവും കീഴാളവാദവും എത്തിച്ചേർന്നു. ഒരാൾക്കും സ്വന്തം ശിരസ്സിൽ പിടിച്ചുയർത്താനാവാത്തതുപോലെ, നിത്യസ്രവന്തിയായ മനുഷ്യാനുഭവങ്ങൾക്കുമുമ്പിൽ അവ സ്തംഭിച്ചുപോയി. അതുകൊണ്ട് പ്രമേയമെന്ന നിലകൈവിട്ട് ചരിത്രത്തെ അനുസ്യൂതിയായും ഈ അനുസ്യൂതികളുടെ പ്രഭാവമായി സൗന്ദര്യം യാഥാർഥ്യം തുടങ്ങിയ ഗണങ്ങളെയും മനസ്സിലാക്കുമ്പോൾ മാത്രമേ വർഗ, ജാതികേന്ദ്രിതപ്രസ്ഥാനങ്ങൾക്ക് വിമോചനാത്മകത കൈവരൂ. ഈയർഥത്തിൽ മാർക്സിസത്തിനും കീഴാളവാദത്തിനും, ആധുനികതയുടെ സവിശേഷവ്യവഹാരങ്ങളെന്ന നിലയിൽത്തന്നെ, ചില സംവാദ സ്ഥാനങ്ങൾ ഉണ്ട്.

**വർണാധിപത്യം കീഴൊതുക്കി തകർത്ത ജനതയുടെ അനുഭൂതിമേഖലകളുടെ ചരിത്രവും വീണ്ടെടുപ്പിന്റെ വഴികളും ഈ വിമർശനത്തിലെ മുഖ്യപര്യാലോചനകളാകുന്നതങ്ങനെയാണ്. മലയാള ദളിത് വിമർശത്തിന്റെ രേഖാസഞ്ചയം ഈ സന്ദർഭത്തിൽ ചരിത്രാത്മകം വിശകലനം ചെയ്യേണ്ടതുണ്ട്.**

ഈ ഭൂമികയിൽ, രചനയുടെ കുറ്റവിചാരണയല്ല, പാഠത്തിൽ അസന്നിഹിതമായിരിക്കുന്ന സൂക്ഷ്മചരിത്രം വ്യാഖ്യാനിച്ച് വിശദീകരിക്കുകയാണ് ദളിത് വിമർശനത്തിന്റെ ചരിത്രധർമം. ഇന്ത്യൻസാഹിത്യം മൗലികമായി ബ്രാഹ്മണികമാണ്. അതിനാൽ ഇതിന്റെ രാഷ്ട്രീയഅബോധം അപനിർമിച്ച് ജനായത്തപരവും കീഴാളവുമായ ബദൽ രൂപപ്പെടുത്തേണ്ടതുണ്ട്. അതിന് മാർക്സിസത്തിന്റെയും കീഴാളചിന്തയുടെയും സംവാദമേഖല നിർമിക്കുകതന്നെ വേണം. ഈ സന്ദർഭത്തിൽ മൂലധനവിമർശം ദളിത്വിമർശത്തിന്റെ ഭാഗമായിത്തീരുമെന്ന് കരുതാം. മാർക്സിസവും കീഴാളവിമർശവും വിപരീതയുഗ്മങ്ങളല്ലെന്ന് ഗ്രാംഷിയുടെയും ജയിംസന്റെയും ഉൾക്കാഴ്ചകൾ മുൻനിർത്തി വിശദീകരിക്കാനാവും.

സനാതനമെന്ന മൂടുപടത്തിൻകീഴെ മനുഷ്യവിരുദ്ധതയുടെ വംശീയപ്രത്യയശാസ്ത്രമായി നിലനിന്നുകൊണ്ട് ഹൈന്ദവഅബോധം സൗന്ദര്യവിചാരത്തിലെ ഭൗതികാസ്പദധാരകളുടെ ചെറുചലനങ്ങളെപ്പോലും എങ്ങനെ ആധുനികകാലത്തോളം തടഞ്ഞിട്ടുവെന്നതിന് മാരാർപ്രഭൃതികളുടെ സാഹിത്യവിദ്യകൾതന്നെ

ശബ്ദമുഖരിതസാക്ഷ്യങ്ങളാണ്. പരിമിതികളുടെ തമ്പായിരിക്കുമ്പോഴും ജീവൽ, പുരോഗമനസാഹിത്യപ്രസ്ഥാനങ്ങളുന്നയിച്ച ദളിത്, കീഴാളവിചാരങ്ങളോട് കേശവദേവിന്റെ അബ്ദുവിനെപ്പോലെ മാരാർ മേലാസകലം വിറച്ചുപൊരുതിയത് ഓർമിക്കുക. ഇന്നതൊരു ഫലിതമാണ്. എങ്കിലും ചരിത്രത്തിൽ ഇത് മലയാളസംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും ജാതീയമായ അന്തർധാരകൾ വെളിപ്പെടുത്തുന്നുണ്ട്.

**സാംസ്കാരികമൂലധനം**


വാസ്തവത്തിൽ, സിംഹത്തെ മടയിൽ ചെന്ന് പിടികൂടുന്ന വിദ്യയുടെ സാംസ്കാരികതർജമയാണ് ദളിത് വിമർശം. ഇത് സാംസ്കാരികമൂലധനത്തിന്റെ പക്ഷപാതപങ്കിലമായ വിതരണത്തെക്കുറിച്ചുള്ള വീണ്ടുവിചാരം തന്നെയാണ്. അങ്ങനെ ഇന്ത്യൻസംസ്കാരത്തെയും സാഹിത്യത്തെയും  ജനായത്തപരമായി പുനഃസംവിധാനം ചെയ്യുന്ന സാംസ്കാരികആയോധനമാണ് ദളിത്എഴുത്തുകൾ എന്ന ബോധ്യം ഉണ്ടായിത്തീരുന്നു. വർണാധിപത്യം കീഴൊതുക്കി തകർത്ത ജനതയുടെ അനുഭൂതിമേഖലകളുടെ ചരിത്രവും വീണ്ടെടുപ്പിന്റെ വഴികളും ഈ വിമർശനത്തിലെ മുഖ്യപര്യാലോചനകളാകുന്നതങ്ങനെയാണ്. മലയാളദളിത്വിമർശത്തിന്റെ രേഖാസഞ്ചയം ഈ സന്ദർഭത്തിൽ ചരിത്രാത്മകം വിശകലനം ചെയ്യേണ്ടതുണ്ട്. ക്രൈസ്തവമിഷനറിമാരിലൂടെ പരിചയിച്ച പുതുമതം ജാതിമർദ്ദനത്തിൽനിന്നുള്ള വിമോചനലോകമായി ദളിതർ ഭാവനചെയ്തു. അങ്ങനെ ദളിത്ക്രൈസ്തവർ എന്ന പുത്തൻജനത പേർചൊല്ലി വിളിക്കപ്പെട്ടു. ഈ വാഗ്ദത്തലോകം പക്ഷെ, വൈകാതെതന്നെ ഇരട്ടമർദ്ദനത്തിന്റെ ലോകമായി അവർ തിരിച്ചറിഞ്ഞു.പ്രത്യക്ഷരക്ഷാദൈവസഭ ഓർമിക്കാം. ഈ പരിവർത്തനത്തിന്റെ സൗന്ദര്യയുക്തികൾ അന്വേഷിക്കുക ഇതിന്റെ വഴികളിൽ ഒന്നായി വികസിച്ചുവരുന്നു. തകർക്കപ്പെട്ടരുടെ കണ്ണുകളാൽ ലോകത്തെ വീണ്ടെടുക്കാൻ നടത്തുന്ന സമരമാണിവിടെ വിമർശനത്തിന്റെ വിഷയം. സൗന്ദര്യമേഖലയെത്തന്നെ നിർണയിക്കുന്ന സാഹിത്യവിമർശനവ്യവഹാരത്തിന്റെ പൊതുബോധനിർമാണവഴികൾ അപഗ്രഥിക്കുവാൻ അതോടെ നാം നിർബന്ധിതരായിത്തീരുന്നു. സരസ്വതീക്ഷേത്രം തുടങ്ങിയ വർണാധികാരത്തിന്റെ വാങ്മയരൂപകങ്ങൾ കീഴടക്കലിന്റെ വർണ(പുരുഷ)ായുധങ്ങളാണെന്ന് അത് തിരിച്ചറിയുന്നു. സരസ്വതീക്ഷേത്രം എന്ന രൂപകം വർണാധിപത്യത്തെയും അടിമത്തത്തെയും സ്വാഭാവികപ്രക്രിയകളാക്കി സൗന്ദര്യവൽക്കരിക്കുന്നു. അത് സാഹിത്യത്തെ സവർണതയുടെ പൈതൃകവും ദളിതരുടെ നിഷിദ്ധലോകവുമാക്കി ഉറപ്പിക്കുന്നു. വിമോചനാത്മകമായിരിക്കെത്തന്നെ ദളിത് സാഹിത്യവിമർശനം പിത്രാധികാരവ്യവഹാരമാണെന്നതും ഓർമിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ലിംഗനീതിയുടെ ദളിതഭൂഖണ്ഡം ദളിത്വിമർശനത്തിന്റെ കേന്ദ്രത്തിലേക്ക് സംക്രമിപ്പിക്കുന്നു. സ്ത്രൈണാനുഭവങ്ങളുടെ ശ്ലഥചരിത്രംകൊണ്ട് പൂരിപ്പിക്കുന്ന, സാഹിത്യവിമർശനചരിത്രത്തിന്റെ  ഇരട്ടവിചാരണയായിത്തീരുന്ന സൂക്ഷ്മവിമർശനം (metacriticism) എന്നും പറയാം. 'ദളിതമക്ഷരസംയുക്തം...', 'നവോത്ഥാനത്തിന്റെ മലയാളം'(സജിത കെ.ആർ,2012) എന്നീ പഠനങ്ങൾ ഈ വഴിയാണ് തുറക്കുന്നത്.

**സരസ്വതീക്ഷേത്രം എന്ന രൂപകം വർണാധിപത്യത്തെയും അടിമത്തത്തെയും സ്വാഭാവികപ്രക്രിയകളാക്കി സൗന്ദര്യവൽക്കരിക്കുന്നു. അത് സാഹിത്യത്തെ സവർണതയുടെ പൈതൃകവും ദളിതരുടെ നിഷിദ്ധലോകവുമാക്കി ഉറപ്പിക്കുന്നു.**

മലയാളത്തിന്റെ (പൊതു) ജനകീയദൃശ്യകലാവ്യവ ഹാരമാണ് ചലച്ചിത്രം. കോളനീകരണത്തിന്റെ ദമനാത്മകമായ പരിഷ്കരണപദ്ധതികൾ ഈ ജനകീയകലയിലും ദളിതജീവിതമേഖലകൾ മൂടിയും മായ്ച്ചെഴുതിയും നിർവീര്യമാക്കിയതിന്റെ അന്വേഷണങ്ങൾ ഇന്ന് ഇതിന്റെ ഭാഗമാമായിത്തീ ർന്നിരിക്കുന്നു. നവോത്ഥാനം ദമനം ചെയ്ത ജാത്യധികാരത്തിന്റെ സുരക്ഷാരന്ധ്രമായി പ്രവ ർത്തിക്കുകയായിരുന്നു ആധുനികതാവ്യവഹാര ങ്ങൾ-വിശിഷ്യ ജനപ്രിയവ്യവഹാരങ്ങൾ-എന്നു വിവക്ഷ. ഇതിനർഥം ആധുനികത സമഗ്രതയിൽ ദളിത് വിരുദ്ധമായിരുന്നുവെന്നല്ല; അതും കൂടിയാ യിരുന്നുവെന്ന് മറന്നുകൂടാ എന്നു മാത്രം. ചരിത്രം ദൈവത്തിന്റെ പുസ്തകമല്ലല്ലോ. വർണാധികാര വും മൂലധനാധികാരവും ഒത്തുചേർന്ന് ദളിത്ജനത യെ പൊതുമണ്ഡലത്തിൽ നിന്നുതന്നെ മായ്ച്ചുകള യുന്നതിന്റെ വിചാരണ ഇതോടൊപ്പം പ്രധാനമാണ്.

**ചരിത്രം ദൈവത്തിന്റെ പുസ്തകമല്ലല്ലോ. വർണാധികാരവും മൂലധനാധികാരവും ഒത്തുചേർന്ന് ദളിത്ജനതയെ പൊതുമണ്ഡലത്തിൽ നിന്നുതന്നെ മായ്ച്ചുകളയുന്നതിന്റെ വിചാരണ ഇതോടൊപ്പം പ്രധാനമാണ്.**





## ചരിത്രം എന്ന മൂലധനം

ദളിതർ ചരിത്രമില്ലാത്ത ജനതയാണോ? അങ്ങനെ ഒരു പൊതുബോധം (common sense) ഇന്ത്യൻസന്ദർഭത്തിൽ നിലനിൽക്കുന്നുണ്ട്. എന്താണിതിന്റെ യാഥാർഥ്യം? ചരിത്രരഹിതരായ ജനതകളുണ്ടോ? ചരിത്രമില്ലാത്തതോ? അതോ ചരിത്രത്തിനു പുറത്താക്കപ്പെട്ടതോ? സൂക്ഷ്മാർഥത്തിൽ മനുഷ്യർ ജീവിക്കുന്ന ജീവിതമാണ് ചരിത്രം എന്നതിനാൽ ഒരു ജനതയും ചരിത്രമില്ലാത്തവരല്ല. ചരിത്രത്തിനുവെളിയിൽ ജനതകളേയില്ല. വാസ്തവത്തിൽ ജാതി, ലിംഗ, വർഗാധികാരങ്ങൾ നാനാവിധ വ്യവഹാരപ്രയോഗങ്ങളിലൂടെ ചരിത്രത്തിൽനിന്ന് ബലാൽക്കാരേണ പുറത്താക്കിയ ജനതയാണ് ദളിത്. ചരിത്രത്തിൽ കീഴൊതുക്കപ്പെട്ട ജനത. അദൃശ്യവൽക്കരണം ഈ കീഴൊതുക്കലിന്റെ അനേകവഴികളിൽ ഒന്നാണ്. ജനതകളുടെ അധഃസ്ഥിതപദവികൾ പ്രകൃതിപ്രതിഭാസമല്ലെന്നർഥം. നാമകരണങ്ങൾക്കു പിന്നിലെ ജാത്യധികാരബലതന്ത്രങ്ങൾ മറച്ചുപിടിച്ച് അവയെ പ്രകൃതിപ്രതിഭാസങ്ങളാക്കി സൗന്ദര്യവൽക്കരിക്കുന്നുവെന്നതാണ് അധഃസ്ഥിതൻ, അധഃകൃതൻ, കീഴാളൻ, ഹരിജൻ തുടങ്ങിയ സങ്കൽപ്പനപദവികളുടെ രാഷ്ട്രീയധർമം. സാധൂകരണയുക്തി എന്നു സൂക്ഷ്മം. അങ്ങനെ ഇവ, വർത്തമാനദളിത്പ്രകരണത്തിൽ, ചരിത്രപരമായി അശ്ലീലപദങ്ങളായിത്തീരുന്നു. അതുകൊണ്ട് ചരിത്രം തിരിച്ചുപിടിക്കുകയെന്നാൽ ഇവയ്ക്കപ്പുറം, ജനതയുടെ ജീവിതം വീണ്ടെടുക്കുകയെന്നുതന്നെയാണർഥം. ഇത് തീർച്ചയായും, ആത്മാഭിമാനകേന്ദ്രിതമായി ഒരു ജനതയെ പുതുതായി നിർമിച്ചെടുക്കുന്ന ചരിത്രപ്രക്രിയയാണ്. ലോകത്ത് സ്വയം സ്ഥാനപ്പെടുത്താനുള്ള ആദ്യവഴി അവിടെ തന്റെ ഇടം കണ്ടെത്തുകയാണ്. ആത്മപ്രശംസ, അതിസ്തുതി, വ്യാജസ്തുതി, അഭിശംസ എന്നിങ്ങനെ ചാക്രികമായി ആവർത്തിക്കുന്ന ചരിത്രചിന്താപദ്ധതികളപ്പാടെ അഴിച്ചുപണിയേണ്ടതുണ്ടെന്ന് ദളിത് വിമർശം വാദിക്കുന്നു. സൗവർണഹംസങ്ങളുടെയും ആത്മാനുരാഗപരവശരുടെയും ആത്മസങ്കീർത്തനങ്ങൾ ഒരേ ഊർജത്തോടെ ഇത് അപനിർമിക്കുന്നു. അതുവഴി, സൗവർണോദാരതയ്ക്കും ആത്മസങ്കീർത്തനങ്ങൾക്കുമപ്പുറം, ജനായത്തവൽക്കരണത്തിലൂടെ കൂടുതൽ സമത്വപൂർണമായ ലോകനിർമിതിയാണ് ദളിത്ചരിത്രരചനയുടെ ലക്ഷ്യമെന്ന് അങ്ങനെ ഉറപ്പിക്കുന്നു.



**ദളിതർ ചരിത്രമില്ലാത്ത ജനതയാണോ? അങ്ങനെ ഒരു പൊതുബോധം (common sense) ഇന്ത്യൻസന്ദർഭത്തിൽ നിലനിൽക്കുന്നുണ്ട്. എന്താണിതിന്റെ യാഥാർഥ്യം? ചരിത്രരഹിതരായ ജനതകളുണ്ടോ? ചരിത്രമില്ലാത്തതോ? അതോ ചരിത്രത്തിനു പുറത്താക്കപ്പെട്ടതോ? സൂക്ഷ്മാർഥത്തിൽ മനുഷ്യർ ജീവിക്കുന്ന ജീവിതമാണ് ചരിത്രം എന്നതിനാൽ ഒരു ജനതയും ചരിത്രമില്ലാത്തവരല്ല.**

മറ്റൊരു പ്രകരണത്തിൽ പ്രദീപൻ പാമ്പിരികുന്ന് ചൂണ്ടിക്കാണിച്ചതുപോലെ, ഏകജാതിസ്വത്വം എന്ന നിലയിൽ ഇന്ന് ദളിത് എന്ന പദം പ്രയോഗിക്കപ്പെടുന്നില്ല. കീഴ്ജാതികളുടെ ജാതിസ്വത്വ ബോധത്തിനപ്പുറത്തുള്ള പൊതുബോധത്തോടൊപ്പം ഇന്ന് ദളിത് എന്ന പദം ചരിത്രപരവും സാമൂഹ്യവുമായ അവബോധമായി പരിണമിച്ചിട്ടുണ്ട്... അടിസ്ഥാനപരമായി വർണവ്യവസ്ഥയും

> **അവർക്ക് ഒരു വിശുദ്ധഗ്രന്ഥമുണ്ടെങ്കിൽ അത് ഭരണഘടനമാത്രമാണ്. അതുകൊണ്ട് അവർ വേദങ്ങളും ഇതിഹാസങ്ങളുമുപേക്ഷിച്ച് ഭരണഘടന കൈയിലെടുക്കുന്നു. വായിക്കാൻ തുടങ്ങുന്നു.**

ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടാണ് ദളിത് എന്ന പദം രൂപപ്പെട്ടതെങ്കിലും ഇന്ന് എല്ലാ തരത്തിലുമുള്ള മർദ്ദിതവിഭാഗം എന്ന അർഥത്തിൽക്കൂടി ഉപയോഗിക്കുന്നു(ദലിത് പഠനം:സ്വത്വം സംസ്കാരം സാഹിത്യം, 2007:15). ദളിത്, ഇന്ന് ഒരു രാഷ്ട്രീയവ്യവഹാരമാണെന്നർഥം; ദളിത് വിമർശം അതിന്റെ പ്രയോഗപദ്ധതിയും.

### ഭരണഘടന വായിക്കുക; ഇതിഹാസങ്ങൾ ഉപേക്ഷിക്കുക

തെരഞ്ഞെടുപ്പ് അഥവാ നാം എന്തുവായിക്കണം, എതു കഴിക്കണം, എന്തിനെക്കുറിച്ച് ആലോചിക്കണം എന്നത് ഇന്ന് വലിയ പ്രശ്നം ആയിത്തീർന്നിരിക്കുന്നു. ആളും അർഥവുമുള്ളവർ പറയുന്നത് വേദങ്ങളും ഇതിഹാസങ്ങളും വായിക്കണമെന്നാണ്. അത് ചിലപ്പോൾ കല്പനയും മറ്റുചിലപ്പോൾ കലയുമായി അവതരിക്കുന്നു, പഴയ നമ്പ്യാന്മാരുടെ-മാർദംഗികളുടെ-കഥാപ്രസംഗവുംപോലെ. വേദങ്ങളിലും ഇതിഹാസങ്ങളിലും മാമുണ്ടുവളർന്നവർക്ക് അവരുടെ ജീവിതമാണ് അത്. അതുകൊണ്ട് അവർക്ക് അവരുടെ ആത്മ-ദേശ-രക്ഷക്ക് വേദേതിഹാസങ്ങളെക്കുറിച്ച് അനർഗളം സംസാരിച്ചുകൊണ്ടേയിരിക്കണം.



എന്നാൽ വേദങ്ങളിൽ നിന്ന്, ഇതിഹാസങ്ങളിൽ നിന്ന് അകറ്റി നിർത്തപ്പെട്ട ജനതകളെങ്ങനെ അവയെക്കുറിച്ച് സുവിശേഷം പറയും? വേദങ്ങളും ഇതിഹാസങ്ങളും, അംബേദ്ക്കർ മുന്നറിയിപ്പ് നൽകിയതുപോലെ, അവരെസംബന്ധിച്ച് അവരെ അടിമകളാക്കിയ മരണയന്ത്രങ്ങളാണ്. ഇന്ത്യയുടെ ഭരണഘടനയാണ് അവരെ അടിമത്തം എന്ന മാരണത്തിൽനിന്ന് വിമോചിപ്പിച്ചത്. അവർക്ക് ഒരു വിശുദ്ധഗ്രന്ഥമുണ്ടെങ്കിൽ അത് ഭരണഘടനമാത്രമാണ്. അതുകൊണ്ട് അവർ വേദങ്ങളും ഇതിഹാസങ്ങളുമുപേക്ഷിച്ച് ഭരണഘടന കൈയിലെടുക്കുന്നു. വായിക്കാൻ തുടങ്ങുന്നു. ഭരണഘടനയെക്കുറിച്ചാണ് അവർക്ക് പറയാനുള്ളത്. ഭരണഘടനയെക്കുറിച്ച് സംസാരിക്കണം എന്നവർ പറയുന്നു.

കാണുന്നതെല്ലാം നാരായണന്റെ പ്രതിമകളും കേട്ടതെല്ലാം നാരായണസ്തുതികളുമായിരിക്കുമ്പോൾ ഈ ലോകം നമ്മുടേതല്ല എന്ന തീരുമാനിക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. ഇതുവരെ നാം കേട്ടുവളർന്നത് ആരുടെ ശബ്ദമാണ് എന്ന് ആലോചിക്കുന്നത് ഒരു രാഷ്ട്രീയപ്രവർത്തനമാണ്. നമ്മുടെ, ലൈബ്രറികൾ, വീടുകൾ, വിദ്യാലയങ്ങൾ, ഇതിഹാസ/മത ഗ്രന്ഥങ്ങൾ, മഹാകാവ്യങ്ങൾ, സിനിമാപാട്ടുകൾ ഇവയൊക്കെയും ഇത്രകാലം ഉരുവിട്ടത് ആരുടെ ശബ്ദവും ഭാഷയുമാണെന്ന് ആലോചിക്കുന്നത് നമ്മെത്തന്നെ അഴിച്ചുപണിയുന്ന പ്രവൃത്തിയാണ്. അതാണ് ആത്മവിമർശം. പുതിയ ലോകത്തിന്റെ അടിക്കല്ലിടുന്ന ജോലിയിലാണ് നാം അപ്പോൾ ഇടപെടുന്നത് എന്നു ചുരുക്കം.

ഇത് ഇങ്ങനെ ഏറ്റെടുക്കാൻ കവിപ്രഭുക്കളോ പാടുവാൻ രുദിതാനുസാരികളോ ഇല്ലാത്ത ജനതയുടെ ശബ്ദവും ലോകവും ഉരുക്കുമ്പലമാർന്ന

ഇച്ഛാശക്തിയിൽ ആവിഷ്കരിക്കുന്ന സംഗരഭൂമി എന്ന് ദളിത്വിമർശത്തെ അതുകൊണ്ട്, വിളിക്കാം. ജനതയുടെ ആത്മബോധം ഒരുക്കൂട്ടി ആത്മദർശനം വെളിപ്പെടുത്തുന്ന സാംസ്കാരിക സംഗരത്തിന്റെ ജനായത്തപ്രയോഗമായി ദളിത്വിമർശം മാറിക്കഴിഞ്ഞു. ഈ നൂറ്റാണ്ടിന്റെ വിമോചനവിചാരങ്ങൾക്ക് സ്പർശിക്കാതെ കടന്നുപോകാനാവാത്ത സാമൂഹ്യപ്രയോഗമാണ് ഇന്ന് ഇന്ത്യയിൽ പൊതുവെയും മലയാളത്തിൽ വിശേഷിച്ചും ദളിത് വിമർശം. അത് സാമൂഹികനീതി ബലപ്രയോഗത്തിലൂടെ നിഷേധിക്കപ്പെട്ട ദളിതരും സ്ത്രീകളുമുൾപ്പെടുന്ന ബഹുജനത്തെ രാഷ്ട്രത്തിന്റെ മുഖ്യഇടങ്ങളിലേക്ക് കൊണ്ടുവന്ന് രാഷ്ട്രത്തിന്റെ വിഭവാവകാശികളാക്കി രാഷ്ട്രത്തെ വിപുലീകരിക്കുന്നു. രാഷ്ട്രം എല്ലാവരുടേതുമാക്കി പുനഃസംഘടിപ്പിക്കുന്നു.

**ഫലശ്രുതി**

ക്രിസ്തുവർഷം പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ പത്തൊമ്പതാം ശതകത്തിന്റെ അവസാനപാദം, സൂക്ഷ്മീകരിച്ചാൽ കോളനീകരണം വരെയുള്ള മലയാള സാഹിത്യം വേദം, ഉപനിഷത്തുകൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ തുടങ്ങിയവയുടെ ആഖ്യാനം, വ്യാഖ്യാനം, തർജമ, പുനരാഖ്യാനം, സമൃതികൾ, ശാസ്ത്രഗ്രന്ഥങ്ങൾ എന്നിവയാണ്. രാമചരിതാദി പദ്യകൃതികളും ഭാഷാകൗടലീയാദി ഗദ്യഗ്രന്ഥങ്ങളും മാതൃകകൾ.29 ഏഴര നൂറ്റാണ്ടോളം സർവാതിശായിയായി പ്രവർത്തിച്ച് മലയാളദേശത്തിന്റെ അബോധത്തെ രൂപപ്പെടുത്തിയത് ഈ വ്യവഹാരങ്ങളാണ്. ഉള്ളടക്കത്തിൽ സനാതന-ബ്രാഹ്മണ-മതത്തിന്റെ വ്യവഹാരങ്ങളാണിവ. ഇവയിലൂടെ വർണധർമം ഉടലാർന്ന ഒരു പ്രദേശം-കേരളം-നിർമ്മിക്കപ്പെട്ടു. ഈ ബ്രാഹ്മണക്ഷേത്രത്തിൽ കോളനി ആധുനികത ഇടപെട്ട് ഒരു ജാതിയന്ത്രം നിർമിച്ചെടുത്തു. മലയാളത്തിൽ സാഹിത്യം എന്ന ഒരു പുത്തൻവ്യവഹാരം ഈ പ്രകരണത്തിന്റെ ഉല്പന്നമാണ്. മലയാളവിമർശനം അതുകൊണ്ട്, കോളനിആധുനികത നിർമിച്ച ഒരു സങ്കരവ്യവഹാരം ആണെന്നു വരുന്നു. പുനഃചംക്രമണം (reload) ചെയ്യപ്പെട്ട ബ്രാഹ്മണികതയായിരുന്നു അത്. കെ.എൻ.പണിക്കർ സാംസ്കാരികദല്ലാൾ എന്ന് വിളിച്ച, മെക്കാളെയുടെ പുതിയ പ്രജകൾ ഈ വർണക്ഷേത്രത്തെ പിന്നെ ഒരു നൂറ്റാണ്ടോളം ഭാർഗവക്ഷേത്രവും സരസ്വതീക്ഷേത്രവുമാക്കി ഊട്ടിയുറപ്പിച്ചു. തൊണ്ണൂറുകളിലെ മണ്ഡൽ പ്രക്ഷോഭങ്ങളോടെ ഇന്ത്യയെമ്പാടും രൂപപ്പെട്ട ദളിത്-സ്ത്രീ-ബഹുജനരാഷ്ട്രീയവും ആ ഊർജപ്രപാതത്തിൽ രൂപപ്പെട്ട ദളിത്വിമർശനവും ഈ വർണക്ഷേത്രത്തിന്റെ അടിത്തറ തകർക്കാൻ വേണ്ട രാഷ്ട്രീയോർജം പ്രസരിപ്പിച്ചു. അങ്ങനെ അതിന്റെ അടിത്തറ ഇളകി. മലയാളത്തിൽ, അയ്യങ്കാളിയിൽ തുടങ്ങുന്നതും അപ്പച്ചനിലൂടെയും മറ്റും പ്രവഹിച്ചതുമായ രാഷ്ട്രപുനർനിർമാണപ്രക്രിയ ഈ ധാരയുമായി കലർന്ന് ചരിത്രനിർമാണശക്തിയായിത്തീർന്നു; സാഹിത്യവും സാഹിത്യവിമർശനവും അതിന്റെ മുഖ്യസമരമുഖവും. ജനത എന്ന നിലയിൽ മലയാളത്തിന്റെ ഭാവശക്തിയെ സഹസ്രാബ്ദങ്ങളോളം ക്ഷയിപ്പിച്ചുനിർത്തിയ വർണധർമത്തിന്റെ അനുഭൂതിലോകത്തെ ജനായത്തവൽക്കരിക്കുന്ന നവലോകനിർമാണപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന മനുഷ്യച്ഛയുടെ പേരാണ് അതുകൊണ്ട് ഇന്ന് ദളിത് വിമർശനം.



ഹരീഷ്. സി. എ

മരുഭൂമി ഉരുകുന്നു, ഒരു വിഷപ്പാമ്പിന്റെ അസ്ഥിയും തട്ടിത്തെറുപ്പിച്ച് മണൽക്കാറ്റ് വീശി. വരണ്ട ചുണ്ടിന്റെ ഇരുവശവും ധൂളിയായി പൊഴിഞ്ഞു പോകുന്നു. ശരീരത്തിന്റെ ഓരോ ഇടുക്കുകളിലും ചെളിയാണ്, വഴുവഴുപ്പാണ്. അവിടെയെങ്ങും മണലിന്റെ ഗന്ധം പരന്നു. അങ്ങ് ദൂരെ തിളയ്ക്കുന്ന മരീചികയിലൂടെ വെള്ളക്കുടവും തലയിലേറ്റി അമ്മ വരുന്നുണ്ട്. അഭയിയെയും, അമ്മയെയും മുപ്പെത്തെട്ടു പേരടങ്ങുന്ന ബന്ധുമിത്രാദികളെയും മോഷണക്കുറ്റം ആരോപിച്ച് മരുത്തടാകത്തിനടുത്തുനിന്ന് നാടുകടത്തിയതാണ്. വെള്ളമെടുക്കാൻ ഈ ജനത ഓരോ ദിവസവും അങ്ങോട്ട് ഒഴുകും.

അമ്മ വന്നയുടനെ തുണി നനച്ച് മുഖവും കയ്യും തുടച്ചു. തുണികൊണ്ട് മറച്ച കുടിലിന്റെ ഒരു വശത്ത് അമ്മ എന്നും പ്രാർത്ഥിക്കും. കാലംകൊണ്ട് കറുത്തുപോയ ഒരു ഭഗവാന്റെ ചിത്രം അവിടെ വച്ചിട്ടുണ്ട്. തടാകത്തിനരികിൽ പോകുമ്പോൾ എപ്പോഴും കുറച്ചു ദൂരെയുള്ള വലിയ ക്ഷേത്രത്തിലേക്ക് നോക്കി കൈകൂപ്പി പ്രാർത്ഥിക്കാൻ അമ്മ പറയും. വലിയ മണി മുഴങ്ങുന്ന ആ ക്ഷേത്രം അഭയിക്കും ഇഷ്ടമാണ്. മണിമുഴങ്ങുമ്പോഴെല്ലാം അതിന്റെ ഗോപുരത്തിന്റെ മുകളിൽ നിന്നും പ്രാവുകൾ നാലുപാടും പറക്കും. മണൽക്കൂനയ്ക്ക് മുകളിൽ കയറി എന്നും അവനത് കാണും. അച്ഛൻ ഉണ്ടായിരുന്നപ്പോൾ ഒരിക്കൽ അച്ഛന്റെ കൂടെ ജയ്സൽമെറിലേക്ക് പോയിട്ടുണ്ട്. രാജസ്ഥാനിൽ വേറെ എങ്ങും അവൻ പോയിട്ടില്ല. പുറത്തെയൊന്നും അറിയുകയുമില്ല.



അഭയ് നേരത്തെ എണീറ്റു. ഇന്ന് രാവിലെ തന്നെ ബദരിയും, റൊട്ടിയും വിളമ്പി വച്ചിരിക്കുന്നു. അതിന്റെ ഗന്ധം കുടിലിലെല്ലാം നിറഞ്ഞു കവിഞ്ഞു. അമ്മ പ്രാർത്ഥിക്കുന്നുണ്ട്. ഞാനും പോയി അമ്മയുടെ ഒരു വശത്തിരുന്നു. ദീപത്തിന്റെ വെളിച്ചത്തിൽ അമ്മയുടെ മൂക്കുത്തി തിളങ്ങി. അമ്മയെ കാണാൻ നല്ല ഭംഗിയാണ്. ഇന്ന് നിന്റെ പിറന്നാൾ ആണ്, അമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു. ചിരിക്കുമ്പോൾ അമ്മയുടെ മുഖം ആകപ്പാടെ വലിയുന്നു.

ഞാനും ആശയും കുടവുമെടുത്ത് ദൂരെയുള്ള തടാകത്തിലേക്ക് നടന്നു. അവൾ എന്നെക്കാൾ ഒരു വയസ്സിന് ഇളയതാണ് പത്ത് വയസ്സേ ആയിട്ടൊള്ളൂ. രണ്ടുപേരുടെയും വെയിൽ കനക്കുന്നത് വരെയുള്ള കളിയും ജോലിയും ആണ് ചെറുകുടത്തിൽ വെള്ളം കൊണ്ടുവരുക എന്നത്. മറ്റൊന്നും ആ മണൽ പരപ്പിലില്ല. അമ്മയ്ക്ക് കാണാവുന്ന ദൂരം വരെ പതുക്കെ നടന്ന് പിന്നെ ഇരുവരും ഓടി. തടാകത്തിനരുകിൽ ചെറിയ കുറ്റിച്ചെടിയുടെ അടുത്ത് കുടം വച്ച് അവർ ദിവസവും ക്ഷേത്രത്തിന് അരികെ പോകും. അമ്മ അറിയരുത്, ഒരിക്കലും

**അഭയ് നേരത്തെ എണീറ്റു. ഇന്ന് രാവിലെതന്നെ ബദരിയും, റൊട്ടിയും വിളമ്പി വച്ചിരിക്കുന്നു. അതിന്റെ ഗന്ധം കുടിലിലെല്ലാം നിറഞ്ഞു കവിഞ്ഞു. അമ്മ പ്രാർത്ഥിക്കുന്നുണ്ട്. ഞാനും പോയി അമ്മയുടെ ഒരു വശത്തിരുന്നു. ദീപത്തിന്റെ വെളിച്ചത്തിൽ അമ്മയുടെ മൂക്കുത്തി തിളങ്ങി.**





**കൈകാലുകൾ വിറച്ചുകൊണ്ട് അവൻ മുന്നിലുള്ള ആളുടെ വശത്തുകൂടി ക്ഷേത്രത്തിലേക്ക് ഓടി, തിരിഞ്ഞു നോക്കാതെ കല്ല് വിരിച്ച പാതയിലൂടെ ഭഗവാന്റെ അടുത്തേക്ക്. ഇരുവശങ്ങളിൽ നിന്നും ഉച്ചത്തിൽ ശബ്ദങ്ങൾ കേട്ടു. ആ ശബ്ദങ്ങൾ അവന്റെ വേഗത കൂട്ടി.**

ക്ഷേത്രത്തിനടുത്ത് പോകരുതെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. വെയിൽ കനക്കുന്നതിനു മുൻപ് തിരിച്ചു പോകുകയും വേണം. അമ്മ വിലക്കിയെങ്കിലും പ്രാവുകളും, മണിമുഴ ക്കവും അഭയിയെയും, ആശയെയും എന്നും ക്ഷണിച്ചുകൊണ്ടിരുന്നു. അതുമല്ല ക്ഷേത്രത്തിനടുത്തുനിന്ന് പലപ്പോഴായി രസമുള്ള ഭക്ഷണങ്ങൾ കിട്ടിയിട്ടുണ്ട്. ചില സ്ഥലത്ത് നിലത്ത് കൂടികിടക്കുന്നുണ്ടാ കും. അതിനെല്ലാം നല്ല രസമാണ്. റൊട്ടിയും, ബദരിയും പോലെയല്ല. ഗ്രാമവീ ഥിയിലേക്ക് കയറുമ്പോൾ ഒരു പോത്തൻ എലി വയറു പൊട്ടി ചത്ത് മലച്ച് ബലം വച്ച് കിടക്കുന്നു. അഭയ് അതിനെ വടി കൊണ്ട് തോണ്ടി നീക്കിയിട്ടു. 'പാവം' ആശ പറഞ്ഞു, അവർ നടന്നു.

ക്ഷേത്രത്തിനടുത്തെത്തിയപ്പോൾ അഭയ് പറഞ്ഞു എനിക്ക് ഭഗവാനെ തൊഴണം, ഇന്ന് എന്റെ പിറന്നാൾ ആണ്. അമ്മയുടെ കയ്യിൽ ചിത്രം മാത്രമേയുള്ളൂ, ക്ഷേത്രത്തിൽ ചെന്നാൽ ഭഗവാനെ നേരിൽ കാണാലോ എന്നും. ആശയ്ക്ക് ഭയമായി, ‘ഞാനില്ല ഞാൻ പോവാ’ അവൾ തിരി ഞ്ഞോടി. തടാകത്തിനരികെ കാത്തുനിൽ ക്കാൻ പറഞ്ഞ് അഭയ് മുന്നോട്ട് നടന്നു. അച്ഛന്റെ തോളിലേറി ജയ്സൽമെറിലെ കോട്ട കാണാൻ ഇതുവഴിയാണ് പോയത്.

ക്ഷേത്രനടയിൽ ചെരിപ്പുകൾ കുറച്ചേയു ള്ളൂ. ഭക്തരെല്ലാം കുറെ പോയിക്കഴിഞ്ഞി രിക്കുന്നു. ചൂടിന്റെ ശക്തി കൂടി. ഉള്ളിൽ നിന്നും പുറത്തേക്ക് പത്രവുമായി വന്ന നീണ്ടു മെലിഞ്ഞ ഒരാൾ അഭയിയുടെ കോലം കണ്ട് എന്താ എന്ന് ചോദിച്ചു.' ഭഗവാനെ തൊഴണം'. ഒന്നുകൂടി മൊത്തമാ യി നോക്കി നീ എവിടുന്ന് വരന്നു.. നിന്റെ വീട് എവിടാണ്? തടാകത്തിന്റെ അപ്പുറത്ത് കുറച്ച് അകലെ, അവൻ പറഞ്ഞു. അയാളുടെ കണ്ണുകൾ താനേ ചുവന്നു ഒട്ടിയ കവിളുകൾ തുടിച്ചു. പായസം ഒരിടത്ത് വെച്ച് മെലിഞ്ഞ് നീണ്ട അയാൾ ശക്തിയായി അലറി. അയാൾ പറഞ്ഞ വാക്കുകൾ അവന് മനസ്സിലായില്ല. അവൻ വിറയ്ക്കാൻ തുടങ്ങി, ദേഹമാസകലം വിയർത്തു. അപ്പോൾ കുറച്ചകലെ ക്ഷേത്ര ത്തിനു പുറത്ത് കൂടിയിരുന്ന ആളുകളോട് എന്തോ അയാൾ പറയുന്ന പോലെ അഭയി യുടെ ചെവിയിൽ മുഴങ്ങി. അവൻ തിരിഞ്ഞു നോക്കിയപ്പോൾ വലിയ ആകാര മുള്ള കുറെ മനുഷ്യർ തന്റെ നേരെ നടന്ന് വരുന്നു. കൈകാലുകൾ വിറച്ചുകൊണ്ട് അവൻ മുന്നിലുള്ള ആളുടെ വശത്തുകൂടി ക്ഷേത്രത്തിലേക്ക് ഓടി, തിരിഞ്ഞു നോക്കാതെ കല്ല് വിരിച്ച പാതയിലൂടെ ഭഗവാന്റെ അടുത്തേക്ക്. ഇരുവശങ്ങളിൽ നിന്നും ഉച്ചത്തിൽ ശബ്ദങ്ങൾ കേട്ടു. ആ ശബ്ദങ്ങൾ അവന്റെ വേഗത കൂട്ടി. പേടിച്ചര ണ്ട് അവൻ ഭഗവാനെ നോക്കി ഓടി, മുന്നിൽ എന്തോ തിളങ്ങുന്നു അവൻ നിന്നു. നട അടഞ്ഞു കിടക്കുകയാണ്. സ്വർണ്ണ വാതിൽ, തൂക്കിയിട്ട അലങ്കാര കണ്ണാടിയിലെ വെളിച്ചം തട്ടി തിളങ്ങുന്നു. അവന്റെ കണ്ണ് മഞ്ഞളിച്ചു. തലയ്ക്കു

**നട അടഞ്ഞു കിടക്കുകയാണ്. സ്വർണ്ണ വാതിൽ, തൂക്കിയിട്ട അലങ്കാര കണ്ണാടിയിലെ വെളിച്ചം തട്ടി തിളങ്ങുന്നു. അവന്റെ കണ്ണ് മഞ്ഞളിച്ചു. തലയ്ക്കു പുറകിൽ എന്തോ ഒന്ന് ശക്തിയായി പതിച്ചു. അവൻ പറ്റാവുന്ന പോലെ കൈകൾ ഉയർത്തി തൊഴുതു കൊണ്ട് വീണു. ക്ഷേത്രത്തിന് പുറത്തുണ്ടായിരുന്ന ആളുകൾ വന്ന് അവനെ വലിച്ചു കൊണ്ടു പോയി. വലിയ കാൽപാദങ്ങൾ അവന്റെ പുറത്ത് മർദ്ദനം തുടങ്ങി.**

പുറകിൽ എന്തോ ഒന്ന് ശക്തിയായി പതിച്ചു. അവൻ പറ്റാവുന്ന പോലെ കൈകൾ ഉയർത്തി തൊഴുതു കൊണ്ട് വീണു. ക്ഷേത്രത്തിന് പുറത്തുണ്ടായിരുന്ന ആളുകൾ വന്ന് അവനെ വലിച്ചു കൊണ്ടു പോയി. വലിയ കാൽപാദങ്ങൾ അവന്റെ പുറത്ത് മർദ്ദനം തുടങ്ങി. ഓരോ ചവിട്ടും അവന്റെ സന്ധികളെ വിടുവിച്ചു. ആദ്യം കണ്ട മെലിഞ്ഞ് നീണ്ട ആൾ ഒരു വലിയ വടിയുമായി വന്ന് ഇത്തിരി അകലെ നിന്ന് അറപ്പോടെ തല്ലി. ദിനവും സൂര്യനോട് പോരാടുന്നവൻ മരിക്കാതെ കിടന്നു. ഒരാൾ നീളമുള്ള കൈത്തോക്ക് കൊണ്ട് അവന്റെ തലയിൽ രണ്ടു വെടിയുണ്ടകൾ നിറയൊഴിച്ചു. കനത്ത ചൂടിൽ രക്തം ആകെ പ്രവഹിച്ചു. അവർ പോയതിനു ശേഷം ഒരാൾ വന്ന് അവനെ വലിച്ച് ഗ്രാമവീഥിയ്ക്ക് പുറത്ത് പോത്തനെലി കിടന്നിരുന്നിടത്ത് കൊണ്ടിട്ടു. മണൽ കുന്ന് താണ്ടി ആശ ഒറ്റയ്ക്ക് ഓടി വരുന്നത് കണ്ട് അമ്മ നെഞ്ചത്ത് കൈവച്ച് ഭഗവാനെ വിളിച്ചു!.







St
an
SWAMY


THING
NDS

വണ്ടിലെത്താഞ്ഞ വീട്ടുപടിക്കല് മുത്തിത്തള്ള കാല് മടങ്ങി വീണ്
എണീച്ച്.. എണീച്ച് തള്ള പിന്നേം വീണ്. പിന്നേം പിന്നേം വീണോണ്ടയിരിന്ന്
വഴുവില് നിക്കണ വണ്ടിൽക്ക് ചെക്കൻമാര് തള്ളേനേം പൊക്കി
പാഞ്ഞ് പോവുമ്പോ, സർവേ കല്ലില് മുട്ടും കാല് കുത്തി
മുമ്പില് നടക്കണ ചെക്കൻ മോന്തേം കുത്തി വീണമ്പോ,
തള്ളേനെ പൊക്കിയ ചെക്കൻമാരെല്ലാരും വീണ്. തള്ള പിന്നേം വീണ്...





# 7

കത്തിക്കരിഞ്ഞൊരു ചേരിയിൽ
വന്നിതാ പത്തമ്പതു
പരേതാത്മാക്കൾ പാടുന്നു
-കൂളിയാട്ടം

ദർശന. സി

# ചേരും ചേരിയോട് ചേരാത്ത ചെയ്തികൾ




മനുഷ്യൻ മാത്രം ബാക്കിയാകുന്ന വികസനത്തെക്കുറിച്ചുള്ള ചർച്ചകളിന്ന് സജീവമാണ്. വ്യാവസായികവത്കരണം, നഗരവത്കരണം, സാമ്പത്തിക വളർച്ച തുടങ്ങിയവയെല്ലാം വികസനത്തിന്റെ മുന്നൊരുക്കങ്ങൾക്ക് ആക്കംക്കൂട്ടിയിട്ടുണ്ട്. മറുപുറത്ത് വിഭവങ്ങളുടെ ലഭ്യതക്കുറവും അടിസ്ഥാന സൗകര്യങ്ങളുടെ ഭീകരമായ അഭാവവുംകൊണ്ട് വികസനത്തിന്റെ പേരിൽ മുഖ്യധാരയുടെ പുറമ്പോക്കിലേക്ക് മാറ്റിനിർത്തപ്പെട്ടവരുടെ വലിയൊരു സമാന്തര ലോകവും ചോദ്യചിഹ്നമായി നിലനിൽക്കുന്നു. വികസനങ്ങൾ ആർക്കുവേണ്ടിയാണ് എന്ന ചോദ്യം എക്കാലത്തും പ്രസക്തമായി ഉയർന്നുവന്നിട്ടുണ്ട്. എന്തുകൊണ്ടാണ് ചില മനുഷ്യർ മാത്രം വികസനവൃത്തത്തിൽ നിന്ന് എന്നും പുറത്ത് നിൽക്കേണ്ടിവരുന്നതും എല്ലാത്തരം വികസനങ്ങളുടേയും പ്രതിബന്ധങ്ങളെ ഉത്തരവാദിത്ത്വമായി ഏറ്റെടുക്കേണ്ടിവരുന്നുതും?... അതത്ര എളുപ്പം കണ്ടെത്താവുന്ന ഒരുത്തരമല്ല. സാമൂഹിക പരമായും രാഷ്ട്രീയപരമായും ചരിത്രപരമായും നീണ്ടുകിടക്കുന്ന വേരുകളിലേക്ക് പോയി മാത്രം മനസ്സിലാകാൻ സാധിക്കുന്ന ഒന്നാണത്.

മനുഷ്യൻ ഒറ്റയിൽ നിന്ന് പറ്റമായി ജീവിക്കുവാൻ തുടങ്ങിയ കാലം മുതലാണ് സാമൂഹ്യജീവിയായുള്ള പരിവർത്തനം സംഭവിച്ചത്. പരസ്പരാശ്രയത്തിലൂടെയുള്ള കൊടുക്കൽ വാങ്ങുലുകളിലൂടെയും ഇടപെടലുകളിലൂടെയും മനുഷ്യനൊരു സാമൂഹ്യവൽക്കരണത്തിന്റെ( socialisation) കൂടെ ഭാഗമായി. വിവിധ സാമൂഹിക സ്ഥാപനങ്ങളുടെ രൂപപ്പെടൽ, കായികപരമായ ആധിപത്യം, തൊഴിൽ പരമായ വിവേചനങ്ങൾ എന്നിവ മനുഷ്യ വളർച്ചക്കൊപ്പം തന്നെ വളർന്നുവന്നു. വർഗരഹിതമായ ആദിമ കാല സാമൂഹികതയിൽ നിന്നും ഓരോ കാലത്തേയും അടയാളപ്പെടുത്തുന്ന രൂപത്തിലുള്ള വർഗ്ഗവിവേചനങ്ങൾ ഓരോ ഇടങ്ങളിലും ഉരുവംകൊണ്ടു. അടിമയും

**മനുഷ്യൻ ഒറ്റയിൽ നിന്ന് പറ്റമായി ജീവിക്കുവാൻ തുടങ്ങിയ കാലം മുതലാണ് സാമൂഹ്യജീവിയായുള്ള പരിവർത്തനം സംഭവിച്ചത്. പരസ്പരാശ്രയത്തിലൂടെയുള്ള കൊടുക്കൽ വാങ്ങുലുകളിലൂടെയും ഇടപെടലുകളിലൂടെയും മനുഷ്യനൊരു സാമൂഹ്യവൽക്കരണത്തിന്റെ( socialisation) കൂടെ ഭാഗമായി.**

ഉടമയും, ജന്മിയും കുടിയാനും, മുതലാളിയും തൊഴിലാളിയും തുടങ്ങി കാലങ്ങളായി ഈ വർഗ്ഗ സംഘർഷങ്ങൾ നിലനിന്നുപോന്നു. അതിനിടയിൽ നവോത്ഥാനവും ശാസ്ത്ര, വൈജ്ഞാനിക മുന്നേറ്റങ്ങളും സാധ്യമായപ്പോഴും എല്ലാകാലത്തും ഒരു വിഭാഗം ജനതയെ മുഖ്യധാരയിൽ നിന്നും അധികാരഘടനയിൽ നിന്നും സാമൂഹിക ചുറ്റുപാടുകളിൽ നിന്നും മാറ്റിനിർത്തപ്പെട്ടുപോന്നിരുന്നു. വിവിധ കാലങ്ങളിൽ വിവിധങ്ങളായ പേരുകളിലാണ് അവർ അറിയപ്പെട്ടിരുന്നതെങ്കിലും അവരനുഭവിച്ച സാമൂഹിക, സാമ്പത്തിക അസമത്വങ്ങൾ എല്ലാകാലത്തും തുല്യമായിരുന്നു. അവരുടെ ഇടങ്ങളെ തെരുവുകളെന്നും, ചേരികളെന്നും, ഗലികളെന്നും പേരിട്ടുവിളിച്ചു. ജാതിപരമായും തൊഴിൽപരമായും ഉച്ചനീചത്വങ്ങളനുഭവിക്കേണ്ടിവന്നവർ, തൊഴിൽപരമായി മുഖ്യധാരയിൽ പങ്കുചേർക്കാതിരുന്നവർ, ബ്രാഹ്മണിക്കൽ രാഷ്ട്രീയവും അധികാര കേന്ദ്രങ്ങളും അരികുകളിലേക്ക് തള്ളിമാറ്റിയവർ, സാമ്പത്തിക ഉച്ചനീചത്വം അനുഭവിക്കുന്നവർ, ആകാശം മേൽക്കൂരയാക്കി ജീവിക്കേണ്ടി വരുന്നവർ, ദരിദ്രർ, തെരുവ്ജീവിതങ്ങൾ, വികസനത്തിന്റെ ഇരകൾ, ഭരണകൂട ദുഃശാഠ്യങ്ങ




**ബ്രിട്ടീഷ് കോളനിവൽക്കരണത്തിന്റെ കാലഘട്ടങ്ങളിൽ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം പ്രയോഗിക്കപ്പെട്ടതിലൂടെ ഇത്തരം വിഭാഗീയ കാഴ്ച്ചകളെ കാണാനാകും. ഓരോ വിഭാഗങ്ങൾക്കും പ്രത്യേക താമസയിടങ്ങളും സാമൂഹിക സാംസ്കാരിക രീതികളും രൂപപ്പെടുത്തുന്നതിന് കോളനിവൽക്കരണം പ്രധാന കാരണമായിട്ടുണ്ട്.**



ളുടെ ബലിയാടുകൾ ഇങ്ങിനെ നീളുന്നു. ഈ ജീവിതങ്ങളെ സമം ചേർത്ത് പറയുന്നതാണ് ദളിതുകൾ എന്ന പേര്. സമൂഹത്തിൽ തുല്യ സാമൂഹ്യ പദവിയുള്ള ജനത എന്നത് അപ്രായോഗികമായ ആലോചനയാണ്. ജാതി വ്യവസ്ഥകൾ, ജന്മി-കുടിയാൻ വ്യവസ്ഥകൾ, വർണ്ണ-വർഗ-വംശ വേർതിരിവുകളിലെല്ലാം തന്നെ തുല്യമായതോ നിശ്ചലമായതോ ആയ സാമൂഹ്യ അവസ്ഥകൾ നിലനിൽക്കുകയില്ല. ഇത്തരം സാമൂഹികാവസ്ഥകളിലാണ് വ്യത്യസ്ത രൂപത്തിലുള്ള ശ്രേണീകരണങ്ങൾ രൂപപ്പെടുന്നത്. ഈ ശ്രേണീകരണത്തിന്റെ ഭാഗമായി സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവർ/ഉണ്ടാകേണ്ടവർ എന്ന് അടിച്ചേൽപ്പിച്ച വിഭാഗമാണ് ദളിത് സമൂഹം. നഗരവൽക്കരണത്തിന്റെ ഭാഗമായി ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള കുടിയേറ്റങ്ങൾ വർദ്ധിച്ചു. ഇങ്ങനെ കുടിയേറിയവരിൽ താഴേത്തട്ടിലുള്ള ജോലിചെയ്തിരുന്ന ജനങ്ങൾ അധിവസിച്ചിരുന്നയിടങ്ങളാണ് കോളനികൾ, ചേരികൾ, ഗലികൾ എന്നൊക്കെയായി മാറിയത്. നിശ്ചിത പ്രദേശത്ത് അളവിൽ കൂടുതലാളുകൾ അധിവസിക്കുന്നയിടങ്ങളാണ് പിന്നീട് ചേരികളായി മാറിയത്. യഥാർത്ഥത്തിൽ ജാതി, തൊഴിൽ, വർണ്ണം, വർഗ്ഗം തുടങ്ങിയ വേർതിരിവുകളാണ് ഒറ്റയിൽ നിന്ന് കൂട്ടമായി ജീവിക്കുവാനുള്ള സാഹചര്യങ്ങളൊരുക്കിയത്. തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ജാതി വിവേചനങ്ങൾ തൊഴിലാളി വിഭജനങ്ങൾ കൂടിയാണെന്ന്

അംബേദ്കർ പറഞ്ഞുവെക്കുന്നു ണ്ട്. തൊഴിലിന്റെ അടിസ്ഥാനത്തിൽ ജാതികളെ രൂപപ്പെടുത്തുകയും അവയെ അടിസ്ഥാനമാക്കി ജാതി ഗ്രൂപ്പുകളും അധിവാസ കേന്ദ്രങ്ങ ളും രൂപപ്പെടുത്തുകയും, അവ മനുഷ്യനിൽ നിരവധി ഗ്രൂപ്പുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ചേരികൾ എന്നാൽ ദളിത് അധിവാ സകേന്ദ്രങ്ങളെന്ന ധാരണ പൊതുസ മൂഹത്തിനിടയിൽ രൂഢമൂലമായിട്ടു ള്ള യാഥാർത്ഥ്യമാണ്. ഇന്ത്യ, കേരളം പോലുള്ള രാഷ്ട്രീയ അതിരുകൾക്കു ള്ളിൽ മാത്രം കണ്ടുവരുന്ന പ്രതിഭാ സമല്ല ഇത്. മനുഷ്യർ സാമൂഹികമാ യി ജീവിക്കുന്ന ഇടങ്ങളിലെല്ലാം ഇത്തരത്തിലുള്ള വേർതിരിവുകൾ വംശത്തിന്റേയും വർണത്തിന്റേയും വർഗ്ഗത്തിന്റേയും ഭാഗമായി തുടർ ന്നുവരുന്നുണ്ട്.

ബ്രിട്ടീഷ് കോളനിവൽക്കരണത്തി ന്റെ കാലഘട്ടങ്ങളിൽ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം പ്രയോഗിക്ക പ്പെട്ടതിലൂടെ ഇത്തരം വിഭാഗീയ കാഴ്ച്ചകളെ കാണാനാകും. ഓരോ വിഭാഗങ്ങൾക്കും പ്രത്യേക താമസ യിടങ്ങളും സാമൂഹിക സാംസ്കാ രിക രീതികളും രൂപപ്പെടുത്തുന്നതി ന് കോളനിവൽക്കരണം പ്രധാന കാരണമായിട്ടുണ്ട്. ബ്രിട്ടീഷ് സൈനിക ഉദ്യോഗസ്ഥരുടെ കൺ ണ്ടോൻമെന്റുകൾ (Cantonments) ജൂത തെരുവുകൾ (Jew Street), ബ്രട്ടീഷ്-ഫ്രഞ്ച് കോളനികൾ എന്നിവയെല്ലാം ഒരു ജനതയുടെ മേൽ അധികാരവ്യവസ്ഥയും ആധിപത്യങ്ങളുടെയും സൂചകങ്ങ ളാണ്. മെച്ചപ്പെട്ട ജീവിതസാഹചര്യ ങ്ങൾ തേടിയാണ് നഗരങ്ങളിലേക്കു ള്ള കുടിയേറ്റങ്ങളുണ്ടാകു ന്നത്. നഗരവൽക്കരണത്തിന്റെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ നിന്നും നിർബന്ധിതവും ആകർഷകവുമായ അത്തരം കുടിയേറ്റങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. പ്രതീക്ഷിച്ച ജീവിത സാഹചര്യങ്ങൾ വിവിധ കാരണങ്ങളാൽ ലഭിക്കാതെ പോയതോടെ വികസനത്തിന്റെ പ്രതീകങ്ങളായി അവതരിപ്പിക്കുന്ന നഗരങ്ങളോട് ചേർന്ന നഗര പ്രാന്ത പ്രദേശങ്ങളിലെ ശുചിത്വ പൂർണമല്ലാത്ത ഇടങ്ങളിൽ തിങ്ങിപാർത്ത് താമസിക്കുന്ന ഇടങ്ങളിലേക്ക് അവരെ പറിച്ചുനട പ്പെട്ടു. നഗരവൽകരണത്തിന്റെ ഗുരുതരമായ മറുപുറമാണ് ചേരികൾ. ഭക്ഷണം, വസ്ത്രം, താമസം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളും, ശുചീകരണ- ഗതാഗത സംവിധാനങ്ങൾ, വിദ്യാഭ്യാ സം സ്ഥാപനങ്ങൾ, പര്യാപ്തമായ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ, സുരക്ഷ, സുസ്ഥിര മായ വരുമാനം എന്നിവയെല്ലാം നഷ്ടപ്പെട്ടുകൊ ണ്ടാണ് ചേരികളിലെ ജീവിതങ്ങളുടെ രൂപപ്പെടലു കളുണ്ടായത്.



എസ്റ്റേറ്റ് തൊഴിലാളികൾ, മത്സ്യ തൊഴിലാളികൾ, ആദിവാസി ജനത, ദളിത് ക്രിസ്ത്യൻ, അഭയാ ർത്ഥികൾ, ലൈംഗിക ന്യൂനപക്ഷക്കാർ, ഭാഷാ -വംശം-മതപരമായ പിന്നോക്ക വിഭാഗക്കാർ, സ്ത്രീകൾ, മറ്റു പിന്നോക്ക വിഭാഗക്കാർ എന്നിവ രെല്ലാം പൊതുവിൽ ദളിതരെന്ന് വായിക്കപ്പെടു ന്നു. അധികാരത്തിൽ പങ്കുചേർക്കാത്തവരും പദവികളോ സ്ഥാനങ്ങളോ ഇല്ലാത്ത ജനവിഭാഗ ങ്ങളാണിവർ. സ്വന്തമായി ഭൂമിയുടെ ഉടമസ്ഥത യില്ലാത്ത ജനതയാണ് ദളിതർ. ഭൂമിക്ക്മേലുള്ള ദളിതരുടെ അധികാരമില്ലായ്മയാണ് ദളിത് സ്വത്വം അഭിമുഖീകരിക്കുന്ന പ്രധാന ചോദ്യം. വിപ്ലവകരമായ സാമൂഹിക മുന്നേറ്റമായി അവത രിപ്പിക്കുന്ന ഭൂപരിഷ്കരണ നിയമങ്ങൾ പോലും ദളിത് സമൂഹത്തിന് നേടിക്കൊടുത്തതെന്ത് എന്നൊരു ചോദ്യം ഇപ്പോഴും പ്രസക്തമാണ്. തോട്ട ഭൂമിയും സ്വകാര്യ വനങ്ങളും ഇതിനകത്ത് ഉൾപ്പെട്ടിരുന്നില്ല. രാജ്യത്ത് നടന്ന ഭൂസമരങ്ങളെ ല്ലാം ദളിതർക്ക് വേണ്ടിയായിരുന്നു അത്തരം സമരങ്ങളുടെ മുന്നിലുണ്ടായിരുന്നതും ദളിത് സമൂഹമാണ്. മുത്തങ്ങയും, ചെങ്ങറയും, അരിപ്പ യും, ആറളം ഫാമിലെ ആദിവാസി പുനരധിവാ സുമെല്ലാം കേരളത്തിലെ ദളിത് സമൂഹങ്ങളുടെ പ്രധാന പങ്കിൽ നടന്ന ഭൂസമരങ്ങളാണ്. ചേരികളെ അധ:സ്ഥിത ജാതി എന്ന പൊതുബോ

ധത്തിലൂടെയാണ് പൊതുസമൂഹം നിരീക്ഷിക്കുന്നത്. സാമൂഹ്യ വിരുദ്ധതയുടെ കേന്ദ്രങ്ങൾ എന്നൊരു അപരനാമവും ചേരികൾക്കു വകവെച്ചുനൽകിയിട്ടുണ്ട്. ദളിത് യുവജനത ലഹരി അഡിക്ടുകളാണെന്ന പൊതുധാരണയും "മുഖ്യധാര" സമൂഹത്തിന്റെ ബോധത്തിലുണ്ട്. കോളനി നിവാസികളുടെ വസ്ത്ര ധാരണ, മുടിയുടെ സ്റ്റൈലുകൾ, സംസാരരീതികൾ എന്നിവയിലെ മാറ്റങ്ങളെ പോലും കുറ്റകൃത്യത്തിന്റെ പരിധിയിലേക്ക് കൊണ്ടുവരുന്ന സമീപനങ്ങളുണ്ട്. നിഷേധിക്കപ്പെടുന്ന സാമൂഹിക അധികാരങ്ങളോട് നിരന്തരം പോരാടാൻ ശ്രമിച്ചുകൊണ്ടാണ് ദളിതുകൾ അവകാശങ്ങൾ നേടിയെടുക്കുന്നത്.

അനാരോഗ്യപരമായ ചുറ്റുപാടുകളിൽ ഒരുപറ്റം ജനങ്ങൾ അധിവസിക്കുന്ന ദളിത് ഇടങ്ങളായാണ് ചേരി എന്ന സങ്കല്പമാണ് ഓരോ വ്യക്തിയിലും ആദ്യമെത്തുന്ന ആശയം. മനുഷ്യൻ കൂട്ടമായി ജീവിക്കുന്നത് ദളിത് സമൂഹത്തിനിടയിൽ മാത്രമാണോ? അഗ്രഹാരങ്ങളും ഫ്ളാറ്റുകളും റസിഡൻഷ്യൽ അസോസിയേഷനുകളുമെല്ലാം തന്നെ ഓരോ സമൂഹത്തിന്റേയും അധിവാസ കേന്ദ്രങ്ങളാണ് എന്തുകൊണ്ടാണ് ഇവ ചേരികൾ എന്നോ കോളനികൾ എന്നോ അറിയപ്പെടാത്തത്. ചെറ്റകുടിലുകളും തറകളും താഴെതട്ടിലുള്ളവർക്ക് മാത്രം വിധിക്കപ്പെട്ടതാണ്. ഒരു കൂട്ടം ആളുകളെ വേർതിരിക്കുവാനും അവരെ പ്രത്യേകം നിരീക്ഷിക്കുന്നത്തിനുമുള്ള ഉപാധികളായായി നിർമ്മിച്ചെടുത്തവയാണ് കോളനികൾ. ലക്ഷം വീട് കോളനികൾ എന്ന ആശയം തന്നെ പരിമിതമായ സ്ഥലത്ത് ഒരച്ചിൽ വാർത്തതെന്നപ്പോലെ നിർമ്മിച്ചിരിക്കുന്ന വീടുകളും, പരിമിതമായി സാമ്പത്തിക സഹായങ്ങൾ നൽകി മുൻകൂട്ടി തിട്ടപ്പെടുത്തിയ വീടുകളാണ് സർക്കാർ സംവിധാനത്തിൽ നൽകിവരുന്നത്. എന്നാൽ വീടുകളിലെ താമസക്കാരുടെ ആവശ്യങ്ങൾക്ക് യാതൊരുവിധ പ്രധാന്യവും നൽകപ്പെടന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ നിർബന്ധിതരാകുന്നത് ദളിത് സമൂഹമാണ്. ദീർഘവീക്ഷണമില്ലാതെ തൂപപ്പെടുത്തുന്ന ഇത്തരം നയങ്ങൾക്ക് ഇരകളാക്കേണ്ടതും അവയോട് പൊരുത്തപ്പെടേണ്ടതും ദളിത് സമൂഹത്തിന് നൽകിയിരിക്കുന്ന കൽപ്പനകളാണ്. ഏതൊരു സാഹചര്യത്തോടും അതിവേഗം പൊരുത്തപ്പെടുവാനും പരിമിതികളെ ഉൾകൊണ്ട് ജീവിക്കുവാൻ വിധിക്കപ്പെട്ടവരാണവർ.

**ലക്ഷം വീട് കോളനികൾ എന്ന ആശയം തന്നെ പരിമിതമായ സ്ഥലത്ത് ഒരച്ചിൽ വാർത്തതെന്നപ്പോലെ നിർമ്മിച്ചിരിക്കുന്ന വീടുകളും, പരിമിതമായി സാമ്പത്തിക സഹായങ്ങൾ നൽകി മുൻകൂട്ടി തിട്ടപ്പെടുത്തിയ വീടുകളാണ് സർക്കാർ സംവിധാനത്തിൽ നൽകിവരുന്നത്. എന്നാൽ വീടുകളിലെ താമസക്കാരുടെ ആവശ്യങ്ങൾക്ക് യാതൊരുവിധ പ്രധാന്യവും നൽകപ്പെടന്നില്ല.**

പൊതുവെ റെയിൽവേ, മുനിസിപ്പാലിറ്റി- കോർപ്പറേഷനുകൾ, ഖനികൾ, തുറമുഖങ്ങൾ, സംസ്ഥാന അതിർത്തി പ്രദേശങ്ങൾ, എസ്റ്റേറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് ചേരികൾ അധികമായി കണ്ടുവരുന്നത്. നഗരത്തിന്റെ വികസനവും തൊഴിൽ സാധ്യതകളും ഇത്തരം മേഖലകളിലാണ് കൂടുതലായി രൂപപ്പെടുന്നത് എന്നതിനാൽ തന്നെ ഇത്തരം പ്രദേശങ്ങളിലാണ് ചേരികളും രൂപപ്പെടുന്നത്. പലപ്പോഴും മിച്ചഭൂമികൾ, പുറംപോക്ക് ഭൂമികൾ, അവകാശ രേഖകളില്ലാത്ത ഭൂമികൾ എന്നിവിടങ്ങളിൾ പൊതുവെ ചേരികളുടെ രൂപീകരണങ്ങളും കുടിയേറ്റങ്ങളും കൈയ്യേറ്റങ്ങളും കൂടുതലായി സംഭവിക്കുന്നത്. കൂടാതെ അഭയാർത്ഥി

ക്യാമ്പുകളും മറ്റൊരു തരത്തിൽ ചേരിപ്രദേശങ്ങളാണ്. പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന താൽകാലിക ക്യാമ്പുകളിൽ താമസിക്കുമ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ജീവിതകാലം മുഴുവൻ പിന്തുടരുന്നവരാണ് ചേരിനിവാസികൾ. ചേരികളിൽ നിന്നും ഉന്നത വിദ്യാഭ്യാസമോ മെച്ചപ്പെട്ട തൊഴിലുകളിലോ ഏർപ്പെടുന്നവരെ സാമൂഹ്യ മാധ്യമങ്ങളിൽ കൊട്ടിയാഘോഷിക്കപ്പെടാറുണ്ട്. ഇത്തരം പ്രവണതകളെ ദ്വന്ദ്വപരമായി തന്നെ വീക്ഷിക്കാവുന്നതാണ്. യഥാർത്ഥത്തിൽ ഇത്തരം ചുറ്റുപാടുകളിൽ വളരുന്ന ദളിത് സമൂഹത്തിന് മുന്നോട്ട് വരാനുള്ള സാധ്യതകൾ ഇല്ല എന്ന് സ്ഥാപിക്കലും വിരളമായി മാത്രം സംഭവിക്കുന്ന പ്രതിഭാസമായി ആഘോഷിക്കപ്പെടുന്നു എന്നാശയവും ഇതിനുപുറകിലുണ്ട്. ഇടതിങ്ങിയുള്ള ജീവിതം, കലഹങ്ങൾ, ഏറ്റുമുട്ടലുകൾ, മദ്യപാനസക്തി തുടങ്ങിയവയെല്ലാം ചേരികളിൽ കാണുന്ന സ്വാഭാവിക പ്രശ്നങ്ങളാണ്. ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ ചേരി നിവാസികൾക്കിടയിൽ മാത്രമുള്ളതാണോ? ഉയർന്ന സമ്പത്തും സാമൂഹിക സ്ഥിതിവിശേഷവുമുള്ള വിഭാഗകാർക്കിടയിൽ പ്രത്യക്ഷവും പരോക്ഷവുമായി വ്യത്യസ്ത തലങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നില്ലേ? ചേരികളിൽ ഇത്തരമൊരു സാഹചര്യം രൂപപ്പെടുവാനുള്ള അടിസ്ഥാന കാരണം കണ്ടെത്തി അവയെ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?... ഈ ചോദ്യങ്ങളൊക്കെയും പ്രസക്തമാണ്. ദളിത് ജനതയുടെ വീടിന്റെ ആകൃതി, മേൽക്കൂര, അടച്ചുറപ്പ്, വലിപ്പം, മുറികളുടെ എണ്ണം, അംഗങ്ങളുടെ എണ്ണം, സാമൂഹിക - സാമ്പത്തിക അവസ്ഥകൾ എന്നിവയെല്ലാം അവരുടെ സാമൂഹിക സാചര്യങ്ങളോട് ചേർത്ത് വെച്ചുകൊണ്ട് പഠന വിധേയമാക്കേണ്ടതുണ്ട്. സ്വന്തമായി ഭൂമിയില്ലാതെ കുടിയിറക്കപ്പെടുമെന്ന ഉറപ്പിൻമേൽ ജീവിക്കുന്ന ഒരു കൂട്ടം മനുഷ്യരെയാണ് ചേരി പ്രദേശങ്ങളിൽ കാണാൻ സാധിക്കുന്നത്. സർക്കാർ നിശ്ചയിക്കുന്ന ഒരു സെൻറ് ഭൂമിയിൽ വീട് നിർമ്മിക്കുകയും അതിന് നിശ്ചിത വലുപ്പവും ആകൃതിയും നിശ്ചിത തുകക്കുള്ളിൽ നിർമ്മിക്കണം എന്ന് വ്യവസ്ഥയും ദളിത് സമൂഹത്തെ മുൻകൂട്ടി തയ്യാറാക്കിയ ചട്ടകൂടിനകത്ത് പിടിച്ചു നിർത്തുകയാണ്. ദളിത് സമൂഹത്തോട് ചെയ്യുന്ന വിവേചനപരമായ നിലപാടുകൾ പൊതുചർച്ചയിൽ വരാതിരിക്കുകയും അനധികൃത നിർമാണതതിന്റേ പേരിൽ ഒരു ഫ്ളാറ്റ് പൊളിക്കുന്നതിലൂടെ സംഭവിക്കുന്ന അന്തേവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ നിരവധിപേരുണ്ടെന്നത് വസ്തുതയാണ്.
സമൂഹത്തിന്റെ ഏതൊരുതലത്തിലും ജാതി അടിസ്ഥാനത്തിലുള്ള ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്നുണ്ട്. വ്യത്യാസ്ത രൂപങ്ങളിൽ ജാതി സൗന്ദര്യവൽക്കരിക്കപ്പെട്ടുകൊണ്ടെയിരിക്കുന്നു,
മാനസിക- ആരോഗ്യപ്രശ്നങ്ങൾ ചേരി പ്രദേശങ്ങളിൽ കൂടുതലാണ്. വൃത്തിഹീനമായ ചുറ്റുപാടുകൾ, അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത, മഴക്കാലങ്ങളിൽ മാലിന്യങ്ങൾ ഒഴുകി നടക്കുന്നത് എന്നിവയെല്ലാ ചേരികളിലെ ജീവതത്തെ ദുസ്സഹമാക്കുന്നുണ്ട്. ശാരീരിക - മാനസിക തലങ്ങളെ ബാധിക്കുന്ന് ഇത്തരമവസ്ഥയെ

**ദളിത് ജനതയുടെ വീടിന്റെ ആകൃതി, മേൽക്കൂര, അടച്ചുറപ്പ്, വലിപ്പം, മുറികളുടെ എണ്ണം, അംഗങ്ങളുടെ എണ്ണം, സാമൂഹിക - സാമ്പത്തിക അവസ്ഥകൾ എന്നിവയെല്ലാം അവരുടെ സാമൂഹിക സാചര്യങ്ങളോട് ചേർത്ത് വെച്ചുകൊണ്ട് പഠന വിധേയമാക്കേണ്ടതുണ്ട്.**

കൃത്യമായി മനസ്സിലാക്കുകയോ ആവശ്യമായ മാനസിക – ശാരീരിക ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിക്കുകയോ ചെയ്യാറില്ലെന്നും ഇതിനെ കുറിച്ച് അവബോധരല്ലെന്നുമാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ദാരിദ്യം, തൊഴിലില്ലായ്മ, പോഷകാഹാര കുറവ്, ശുചിത്വമില്ലായ്മ എന്നിവയെല്ലാം തന്നെ ചേരികളിൽ പ്രകടമായി കാണാൻ സാധിക്കുന്ന പ്രശ്നങ്ങളാണ്. വിദ്യഭ്യാസ - തൊഴിൽ സംവരണങ്ങൾ ലഭിക്കുന്നത് വിവേചനപരമായ രീതിയായും സംവരണമുള്ളതുകൊണ്ട് മറ്റുള്ളവർക്ക് ലഭിക്കേണ്ട അവസരങ്ങൾ തട്ടിയെടുക്കുന്നു എന്ന ആരോപണങ്ങളും പൊതുമണ്ഡലത്തിൽ ഉയരുന്ന ചർച്ചകളാണ്. ആധുനികതയോടെ ചേർന്ന നിൽക്കാത്തതാണ് സംവരണ തത്വങ്ങളെന്നും അത് നിർത്തലാക്കണമെന്നുമുള്ള ആവശ്യത്തിന് പിന്നിലും ഇതേ ചിന്ത തന്നെയാണ്. ദളിത് സമൂഹത്തിനിടയിലെ പ്രശ്നങ്ങൾ നിരന്തരമായി പൊതുധാരകളിലേക്ക് എത്തുമ്പോൾ ഏതുവിഷയത്തിലും ജാതി പ്രശ്നമായി ഉയർത്തി പിടിക്കുന്നു എന്ന വീക്ഷണകോണിലൂടെ നോക്കികാണുന്ന സമൂഹത്തോട് ദളിത്, ജാതിവിഷയങ്ങൾ നിരന്തരം ചർച്ചചെയ്യണ്ടതുതന്നെയാണെന്നും ദളിതരുടെ പ്രശ്നങ്ങൾ അവരല്ലാതെ മറ്റാരും അവർ അനുഭവിച്ച തീവ്രതയിൽ പറയുവാൻ സാധിക്കുകയില്ല എന്ന യാഥാർത്ഥ്യവും മനസ്സിലാക്കാതെയും ഉൾകൊള്ളാൻ വിമുഖതകാണിക്കുകയും ചെയ്യുന്നു. ഏക്കാലവും ജാതി പേരുകളും ജാതി കോളനികളും കുലചിഹ്നങ്ങളും സൂചകങ്ങളായി നിലനിന്നുകൊണ്ടെയിരിക്കും. തൊഴിൽ മേഖലയിൽ നേരത്തെ നിശ്ചയിക്കപ്പെട്ട തൊഴിലുകൾ മാത്രം

**തൊഴിൽ മേഖലയിൽ നേരത്തെ നിശ്ചയിക്കപ്പെട്ട തൊഴിലുകൾ മാത്രം എടുക്കുവാൻ വേണ്ടി മാത്രം വിധിക്കപ്പെട്ടവരാണ് ദളിതുകൾ. സമൂഹം ഏറ്റവും മോശമെന്ന് കരുതുന്ന മാലിന്യ സംസ്കരണം, ചെരുപ്പുതുന്നൽ തുടങ്ങിയ തൊഴിലുകളാണ് ദളിതുകൾ എടുക്കേണ്ടത് എന്നൊരു അലിഖിത നിയമങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.**



എടുക്കുവാൻ വേണ്ടി മാത്രം വിധിക്കപ്പെട്ടവരാണ് ദളിതുകൾ. സമൂഹം ഏറ്റവും മോശമെന്ന് കരുതുന്ന മാലിന്യ സംസ്കരണം, ചെരുപ്പുതുന്നൽ തുടങ്ങിയ തൊഴിലുകളാണ് ദളിതുകൾ എടുക്കേണ്ടത് എന്നൊരു അലിഖിത നിയമങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മറുഭാഗത്ത് ഇതേ തൊഴിലുകൾ തന്നെ വലിയ രൂപത്തിൽ വരുമാനം ലഭ്യമാകുന്നതും പ്രൊഫഷണലൈസ് ചെയ്യപ്പെട്ടതുമാകുമ്പോൾ പോലും തൊഴിലുകൾ നിർവഹിക്കുന്ന ആളുകളെ അടിസ്ഥാനമാക്കിയുള്ള നിലവാരമളക്കൽ രീതിയാണ് നടന്നുവരുന്നത്. ഉപേക്ഷിക്കപ്പെട്ടവർ എന്ന "പരിഗണനന" യിലാണ് ദളിതുകൾ ജീവിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് ഉൽപ്പാദനവും ഉപഭോഗവും വലിയ രൂപത്തിലുള്ള മുഖ്യധാര ചർച്ചയിലേക്ക് കടന്നുവരുമ്പോൾ പുനരുൽപ്പാദനം എന്നത് അത്രതന്നെ പ്രധാന്യത്തോടെ കണ്ടുവരുന്നില്ല. അത് ഉപേക്ഷിക്കപ്പെട്ട വസ്തുക്കളോട് ചേർന്ന് നിൽക്കുന്നു എന്നതാണ് അതിന്റെ കാരണമായി കണ്ടെത്തുന്നത്. ദളിതുകളുടെ കാര്യത്തിലും ഈ സ്ഥിതി നിലനിൽക്കുന്നുണ്ട്.

ഒഴിച്ചു നിർത്തപെട്ടവരെ മാറ്റി താമസിപ്പിക്കുന്ന ഇടമായി ചേരികൾ രൂപപ്പെടുകയും നഗരങ്ങളുടെ വികസനത്തിൽ അഭ്യസ്ത തൊഴിൽ ചെയ്യുന്നവരുടെ അടുക്കി വെച്ചിരിക്കുന്ന വാട്ടർ ടൈറ്റ് കംബാർട്ട്മെന്റുകൾ പോലെ സമൂഹത്തിലെ താഴെ തട്ടിലുള്ള ജനങ്ങളുടെ താമസയിടങ്ങളായി ചേരികൾ രൂപപ്പെട്ടത്. ആധുനിക ലോകത്തിൽ പുതുപുത്തൻ രീതികളിൽ ചേരികൾ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. പാക്കിസ്ഥാനിലെ കറാച്ചിയിലെ orangi town ആണ് ലോകത്തിലെ വലിയ ചേരിപ്രദേശമായി അറിയപ്പെടുന്നത്. ഇന്ത്യയിലെ ധാരാവി ലോകത്തിലെ വിഖ്യാതമായ ചേരിയാണ്. സിനിമകളിൽ കൂടി വളരെ പ്രസിദ്ധവും ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഭയം മുന്നോട്ട് വെക്കുന്ന ധാരാവി ലോകശ്രദ്ധ പിടിച്ചു പറ്റിയ ഇടവും ഏഷ്യയിലെ ഏറ്റവും വലിയചേരിയുമാണ്. വികസനത്തിന്റെ പുറകിൽ കുതിച്ചു കൊണ്ടിരിക്കുന്ന സമൂഹത്തിൽ ചേരികൾ എന്നത് അസ്പൃശ്യതയുടെ ഇടങ്ങളാണ്. മുംബൈയിലെ ജി20 ഉച്ചകോടിക്കെത്തിയ വിദേശ പ്രതിനിധികൾ യാത്ര ചെയ്യുന്ന വഴികളിലെ ചേരി പ്രദേശങ്ങൾ ഷീറ്റുകൾ കൊണ്ട് മറച്ചതും, ഡോണാൾഡ് ട്രംപിന്റെ ഇന്ത്യ സന്ദർശനത്തിന് മുന്നോടിയായി ചേരിപ്രദേശങ്ങൾ വലിയ മതിലുകൾ കെട്ടി മറച്ചതും രാജ്യത്തിന്റെ യഥാർത്ഥ മുഖം പുറത്തു കാണിക്കാതെ

**മാലിന്യ സംസ്കരണ രംഗത്ത് ഉൽപ്പാദനവും ഉപഭോഗവും വലിയ രൂപത്തിലുള്ള മുഖ്യധാര ചർച്ചയിലേക്ക് കടന്നുവരുമ്പോൾ പുനരുൽപ്പാദനം എന്നത് അത്രതന്നെ പ്രധാന്യത്തോടെ കണ്ടുവരുന്നില്ല.**

പുറം മോഡിയെ സൗന്ദര്യവൽക്കരിക്കുവാനായിരന്നു. ചേരികളെ കുടിയൊഴിപ്പിക്കുകയും വൻകിട റിയൽ എസ്റ്റേറ്റ് ബന്ധങ്ങളും നഗരത്തിന്റെ സൗന്ദര്യവൽക്കരണങ്ങളുമാണ് പൊതുസമൂഹവും സർക്കാരുകളും കാണുന്ന വികസനങ്ങൾ. അഭംഗിയും അസ്പൃശ്യജനങ്ങളും അധിവസിക്കുന്ന പ്രദേശമാണ് ചേരികളും കോളനികളും. എന്നാൽ ദളിതർ അധിവസിക്കേണ്ട മാത്രം ഇടങ്ങളായി പരിഗണിക്കുന്നത് പൊതുബോധങ്ങളാണ്.

സ്വത്വപ്രതിസന്ധി, അപകർഷകത്വം, ഭയം എന്നിവ നിറഞ്ഞ ഈ ജീവിതങ്ങൾ ഉത്തരാധുനികതയുടെ പുറമ്പോക്കുകളിൽ നിർഭാഗ്യരായി കഴിയേണ്ടിവരുന്നത് മനുഷ്യർക്കിടയിലെ വിഭജനങ്ങളുടെ ആഴം വർധിപ്പിക്കുന്നുണ്ട്.


അനുശ്രീ ബാബു ഇ പി

# വിശപ്പില്ലാത്ത ഇന്ത്യ എന്തേ അകലെ?

**"വിശക്കുമ്പോൾ തണുത്ത തലച്ചോറെ യുണ്ണുവാനുള്ളൂ കയ്യിൽ"**

എഴുതിയത് ചുള്ളിക്കാടാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് ഭക്ഷണം. പട്ടിണിയില്ലാത്ത, ഒരാൾ പോലും വിശന്നിരിക്കാത്ത ലോകം നമുക്ക് സ്വപ്നം കാണാൻ മാത്രമേ കഴിയുന്നുള്ളൂ. ഐക്യരാഷ്ട്രസഭയുടെ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളിൽ(MDGS- Minimum development Goals) പ്രധാനപ്പെട്ടതായിരുന്നു 2015 ഓടെ പട്ടിണിയും ദാരിദ്ര്യവും ഇല്ലാത്ത ഒരു ലോകം സൃഷ്ടിക്കുക എന്നത്. 200ൽ 189 രാജ്യങ്ങൾ ചേർന്ന് രൂപം നൽകിയ ഈ ലക്ഷ്യം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. ഒരു വശത്ത് അമിതമായി ഭക്ഷണം പാഴാക്കുകയും മറുവശത്ത് ഭക്ഷണമില്ലാതെ മനുഷ്യർ മരണപ്പെടുകയും ചെയ്യുന്നത് എല്ലാകാലത്തും എല്ലായിടത്തുമുള്ള കാഴ്ചയാണ്. എല്ലാ വർഷവും ഒക്ടോബറിൽ ലോക ഭക്ഷ്യ ദിനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ആഗോള വിശപ്പ് സൂചിക( GHI- Global Hunger Index) ഓരോ രാജ്യത്തിന്റെയും ഭക്ഷ്യസുരക്ഷയെ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ ഇന്ത്യയുടെ അവസ്ഥ ഓരോ വർഷം കഴിയുമ്പോഴും വളരെ പരിതാപകരമായിക്കൊണ്ടിരിക്കുകയാണ്. നാല് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് GHI കണക്കാക്കുന്നത്. അഞ്ചു വയസ്സിനുതാഴെയുള്ള കുട്ടികളുടെ വളർച്ച മുരടിപ്പ്, തൂക്കക്കുറവ്, മരണനിരക്ക് എന്നിവയും സമൂഹത്തിലെ പോഷക നിരക്കുമാണവ. 1952ലെ കണക്കുകൾ പ്രകാരം 96 രാജ്യങ്ങളുടെ പട്ടികയിൽ 76-ാം സ്ഥാനത്തായിരുന്നു ഇന്ത്യ. 2000-ൽ 115 രാജ്യങ്ങളുടെ പട്ടികയിൽ 83-ാം സ്ഥാനത്തും 2008ൽ 118 രാജ്യങ്ങളുടെ പട്ടികയിൽ 102-ാം സ്ഥാനത്തായെങ്കിലും 2016 ൽ 118 രാജ്യങ്ങൾ ഉൾപ്പെട്ട പട്ടികയിൽ 95-ാംസ്ഥാനത്തേക്കെത്തി നില മെച്ചപ്പെട്ടു. 2020ൽ 107 രാജ്യങ്ങളുടെ പട്ടിക പുറത്തുവന്നപ്പോൾ 94-ാം സ്ഥാനത്തായിരുന്നു ഇന്ത്യ. ആഫ്രിക്കയിലെ സുഡാൻ പോലും ഇന്ത്യയ്ക്കൊപ്പമായിരുന്നു. 2021-ൽ 116 രാജ്യങ്ങളുൾപ്പെട്ട പട്ടികയിൽ 101-ാം സ്ഥാനമായി.

1952ലെ കണക്കുകൾ പ്രകാരം 96 രാജ്യങ്ങളുടെ പട്ടികയിൽ 76-ാം സ്ഥാനത്തായിരുന്നു ഇന്ത്യ. 2000-ൽ 115 രാജ്യങ്ങളുടെ പട്ടികയിൽ 83-ാം സ്ഥാനത്തും 2008ൽ 118 രാജ്യങ്ങളുടെ പട്ടികയിൽ 102-ാം സ്ഥാനത്തായെങ്കിലും 2016 ൽ 118 രാജ്യങ്ങൾ ഉൾപ്പെട്ട പട്ടികയിൽ 95-ാംസ്ഥാനത്തേക്കെത്തി നില മെച്ചപ്പെട്ടു. 2020ൽ 107 രാജ്യങ്ങളുടെ പട്ടിക പുറത്തുവന്നപ്പോൾ 94-ാം സ്ഥാനത്തായിരുന്നു ഇന്ത്യ. ആഫ്രിക്കയിലെ സുഡാൻ പോലും ഇന്ത്യയ്ക്കൊപ്പമായിരുന്നു. 2021-ൽ 116 രാജ്യങ്ങളുൾപ്പെട്ട പട്ടികയിൽ 101-ാം സ്ഥാനമായി. തൊട്ടടുത്ത രാജ്യങ്ങളായ പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ എന്നീ രാജ്യങ്ങൾക്കെല്ലാം പിന്നിലായി ഇന്ത്യ മാറി. ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 121 രാജ്യങ്ങളുടെ പട്ടികയിൽ 107-ാം സ്ഥാനത്തായി ഇന്ത്യ വീണ്ടും പിന്തള്ളപ്പെട്ടു.



തൊട്ടടുത്ത രാജ്യങ്ങളായ പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ എന്നീ രാജ്യങ്ങൾക്കെല്ലാം പിന്നിലായി ഇന്ത്യ മാറി. ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 121 രാജ്യങ്ങളുടെ പട്ടികയിൽ 107-ാം സ്ഥാനത്തായി ഇന്ത്യ വീണ്ടും പിന്തള്ളപ്പെട്ടു. ദരിദ്ര രാഷ്ട്രങ്ങളുടെയും പിന്നിലായിട്ടാണ് ഇന്ത്യക്ക് ഈ സൂചികയിൽ സ്ഥാനം നേടാൻ കഴിഞ്ഞത്. ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇന്ത്യയുടെ സ്ഥിതി ഓരോ വർഷവും അപകടകരമാവുകയാണ്. അന്താരാഷ്ട്ര ഭക്ഷ്യനയ ഗവേഷണ സ്ഥാപനത്തിന്റെ ഒരു പഠനപ്രകാരം ഗ്രാമീണ ഇന്ത്യയിൽ 76% ജനങ്ങൾക്ക് കൃത്യമായ പോഷകാഹാരം ലഭിക്കുന്നില്ലെന്ന റിപ്പോർട്ട് പുറത്തുവന്നിരുന്നു. കൂടാതെ ഇന്ത്യയിൽ 5 വയസിനുതാഴെ തൂക്കക്കുറവുള്ള കുട്ടികൾ 15% വരും. ഇന്ത്യയിലെ ശിശുമരണ നിരക്ക് 4.8%മാണ്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവർക്ക് ശരിയായ അളവിൽ പോഷകാഹാരം ലഭിക്കാത്തതിന്റെ പ്രശ്നങ്ങളാണിവ. പട്ടിണിയും ദാരിദ്ര്യവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഇന്ത്യയിലെ ദളിതർക്കാണ്. നൂറു കോടിയിലേറെ വരുന്ന ഇന്ത്യൻ ജനസംഖ്യയിൽ പതിനാററക്കോടി പേർ ദളിതരാണ്. ജാതി ഇല്ലാതാക്കിയെന്ന് പലപ്പോഴും പറയുമെങ്കിലും ഈ കാലഘട്ടത്തിലും ശക്തമായ വേർതിരിവ് നമ്മുടെ സമൂഹത്തിലുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഗവൺമെന്റ് ആവിഷ്കരിക്കുന്ന പദ്ധതികൾ പലപ്പോഴും ഇവർക്കിടയിലേക്ക് വേണ്ടവിധത്തിൽ എത്തുന്നില്ല. പല ജോലികളിൽനിന്നും മാറ്റിനിർത്തപ്പെടുന്നത് മറ്റൊരു പ്രശ്നമാണ്. ഝാർഖണ്ഡിൽ റേഷൻ കാർഡ് നിഷേധിക്കപ്പെട്ട കുടുംബത്തിൽ പട്ടിണി മൂലം മരിച്ചത് ഒരു പതിനൊന്നു വയസ്സുകാരിയായിരുന്നു. ദളിത്-പിന്നോക്ക വിഭാഗക്കാർ, ന്യൂനപക്ഷങ്ങൾ, കുടിയേറ്റത്തൊഴിലാളികൾ തുടങ്ങിയവരെയെല്ലാം ഉയർത്തിക്കൊണ്ടുവരാൻ കേന്ദ്രഗവൺമെന്റ് ശ്രമിക്കുന്നില്ല. അവരുടെ പ്രശ്നങ്ങൾ മുഖ്യധാരയിലെത്തിക്കാൻ മാധ്യമങ്ങൾ ശ്രമിക്കുന്നുമില്ല. മെച്ചപ്പെട്ട തൊഴിലും ജീവിതസാഹചര്യവും മറ്റും ലഭ്യമായാൽ മാത്രമേ ദളിത് വിഭാഗക്കാരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിയൂ. അല്ലാത്തപക്ഷം പട്ടിണി മൂലമുള്ള മരണം രാജ്യത്ത് വർധിക്കുക തന്നെ ചെയ്യും. ആദിവാസി ക്ഷേമ പ്രവർത്തന പദ്ധതികളെല്ലാം ആവിഷ്കരിക്കുന്നുണ്ടെങ്കിലും അതൊന്നും ഫലവത്തായി നടപ്പിലാക്കപ്പെടുന്നില്ല. 2020-ൽ ഭക്ഷ്യവകാശ പ്രചാരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച 'ഹംഗർ വാച്ച് റിപ്പോർട്ട്' സൂചിപ്പിച്ചത് "ഇന്ത്യ ലോകത്തെ പട്ടിണി തലസ്ഥാനമെന്നാണ്" ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിലുണ്ടായ പട്ടിണി മരണം വിരലിലെണ്ണാവുന്നതല്ല. ഈ



**മെച്ചപ്പെട്ട തൊഴിലും ജീവിതസാഹചര്യവും മറ്റും ലഭ്യമായാൽ മാത്രമേ ദളിത് വിഭാഗക്കാരുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കഴിയൂ. അല്ലാത്തപക്ഷം പട്ടിണി മൂലമുള്ള മരണം രാജ്യത്ത് വർധിക്കുക തന്നെ ചെയ്യും. ആദിവാസി ക്ഷേമ പ്രവർത്തനപദ്ധതികളെല്ലാം ആവിഷ്കരിക്കുന്നുണ്ടെങ്കിലും അതൊന്നും ഫലവത്തായി നടപ്പിലാക്കപ്പെടുന്നില്ല.**

| | |
|---|---|
| 97 | Angola |
| 98 | Rwanda |
| 99 | Djibouti |
| 99 | Lesotho |
| 101 | India |
| 102 | Papua New Guinea |
| 103 | Afghanistan |
| 103 | Nigeria |
| 105 | Congo (Republic of) |
| 106 | Mozambique |



**200 ആദിവാസി സമൂഹങ്ങളെ ജന്മനാ കുറ്റവാളികളായി പ്രഖ്യാപിച്ചുകൊണ്ട് 1871- ൽ ബ്രിട്ടീഷുകാർ ക്രിമിനൽ ട്രൈബ്സ് ആക്ട് നടപ്പിലാക്കിയപ്പോൾ അതിൽ ഫാൻസി പാർധികളും ഉൾപ്പെട്ടിരുന്നു. സ്വതന്ത്രഇന്ത്യ 1952 -ൽ ഈ നിയമം പിൻവലിച്ചെങ്കിലും പല മുൻവിധികളുടെയും പേരിൽ ഇവരോടുള്ള പീഡനം ഇന്നും ശക്തമായി തുടരുന്നു.**





മരണങ്ങളുണ്ടായ സംസ്ഥാനങ്ങളിലെ ആദിവാസി ദളിത് മേഖലകളിൽ മതിയായ ക്ഷേമപ്രവർത്തനങ്ങളൊന്നുംതന്നെ ഉണ്ടായിട്ടില്ല. 2016ലാണ് ഒഡീഷ്യയിലെ ജാജ്പൂർ ജില്ലയിലെ മഗാട ഗ്രാമത്തിൽ ജുവാംഗ ഗോത്രത്തിൽപ്പെട്ട 20 ശിശുക്കൾ പോഷകാഹാരക്കുറവ് മൂലം മരണമടഞ്ഞത്. മഹാരാഷ്ട്രയിലെ ഫാൻസി പർധി വിഭാഗത്തിൽപ്പെട്ടവർ കോവിഡ് കാലത്ത് ഭക്ഷ്യ ക്ഷാമം നേരിട്ടതും വലിയ വാർത്തയായിരുന്നു. 200 ആദിവാസി സമൂഹങ്ങളെ ജന്മനാ കുറ്റവാളികളായി പ്രഖ്യാപിച്ചുകൊണ്ട് 1871- ൽ ബ്രിട്ടീഷുകാർ ക്രിമിനൽ ട്രൈബ്സ് ആക്ട് നടപ്പിലാക്കിയപ്പോൾ അതിൽ ഫാൻസി പാർധികളും ഉൾപ്പെട്ടിരുന്നു. സ്വതന്ത്രഇന്ത്യ 1952 -ൽ ഈ നിയമം പിൻവലിച്ചെങ്കിലും പല മുൻവിധികളുടെയും പേരിൽ ഇവരോടുള്ള പീഡനം ഇന്നും ശക്തമായി തുടരുന്നു. പ്രധാന ഗ്രാമങ്ങളിൽ പ്രവേശിക്കുന്നതിനോ അവിടങ്ങളിൽനിന്ന് വെള്ളമെടുക്കുന്നതിനോ

**ഇന്നത്തെ സാഹചര്യം നോക്കുകയാണെങ്കിൽ ഇന്ത്യയിൽ തന്നെ ഏറ്റവും കുറവ് ശിശുമരണ നിരക്കുള്ളതും പട്ടിണി കുറഞ്ഞതുമായ സംസ്ഥാനമാണ് കേരളം.ഐക്യരാഷ്ട്രസഭയുടെ 'ലോക ഭക്ഷ്യപദ്ധതിയിൽ' കേരളത്തെ തിരഞ്ഞെടുത്തിരുന്നു.**

പോലും ഇവർ വിലക്കുകൾ നേരിടുന്നു. പ്രത്യേക പരിഗണന ലഭിക്കേണ്ട ആദിവാസികളും ദളിതരും സംരക്ഷിക്കപ്പെടുകയും പുനരധിവസിപ്പിക്കുകയും ചെയ്താൽ മാത്രമേ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. അതിനാദ്യം അവരോടുള്ള മനോഭാവമാണ് മാറ്റേണ്ടത്. മനുഷ്യ മനസ്സിൽ ഇന്നും ഉറങ്ങിക്കിടക്കുന്ന വംശീയതയും ജാതിബോധവും കുലമഹിമയും മാറി മനുഷ്യത്വം ഉണ്ടായാൽ മാത്രമേ അത് സാധ്യമാകൂ. ഇന്നത്തെ സാഹചര്യം നോക്കുകയാണെങ്കിൽ ഇന്ത്യയിൽ തന്നെ ഏറ്റവും കുറവ് ശിശുമരണ നിരക്കുള്ളതും പട്ടിണി കുറഞ്ഞതുമായ സംസ്ഥാനമാണ് കേരളം.ഐക്യരാഷ്ട്രസഭയുടെ 'ലോക ഭക്ഷ്യപദ്ധതിയിൽ' കേരളത്തെ തിരഞ്ഞെടുത്തിരുന്നു. പോഷകാഹാര കുറവും ഭക്ഷ്യശാപവും എല്ലാം വളരെ നേരിയ തോതിൽ മാത്രമേ ഇവിടെയുള്ളൂ, എന്നാലും ഇവിടുത്തെ ആദിവാസികൾക്കിടയിൽ പോഷക സമൃദ്ധമായ ഭക്ഷണം ലഭിക്കാത്തത് ഇന്നും ഒരു പ്രശ്നം തന്നെയാണ്. അട്ടപ്പാടി ഉൾപ്പെടെയുള്ള ഊരുകളിൽ പോഷകാഹാരക്കുറവ് മൂലമുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇന്ത്യയുടെ ഭാവി ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നുണ്ട്. ലോകത്ത് ഒമ്പതിൽ ഒരാൾ വീതം പട്ടിണിയിലാണ്. പോഷകാഹാരക്കുറവുമൂലം ലോകത്ത് പ്രതിവർഷം 3.1 ദശലക്ഷം കുട്ടികൾ മരിക്കുന്നു. ഇന്ത്യയുടെ ജനസംഖ്യയാണെങ്കിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഊട്ടുന്ന കർഷകരുടെ ജീവിത സാഹചര്യമാകട്ടെ വളരെ ദയനീയമാണ്. കൃഷിഭൂമി യഥാർത്ഥ കർഷകരിലേക്ക്, പ്രത്യേകിച്ചും ദളിത് ആദിവാസി ജനങ്ങളിലേക്ക് എത്തുംവിധം സമഗ്ര ഭൂപരിഷ്കരണം നടത്തേണ്ടതുണ്ട്. കോർപ്പറേറ്റുകളെ വളർത്തുന്നതിന്റെ നൂറിൽ ഒരംശം ദളിത്-ആദിവാസി ഉന്നമനത്തിനായി കേന്ദ്രസർക്കാർ പരിശ്രമിച്ചാൽ അവരുടെ ജീവിത സാഹചര്യത്തിന് ലോകത്ത് പ്രതിവർഷം 3.1 ദശലക്ഷം കുട്ടികൾ മരിക്കുന്നു. ഇന്ത്യയുടെ ജനസംഖ്യയാണെങ്കിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഊട്ടുന്ന കർഷകരുടെ ജീവിത സാഹചര്യമാകട്ടെ വളരെ ദയനീയമാണ്. കൃഷിഭൂമി യഥാർത്ഥ കർഷകരിലേക്ക്, പ്രത്യേകിച്ചും ദളിത്-ആദിവാസി ജനങ്ങളിലേക്ക് എത്തുംവിധം സമഗ്ര ഭൂപരിഷ്കരണം നടത്തേണ്ടതുണ്ട്. കോർപ്പറേറ്റുകളെ വളർത്തുന്നതിന്റെ നൂറിൽ ഒരംശം ദളിത്-ആദിവാസി ഉന്നമനത്തിനായി കേന്ദ്രസർക്കാർ പരിശ്രമിച്ചാൽ അവരുടെ ജീവിത സാഹചര്യത്തിന് മാറ്റമുണ്ടാകും, അതുവഴി അവരുടെയും രാജ്യത്തിന്റെയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാകും. മറിച്ചാണെങ്കിൽ വരും വർഷങ്ങളിൽ പട്ടിണിമരണ നിരക്ക് നിയന്ത്രണവിധേയല്ലാതാകും. 'ദാരിദ്ര്യം ഉണ്ടാക്കുന്നതാണ് ഉണ്ടാകുന്നതല്ല' എന്നാണ് അമർത്യാസെൻ പറഞ്ഞത്. അത് ശരിയാണ്. അതിനാൽ 'വിശപ്പില്ലാത്ത ഇന്ത്യയും ലോകവും' സൃഷ്ടിക്കാൻ ഇന്നുതന്നെ പ്രയതിക്കേണ്ടതുണ്ട്.

യാഥാർഥ്യങ്ങളിലേക്കിറങ്ങുന്ന
മനുഷ്യൻ
സത്യത്തിനെ തുറന്നുകാട്ടാൻ
തയ്യാറാകുന്നു

അല്ലെങ്കിൽ

മറച്ചുവെക്കാൻ കൂടുതൽ
നിർബന്ധിതനാകുന്നു

ഡോ രോഷ്നി സ്വപ്ന

# കാഴ്ചകളുടെ തെരുവുകളിൽ

*" Art is a meta-language,*
*with the help of which people*
*try to communicate with*
*one another "*
**Andre Tharkovsky**

ബെർഗ് മാന്റെ വൈൽഡ്സ്ട്രോബറീസ് എന്ന ചലച്ചിത്രത്തിൽ ഇസാക്ക്ഹ് ബോർഗ് എന്ന കഥാപാത്രം ഉറങ്ങാൻ പോകുകയാണ്. അയാളുടെ മുഖത്തേക്ക് ഫോക്കസ് ചെയ്തു കൊണ്ട് ഒരു വട്ടവെളിച്ചം പടരുന്നു. ആ വെളിച്ചത്തിൽ അയാളുടെ മുഖം തെളിയുന്നു. അയാൾ മയക്കത്തിലാണ് എന്ന് തോന്നും. അയാൾ ഒരു സ്വപ്നം കാണുകയാണ്. അത്ര സുഖകരമല്ലാത്ത സ്വപ്നം ആഴത്തിലുള്ള നിശബ്ദതയാണ് പ്രത്യേകത. അത് ഒരു ജോലി ഉണ്ട് .ഞാൻ അയാൾ കണ്ടസ്വപ്നത്തെ പ്രതി വേവലാതിപ്പെടുന്നു. മറ്റൊരു ഷോട്ടിൽ സൂചികൾ ഇല്ലാത്ത ഒരു ഘടികാരത്തിൽ ഏക്കർ ഗമാലിന്റെ ക്യാമറക്കണ്ണ് ഇരിക്കുന്നു. രണ്ട് കണ്ണുകൾ മാത്രം ഉള്ള ഒരു വലിയ ഘടികാരം സ്വപ്നം കാണുന്ന ആളുടെ കാഴ്ചയിലാണ് നമ്മൾ കാണുന്ന ദൃശ്യങ്ങൾ. ആളൊഴിഞ്ഞ ഒരു തെരുവ് ! ബോർഗ് പ്രതലത്തിൽ ഒറ്റയ്ക്കാണ്. ചുറ്റും നോക്കുന്നുണ്ട്. വിദൂരത്തിൽ അയാൾ ഒരുമനുഷ്യനെ കാണുന്നു. ഭീതിയുണർത്തുന്ന മുഖമാണ് അയാൾക്ക്. അൽപമെങ്കിലും ശബ്ദസന്നിവേശം ഇപ്പോൾ മാത്രമാണ് ബർഗ് മാൻ ഉപയോഗിക്കുന്നത് . തറയിലേക്ക് വീഴുന്ന മനുഷ്യന്റെ ശബ്ദം ! ചടുലമായ ആ വീഴ്ച അസംഭാവ്യം ആണെന്ന് തോന്നാം നമുക്ക്.

ആ മനുഷ്യൻ അപ്രത്യക്ഷനാകുന്നു. അയാളുടെ വസ്ത്രങ്ങൾ മാത്രം അവശേഷിക്കുന്നു. മഷിപോലെ ഒരു ദ്രാവകം ഒലിച്ചിറങ്ങുന്നു. ഒരു കുതിര വണ്ടിയും കുളമ്പടി ശബ്ദവും കേൾക്കാം. ഈ സ്വപ്നദൃശ്യം എന്നെ മറ്റൊരു സ്വപ്നത്തിലേക്ക് കൊണ്ടുപോകുന്നുണ്ട്. 'ഒരാൾ തന്നെത്തന്നെ വരക്കുമ്പോൾ '' എന്ന കവിതയെഴുതും വരെ ആവർത്തിച്ച് കണ്ട ഒരു സ്വപ്നമായിരുന്നു അത്.

ദൃശ്യങ്ങളുടെയും ശബ്ദങ്ങളുടെയും ചലനങ്ങളുടെയും കലയാണ് സിനിമ. ദൃശ്യാഖ്യാനം (visual narrative )എന്ന നിലയിൽ നിശബ്ദതയും നിശ്ചലതയും ഈ സമവാക്യത്തിന്റെ ഭാഗങ്ങളാണ്. മനുഷ്യശരീരങ്ങളും മറ്റു വസ്തുക്കളും കൊണ്ട് തീർക്കുന്ന രേഖകൾ (lines ) ചില സവിശേഷമായ അർഥങ്ങൾ പ്രദാനം ചെയ്യും. സ്ഥലം, ഇടം, അന്തരീക്ഷം, നിറം, എന്നിവ കാഴ്ചയിലും, മണം, കനം, സ്പർശം എന്നിവ ഐൻന്ദ്രിയാനുഭവങ്ങളിലൂടെയും, അർത്ഥം, പാഠം, പാഠഭേദം, എന്നിവ കാഴ്ചയുടെ, ആശസ്വാദനത്തിന്റെ ശേഷം സംഭവിക്കുന്ന അനുഭൂതിതലത്തിലും ഉരുത്തിരിയുന്നു. പ്രധാനമായും ഈ ഘടകങ്ങൾ അർത്ഥത്തെയാണ് സൃഷ്ടിക്കുന്നത്.

ചലച്ചിത്രങ്ങളിലെ സ്ഥലകൽപനകൾ സാധ്യമാക്കുന്നത് ഈ അർത്ഥത്തെ യാഥാർത്യത്തിലേക്ക് ചേർത്ത് കെട്ടുക എന്നാണ്.

ഇല്ലാത്ത ഒരിടം സൃഷ്ടിക്കാൻ സാധിക്കുന്നതും അതിന്റെ അർത്ഥം കൃത്യമായി സംവദിക്കാൻ സാധിക്കുന്നതും ആ കാഴ്ചയെ മുഴുവനായി വെളിപ്പെടുത്തികൊണ്ടാവണമെന്നില്ല. അയഥാർത്ഥമായ ഒരു ദൃശ്യത്തിലേക്ക് യഥാർത്ഥദൃശ്യത്തിന്റെ അർത്ഥത്തെ ആരോപിക്കുകയാണ് ഈ പ്രക്രിയയിലൂടെ സാധ്യമാകുന്നത്.

**ദൃശ്യാഖ്യാനങ്ങളിൽ**

ഇവയുടെ സമ്മേളനം സൃഷ്ടിക്കുന്ന അർഥങ്ങൾ നമ്മെ ചില ഇടങ്ങളിലേക്ക് ഓർമ്മിപ്പിക്കും. യാഥാർഥ്യബോധത്തോടെ പ്രസ്തുത ദൃശ്യഭാഷയുടെ ഭാഗമായി കാണാൻ പ്രേരിപ്പിക്കുകയും ചെയ്യും.

തർകോവസ്കി തന്റെ ആത്മകഥയിൽ പറയുന്നുണ്ട്.

*When less than everything has been said about a subject, you can still think on further. The alternative is for the audience to be presented with a final deduction no effort on their part.*

കാഴ്ചയുടെ യുക്തിയേക്കാൾ ആ കാഴ്ച എത്തരത്തിൽ ആ കാഴ്ചയുടെ അർത്ഥത്തിലേക്ക് പ്രസക്തമാകുന്നു എന്നതിലാണ് സിനിമയിൽ അതിന് സാധുത ലഭിക്കുന്നത്. ആനന്ദിന്റെ കാഴ്ച എന്ന കഥയിൽ “ഓർമ്മയാണോ, കാഴ്ചയാണോ, സ്പർശമാണോ, മണമാണോ പ്രധാനം" എന്ന് ചോദിക്കുന്നുണ്ട്..



ഓർമ്മ എന്ന് തിരുത്തുന്നു കഥ അപ്പോൾത്തന്നെ. മനുഷ്യനിൽ ഓർമ്മ പലതരത്തിലാണ് നില നിൽക്കുന്നത്. ധാതുസ്മൃതിയായും, സമൂഹസ്മൃതിയായുമൊക്കെ ഓർമ്മ നമ്മിൽ പ്രവർത്തിക്കുന്നു. ലോക സിനിമയിൽ ചേരികളും തെരുവുകളും പ്രമേയമായോ, ആഖ്യാനത്തിന്റെ ഭാഗമായോ, രൂപകങ്ങളായോ ബിംബങ്ങളായോ ആയോ കടന്നു വന്ന ഒട്ടേറെ സിനിമകളുണ്ട്. അതിൽ മിക്ക സിനിമകളിലും പുറത്താക്കപ്പെട്ടവരുടെ പീഡകളുമായി ബന്ധപ്പെട്ടാണ് തെരുവുകളും ചേരികളും കടന്നു വരുന്നത്.സ്വത്വം, തന്റെ ഇടം എന്നിവയിലൊക്കെ ഈ മനുഷ്യർ ഏറെ സംഘർഷമനുഭവിക്കുകയും ചെയ്യുന്നു.

**ഇല്ലാത്ത ഒരിടം സൃഷ്ടിക്കാൻ സാധിക്കുന്നതും അതിന്റെ അർത്ഥം കൃത്യമായി സംവദിക്കാൻ സാധിക്കുന്നതും ആ കാഴ്ചയെ മുഴുവനായി വെളിപ്പെടുത്തികൊണ്ടാവണമെന്നില്ല.**




**ഉമ്പർട്ടോ എക്കോ സൂചിപ്പിച്ച ഓർമ്മയുടെ ഉള്ളടരുകളിൽ മനുഷ്യർ തങ്ങളുടെ ഇടത്തിനു വേണ്ടി പൊരുകയും അതേ ഇടത്തിൽ തന്നെ കൊല്ലപ്പെടുകയും ചെയ്യുന്നുണ്ട്.**



ഉമ്പർട്ടോ എക്കോ സൂചിപ്പിച്ച ഓർമ്മയുടെ ഉള്ളടരുകളിൽ മനുഷ്യർ തങ്ങളുടെ ഇടത്തിനു വേണ്ടി പൊരുകയും അതേ ഇടത്തിൽ തന്നെ കൊല്ലപ്പെടുകയും ചെയ്യുന്നുണ്ട്.

വിക്ടോറിയൻ ഇംഗ്ലണ്ടിൽ 'ചേരി' എന്ന പദം ആദ്യകാലങ്ങളിൽ പ്രയോഗിച്ചിരുന്നത് ദരിദ്രരായ കുടിയേറ്റക്കാരെക്കൊണ്ട് തിങ്ങിനിറഞ്ഞ ഇടങ്ങളെന്ന അർത്ഥത്തിലായിരുന്നു. ലോകത്തിലെ ഏറ്റവും അരക്ഷിതവും ദയനീയവുമായ ആവാസവ്യവസ്ഥയായി പലപ്പോഴും

**ചേരികളും കോളനികളും**

കണക്കാക്കപ്പെട്ട ചരിത്രപരമാണ് നമുക്കുള്ളത്. ന്യൂയോർക്ക്, ലണ്ടൻ അല്ലെങ്കിൽ പാരിസ് എന്നിവിടങ്ങളിൽ നിന്ന് വന്ന ചേരികളെക്കുറിച്ചുള്ള ഓഡിയോവിഷ്വൽ മെറ്റീരിയലുകൾ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ലോകത്ത് പ്രചാരം നേടി.

**ഇന്ത്യയിൽ**

മുംബൈ പോലുള്ള സ്ഥലങ്ങളിൽ കഴിഞ്ഞ സഹസ്രാബ്ദത്തിന്റെ ആരംഭത്തോടെ ചേരികൾ രൂപപ്പെട്ടു. ആനന്ദിന്റ കൃതികളിൽ ചിലവയിൽ ഈ ചിത്രങ്ങൾ കാണാം. അഭയാർത്ഥികൾ, വിഭജനങ്ങൾ, പരിണാമത്തിന്റെ ഭൂതങ്ങൾ, അപഹരിക്കപ്പെട്ട ദൈവങ്ങൾ എന്ന പുസ്തകങ്ങളിൽ മനുഷ്യന്റെ പുറത്താക്കലുകളുമായി ബന്ധപ്പെട്ട ഒട്ടേറെ ചിന്തകളുണ്ട്.

മൈക്ക് ഡേവിസിന്റെ ചിന്തയിൽ ലോകത്തെ ചേരികളുടെ ഗ്രഹം എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ചാർളി ചാപ്ലിന്റെ മിക്ക ആഖ്യാനങ്ങളിലും തെരുവ് ഒരു പ്രധാന സംവേദന ഘടകമാണ്.

1950 ൽ പുറത്തിറങ്ങിയ "ദി യങ് ആൻഡ് ദി ഡാംഡ് (THE YOUNG AND THE DAMNED), 1941 ൽ പുറത്തു വന്ന സിറ്റിസൺ കെനി (CITIZEN KENI ), ഇൻ ടു ദി വൈൽഡ് (IN TO THE WILD, 2007) അമറോസ് പെർരോസ് (AMORES PEREOS,2000)സ്ലം ഡോഗ് മില്യനേർ (SLUMDOG MILLENIER, 2008) സിറ്റി ഓഫ് ഗോഡ് (CITY OF GOD, 2002) ഇങ്ങനെ ഈ പട്ടിക നീണ്ടു പോകും. ഇവയിലൊക്കെ തന്നെ ചേരി/ തെരുവ് എന്നത് ചലച്ചിത്രാഖ്യാനത്തിന്റെ ഭാഗമായി നിൽക്കുകയും അജിവനം, പ്രതിരോധം, നിലനിൽപ്പ് എന്നീ ഘടകങ്ങളുടെ അർത്ഥത്തിലേക്കും വ്യാവഹാരികതകളിലേക്ക് ലക്ഷ്യം വക്കുകയും ചെയ്യുന്നുണ്ട്.

ലോക ക്ലാസിക് സിനിമകളിൽ പലതിലും പ്രസ്തുത ബിംബങ്ങൾ കണ്ടെത്താനാവും.അവയിൽ നിന്ന് ഒന്നോ രണ്ടോ സിനിമകളെക്കുറിച്ച് /ചില സീക്വൻസുകളെക്കുറിച്ചുള്ള ഒരു ചെറിയ ഒരു കുറിപ്പാണ് ഇത്.



ഇറ്റാലോ കാൽവിനോ തന്റെ 'ഇൻവിസിബിൾ സിറ്റിസ്' എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്

*Cities, like dreams,*
*are made of*
*desires and fears,*
*even if the thread of their discourse is secret,*
*their rules are absurd,*
*their perspectives deceitful,*
*and everything conceals something else.*

അപ്പോൾ തെരുവുകൾ എങ്ങനെയാണ് രൂപപ്പെടുന്നത് എന്ന ചോദ്യം സ്വാഭാവികമായി വരാം. മനുഷ്യന്റെ ഓർമ്മയെ മറികടക്കാൻ ആകാത്ത ചിലത് പ്രപഞ്ചത്തിലുണ്ടല്ലോ.! അതിൽ ഒന്ന്, നമ്മുടെ ഇടത്തെകുറിക്കുന്ന സംഭരണങ്ങളാണ്.

**മുംബൈ പോലുള്ള സ്ഥലങ്ങളിൽ കഴിഞ്ഞ സഹസ്രാബ്ദത്തിന്റെ ആരംഭത്തോടെ ചേരികൾ രൂപപ്പെട്ടു. ആനന്ദിന്റ കൃതികളിൽ ചിലവയിൽ ഈ ചിത്രങ്ങൾ കാണാം. അഭയാർത്ഥികൾ, വിഭജനങ്ങൾ, പരിണാമത്തിന്റെ ഭൂതങ്ങൾ, അപഹരിക്കപ്പെട്ട ദൈവങ്ങൾ എന്ന പുസ്തകങ്ങളിൽ മനുഷ്യന്റെ പുറത്താക്കലുകളുമായി ബന്ധപ്പെട്ട ഒട്ടേറെ ചിന്തകളുണ്ട്.**

തെരുവിൽ, കോളനിയിൽ ജീവിക്കുന്ന സാധാരണമനുഷ്യരുടെ നിലനിൽപ്പും അതിജീവനവും പുറത്തക്കലുകളും നിരവധി ചലച്ചിത്രങ്ങൾക്ക് ഹേതുവായിട്ടുണ്ട്.
ഇത്തരത്തിൽ മനുഷ്യനുമായി ചേർത്ത് വച്ചുകൊണ്ട് തെരുവുകളെ ചിത്രകരിച്ച കുറച്ചു സിനിമകൾ എനിക്ക് പ്രിയപ്പെട്ടതായുണ്ട്.
അതിൽ അഴുക്കുചലുകലും രോഗവും വിശപ്പും ഏകാന്തതയും ഒറ്റപ്പെടലും സൂക്ഷ്മമായി നിരീക്ഷിക്കുന്ന സിനിമകളും ഉൾപ്പെടുന്നു. അതിൽ എനിക്കേറെ പ്രിയപ്പെട്ട ഒരു സിനിമയാണ് നദൈൻ ലബാക്കിയുടെ "ക്യാപ്പേർനോം "സിറിയയിലെ യുദ്ധത്തിന് ശേഷംഅനധികൃതമായി ലേബനനിൽ നിന്ന് കുടിയേറിപ്പാർത്ത അഭയാർത്ഥികളുടെ അതിജീവനവും നിലനിൽപ്പുമാണ് ചിത്രത്തിനാധാരം. തെരുവുകളും മനുഷ്യന്റെ വിശപ്പും വിയർപ്പും ചിത്രത്തിൽ അദൃശ്യമായ ആഖ്യാനമായി കനത്തുകിടക്കുന്നു. യുദ്ധം തെരുവുകളിലേക്ക് വലിച്ചെറിയുന്ന കുട്ടികളുടെ നിസ്സഹായ ജീവിതവും, പട്ടിണിയും, പക്വതയും സിനിമ ചർച്ച ചെയ്യുന്നുണ്ട്. 12 വയസുള്ള




സൈയിൻ നെ തടവ് ശിക്ഷക്ക് വിധിക്കുകയും അവനെ ജുവനയിൽ ഹോമിലേക്ക് കൊണ്ട് പോകുകയും ചെയ്യുന്നു. അവന് തന്റെ മാതാപിതാക്കൾക്കെതിരെ ഒരു പരാതി കൊടുക്കാനുണ്ട്. അങ്ങനെ അവൻ കോടതിയിൽ എത്തുന്നു. സൈയിനും സഹോദരിയും തെരുവിലാണ് ഏറെ സമയവും. ചില വസ്തുക്കൾ പെറുക്കി അവർ വരുമാനം തേടുന്നു.

**നദൈൻ ലബാക്കിയുടെ "ക്യാപ്പേർനോം "സിറിയയിലെ യുദ്ധത്തിന് ശേഷംഅനധികൃതമായി ലേബനനിൽ നിന്ന് കുടിയേറിപ്പാർത്ത അഭയാർത്ഥികളുടെ അതിജീവനവും നിലനിൽപ്പുമാണ് ചിത്രത്തിനാധാരം.**

**അവികസിത രാജ്യങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന മനുഷ്യജീവിതദുരന്തങ്ങൾ തെരുവിൽ നിന്ന് അതേ പടി പകർത്തിയെടുത്തതു പോലെയാണ് ഈ സിനിമ.ആഖ്യാനത്തിന്റെ ഓരോ അടരിലും തെളിഞ്ഞു കാണുന്നത് പുറംപോക്കുകയും ചേരികളുമാണ്. നിസഹായരായിപ്പോകുന്ന മനുഷ്യരുടെ നേർ ചിത്രങ്ങളാണ് ഈ സിനിമയിൽ.**



സൈയിനും കുടുംബവും രേഖകൾ ഇല്ലാത്ത അഭയാർത്ഥികളാണ്. ഒരു ധനികനാണ് അവരുടെ സംരക്ഷകൻ. സൈയിനിന്റെ സഹോദരി പ്രാപൂർത്തിയായാൽ തനിക്ക് വേണം. എന്നാണ് അയാളുടെ ആവശ്യം. സൈയിൻ കുറെ കാലം സഹോദരിക്ക് കാവൽ നിൽക്കുന്നു. പക്ഷെ അയാൾ പെൺകുട്ടിയെ കൊണ്ട് പോകുക തന്നെ ചെയ്യുന്നു.
സൈയിൻ ഇതിൽ കുപിതനായി വീട് ഉപേക്ഷിച്ചു പോകുന്നു. പിന്നീടവൻ പല തരം തെരുവുകളും, മനുഷ്യരുമായി ഇടപഴകുന്നു. ആഫ്രിക്കൻ അഭയാർത്ഥിയായ ഒരു സ്ത്രീയുടെ അടുത്താണ് സൈയിൻ പിന്നീട് എത്തുന്നത്. അവരുടെ ഒന്നര വയസുള്ള കുഞ്ഞിന് കൂട്ടായി അവൻ അവിടെ കൂടുകയാണ്.


ഈ രണ്ട് കുഞ്ഞുങ്ങളാണ് ഈ ചിത്രത്തിന്റെ കാതൽ. ഭരണം, അധികാരം, യുദ്ധം, വംശീയത, പാലായനം, വിശപ്പ്, അതിർത്തികൾ എന്നീ വിഷയങ്ങൾ സിനിമ ചർച്ച ചെയ്യുന്നു.

"കുഞ്ഞുങ്ങളെ ജനിപ്പിച്ചു എന്നത് എന്റെ അച്ഛനമ്മമാർ ചെയ്ത കുറ്റമാണ് "എന്നാണ് സൈയിൻ കോടതിയോട് പറയുന്നത്. അവികസിത രാജ്യങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന മനുഷ്യജീവിതദുരന്തങ്ങൾ തെരുവിൽ നിന്ന് അതേപടി പകർത്തിയെടുത്തതു പോലെയാണ് ഈ സിനിമ. ആഖ്യാനത്തിന്റെ ഓരോ അടരിലും തെളിഞ്ഞു കാണുന്നത് പുറംപോക്കുകളും ചേരികളുമാണ്. നിസഹായരായിപ്പോകുന്ന മനുഷ്യരുടെ നേർ ചിത്രങ്ങളാണ് ഈ സിനിമയിൽ.

തെരുവല്ല ഈ സിനിമയിലെ പ്രധാന ആഖ്യാന ഇടമെങ്കിലും സൈയാനിന്റെ ജീവിതത്തിലെ ഓരോ അണുവിലും തെരുവും അവൻ എത്തിച്ചേർന്ന ചേരിയും ശക്തമായ ബിംബങ്ങളായി ഇടപെടുന്നുണ്ട്.

'സിറ്റി ഓഫ് ഗോഡ് 'പുറത്തു വന്നത് 2002 ലാണു. നഗരമധ്യത്തിൽ നിന്ന് പാവപ്പെട്ടവരെ ഒറ്റപ്പെടുത്താൻ നിർമ്മിച്ച ചേരികളിലാണ് സിനിമ നടക്കുന്നത്. ജീവിതത്തിന്റെ നിറവും സംഗീതവും ആവേശവും നിറഞ്ഞ ഇടങ്ങളായി അവ മാറുന്ന കാഴ്ചയാണ് അധികവും. നിയമം ഇല്ലാതായതിനാൽ അക്രമാസക്തരായ സംഘങ്ങൾ തെരുവുകൾ ഭരിക്കുമെന്ന അപകട സാധ്യത കൂടിയുണ്ട്.

ചിത്രം ആരംഭിക്കുന്ന സീക്വൻസിൽ, ഒരു കോഴി രക്ഷപ്പെടുമ്പോൾ ഒരു സംഘം അതിനെ തുരത്തുന്ന ദൃശ്യങ്ങൾ അരങ്ങേറുന്നത് ഒരു ചേരിയിലാണ്. ദ്രുതചലനങ്ങൾ കൊണ്ട് തെന്നിമാറുന്ന ക്യാമറയാണ് ഈ രംഗത്തെ ആകർഷകമാക്കുന്നത്. 1960




കളിലേക്ക് ഫ്ലാഷ് ബാക്ക് ആയി പോകുന്ന ഓർമ്മകളുടെ ആഖ്യാനം കൂടിയാണ് ഈ സിനിമ. ഏകദേശം, നൂറോളം കുട്ടികളെയും യുവാക്കളെയും തിരഞ്ഞെടുത്ത് മാസങ്ങളോളം "അഭിനേതാക്കളുടെ അഭിനയ പരിശീലന വർക്ക്ഷോപ്പിൽ" പാർപ്പിച്ചു കൊണ്ട് നിലവിലുള്ള രീതികളിൽ നിന്ന് വ്യത്യസ്തമായി തെരുവ് യുദ്ധ രംഗങ്ങൾ ആവിഷ്കരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടാണ് സിനിമ ഒരുക്കിയിട്ടുള്ളത്. ഈ രീതിയിൽ, അനുഭവപരിചയമില്ലാത്ത അഭിനേതാക്കളെ സ്വാഭാവികമായി ചലിക്കാനും പ്രവർത്തിക്കാനും പരിശീലിപ്പിച്ച ശേഷമാണ് ചിത്രീകരനത്തിലെക്ക് കടന്നത് എന്ന് സംവിധായകൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് .

റോമൻ പോലാൻസ്കിയുടെ പിയാനിസ്റ്റ് മുക്കാൽ ഭാഗവും ചിത്രീകരിച്ചത് പോളണ്ടിൽ ആണ്. 1962 ൽ നൈഫ് ഇൻ ദി വാട്ടർ (Knife in the water) എന്ന ചിത്രത്തിനുശേഷം പിയാനിസ്റ്റ് വേണ്ടിയാണ് പൊളാൻസ്കി ക്യാമറയുമായി പോളണ്ടിൽ എത്തുന്നത്. പോളണ്ടിലെ മുക്കാൽഭാഗവും, പോളണ്ടിനു പുറമേ ഒരു ജർമൻ സ്റ്റുഡിയോയിലും പിയാനിസ്റ്റിന്റെ ചില ഭാഗങ്ങൾ ഷൂട്ട് ചെയ്തു. ജീവിതത്തിൽ സ്പീൽമാൻ ഒളിച്ചിരുന്ന ഒരു തെരുവ് പൊളാൻസ്കി പുന:നിർമിക്കുകയായിരുന്നു. ഗെറ്റൊ തെരുവുകളിലെ ഉയർന്ന മതിലുകൾ തന്റെ ജനാലയിലൂടെ കാണും വിധം പൊളാൻസ്കി പുനരാവിഷ്കരിച്ചു. യുദ്ധത്തിന്റെ ഓർമ്മകളെ സ്പീൽമാനിന്റെ കഥാപാത്രത്തിലേക്ക് അദ്ദേഹം ചേർത്തിണക്കി. യുദ്ധത്തിൽ നശിച്ചുപോയ ജലനഗരാവശിഷ്ടങ്ങളുടെ ദൃശ്യങ്ങളും സ്പർശങ്ങളും ചലച്ചിത്രത്തിൽ ഉണ്ട്. വായിക്കാനാവാത്ത ഒരു പിയാനോ നഗരാവശിഷ്ടങ്ങൾക്കിടയിൽ കിടക്കുന്ന ദൃശ്യം കാഴ്ചക്കാരെ എന്നും പിന്തുടരും..

ഇനിയുമുണ്ട് പല സിനിമകൾ...
പല ഓർമ്മകൾ.

2019 ൽ ഇറങ്ങിയ കേമില്ലേ എന്ന സിനിമയിൽ കൊല്ലപ്പെട്ട വർ നിരന്നു കിടക്കുന്ന ഒഴിഞ്ഞ തെരുവ്... വെടിയുണ്ട കൾ കൊണ്ട് എഴുതിയ ഹിംസയുടെ ഏറ്റവും ക്രൂര മായ കവിതകളെഴുതിയ നോ ഫാദേർസ് ഇൻ കാശ്മീർ, ഓൺ ദി മിൽക്ക് റോഡ്, പട്ടിക നീളും...

മിഡ് നൈറ്റ് ഇൻ പാരീസിൽ വൂഡി അലൻ മെനെഞ്ഞെടു ക്കുന്ന സുന്ദരമായ ഒരു സ്വപ്നമുണ്ട്. 2010 നിന്ന് ഒരാൾ ഭൂതകാലത്തിലേക്ക് എത്തുന്നു. ദാലിയും പിക്കാസോയും ഏർനെസ്റ്റ് ഹെമിംഗ് വെയും ലൂയി ബുനുവലും അയാളെ സ്വീകരിക്കുന്നു. രാത്രിയിൽ മഴ നനഞ്ഞ തണുത്ത കല്ലുകൾ പാകിയ തെരുവിൽ നിന്നയാൾ അവരോടൊപ്പം പോകുന്നു. സമയത്തെ പിടിച്ച് കെട്ടാൻ കലാകാരനല്ലാതെ മറ്റാർക്ക് കഴിയും! മിഡ്നൈറ്റ് ഇൻ പാരീസിൽ വൂഡി അലൻ നെയ്യുന്ന സ്വപ്നങ്ങളുടെ ഇഴകളിൽ നിന്ന് നാം ഏത് കാലത്തെ സ്വീകരിക്കും? തീർച്ചയായും 'സ്വപ്നങ്ങളുടെ കാലത്തെ' എന്നാണ് എന്റെ ഉത്തരം.






**ഏകദേശം, നൂറോളം കുട്ടികളെയും യുവാക്കളെയും തിരഞ്ഞെടുത്ത് മാസങ്ങളോളം "അഭിനേതാക്കളുടെ അഭിനയ പരിശീലന വർക്ക്ഷോപ്പിൽ" പാർപ്പിച്ചു കൊണ്ട് നിലവിലുള്ള രീതികളിൽ നിന്ന് വ്യത്യസ്തമായി തെരുവ് യുദ്ധ രംഗങ്ങൾ ആവിഷ്കരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ടാണ് സിനിമ ഒരുക്കിയിട്ടുള്ളത്**


യന്ത്രം പോലെ
ജീവിക്കുന്നോര്
യന്ത്രങ്ങളോട് വർത്തമാനം
പറയാറ്ണ്ട്
യന്ത്രങ്ങള് തിരിച്ചും
പറയാറ്ണ്ട്

# 8

മനസ്സിരിക്കുന്നത്
ഹൃദയത്തിലോ തലയിലോ
അല്ല അത് വയറിലാണ്
അതുകൊണ്ടാണ്
പേടിക്കുമ്പോൾ
വയറു കാളുന്നത്





കൃഷ്ണ കെ എസ്

# മ്യൂസിയത്തിലെ മനുഷ്യനെ നോക്കി സൈബോർഗ് ചിരിക്കുന്നു





തൊണ്ണൂറുകളോടുകൂടി ശക്തിപ്പെട്ടുവന്ന പുതിയൊരു ആശയമാണ് പോസ്റ്റ് ഹ്യൂമനിസം. പോസ്റ്റ് ഹ്യൂമനിസം എന്നതുകൊണ്ട് ഹ്യൂമനിസത്തിനു ശേഷം വരുന്നത് എന്ന് പറയാം. എന്നാൽ അതിനുമുപരിയായി മനുഷ്യകേന്ദ്രിതമായി നമ്മൾ വികസിപ്പിച്ചുകൊണ്ടുവന്ന എല്ലാ വ്യവസ്ഥകളേയും വ്യവഹാരരൂപങ്ങളെയും വിമർശനാത്മകമായി പരിശോധിക്കുന്ന ഒരു വിജ്ഞാനപദ്ധതി/ നിരവധി വിജ്ഞാനപദ്ധതികളുടെ സാകല്യം എന്ന നിലക്കാണ് പോസ്റ്റ് ഹ്യൂമനിസം എന്ന പദം ഇവിടെ ഉപയോഗിക്കുന്നത്. മനുഷ്യകേന്ദ്രിതമായ ചിന്താപദ്ധതിയാണ് ആന്ത്രോപോസീൻ. പ്രപഞ്ചത്തിന്റെ നിലനിൽപ്പിനെ വലിയ അളവിൽ സ്വാധീനിക്കുകയും അപകടപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥയിലേക്ക് മനുഷ്യസാന്നിധ്യം മാറിയിരിക്കുന്നു എന്ന കാഴ്ചപ്പാടാണ് ആന്ത്രോപോസീൻ എന്ന വാക്കിലുള്ളത്. പ്രപഞ്ചത്തിലെ ഒരു ജീവി എന്ന നിലയിൽ നിന്ന് മാറി പ്രപഞ്ചത്തെത്തന്നെ നിർണ്ണയിക്കുന്ന രീതിയിലേക്ക് മനുഷ്യന്റെ പ്രവൃത്തികൾ മാറിയിരിക്കുന്നു എന്ന ഭയത്തിൽനിന്നാണ് ആന്ത്രോപോസീൻ എന്ന വാക്ക് ഉണ്ടാവുന്നത്. മനുഷ്യൻ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ഒരു ജീവിയായി വളരുന്നതിനോടുള്ള ഒരു വിമർശനാത്മക സമീപനമാണ് പോസ്റ്റ് ഹ്യൂമനിസം ചർച്ചചെയ്യുന്നത്. ജ്ഞാനോദയ കാലം മുതൽ (യൂറോപ്പിൽ )മനുഷ്യൻ എന്ന കർതൃത്വത്തെപ്പറ്റിയുള്ള സങ്കൽപ്പങ്ങൾ ഉണ്ടാവുന്നു. (ദെക്കാർത്ത്: ഞാൻ ചിന്തിക്കുന്നു അതുകൊണ്ട് ഞാനുണ്ട്.) അവിടെ മനുഷ്യന്റെ ചിന്തയാണ് ഏറ്റവും പ്രധാനം. മനുഷ്യരുടെ ഉണ്മതന്നെ ചിന്തയെ ആശ്രയിച്ചിരിക്കുന്നു എന്ന മട്ടിൽ മനുഷ്യ കർതൃത്വത്തിനു ഏറ്റവും പ്രാധാന്യം ലഭിച്ച കാലമായിരുന്നു ജ്ഞാനോദയ കാലം. ശാസ്ത്രത്തിന്റെയും ചിന്തയുടെയും സ്വാതന്ത്ര്യ ബോധത്തിന്റെയുമൊക്കെ ഒരു സൂചകമായാണ് മനുഷ്യൻ എന്ന പദം ചരിത്രത്തിൽ പിറവിയെടുക്കുന്നത്. ജാതി,

**പ്രപഞ്ചത്തിലെ ഒരു ജീവി എന്ന നിലയിൽനിന്ന് മാറി പ്രപഞ്ചത്തെത്തന്നെ നിർണ്ണയിക്കുന്ന രീതിയിലേക്ക് മനുഷ്യന്റെ പ്രവൃത്തികൾ മാറിയിരിക്കുന്നു എന്ന ഭയത്തിൽനിന്നാണ് ആന്ത്രോപോസീൻ എന്ന വാക്ക് ഉണ്ടാവുന്നത്. മനുഷ്യൻ പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ഒരു ജീവിയായി വളരുന്നതിനോടുള്ള ഒരു വിമർശനാത്മക സമീപനമാണ് പോസ്റ്റ് ഹ്യൂമനിസം ചർച്ചചെയ്യുന്നത്.**


മതം, ലിംഗപദവി, വംശം, ഭാഷ എന്നിവയുടെ പേരിലെല്ലാം നിലനിന്നിരുന്ന വിവേചനങ്ങളെല്ലാം അകന്ന് നാമെല്ലാവരും മാനവരായിത്തീരുന്ന ഒരു കാലം വരും എന്ന കനത്ത പ്രതീക്ഷയാണ് കഴിഞ്ഞ നൂറ്റാണ്ടിൽ നമുക്കുണ്ടായിരുന്നത്. ആധുനിക ലോകവീക്ഷണത്തിന്റെ പ്രതീകമായി മനുഷ്യർ നിർമ്മിക്കപ്പെട്ടു. എല്ലാം മനുഷ്യന്റെ ഗുണത്തിനും സൗകര്യത്തിനും മുന്നേറ്റത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയാണെന്നും അതിനു സഹായിക്കുന്നതാണ് പ്രപഞ്ചം/പ്രകൃതി എന്നുമുള്ള സങ്കൽപ്പം ആ കാലഘട്ടത്തിൽ രൂപപ്പെട്ടുവന്നു. അതിന്റെ ഭാഗമായി ഹ്യൂമനിസം/മാനവികതാവാദം പ്രബലമായി. ആ കാലത്തുതന്നെ പോസ്റ്റ് ഹ്യൂമനിസത്തെ സംബന്ധിച്ച ചില ഉൾക്കാഴ്ചകൾ ചില രചനകളിലും ചിന്തകളിലും കാണപ്പെട്ടു. ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലത്തിൽ മർത്ത്യവിജയത്തിൽ കാലൂന്നി നിവർന്നു നിൽക്കുമ്പോഴും അടിയിലൂടെ നാട്ടനൂണ് നിള ഒഴുകുന്നതു കാണുമ്പോൾ അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു സംശയം ഉയരുന്നുണ്ട്. യന്ത്ര സംസ്കാരം പ്രകൃതിയെ മാത്രമല്ല മനുഷ്യപ്രകൃതിയെ കൂടെ മാറ്റിത്തീർക്കുമോ എന്ന്. അതിൽ 'ജ്രംഭിത യന്ത്രക്കിടാവ്' എന്നൊരു പദം അദ്ദേഹം 1954 ൽ ഉപയോഗിക്കുന്നുണ്ട്. ഇന്നതിന് റോബോട്ട് എന്നുപറയും. ഒരു മാനവാനന്തര സമൂഹത്തിന്റെ ഉത്കണ്ഠകൾ ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലത്തിൽ കാണാം. മറ്റൊരു ഉദാഹരണം നോക്കാം -


" കളിയും ചിരിയും കരച്ചിലുമായി
കഴിയും നരനൊരു യന്ത്രമായാൽ
അംബ പേരാറേ നീ മാറിപ്പോമോ
ആകുലമായൊരഴുക്കു ചാലായ്....."

ഈ വരികളിൽ മനുഷ്യർ യന്ത്രമാകുന്നൊരു കാലത്തെ; ഒരു പോസ്റ്റ്ഹ്യൂമൻ കാലത്തെ അദ്ദേഹം 54ൽ വിഭാവനം ചെയ്തിരുന്നു എന്ന് കാണാം. മനുഷ്യൻ യന്ത്രമായാൽ മനുഷ്യപ്രകൃതി മാത്രമല്ല പ്രപഞ്ചം കൂടിയാണ് നശിക്കുന്നത് എന്നദ്ദേഹം പറഞ്ഞുവെക്കുന്നു.

**ആധുനിക ലോകവീക്ഷണത്തിന്റെ പ്രതീകമായി മനുഷ്യർ നിർമ്മിക്കപ്പെട്ടു. എല്ലാം മനുഷ്യന്റെ ഗുണത്തിനും സൗകര്യത്തിനും മുന്നേറ്റത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയാണെന്നും അതിനു സഹായിക്കുന്നതാണ് പ്രപഞ്ചം**

മനുഷ്യരെ കേന്ദ്രസ്ഥാനത്തു നിർത്തിയിരുന്ന ഒരു കാലത്തു നിന്നു സമകാലത്തേക്കു വരുമ്പോൾ സംഭവിച്ചിരിക്കുന്നത് എന്താണ്? കോവിഡ് എന്ന മഹാമാരി മനുഷ്യരെക്കുറിച്ചുള്ള സങ്കൽപ്പത്തെത്തന്നെ അട്ടിമറിച്ചിരിക്കുകയാണ്. നാമിതുവരെ ധരിച്ചിരുന്നത് പ്രപഞ്ചത്തിനൊരു നിയമുണ്ടെന്നതാണ്. ആ നിയമങ്ങളെ കണ്ടെത്തി വിശകലനം ചെയ്തു മനുഷ്യജീവിതത്തിനനുഗുണമായ വിധത്തിൽ അനുകല്പനം ചെയ്യുന്ന ഒരു രീതിയെയാണ് നമ്മൾ സയൻസ് എന്നുപറയുന്നത്. സയൻസ് ഇതുവരെ നമ്മോടു പറഞ്ഞത് പ്രപഞ്ചനിയമങ്ങളെപ്പറ്റിയാണ്(ചാൾസ്, ന്യൂട്ടൺ). നിയമം മനസിലാക്കികഴിഞ്ഞാൽ എന്തുണ്ടാകും എന്ന് പ്രവചിക്കാം എന്നതായിരുന്നു വിശ്വാസം. എന്ത് സംഭവിക്കും എന്നത് പ്രവചനാധീനമായിരുന്നു. എന്നാൽ ഇന്നത്തെ പ്രപഞ്ചം നിയമാനുസൃതം പ്രവർത്തിക്കുകയോ ചലിക്കുകയോ ചെയ്യുന്ന ഒന്നല്ല. പ്രപഞ്ചം അവ്യവസ്ഥിതമായിത്തീർന്നിരിക്കുന്നു. മനുഷ്യന് നിയമങ്ങളിലൂടെ കണ്ടെത്താൻ കഴിയാത്ത ഒരു ഉണ്മയായി പ്രപഞ്ചം മാറിയിരിക്കുന്നു എന്നതിന്റെ ഏറ്റവും





**ബയോ എത്തിക്സ്* നിലവിൽ വന്നിരിക്കുന്നു. മനുഷ്യജീവനുമാത്രമല്ല പ്രപഞ്ചത്തിനു തന്നെ അപകടമാകും വിധത്തിൽ ഉള്ള മനുഷ്യന്റെ ശാസ്ത്ര ഗവേഷണത്തിന് കടിഞ്ഞാണിടേണ്ടി വന്നിരിക്കുന്നു. അതാണ് പോസ്റ്റ് ഹ്യൂമൻ കാലത്തെ പ്രധാനപ്പെട്ട ഒരു വെല്ലുവിളി.**

മികച്ച തെളിവാണ് കോവിഡ്. പ്രപഞ്ചം തന്നെ അവ്യവസ്ഥിതമായിത്തീരുമ്പോൾ സയൻസിനെക്കുറിച്ചുള്ള സങ്കൽപങ്ങൾക്ക് വെല്ലുവിളി നേരിടുന്നു എന്നതാണ് ഒരു പ്രധാന പ്രശ്നം. അതുകൊണ്ട് പോസ്റ്റ് ഹ്യൂമനിസത്തിന്റെ ഒരു പ്രതിസന്ധി യഥാർത്ഥത്തിൽ സയൻസിന്റെ പ്രതിസന്ധിയാണ്. ഇതുവരെ നാം പറഞ്ഞിരുന്നത് സയൻസ് സത്യാന്വേഷണമാണെന്നാണ്. സത്യാന്വേഷണത്തിന്റെ ഫലമെന്തെന്നു ഭയപ്പെടാതെ അന്വേഷണത്തിൽ ഏർപ്പെടണം എന്നാണു സയൻസ് നമ്മെ പഠിപ്പിച്ചത്. എന്നാലിന്ന് സയൻസിന്റെ കാര്യത്തിൽ ഇത് ഉറപ്പിച്ചുപറയാൻ പറ്റില്ല. ഇന്ന് ഏറ്റവും വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന സയൻസിന്റെ മേഖല കൃത്രിമ ജീവന്റെ ഉൽപ്പാദനത്തെപ്പറ്റിയുള്ളതാണ്. മനുഷ്യർക്ക് വൈറസുകളെ ഉൽപ്പാദിപ്പിക്കാം എന്നുവന്നാൽ അവയെ ഉപയോഗിച്ച് രോഗങ്ങൾ ഇല്ലാതാക്കാം കൃഷി മെച്ചപ്പെടുത്താം വ്യാവസായിക ആവശ്യങ്ങൾക്കുപയോഗിക്കാം. എന്നാൽ അതേസമയം അവയെ യുദ്ധത്തിന് വേണ്ടി ഉപയോഗിക്കാം, പ്രകൃതിയെ നശിപ്പിക്കാൻ വേണ്ടി ഉപയോഗിക്കാം, ജൈവായുധങ്ങൾ നിർമ്മിക്കാം. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇനി ഇത്തരം പരീക്ഷണങ്ങൾ തോന്നുംപടി നടത്താനാവില്ല. ബയോ എത്തിക്സ്* നിലവിൽ വന്നിരിക്കുന്നു. മനുഷ്യജീവനുമാത്രമല്ല പ്രപഞ്ചത്തിനു തന്നെ അപകടമാകും വിധത്തിൽ ഉള്ള മനുഷ്യന്റെ ശാസ്ത്ര ഗവേഷണത്തിന് കടിഞ്ഞാണിടേണ്ടി വന്നിരിക്കുന്നു. അതാണ് പോസ്റ്റ് ഹ്യൂമൻ കാലത്തെ പ്രധാനപ്പെട്ട ഒരു വെല്ലുവിളി. ശാസ്ത്രത്തെക്കുറിച്ച് ഇതുവരെ ഉണ്ടാക്കിയിട്ടുള്ള സങ്കല്പങ്ങൾക്ക് വലിയതോതിൽ ഒരു പ്രതിസന്ധി നേരിടുന്നു മനുഷ്യൻ എന്ന ജീവിയുടെ അപരം മനുഷ്യൻ തന്നെ എന്നതിൽനിന്നു മാറി മനുഷ്യന്റെ അപരം ഒരു

വൈറസ് പോലും ആകാം എന്ന് വന്നിരിക്കുന്നു. അപ്പോൾ ഇന്ന് അപരമായി മറ്റൊരു മനുഷ്യനെ മാത്രം സങ്കല്പിച്ചാൽ പോരാ, പ്രഞ്ചത്തിലെ സകല ചരാചരങ്ങളും മനുഷ്യന് അപരമാണെന്ന് അംഗീകരിക്കേണ്ടി വരും. അങ്ങിനെ ഒരു പുതിയ സാർവലൗകികത രൂപപ്പെട്ടുവരുന്നു. മനുഷ്യന്റെ നിലനിൽപ്പ് സാധ്യമാകണമെങ്കിൽ ആന്ത്രോപോസീൻ യുഗത്തിന് കടിഞ്ഞാണിടേണ്ടിവരും എന്ന സൂചനയാണ് പോസ്റ്റ് ഹ്യൂമൻ കാലത്ത് ലഭിക്കുന്നത്.

ദി ഓർഡർ ഓഫ് തിങ്ങ്സ് എന്ന ഗ്രന്ഥത്തിൻറെ ഉപസംഹാരത്തിൽ മനുഷ്യന്റെ അന്ത്യത്തെക്കുറിച്ച് ഫൂക്കോ പറയുന്നുണ്ട്; 'നമ്മുടെ ചിന്തയുടെ പുരാവസ്തു ശാസ്ത്രം അനായാസമായി വെളിപ്പെടുത്തുന്നത് മനുഷ്യൻ അടുത്തകാലത്ത് നടന്ന ഒരു കണ്ടുപിടിത്തമാണെന്നും ഒരുപക്ഷേ അതിന്റെ അന്ത്യം അടുത്തുകൊണ്ടിരിക്കുന്നു എന്നുമാണ് അതിനാൽ

**പോസ്റ്റ് ഹ്യൂമനിസം ആത്യന്തികമായി നിർവചനങ്ങൾക്ക് അതീതമാണ്. നിർവചനങ്ങൾ ആവശ്യപ്പെടുന്ന ഒരു നിശ്ചിതത്വത്തെ പോസ്റ്റ് ഹ്യൂമനിസം അതിന്റെ നിത്യവും പരിഷ്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ആശയ സംഹിതകളിലൂടെ അനന്ത സാധ്യതകളിലേക്ക് കടത്തിവിടുന്നു. പോസ്റ്റ്ഹ്യൂമനിസം കൃത്യമായ അതിർവരമ്പുകൾ ഉള്ള ഒന്നല്ല.**



കടൽത്തീരത്തെ മണൽത്തട്ടിൽ വരച്ച ഒരു മുഖം പോലെ മനുഷ്യൻ മാഞ്ഞുപോകുമെന്നുതന്നെ ഒരുവന് വാതുവയ്ക്കാവുന്നതേയുള്ളൂ' എന്നാൽ അത് മനുഷ്യവംശത്തിന്റെ അന്ത്യത്തെക്കുറിച്ചല്ല മറിച്ച് പാശ്ചാത്യ മുഖ്യധാരാ ആധുനികതയിൽ രൂപപ്പെട്ട മനുഷ്യൻ എന്ന കർത്തൃത്വപരികല്പന മാഞ്ഞു പോകുന്നതിനെക്കുറിച്ചാണ് പറയുന്നത്. ആധുനിക മനുഷ്യ സങ്കൽപത്തെ സാധ്യമാക്കുന്ന വ്യവഹാരങ്ങളും പ്രയോഗങ്ങളും അപ്രസക്തമാവുകയും പുതിയ വ്യവഹാരങ്ങളും അവയുമായി ബന്ധപ്പെട്ട പ്രയോഗ രൂപങ്ങളും ആവിർഭവിക്കുകയും ചെയ്യുന്ന പുതിയ കാലത്ത് ആധുനിക മനുഷ്യകേന്ദ്രിതമായ ചിന്താരൂപങ്ങൾക്കൊപ്പം ആധുനിക യുഗത്തിന്റെ മാനവികതാവാദവും മാഞ്ഞുപോകുന്നു. അതിനു ശേഷം രൂപംകൊണ്ട നവമാനവികതയുടെ ആവിർഭാവത്തിന് വഴിയൊരുക്കിയ ഒരു രാഷ്ട്രീയ സൈദ്ധാന്തിക പശ്ചാത്തലമുണ്ട്.

പോസ്റ്റ് ഹ്യൂമനിസം ആത്യന്തികമായി നിർവചനങ്ങൾക്ക് അതീതമാണ്. നിർവചനങ്ങൾ ആവശ്യപ്പെടുന്ന ഒരു നിശ്ചിതത്വത്തെ പോസ്റ്റ് ഹ്യൂമനിസം അതിന്റെ നിത്യവും പരിഷ്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ആശയ സംഹിതകളിലൂടെ അനന്ത സാധ്യതകളിലേക്ക് കടത്തിവിടുന്നു. പോസ്റ്റ്ഹ്യൂമനിസം കൃത്യമായ അതിർവരമ്പുകൾ ഉള്ള ഒന്നല്ല. മറിച്ച് ഇഴചേർന്നുകിടക്കുന്ന അനവധി വ്യവഹാര മേഖലകളിലൂടെ ഉയർന്നുവരുന്ന പ്രതിഭാസമാണ്. സാങ്കേതികവിദ്യയുടെ വിപ്ലവകരമായ ഉപയോഗഫലമായി മനുഷ്യരെന്ന പദവി പൂർണ്ണമായും മറികടക്കുമ്പോൾ അവിടെ പോസ്റ്റ്ഹ്യൂമൻ സമൂഹം രൂപപ്പെടുന്നു. ഈ സമൂഹത്തിൽ ഹോമോസാപ്പിയൻസ് എന്ന വർഗ്ഗം നിലവിലുള്ള സാങ്കേതികവിദ്യകൊണ്ട് പ്രവചിക്കാൻ പറ്റാത്ത രീതിയിൽ യന്ത്രഭാഗങ്ങളുമായി ജനിതക മാറ്റത്തിലൂടെയും

അല്ലാതെയും സമ്മേളിക്കുന്ന അവസ്ഥയുണ്ടാകുന്നു. സചേതനം/ അചേതനം എന്നുള്ള ഒരു നിശ്ചിത വേർതിരിവിനെക്കുറിച്ച് പോസ്റ്റ് ഹ്യൂമനിസം ചിന്തിക്കുന്നില്ല.

ജന്തുക്കളിൽനിന്നും യന്ത്രങ്ങളിൽനിന്നും മനുഷ്യനെ കണിശമായി വേർതിരിച്ചു നിർത്തുന്ന അതിരുകൾ ഇല്ലാതായിരിക്കുന്നുവെന്നും മനുഷ്യൻ സൈബോർഗ്* എന്ന സംവർഗ്ഗമായിത്തീർന്നിരിക്കുന്നുവെന്നും അതുകൊണ്ടുതന്നെ സ്വത്വകേന്ദ്രീകൃതവാദങ്ങളിൽ ഊന്നിയ സ്ത്രീവാദങ്ങൾ ഉൾപ്പെടെയുള്ള മിക്ക രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളും പുതുക്കിപ്പണിയേണ്ടതുണ്ടെന്നും ഡോണാ ഹാരവേ അവരുടെ സൈബോർഗ് മാനിഫെസ്റ്റോയിൽ പറയുന്നുണ്ട്.

കൃത്രിമ മനുഷ്യൻ എന്ന റോബോട്ട്യൻ യന്ത്ര-മനുഷ്യസങ്കൽപ്പത്തിൽനിന്ന് യന്ത്രവും മനുഷ്യനും ചേരുന്ന സൈബോർഗ്യൻ മനുഷ്യാനന്തര സങ്കല്പത്തിലേക്ക് ലോകം കടന്നിട്ട് ദശാബ്ദങ്ങൾ കഴിഞ്ഞിരിക്കുന്നു. സൈബോർഗ് ഒരേസമയം ഒരു ഭൗതിക ഉത്പന്നവും, ശാസ്ത്ര സാങ്കേതികതയുടെ ഭൗതിക പരിസരങ്ങങ്ങളേയും മനുഷ്യകർതൃത്വത്തെയും പര്യവേഷണം ചെയ്യാൻ കഴിയുന്ന രൂപകവുമാണ്. മനുഷ്യൻ എന്ന ഘടകത്തിന്റെ ചരിത്ര -രാഷ്ട്രീയ സങ്കീർണതകളേക്കാൾ ഈ രൂപകത്തിൽ ഇടകലർന്നിരിക്കുന്നത് ജീവജാലത്തിന്റെയും യന്ത്രത്തിന്റെയും പൊരുളാണ്. അതുകൊണ്ട് ഹാരവേ അതിനെ രണ്ടാം ലോക യുദ്ധത്തിന്റെ സന്തതി എന്ന് വിശേഷിപ്പിച്ചു.

സൈബോർഗ് എന്ന പുതിയ സ്വത്വമാതൃകയിൽ മനുഷ്യൻ എന്ന കാലഹരണപ്പെട്ട ആശയം മാറ്റിവയ്ക്കപ്പെടണം എന്നാണ് ഹാരവേ പറയുന്നത്. ഹാരവേ സൈബോർഗിനെ സങ്കൽപ്പിക്കുന്നത് യാന്ത്രികതയുടെയും ജൈവികതയുടെയും സങ്കരമായ, സാമൂഹ്യ യാഥാർത്ഥ്യത്തിന്റെയും ഭാവനയുടെയും സങ്കരമായ ഒരു സൈബർനെറ്റിക് ജീവജാലമായാണ്. യന്ത്രങ്ങൾ മനുഷ്യന്റെ ഭാഗമാവുകമാത്രമല്ല അവയെ കൂടുതൽ ബുദ്ധിയും വൈഭവങ്ങളും ഭാവനയുമുള്ള സ്വയംപര്യാപ്തതയിലേക്കും പൂർണ്ണതയിലേക്കും പരിണമിച്ചെടുക്കുന്ന കാലത്ത് ഹാരവേയുടെ ആശയത്തിന് വ്യത്യസ്തമാനങ്ങളും സൂചനകളും ഉണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഒരു പ്രധാന പ്രഹേളികയായ മനുഷ്യനും യന്ത്രവും തമ്മിലുള്ള ബന്ധത്തിന്റെ അർത്ഥതലങ്ങളെ വാർത്തെടുക്കുന്നതിനും ഹാരവെയുടെ ആശയം സഹായിക്കുന്നു. യന്ത്രങ്ങളുമായുള്ള മനുഷ്യബന്ധമാണ് നമ്മുടെ സാംസ്കാരിക രാഷ്ട്രീയ പരിസരങ്ങളെ ഇനിയങ്ങോട്ട് നിർണയിക്കുന്നത്. സ്ത്രീയെ സാങ്കേതികതയ്ക്ക് വിരുദ്ധമായും പ്രകൃതിയോട് അടുത്തതുമെന്ന് പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്ന ഫെമിനിസ്റ്റ് ചിന്തകളെ പ്രകോപിപ്പിക്കുന്നതിനും കൂടി വേണ്ടിയായിരുന്നു ഹാരവെ സൈബോർഗ് മാനിഫെസ്റ്റോ എഴുതുന്നത്.

**കൃത്രിമ മനുഷ്യൻ എന്ന റോബോട്ട്യൻ യന്ത്ര-മനുഷ്യസങ്കൽപ്പത്തിൽനിന്ന് യന്ത്രവും മനുഷ്യനും ചേരുന്ന സൈബോർഗ്യൻ മനുഷ്യാനന്തര സങ്കല്പത്തിലേക്ക് ലോകം കടന്നിട്ട് ദശാബ്ദങ്ങൾ കഴിഞ്ഞിരിക്കുന്നു.**



പരസ്പര വിരുദ്ധമായ രണ്ട്

**മനുഷ്യൻ ഇതുവരെ ഉണ്ടാക്കിവെച്ച എല്ലാ സങ്കൽപ്പങ്ങളെയും വിമർശനാത്മകമായി പരിശോധിച്ചുകൊണ്ട് ഒരു പുതിയ മാനവികത യിലേക്ക് കുതിക്കാൻ കഴിയുന്ന, ആരും ആരെയും കീഴ്പ്പെടുത്താത്ത, സമത്വത്തിന്റേതായ ഒരു യുഗം ആലോചിച്ചില്ലെങ്കിൽ മനുഷ്യർ മാത്രമല്ല ഈ പ്രപഞ്ചം തന്നെ ഇല്ലാതായിത്തീരും എന്നതിന്റെ സൂചനയാണ് നിലവിൽ ഉള്ളത്.**

സൈബോർഗ് ഭാവികൾ ഹാരവേ വിഭാവനം ചെയ്യുന്നുണ്ട് ഒരുവശത്ത് അന്തിമമായ നിയന്ത്രണ ചട്ടക്കൂടി ന്റെ വരുതിയിലേക്കും പ്രതിരോധ ത്തിന്റെ മറവിൽ സ്റ്റാർ വാർസിനെ പ്പോലെ അമൂർത്തമായ അന്ത്യനാശത്തിലേക്ക് ഭൂമിയെ നയിക്കലും സ്ത്രീ ശരീരങ്ങളെ അന്തിമമായ ഒരു ആണത്ത യുദ്ധ ഘോഷത്തിലേക്ക് നയിക്കലുമൊ ക്കെയാണെങ്കിൽ മറുവശത്ത് ജീവന്റെ യഥാർത്ഥ സാമൂഹിക ശാരീരിക പരിസരങ്ങളിൽ മനുഷ്യർ മൃഗങ്ങളുമായും യന്ത്രങ്ങളുമായും ഒക്കെയുള്ള ബന്ധുത്വങ്ങളെയോ തങ്ങളുടെ ഭാഗികമായ സ്വത്വങ്ങളെ യോ ഭയക്കാതിരിക്കുന്ന അവസ്ഥയു മാണ്. തന്റെ വിപരീത യുക്തികൾ അവയുടെ ദാർശനിക പരിസരങ്ങ ളിൽ വിശ്വാസത്തിന്റെ മുന്നിൽ ദൈവനിന്ദ പോലെയാണ് നിലനിൽ ക്കുക എന്നവർ വീക്ഷിക്കുന്നുണ്ട്. ആയുധ വാഴ്ചയുടെയും പുരുഷാധി പത്യ മൂലധന വാഴ്ചയുടേയും ഭരണകൂട സോഷ്യലിസത്തിന്റെയും ജാരസന്തതിയായിട്ടാണ് സൈബോർ ഗിനെ അവർ കാണുന്നത്. ഈ പിതൃത്വം ഒരേസമയം പ്രധാനവും അപ്രധാനവും ആകുന്നു എന്നതാ ണ് സൈബോർഗിന്റെ ജാര അസ്ഥി ത്വത്തെ പ്രതിഷേധത്തിന്റെയും ഭിന്നതയുടെയും കരുത്തുറ്റ രൂപമാക്കുന്നത്.

പോസ്റ്റ് ഹ്യൂമനിസം എന്നാൽ മനു ഷ്യൻ എന്ന ജീവി അവസാനിച്ചു എന്നതിനേക്കാൾ മനുഷ്യൻ തന്നെ കാലങ്ങളായി സൃഷ്ടിച്ചെടുത്ത അവബോധങ്ങളെ പുനർവിചിന്തനം ചെയ്യുന്നു എന്നതാണ്. യന്ത്രങ്ങൾ നമുക്ക് ആവശ്യമാണ്. ശാസ്ത്രവും പരീക്ഷണങ്ങളും നമുക്ക് ആവശ്യമാ ണ്. പക്ഷേ എല്ലാം മനുഷ്യനുവേണ്ടി യല്ല. മറിച്ച് പ്രപഞ്ചത്തിനുവേണ്ടി. അതു കൊണ്ട് പോസ്റ്റ് ഹ്യൂമനിസം എന്നത് മാനവികതയിലേക്കുള്ള തിരിച്ചുവരവ് തന്നെയാണ്. അത് മർത്യതയിലേക്കുള്ള തിരിച്ചുവരല്ല. ബുദ്ധനും മാർക്സും ഗാന്ധിയുമെല്ലാം സൂചിപ്പിച്ച, പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളാൻ ശേഷിയുള്ള ഒരു മാനവികതാ സങ്കല്പം. മനുഷ്യൻ എല്ലാത്തിനെയും കീഴടക്കുന്നതിനു പകരം തന്റെ അജൈവ ശരീരമാണ് പ്രപഞ്ചം എന്ന് മാർക്സ് പറഞ്ഞത് മനസ്സിലാക്കാനു ള്ള വിവേചനമാണ് പോസ്റ്റ് ഹ്യൂമനിസത്തി ന്റെ സാധ്യത. മനുഷ്യൻ ഇതുവരെ ഉണ്ടാ ക്കിവെച്ച എല്ലാ സങ്കൽപ്പങ്ങളെയും വിമർശനാത്മകമായി പരിശോധിച്ചുകൊണ്ട് ഒരു പുതിയ മാനവികതയിലേക്ക് കുതി ക്കാൻ കഴിയുന്ന, ആരും ആരെയും കീഴ്പ്പെടുത്താത്ത, സമത്വത്തിന്റേതായ ഒരു യുഗം ആലോചിച്ചില്ലെങ്കിൽ മനുഷ്യർ



മാത്രമല്ല ഈ പ്രപഞ്ചം തന്നെ ഇല്ലാതായിത്തീരും എന്നതിന്റെ സൂചനയാണ് നിലവിൽ ഉള്ളത്. ഈ ഘട്ടത്തിൽ മനുഷ്യന്റെയും മുതലാളിത്തത്തിന്റെയും അഹന്തക്ക് വലിയ തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുമ്പോൾ മനുഷ്യർ കൂടുതൽ പ്രപഞ്ചത്തെപ്പറ്റിയും തന്റെ തന്നെ അസ്തിത്വത്തിൽ പ്രപഞ്ചത്തിലുള്ള സ്ഥാനത്തെപ്പറ്റിയുമൊക്കെ ആലോചിക്കാൻ സാധിക്കുന്ന ഒരു പുതിയ സങ്കല്പത്തിലേക്കുള്ള ചുവടുവെപ്പാണ് പോസ്റ്റ് ഹ്യൂമനിസം.



# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിർമ്മിക്കുന്ന പുത്തൻ സാമ്പത്തിക ക്രമം

നവജിത്ത് അഷ്ടമചന്ദ്രൻ





നവശിശുവായ സമ്പൂർണ്ണയന്ത്രം അതിന്റെ ഛായാഗ്രഹികൾ കൊണ്ട് കിഴവനെ നോക്കി: തന്റെ പ്രിയപ്പെട്ട ജനയിതാവ്. “ഞാൻ അങ്ങയെ സ്നേഹിക്കുന്നു.” യന്ത്രം പറഞ്ഞു. “സ്നേഹം എന്നെ പോലെ ദുർബലനായ മനുഷ്യന് മാത്രം വിധിച്ചതാണ്.” ശാസ്ത്രജ്ഞൻ പറഞ്ഞു. “സമ്പൂർണ്ണനായ നീ അതനുഭവിക്കാൻ ശ്രമിക്കരുത്. അങ്ങനെ ശ്രമിച്ചാൽ നിന്റെ കമ്പിച്ചുരുളുകൾ കത്തിയെരിയും. അതോടെ നീ അപൂർണ്ണനായിത്തീരും, ബലഹീന മനുഷ്യന്റെ വരും തലമുറകൾക്ക് അടിമ!”.

ഒ.വി. വിജയന്റെ മധുരം ഗായതി എന്ന നോവലിൽ സമ്പൂർണ്ണനായ യന്ത്രത്തെ നിർമ്മിച്ചതിന് ശേഷം സൃഷ്ടാവായ വൃദ്ധ ശാസ്ത്രജ്ഞനും സൃഷ്ടിയായ യന്ത്രവും തമ്മിലുള്ള സംഭാഷണമാണിത്. മനുഷ്യന്റെ ദുർബലത എന്ന് വൃദ്ധശാസ്ത്രജ്ഞൻ കരുതുന്ന വൈകാരികതകളില്ലാതെ തന്റെ യന്ത്രത്തെ പുനർനിർമ്മിച്ച ശേഷം അദ്ദേഹം അതിനോട് പറഞ്ഞു.

**“എനിക്ക് പറയാൻ സാധിക്കുന്നിടത്തോളം ഇപ്പോൾ ആർട്ടിഫി ഷ്യൽ ഇന്റലിജൻസിന് നമ്മളെക്കാൾ ബുദ്ധികൂർമ്മതയില്ല എന്നാൽ വിദൂരമല്ലാത്തൊരു കാലത്ത് അങ്ങനെ സംഭവിക്കും.”**

“നീയിപ്പോൾ വികാരങ്ങൾക്കതീതമായ മഹായന്ത്രമാണ്, നിന്റെ യുക്തി അഭേദ്യവും. നിന്റെ ജനയിതാവായ ഞാൻ നിന്റെ മുമ്പിൽ കേവലം അപൂർണ്ണൻ.”

സാങ്കല്പികമായ ഈ സംഭാഷണത്തിന് സമാനമായൊന്ന് അടുത്തിടെ യാഥാർത്ഥ്യമായി. ഇവിടെയും ഒരു വൃദ്ധശാസ്ത്ര ജ്ഞനാണ് സംസാരിച്ചത്, 75 വയസ്സ് പ്രായമുള്ള ആർട്ടിഫി ഷ്യൽ ഇന്റലിജൻസിന്റെ ഗോഡ്ഫാദർ എന്ന് കരുതുന്ന ജെഫ്രി ഹിന്റൺ ( ). ഡാറ്റയിൽനിന്ന് വിവരങ്ങൾ സ്വയം മനസ്സിലാക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ പര്യാപ്ത മാക്കുന്ന ഡീപ് ലേണിങ്ങിന്റെ മേഖലയിൽ സംഭാവനകൾ നൽകിയിട്ടുള്ള അദ്ദേഹം ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അപകടത്തെക്കുറിച്ച് സംസാരിക്കാൻ ഗൂഗിളിലെ തന്റെ സ്ഥാനം രാജിവെക്കുകയാണുണ്ടായത്. മാരകരോഗങ്ങളും, യുദ്ധങ്ങളും, പട്ടിണികളും സൃഷ്ടിച്ച ഭീതികളെ ശാസ്ത്രജ്ഞാ നം കൊണ്ട് മറികടന്ന ലോകത്തിന് ഇപ്പോ പ്ലേഗിനെയും, വസൂരിയേയും ഭയക്കേണ്ട ആവിശ്യമില്ല. നൂറു വർഷങ്ങൾക്ക് മുൻപാണ് കോവിഡ് എന്ന മഹാമാരി പടർന്നിരുന്നതെങ്കിൽ എന്താണ് അസുഖത്തിന്റെ കാരണമെന്ന് തിരിച്ചറിയാൻ പോലും നമ്മൾക്ക് സാധിക്കുമായിരുന്നില്ല. മനുഷ്യബുദ്ധിക്ക് തിരിച്ചറിയാൻ സാധിക്കാതെയിരുന്ന പ്രതിഭാസങ്ങളെ പ്രകൃതിശക്തിയാണ് സൃഷ്ടിക്കുന്നതെന്നും മനുഷ്യന് അതിനെ നിയന്ത്രിക്കാൻ സാധ്യമല്ലെന്നും കരുതുന്ന കാലം അവസാനിച്ചു. ഇന്ന് വസൂരി രോഗം ഇല്ലാത്തത് അതിനെതി രെ പ്രതിരോധമരുന്ന് ഉള്ളത് കൊണ്ടാണ് അല്ലാതെ കാളിദേ വിക്ക് കോപം വരാത്തത് കൊണ്ടല്ല. ഇന്ന് പ്രകൃതിയിൽ ഉണ്ടാകുന്ന പ്രതിഭാസങ്ങളെയല്ല മനുഷ്യന് ഭയം, മനുഷ്യൻ തന്നെ സൃഷ്ടിക്കുന്ന പുതിയ യന്ത്രങ്ങളെയാണ് അത്തരമൊ രു ഭയം തന്നെയാണ് ജെഫ്രി ഹിന്റൺന്റെ വാക്കുകളിൽ കാണാൻ സാധിക്കുന്നത്.

“എനിക്ക് പറയാൻ സാധിക്കുന്നിടത്തോളം ഇപ്പോൾ ആർട്ടി ഫിഷ്യൽ ഇന്റലിജൻസിന് നമ്മളെക്കാൾ ബുദ്ധികൂർമ്മതയില്ല എന്നാൽ വിദൂരമല്ലാത്തൊരു കാലത്ത് അങ്ങനെ സംഭവി ക്കും.” ചാറ്റ് ബോട്ടുകളുടെ ശേഷിയെ “വളരെ ഭയപ്പെടുത്തു ന്നത്” എന്നാണ് ജെഫ്രി ഹിന്റൺ വിശേഷിപ്പിക്കുന്നത്. ഡീപ് ലേണിങ്ങിനെപ്പറ്റിയും ന്യൂറൽ നെറ്റ് വർക്കിനെപ്പറ്റിയും ഡോ. ഹിന്റൺന്റെ പഠനങ്ങളാ ണ് ചാറ്റ് ജിപിടി പോലെ യുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വികസനത്തിന് സഹായ കമായത്. കമ്പ്യൂട്ടർ സയൻസിലെ ഏറ്റവും ഉയർന്ന ബഹുമതികളി ലൊന്നായി കരുതുന്ന ട്യൂറിങ്ങ് അവാർഡ് 2018ൽ ലഭിച്ച വ്യക്തി കൂടിയാണ് ജെഫ്രി ഹിന്റൺ.

മനുഷ്യന് പകരം യന്ത്രങ്ങൾ പുനഃസ്ഥാപി ക്കപ്പെടും എന്നത് മാത്രമല്ല സാങ്കേതികവി ദ്യയുടെ പുതിയ പരിണാ മകാലത്ത് ഭയപ്പെടേണ്ട ത്. മനുഷ്യനെ വിഭജിക്കാനും മനുഷ്യ സമൂഹങ്ങൾ തമ്മിൽ വിഭാഗീയതയുടെ പുതിയ മതിലുകൾ തീർക്കാനും സാങ്കേതിക വിദ്യയിലെ പുതിയ പരിണാമങ്ങൾ കാരണ മാകുമോ എന്നും ഭയപ്പെടേണ്ടിയിരിക്കു ന്നു. ഡിജിറ്റൽ ഡിവൈഡ് സമൂഹ ത്തിൽ പുതിയ വർഗ്ഗ വിഭജനത്തിന് കാരണ മാകും. ആർക്കാണോ വിവര സാങ്കേതിക വിദ്യകൾ ലഭ്യമാകുന്നത് ആർക്കാണോ കൂടുതൽ ഡാറ്റകൾ (വിവരങ്ങൾ) ലഭ്യമാകുന്നത് (വിവരങ്ങ ളാണ് ഈ കാലഘട്ടത്തി ലെ ഏറ്റവും മൂല്യമേറിയ സ്വത്ത്) അവർ സമൂഹ ത്തിലെ ഉന്നത വർഗ്ഗമാ

യി മാറുന്നു. സാങ്കേതികവിദ്യയുടെ ലോകത്ത് പ്രവേശനം ഇല്ലാത്ത ജനങ്ങൾ സമൂഹത്തിലെ അധഃസ്ഥിത വിഭാഗവുമായി മാറുന്നു. ഇത്തരത്തിൽ വർഗ്ഗീകരണത്തിന്റെ പുതിയൊരു രൂപം സൃഷ്ടിക്കുന്നതിനൊപ്പം തന്നെ നിലവിലെ സാമൂഹികവ്യവസ്ഥിതിയിൽ മനുഷ്യരിൽ നിലനിൽക്കുന്ന വെറുപ്പിനെയും വിദ്വേഷ രാഷ്ട്രീയത്തെയും ആളിക്കത്തിക്കാനുള്ള ശേഷിയും യന്ത്രബുദ്ധികൾക്കുണ്ട്. ചാറ്റ്ബോട്ടുകളിൽനിന്നും ലഭ്യമാകുന്ന വിവരങ്ങളിൽ ആരുടെ താത്പര്യമായിരിക്കും പ്രതിഫലിക്കുക?

2016ൽ മൈക്രോസോഫ്റ്റ് കോർപ്പറേഷൻ ടേയ്(Tay) എന്നൊരു ചാറ്റ് ബോട്ട് ട്വിറ്ററിലൂടെ പുറത്തിറക്കുകയുണ്ടായി. എന്നാൽ പ്രവർത്തനമാരംഭിച്ച് 16 മണിക്കൂറിനുള്ളിൽത്തന്നെ മൈക്രോസോഫ്റ്റിന് ടേയുടെ പ്രവർത്തനം പിൻവലിക്കേണ്ടി വന്നു. വംശവെറിയും സ്ത്രീവിരുദ്ധ പരാമർശങ്ങളും ടേയിൽനിന്ന് ട്വീറ്റ് ചെയ്യപ്പെട്ടതിനാലാണ് മൈക്രോസോഫ്റ്റിന് ടേയ് പിൻവലിച്ച് മാപ്പ് പറയേണ്ടി വന്നത്. പിന്നീട് പൊളിറ്റിക്കലി കറക്ടായ (അവകാശപ്പെടുന്ന) സോ(Zo) എന്ന ചാറ്റ്ബോട്ട് മൈക്രോസോഫ്റ്റ് പുറത്തിറക്കുകയുണ്ടായി. പൊളിറ്റിക്കലി കറക്ട് എന്നാൽ മിണ്ടാതെയിരിക്കുക എന്നതാണ് സോയുടെ നയം. മിഡിൽ ഈസ്റ്റ്(Middle East), ഖുറാൻ (Qur'an), ടോറ(Torah) എന്നിവയെ പറ്റി സംസാരിച്ചാൽ സോ അതിന് രാഷ്ട്രീയം സംസാരിക്കാൻ താത്പര്യമില്ല എന്ന മറുപടിയാണ് നൽകുക. 2015ൽ ഗൂഗിളിന്റെ ഇമേജ് -റെക്കഗ്നിഷൻ ടെക്നോളജി (image – recoginition technology) കറുത്ത മനുഷ്യരെ ഗോറില്ലകളായാണ് തിരിച്ചറിഞ്ഞത്. ഗൂഗിൾ അതിന്റെ അൽഗോരിതത്തെ മുൻപ് സ്റ്റോർ ചെയ്തിരുന്ന വ്യത്യസ്ത ചിത്രങ്ങളിൽനിന്നാണ് തിരിച്ചറിയാൻ പഠിപ്പിച്ചത്. എന്നാൽ അതിൽ ശേഖരിച്ചുവെച്ച മനുഷ്യരുടെ ചിത്രങ്ങൾ എല്ലാം വെളുത്തവരുടേത് മാത്രമായിരുന്നു അതിനാൽ കറുത്ത നിറമുള്ള മനുഷ്യരെ മനുഷ്യരായി തിരിച്ചറിയാൻ അൽഗോരിതത്തിന് സാധിച്ചില്ല. സോഫ്റ്റ് വെയർ എഞ്ചിനിയറായ ജാക്കി അലിസിൻ (Jacky Alcine) ആണ് ഗൂഗിളിന്റെ അൽഗോരിതത്തിലെ ഈ പ്രശ്നം 2015-ൽ ആദ്യമായി ചൂണ്ടിക്കാണിക്കുകയുണ്ടായത്. എന്നാൽ മൂന്ന് വർഷത്തിന് ശേഷം 2018-ൽ വന്ന വയേർഡ് (Wired) ലെ റിപ്പോർട്ടിൽ പറയുന്നത് ഗൂഗിൾ ഈ പ്രശ്നം പരിഹരിച്ചിട്ടില്ല എന്നാണ്. പകരം ഗൂഗിൾ സ്വീകരിച്ച എളുപ്പ വഴി ഗോറില്ലകളെയും ചിമ്പാൻസികളെയും തിരിച്ചറിയുന്ന അൽഗോരിതങ്ങളെ ബ്ലോക്ക് ചെയ്തു.

നൽകപ്പെടുന്ന വിവരങ്ങളിൽനിന്നാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിവരങ്ങൾ മനസ്സിലാക്കുക. മനുഷ്യമസ്തിഷ്കം






Jacky Alcine

എങ്ങനെയാണോ വിവരങ്ങളെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്നത് അതിന് സമാനമായ രീതിയിലാണ് ന്യൂറൽ നെറ്റ് വർക്കുകൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പ്രവർത്തിക്കുന്നത്. ഒരു വ്യക്തി അനുഭവത്തിൽനിന്ന് എങ്ങനെ പഠിക്കുന്നുവോ അത്തരത്തിൽ കാര്യങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്വയം അപഗ്രഥിക്കുന്നതിനെയാണ് 'ഡീപ് ലേണിങ്ങ്' എന്ന് പറയുന്നത്. ഇത്തരത്തിൽ പഠനത്തിന് യന്ത്രങ്ങൾക്ക് ലഭ്യമാകുന്ന വിവരങ്ങൾക്കനുസരിച്ചായിരിക്കും അവയുടെ മറുപടികളും. എന്ത് വിവരങ്ങളാണോ നൽകിയിരിക്കുന്നത് എന്താണോ ചർച്ച ചെയ്യേണ്ടത് അത് മാത്രമായിരിക്കും ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ ലഭ്യമാകുക. വിവരങ്ങളുടെ സ്വതന്ത്രമായ ഒഴുക്കിന് പകരം നിയന്ത്രിതമായ വിവരങ്ങൾ ആയിരിക്കും ലഭ്യമാകുക. ഇത്തരത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ ആരുടെ താത്പര്യപ്രകാരമുള്ളവയാണ് എന്നതാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ അപകടകരമാക്കുന്നത്.

ഹിറ്റ്ലർ പറഞ്ഞത് ശരിയാണ് എന്ന് ട്വീറ്റ് ചെയ്ത ടേയ് പോലുള്ള ചാറ്റ് ബോട്ടുകൾക്ക് ഹാനികരമായ ആശയങ്ങൾ നിമിഷനേരം കൊണ്ട് ആളുകളിലേക്ക് പ്രചരിപ്പിക്കുവാൻ സാധിക്കും. ഗൂഗിളിൽ സെർച്ച് ചെയ്ത് ലഭിക്കുന്ന വിവരങ്ങളെല്ലാം സത്യമാണ് എന്ന് വിശ്വസിക്കുന്ന ഒരു സമൂഹം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വിക്കിപീഡിയയിലും, എൻസൈക്ലോപീഡിയയിലും ലഭിക്കുന്ന വിവരങ്ങളെല്ലാം സത്യമാണെന്ന് വിശ്വസിക്കുന്ന നിഷ്കളങ്കർ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽനിന്നു ലഭിക്കുന്ന വിവരങ്ങളെ അവസാനവാക്ക് എന്ന നിലയിലായിരിക്കും സ്വീകരിക്കുക. എന്നാൽ അവ നൽകുന്ന വിവരങ്ങൾ തെറ്റായ മുൻവിധികൾ അനുസരിച്ചു ള്ളതാകാനുള്ള സാധ്യത കൂടുതലാണ്. അത് സമൂഹത്തിൽ സ്പർദ്ധയും വിഭാഗീയതയും വർദ്ധിപ്പിക്കുവാനു









**ജനസംഘ്യയിലെ ഭൂരിപക്ഷം അല്ലാത്ത ഈ പുത്തൻ വരേണ്യ വർഗ്ഗത്തിനായിരിക്കും ഡാറ്റക്ക് സ്വാധീനമുള്ള സാമൂഹിക വ്യവസ്ഥിതിയിൽ സാമൂഹികമായ എല്ലാ വിശേഷാധികാരവും കൈവശം ഉണ്ടാകുക. ഈ വരേണ്യ വർഗ്ഗത്തിന്റെ സമ്പത്ത് ഡാറ്റയായിരിക്കും. അതുവെച്ച് അവർക്ക് അധികാരം സൃഷ്ടിക്കാനും മനുഷ്യനെത്തന്നെ അവരുടെ ഇച്ഛക്കനുസരിച്ച് നിയന്ത്രിക്കാനും സാധിച്ചേക്കാം.**

ള്ള സാധ്യത കൂടുതലാണ്. വിഭജനത്തിന്റെ പുതിയ വേലികൾ തീർക്കാൻ ശേഷിയുള്ള യന്ത്രബുദ്ധിയെ അതിന്റെ അപകടസാധ്യത മുന്നിൽ കണ്ടാണ് സമീപിക്കേണ്ടത്. നിരവധി സമരങ്ങളിലൂടെ നിലനിന്ന വ്യവസ്ഥിതിക്കെതിരെ പോരാടി സ്വയം നവീകരിച്ചാണ് മനുഷ്യവർഗ്ഗം മുന്നോട്ട് പോകുന്നത്. അതിർത്തികളുടെയും, വിഭജനത്തിന്റെയും, അടിമപ്പെടുത്തലിന്റെയും ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞു കൊണ്ടിരിക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ സ്വയം നവീകരണ പ്രവർത്തനങ്ങളെ പിന്നോട്ട് വലിക്കാൻ ഇത്തരം യന്ത്രബുദ്ധികളിൽനിന്നും പുറപ്പെടുന്ന ആശയങ്ങൾ കാരണമായേക്കാം. പ്രതിലോമകരമായ ആശയങ്ങൾ സമൂഹത്തിൽ പ്രചരിക്കുവാനും. വിഭജനത്തിന്റെയും വിഭാഗീയതയുടെയും സ്രഷ്ടാവിന്റെ രൂപം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കൈവരിച്ചേക്കുകയും ചെയ്യാം. മനുഷ്യന്റെ സ്ഥാനം പൂർണ്ണമായും യന്ത്രങ്ങൾ കൈയ്യടക്കുകയില്ല. പകരം യന്ത്രങ്ങളുടെ നിർമ്മിതി വരേണ്യരായ ഒരു പുതിയ വർഗ്ഗത്തിന് രൂപം നൽകാം. ജനസംഘ്യയിലെ ഭൂരിപക്ഷം അല്ലാത്ത ഈ പുത്തൻ വരേണ്യ വർഗ്ഗത്തിനായിരിക്കും ഡാറ്റക്ക് സ്വാധീനമുള്ള സാമൂഹിക വ്യവസ്ഥിതിയിൽ സാമൂഹികമായ എല്ലാ വിശേഷാധികാരവും കൈവശം ഉണ്ടാകുക. ഈ വരേണ്യവർഗ്ഗത്തിന്റെ സമ്പത്ത് ഡാറ്റയായിരിക്കും. അതുവെച്ച് അവർക്ക് അധികാരം സൃഷ്ടിക്കാനും മനുഷ്യനെത്തന്നെ അവരുടെ ഇച്ഛക്കനുസരിച്ച് നിയന്ത്രിക്കാനും സാധിച്ചേക്കാം. വിദ്യാഭ്യാസത്തിലൂടെ സമ്പാദിക്കുന്ന അറിവിനെയല്ല ഡാറ്റ എന്ന സംജ്ഞ ഉൾക്കൊള്ളുന്നത്. ഇന്ന് വിവരങ്ങളുടെ അവസാനമില്ലാത്ത ഒഴുക്കിനെ ഇലക്ട്രോണിക് ആൽഗോരിതങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്ത് പുതിയ അറിവ് സൃഷ്ടിക്കാൻ സാധിക്കും. എന്താണ് നമ്മൾ ചിന്തിക്കുക എന്ന് പോലും ഇത്തരം ഡാറ്റാ വിശകലനത്തിലൂടെ മനസ്സിലാക്കാം. അതിനുള്ള ഉദാഹരണമാണ് അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രമ്പ് ഫേസ് ബുക്കിൽനിന്നുള്ള ഡാറ്റ തന്റെ ഇലക്ഷൻ പ്രചരണത്തിനായി ഉപയോഗിച്ചത്. ഇത്തരം ഡാറ്റകളുടെ ഉടമസ്ഥതാവകാശമായിരിക്കും മനുഷ്യനെ ഇനിയുള്ള ലോകത്ത് സമ്പന്നനാക്കുക. ഇതായിരിക്കും പുതിയൊരു സാമൂഹികക്രമം സൃഷ്ടിക്കുന്നതിന് അടിസ്ഥാനമായി മാറുകയും ചെയ്യുന്നത്. അങ്ങനെയൊരു സാമൂഹിക ക്രമത്തിൽ അടിമയും ഉടമയും ഉണ്ടായിരിക്കും, വരേണ്യനും കീഴാളനും ഉണ്ടായിരിക്കും. യന്ത്രവത്കൃതമായ ഒരു പുത്തൻ ലോകം സമത്വവും അധ്വാനഭാരം കുറഞ്ഞതുമായൊരു ലോകത്തെ മാത്രമായിരിക്കില്ല സൃഷ്ടിക്കുക. വിഭജനവും വിഭാഗീയതയും സൃഷ്ടിക്കുവാനുള്ള അതിന്റെ ശേഷിയെക്കുറിച്ച് നമ്മൾ ബോധവാന്മാരായിരിക്കുക എന്നുള്ളതാണ് ഏറ്റവും വലിയ പ്രതിരോധം.

സായൂജ്

# ഉപ്പ് പൊടിയുന്ന സ്വർഗ്ഗം

എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാളെപ്പോലെ അയാൾ അവിടെയിരുന്ന് ചുറ്റിലും നോക്കി. നാലുപാടും കനം വച്ച നിശബ്ദതയുടെ ഭീകരത അയാളെ കൂടുതൽ.., കൂടുതൽ ഭയപ്പെടുത്തി. നഗരത്തിന്റെ തിരക്കുകളിൽ ജോലി കിട്ടാൻ എളുപ്പമായിരുന്നുവെന്നപോലെതന്നെ അതേ തിരക്കുകളിൽ ജോലി നഷ്ടപ്പെടാനും എളുപ്പമാണെന്ന് ഇന്നത്തോടെ മനസ്സിലായിരിക്കാം. അവസാനത്തെ എട്ടടവുകൾക്ക് വകയില്ലാതെ വന്നപ്പോൾ ജപ്തിക്കപ്പുറത്തേക്ക് അനുകമ്പയില്ലാത്തവരായി മാറിയ കവലയിലെ എല്ലാവർക്കും പ്രിയപ്പെട്ട ബാങ്ക് നിലനിൽപ്പിന് ഭീഷണിയായപ്പോൾ നാടുവിടേണ്ടി വന്നവരിൽ ഒരാളാണ് അയാൾ. ഏച്ചുവെച്ച് നടക്കുന്ന അമ്മയെ ഒറ്റപ്പെടുത്തി അങ്ങനെയാണ് നഗര ഹൃദയത്തിലെ 'സ്വർഗ്ഗം' എന്ന ഹോട്ടലിന്റെ അടുക്കളയിൽ ജോലി തരപ്പെടുത്തിയത്. ‘ഓഡറുകൾ’ പറയാൻ വരുന്ന മൂന്നുപേർ അടുക്കളയുടെ വാതിൽ വരെ വന്ന് എത്തിനോക്കുന്നതൊഴിച്ചാൽ നാല് ചുമരുകളുടെ ഏകാന്തതയുടെ മൂടിക്കെട്ടലിൽ അയാൾക്ക് വായ തുറക്കാൻ സാധിച്ചിരുന്നില്ല. അതുകൊണ്ടാണ് ഒറ്റപ്പെടലിന്റെ അസുഖകരമായ അവസ്ഥയിൽ നിന്നും രക്ഷപ്പെടാൻ പിന്നീട് പകൽ നേരങ്ങളിൽ ഉറക്കം തൂങ്ങാൻ തീരുമാനിച്ചത്.

**‘ഓഡറുകൾ’ പറയാൻ വരുന്ന മൂന്നുപേർ അടുക്കളയുടെ വാതിൽ വരെ വന്ന് എത്തി നോക്കുന്നതൊഴിച്ചാൽ നാല് ചുമരുകളുടെ ഏകാന്തതയുടെ മൂടിക്കെട്ടലിൽ അയാൾക്ക് വായ തുറക്കാൻ സാധിച്ചിരുന്നില്ല.**






"അവിടെയൊരു സ്ട്രോങ്ങ് ചായേയ്യ്..
മധുരംകൂട്ടി.."

അപ്പോൾ പകലായിരുന്നില്ല. ഉറക്കം തൂങ്ങാൻ മനസ്സ് നിശ്ചയിച്ചിരുന്ന സമയവുമായിരുന്നില്ല. പക്ഷേ അയാൾ ഞെട്ടിത്തരിച്ചത് തൂങ്ങിക്കിടന്ന ഉറക്കത്തിൽ നിന്നുമായിരുന്നതിനാൽ മധുരത്തിന് പകരം ഉപ്പിടുകയായിരുന്നു. അറിഞ്ഞു കൊണ്ടായിരുന്നില്ല എങ്കിലും ഏറ്റുപറച്ചിലിന്ശേഷവും ജോലി നഷ്ടപ്പെടും എന്ന് ഉറപ്പിച്ചിരുന്നു. നിഴൽ പോലും കടന്നു വരാത്ത ഈ സ്ട്രീറ്റ് ലൈറ്റിന് താഴെ ഇപ്പോൾ വന്നിരിക്കുമ്പോൾ ഏറ്റവും കൂടുതൽ അയാളെ ഭയപ്പെടുത്തുന്നതും ഇതേ നിശബ്ദത തന്നെയാണ്. ഏകാന്തമായ നേരങ്ങൾ അസ്ഥിരത സൃഷ്ടിക്കുമെന്ന ബോധ്യമുണ്ടെങ്കിലും ദീർഘമായ ഒരു നെടുവീർപ്പിന് ശേഷം നിശബ്ദമായ ഇരുട്ടിലേക്ക് അയാൾ നടന്നു. അവിടെ അവശേഷിച്ച വിയർപ്പ് തുള്ളികൾക്കു മുകളിലൂടെ ഉപ്പിൽ കുതിർന്നൊരു ചൂടുകാറ്റ് വീശി.


ന്റെ കുട്ട്യോള്
ഉസ്ക്കൂളില് പോയപ്പോ
ചാണം കോരാൻ പൊയ്ക്കോളാൻ
പറഞ്ഞ്...
ഓരങ്ങനെ ന്നോടും പറഞ്ഞിണ്ട്
അന്ന് ഞാൻ പടിപ്പ് നിർത്തി
ഇന്ന് കുട്ട്യോള് പഠിപ്പ് മൊടക്കി



# 9

# പാഠമില്ലെങ്കിൽ പാടത്തേക്കില്ല

ഡോ. രാജീവ് മോഹൻ

# വിദ്യാഭ്യാസം ആധുനീകരിക്കുമ്പോൾ ആരോടൊക്കെ അന്വേഷിച്ചു?

വിദ്യാഭ്യാസം എന്നത് ഒരു വ്യക്തിയുടെ സാർവത്രികമായ വികാസത്തിന് വഴിവയ്ക്കുന്ന ഒന്നാകണം എന്ന് വിഭാവനം ചെയ്തിട്ടുള്ളത് മഹാത്മാഗാന്ധിയാണ്. ഇന്ത്യൻ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ പരമായ ഉന്നതി എന്നത് ജാതി- മത, സമ്പന്ന- ദരിദ്ര വ്യത്യാസങ്ങളെ മറികടക്കുവാനുള്ള പ്രധാനപ്പെട്ട സമരായുധമായാണ് എക്കാലത്തും നിലനിന്നു പോന്നിട്ടുള്ളത്. സമൂഹത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് മുഖ്യ ബദലായി എന്നും ഒരു പുരോഗമന സമൂഹം കൈക്കൊണ്ടിരുന്നത് ക്രമാനുഗതമായി ചിട്ടപ്പെടുത്തിയ ജ്ഞാനസ്വാംശീകരണത്തിലും ഉത്പാദനത്തിലും ശ്രദ്ധ നൽകി വ്യക്തികളെ അറിവ് വിനിമയം ചെയ്യുന്നവരാക്കുക എന്നതിലൂടെയാണ്. കേരളത്തിനു മുന്നിൽ വിദ്യാഭ്യാസ വിനിമയം എന്നതു രൂപീകരണ കാലം തൊട്ടു തന്നെ അതീവ പ്രാധാന്യമുള്ളതായിട്ടാണ് അടയാളപ്പെടുത്തിയിട്ടുള്ളത്. അതിൻറെ തുടർച്ച കേരള ജനത ഏറ്റെടുത്തതിനു സാക്ഷ്യമായി സാക്ഷരതയിലുള്ള ഉന്നതിയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനത്തിനുമായി നൽകിയിട്ടുള്ള പ്രാധാന്യം ശ്രദ്ധിച്ചാൽ മനസ്സിലാവുന്നതാണ്. അതിസൂക്ഷ്മവും സങ്കീർണവുമായ ആലോചനയും സാങ്കേതിക പഠനവും വേണ്ടിവരുന്ന ബഹിരാകാശ ശാസ്ത്രജ്ഞർ മുതൽ അധിക ബുദ്ധി ഉപയോഗിക്കേണ്ടതില്ലാത്ത തൊഴിൽ മേഖലകളിലും മലയാളിയുടെ സാന്നിധ്യം എല്ലാ കാലത്തും ഏതു ഭൂപ്രദേശത്തും പ്രകടമായിരിക്കുന്നു. എന്നാൽ, ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിലേതിന് വിപരീതമായി മധ്യവർത്തി തൊഴിലാളികൾ കേരളത്തിൽ ഇന്ന് വലിയ അളവിൽ കൂടുതലാണ്. അസമിലും ബംഗാളിലും ഒറീസ്സയിലും തൊട്ട അയൽപക്ക

സംസ്ഥാനങ്ങളായ കർണാടക, തമിഴ് നാട്, ആന്ധ്രാ പ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽ നിന്ന് പോലും ആഴ്ചകളിൽ സാധാരണ കൂലിപ്പണിക്ക് എത്തി ചേരുന്ന മനുഷ്യർ കേരളത്തിലെ അഴുക്കു പുരളുന്ന ജോലികൾ ഏറ്റെടുത്തു നടത്തി പോരുന്നു.

'പട്ടിണിയായ മനുഷ്യാ നീയൊരു പുസ്തകം കയ്യിലെടുക്കൂ' എന്നു പറഞ്ഞുറപ്പിച്ച വാക്യത്തിൽ നിന്നും മലയാളിയും വിദ്യാഭ്യാസവും തമ്മിലുള്ള ഇഴയടുപ്പം നിസംശയം ബോധ്യപ്പെടുന്നതാണ്. പുത്തൻ ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയുടെ വിദ്യാഭ്യാസ ആലോചനകളിൽ നാലാമത്തെ തവണയാണ് ഹിദപരിശോധന നടത്തി പുനർവിചാരണയ്ക്ക് എടുത്തിട്ടുള്ളത്. സംയുക്ത ഭരണ സംവിധാനമായി കേന്ദ്ര-സംസ്ഥാന തലങ്ങളിൽ പ്രവർത്തിക്കുന്ന വിഭാവനമാണ് ഇന്ത്യാ മഹാരാജ്യത്തിനുള്ളത്. വൈവിധ്യപൂർണമായ ഭാഷ, സംസ്കാരം, വിശ്വാസം തുടങ്ങിയവ പരസ്പര്യത്തോടെ അംഗീകരിച്ചു കൊണ്ടുള്ള ജീവിത രീതിയാണ് ഈ രാജ്യത്തു നിലനിൽക്കുന്നത്. ഇതു തന്നെയാണ് ഈ രാജ്യത്തെ ഭരണാഘടനാപരമായും മികച്ച മാതൃകയാക്കി മാറ്റുന്നതും. ഇന്ത്യയ്ക്കായൊരു പൗരത്വം  നിർമിക്കുമ്പോൾ തന്നെ സാംസ്കാരികമായി നിലനിൽക്കുന്ന സ്വത്വങ്ങളെ മാനിച്ചു കൊണ്ട് കൂടി വേണം പുത്തൻ വിഭാവന



**'പട്ടിണിയായ മനുഷ്യാ നീയൊരു പുസ്തകം കയ്യിലെടുക്കൂ' എന്നു പറഞ്ഞുറപ്പിച്ച വാക്യത്തിൽ നിന്നും മലയാളിയും വിദ്യാഭ്യാസവും തമ്മിലുള്ള ഇഴയടുപ്പം നിസംശയം ബോധ്യപ്പെടുന്നതാണ്.**



ങ്ങൾ നിർമ്മിക്കേണ്ടത്. ഇതിന് ഉതകുന്ന രീതിയിൽ വികസിപ്പിച്ചെടുക്കുന്ന ഇന്ത്യൻ ആലോചനകൾ ഫെഡറൽ സംവിധാനം നിലനിൽക്കുന്നിടത്തോളം യൂണിയൻ സർക്കാരും സംസ്ഥാന സർക്കാരുകൾക്കും തുല്യമായ പ്രാധാന്യമാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. ഇത്തരം സംവിധാനം ജനാധിപത്യ രീതിയിൽ നടപ്പിലാക്കുന്നത് കൊണ്ട് തന്നെ ഒന്ന് മറ്റൊന്നിനെ നിഷ്പ്രഭമാക്കുന്ന പ്രവർത്തനങ്ങൾ ആശാസ്യമല്ല. സർവ്വത്രികവും സൗജന്യവും മാനദണ്ഡങ്ങൾ ഏതുമില്ലാതെ പ്രാപ്യവും ആകുന്ന തരത്തിലുള്ള വിദ്യാഭ്യാസ ലബ്ധി ഒരു സമൂഹത്തിന് ഉണ്ടാവുക എന്നത് ഒരു ആധുനിക സമൂഹത്തിൻറെ ലക്ഷണമായി കണക്കാക്കാവുന്നതാണ്. വൈവിധ്യങ്ങളെ ജനാധിപത്യപരമായി സമീപിക്കുക വഴി സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള സ്വയംഭരണാവകാശവും അതിലൂടെ ഉറപ്പുവരുത്താവുന്ന  ഉൾപ്പെടുത്തൽ രാഷ്ട്രീയവും സാധ്യമാകുന്നു. എന്നാൽ ദേശീയതലത്തിൽ ഒരൊറ്റ നിയമം കൊണ്ടുവരാൻ ശ്രമിക്കുക വഴി നിലനിൽക്കുന്ന സംസ്ഥാന തലത്തിലെ വികേന്ദ്രീകൃത സാധ്യതകളെ അത് ന്യുനീകരിക്കുന്നു. പുത്തൻ ആലോചനകൾ വിശദമായ ചർച്ചകൾക്ക് വിധേയമാക്കാനും പാഠ്യപദ്ധതി അത്തരത്തിൽ ഉരുത്തിരിഞ്ഞെടുക്കാനും വേണ്ടുന്ന ആത്മാർത്ഥ ശ്രമങ്ങൾ എത്രത്തോളം സാധ്യമായി എന്നതു പ്രധാന ചോദ്യം തന്നെയാണ്. വിദ്യാഭ്യാസം എന്നത് ഒരു ഉൽപ്പന്നമായി മാറുന്ന സാഹചര്യം സൃഷ്ടിച്ചു കമ്പോളത്തിൽ ഇടപെടുന്ന ഒരു ഉപഭോക്താവായി വിദ്യാർത്ഥി മാറുന്ന സാഹചര്യം വിജ്ഞാനനിർമാണത്തിലെ മൂല്യശോഷണത്തിനു ഇടവരുത്തും. ഇത്തരത്തിൽ സംജാതമാകുന്ന വ്യവഹാര വ്യവസ്ഥ വഴി വിൽക്കുന്നയാളും വാങ്ങുന്ന ആളും തമ്മിലുള്ള ബന്ധമായി മാത്രമേ അധ്യാപക വിദ്യാർത്ഥി ഇടപാടുകൾ അവശേഷിക്കുകയുള്ളു. ഇങ്ങനെ മാറ്റി തീർക്കുന്ന പുത്തൻ വിദ്യാഭ്യാസ ആലോചനകൾ ഇതിലൂടെ ആർജിച്ചെടുക്കേണ്ടുന്ന വിജ്ഞാനശക്തിയെ അത് വിഭാവനം ചെയ്യുന്ന വലിയ ലക്ഷ്യത്തെയും ക്ഷയിപ്പിക്കും. ഈ ആലോചനാമാറ്റം കാരണം നാളിതുവരെ ഭരണഘടന ഉറപ്പു നൽകി ചേർത്ത് പിടിച്ചിട്ടുള്ള വൈവിധ്യങ്ങളെ പരിഗണിക്കാനോ പൂർണമായും ഉൾക്കൊള്ളാനോ സംവിധാനത്തിനു സാധിക്കാതെ വന്നേക്കും. അതുകൊണ്ടുതന്നെ എല്ലാവരും തുല്യരാണ് എന്ന ഉത്തമാശയത്തിന് യാതൊരു പ്രസക്തിയുമില്ലാതെയും വന്നേക്കും. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാമ്പത്തിക ശക്തി കയ്യാളുന്ന വിഭാഗം അതല്ലാത്ത വിഭാഗം എന്ന ദ്വന്ദ്വം മാത്രം അവശേഷിക്കുന്ന സങ്കീർണ സ്ഥിതി വരികയും ചെയ്യും. ക്രമേണ ഇത്തരം അവസ്ഥ സാമുദായിക ഘടനയെ പ്രതിലോമകരമായി പുനർ നിർമ്മിച്ച് ഏക സ്വരൂപത്തിലേക്ക് മാറ്റുവാൻ

**ഓരോ ഘട്ടത്തിലും വിടുതൽ വാങ്ങാവുന്ന തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സംവിധാനം രൂപപ്പെടുത്തി എടുക്കുന്നത് തുടർ വിദ്യാഭ്യാസത്തിനുള്ള സാധ്യതയും അത് വഴി ഉറപ്പുവരുത്താവുന്ന ബിരുദത്തെയും വലിയൊരു വിഭാഗത്തിന് നിഷിദ്ധമാക്കിയേക്കും.**

ആഹ്വാനം ചെയ്തേക്കും. പൊതു വിഭവമായി കരുത്തേണ്ടുന്ന വിദ്യാഭ്യാസ ലബ്ധിക്കുള്ള അവസരം കുറഞ്ഞു വരികയും പൊതുപ്രാപ്യത ഇല്ലാത്തതായി അതിലെ ഏതാനും പഠന വിഷയങ്ങൾ ഉണ്ടായിത്തീരാനും മാത്രമേ ഇതു വഴിവയ്ക്കുകയുള്ളു. പങ്കിടലിനെ അത്രയൊന്നും സ്വാഗതം ചെയ്യുന്നില്ല പുതിയ പരിഷ്കാരം എന്ന അർത്ഥത്തിൽ ഇതിന് പരിണാമം സംഭവിച്ചേക്കാം. ഓരോ ഘട്ടത്തിലും വിടുതൽ വാങ്ങാവുന്ന തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സംവിധാനം രൂപപ്പെടുത്തി എടുക്കുന്നത് തുടർ വിദ്യാഭ്യാസത്തിനുള്ള സാധ്യതയും അത് വഴി ഉറപ്പു വരുത്താവുന്ന ബിരുദത്തെയും വലിയൊരു വിഭാഗത്തിന് നിഷിദ്ധമാക്കിയേക്കും. അതിൽ ഏറ്റവും അവസാനത്തെ സർട്ടിഫിക്കറ്റ് വാങ്ങാവുന്ന തരത്തിലേക്ക് സാമൂഹിക സാംസ്കാരിക സാമ്പത്തിക വിടവിൽപ്പെട്ടു പോകുന്ന പുതിയ അശരണ വിഭാഗത്തെ ഈ സംവിധാനം അതിൻറെ ഉപോൽപ്പന്നമായി സൃഷ്ടിച്ചെടുക്കും.ഉന്നത വിദ്യാഭ്യാസ തുടർച്ചയ്ക്കുള്ള നീതിയുക്തമായ പരിഗണന ഇല്ലാതാവുന്നതോടെ മറ്റൊരു തരത്തിൽ തൊഴിലിടം മാറുകയും പുതിയ തൊഴിൽ സമ്പ്രദായങ്ങൾ രൂപപ്പെടുകയും ചെയ്തേക്കും. ഇതു മൂലം നിലവിലെ തൊഴിൽ സാധ്യതകൾ മങ്ങുകയും പരിമിതികൾ ഏറി വരികയും ചെയ്യും. പുതിയ വിദ്യാഭ്യാസ നയത്തിൻറെ









ഭാഗമായി വ്യത്യസ്തമായ പഠനശാഖകൾ 'ബുഫേ' രീതിയിൽ എടുക്കാൻ വഴിയൊരുക്കുന്നു എന്നത് ആകർഷണീയമായി തോന്നിയേക്കാം. ഇതിലൊരു പ്രശ്നം 'Jack of all trades master of none', പല തൊഴിലുകളിൽ സാമർഥ്യമുള്ളയാൾ എന്നാൽ പ്രത്യേകമൊന്നിൽ നൈപുണി ഇല്ലാത്തൊരാൾ, എന്ന വിവക്ഷ രാജ്യപുരോഗതിയെ മുന്നിൽ കണ്ടുകൊണ്ടു എന്ന് വിഭാവനം ചെയ്യുന്ന പുത്തൻ വിദ്യാഭ്യാസ നയത്തെ പരസ്പരവിരുദ്ധമാക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസം ലഭിച്ചു കഴിഞ്ഞ വിദ്യാർഥികൾക്ക് തങ്ങളുടെ താല്പര്യം എന്നതിലുപരി കഴിവ് കേന്ദ്രീകരിച്ചിട്ടുള്ള ഒരു വിഷയത്തിന്മേൽ ഗഹനമായ പഠനം നടത്താൻ വേണ്ടി

യാണ് ഉന്നത വിദ്യാഭ്യാസം നിലവിൽ രൂപപ്പെടുത്തിയിട്ടുള്ളത്. അത് പ്രസ്തുത വിദ്യാർത്ഥി ജീവിതത്തിൽ നിന്നും ഉദ്യോഗാർത്ഥി പദവിയിലേക്ക് തൊഴിൽ നൈപുണി കൈവരിച്ച ഇരുത്തം വന്ന വ്യക്തിയിലേക്ക് രൂപാന്തരപ്പെടുത്തുന്നു. ഒരു പ്രത്യേക മേഖലകളിൽ പ്രവർത്തിക്കുമ്പോൾ ആയതിലെ വിശേഷാൽ പഠനസാധ്യത ലഭിച്ചോരാൾ മറ്റു വിവിധ വിഷയങ്ങൾ അടിസ്ഥാനപരമായി മാത്രം മനസ്സിലാക്കിയ ഒരാളെക്കാൾ ശോഭിക്കാൻ കഴിയും എന്ന് വിതർക്കം പറയാം.

വിദേശ വികസിത രാജ്യങ്ങൾ അവരുടെ ഘടനാ വികാസത്തെ അനുവർത്തിക്കുന്ന രീതിയിലേക്ക് തൊഴിൽ ശക്തിയെ നിർമ്മിച്ചെടുക്കുന്നു. എന്നാൽ ഇന്ത്യാമഹാരാജ്യം പ്രാരംഭഘട്ടം മുതൽ സാർവത്രികവും, മതേതരവും, സ്വതന്ത്രവുമായ വിദ്യാഭ്യാസരീതി രൂപപ്പെടുത്തിയാണ് അറിവ് പങ്കിട്ടിട്ടുള്ളത്. ഉത്പന്നം എന്ന നിലയിൽ സാമ്പത്തിക മൂല്യം നിശ്ചയിച്ചു വാങ്ങുവാൻ ഉതകുന്ന രീതിയിൽ മാത്രമാണ് നിലവിലെ വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നത്. വികസനം എന്നത് വിഭിന്നങ്ങളായ ദേശ-സംസ്ഥാനങ്ങളുടെ സാംസ്കാരികവും സാമൂഹികവുമായ പ്രത്യേകതകളെ കൂടി ഉൾപ്പെടുത്തി നിർണയിക്കുമ്പോൾ മാത്രമാണ് സമ്പൂർണമാവുന്നത്. അങ്ങനെയിരിക്കെ ഒരു രാജ്യത്തിൻറെ പുരോഗതി എന്നുള്ള കാഴ്ചപ്പാടിലേക്ക് ചലിക്കുമ്പോൾ അതിലുൾപ്പെട്ട എല്ലാ മനുഷ്യരുടെയും പുരോഗതി കൂടി പരിഗണിക്കാൻ പറ്റുന്ന തരത്തിൽ ബലമുള്ളതാവണം വിദ്യാഭ്യാസത്തിൻറെ വിതരണ രീതി. അതിർത്തികൾക്കുള്ളിൽ നല്ല പൗരന്മാരായി പ്രവർത്തിക്കുകയും ശിക്ഷാവിധികൾക്ക് കീഴടങ്ങുകയും ഭയപ്പെട്ട് ജീവിക്കുകയും ചെയ്യുന്ന ഒരു കൂട്ടത്തെ നിർമ്മിക്കുക എന്നതാവില്ല അഭിവൃദ്ധിയുള്ള രാജ്യങ്ങളുടെ ലക്ഷണം. വൈവിധ്യങ്ങൾക്കുള്ളിൽ ഐക്യത്തിൻറെ സ്വരൂപം വിളക്കിയെടുക്കാൻ ആരോഗ്യപരമായ സംവാദങ്ങൾ സംഘടിപ്പിക്കുക എന്നതാവും ജ്ഞാനാന്വേഷത്തിൻറെ മുഖ്യ കാതൽ. കഴിഞ്ഞ കുറെ കാലമായി കണ്ടു വരുന്ന പ്രവണത പൊതുവായ സ്ഥാപനങ്ങളുടെ വകുപ്പുകളുടെ പേരുകൾ മാറ്റുന്നു എന്നതാണ്. ഇതു വളരെ നിഷ്കളങ്കമെന്നു തോന്നാമെങ്കിലും മാറ്റം സംഭവിച്ച ഇടങ്ങളിലെല്ലാം അവയുടെ മുഖ്യലക്ഷ്യം ഈ പേരുമാറ്റം ഒന്നുകൊണ്ടു മാത്രം വ്യതിചലിക്കപ്പെട്ടു എന്നതു തന്നെയാണ്. ഇന്ത്യ മഹാരാജ്യത്തിൽ ഭരണഘടന അനുബന്ധമായി കേന്ദ്രം സംസ്ഥാനങ്ങളോട് ഉത്തരവാദിത്വപരമായി ചെയ്യേണ്ടതും സംസ്ഥാനങ്ങൾ തിരിച്ചും ചെയ്യേണ്ടതുമായ അടിസ്ഥാന കാര്യങ്ങൾ അർഹിക്കുന്നതരത്തിൽ വ്യവഹരിക്കുന്നുണ്ടോ എന്നത് തന്നെയാണ് മുന്നോട്ടു വയ്ക്കേണ്ടുന്ന ചോദ്യം. ഇത് വെല്ലുവിളിക്കുന്നത് ഇന്ത്യ എന്ന മഹാ ആശയത്തെ കൂടിയാണ് എന്നുള്ളത് മനസ്സിലാക്കാതെ പോവുക അരുത്. ലോകത്തെ പോലും അതിശയിപ്പിക്കാവുന്ന രീതിയിൽ നിൽക്കാൻ ഇന്ത്യക്കു

**വിദേശ വികസിത രാജ്യങ്ങൾ അവരുടെ ഘടനാ വികാസത്തെ അനുവർത്തിക്കുന്ന രീതിയിലേക്ക് തൊഴിൽ ശക്തിയെ നിർമ്മിച്ചെടുക്കുന്നു. എന്നാൽ ഇന്ത്യാമഹാരാജ്യം പ്രാരംഭഘട്ടം മുതൽ സാർവത്രികവും, മതേതരവും, സ്വതന്ത്രവുമായ വിദ്യാഭ്യാസരീതി രുപപ്പെടുത്തിയാണ് അറിവ് പങ്കിട്ടിട്ടുള്ളത്.**






ഇന്ന് കഴിയുമെന്നത് നമ്മുടെ തൊഴിൽ ശക്തി, പ്രത്യേകമായി യുവതയുടെ ബാഹുല്യം ഒന്ന് കൊണ്ട് മാത്രമാണ്. കൂടാതെ ഇന്ത്യ എന്ന രാജ്യം പോലെ വൈവിധ്യങ്ങളെ ഒരുപോലെ സഹവസിപ്പിക്കുന്ന ഒന്ന് വേറെ ഇല്ല തന്നെ. ഇന്ത്യയുടെ ശക്തിയും ദൗർബല്യവും ഇതിൽ ചെറുതായിട്ടെങ്കിലും ഉണ്ടായേക്കാവുന്ന അസ്ഥിരതയെ അടിസ്ഥാനമാക്കിയാവും. എപ്പോളൊക്കെ 'നമ്മളും അവരും' എന്ന ചിന്ത രൂപീകരിക്കുന്നുവോ പ്രത്യേകിച്ചും വിദ്യാഭ്യാസ ലഭ്യതയെ ഈ വിപരീതത്തിൽ പരിമിതപെടുത്തുന്ന സാഹചര്യം സൃഷ്ടിക്കുന്നുവോ അവിടെ ആരെയൊക്കെയോ മറ്റൊന്നായി കാണാൻ ഇടവരുത്തുന്നു. ഇതിലൂടെ ഇന്ത്യ എന്ന മഹത്തായ ആശയത്തെ ഇല്ലായ്മ ചെയ്യാൻ അൽപബുദ്ധികൾ ശ്രമിക്കുന്നു എന്ന് മനസ്സിലാക്കാം. ചരിത്രത്തെ പുനർനിർമിക്കാനോ മറ്റൊന്നാക്കി വ്യാഖ്യാനിക്കാനോ ഉള്ള എല്ലാ ശ്രമങ്ങളും ഇപ്പോൾ പരാചയപ്പെട്ടില്ലെങ്കിൽ കാലം കൊണ്ട് തിരുത്തപ്പെടും. വിദ്യാഭ്യാസം സാർവത്രികവും, സ്വതന്ത്രവും, കെട്ടുപാടുകൾക്ക് അതീതമാകുന്നിടത്തെ ആധുനിക മനുഷ്യരായി നമുക്ക് കഴിയാൻ ആവൂ എന്ന തിരിച്ചറിവ് കാലം കൊണ്ട് ഏവരും ആർജിക്കും.

ഡോ. കെ.എം. അനിൽ

# മെറിറ്റോക്രസി = ബ്രാഹ്മണ്യം



**ഹിന്ദുത്വ രാഷ്ട്രീയം സംഭരണ രാഷ്ട്രീയത്തെ അട്ടിമറിക്കാൻ പ്രേരണ നൽകുന്ന പ്രത്യയശാസ്ത്ര യുക്തിയായി സമകാല ഇന്ത്യയിൽ പ്രവർത്തിക്കുന്നുമുണ്ട്.**





ഇന്ത്യ എന്തുകൊണ്ടാണ് വികസിക്കാത്തത് എന്ന ചോദ്യത്തിന് ചിലർക്ക് ഒറ്റ ഉത്തരമേയുള്ളൂ: 'വിദ്യാഭ്യാസത്തിലും തൊഴിലിലും സംവരണത്തിന്റെ പേരും പറഞ്ഞ് മെറിറ്റുള്ളവരെ തഴയുന്നു. കഴിവുള്ള വർ ഉന്നത സ്ഥാനങ്ങളിലെത്തു ന്നില്ല. സംവരണം അവസാനിപ്പിച്ചാലേ ഇന്ത്യ wപുരോഗതി നേടൂ.'

ഇന്ത്യയിൽ മെറിറ്റിനെ കുറിച്ചുള്ള ഉത്കണ്ഠ ഏറ്റവും ഉയർന്നുകണ്ടത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കാല ത്താണ്.

മണ്ഡൽ കമ്മീഷന്റെ ചുവടുപിടിച്ച് തൊള്ളായിരത്തി എൺപതുകളിൽ ആന്ധ്രയിൽ ഉണ്ടായിരുന്ന മുരളി ധർ കമ്മീഷൻ റിപ്പോർട്ടിനെതിരെ സവർണ്ണ വിഭാഗങ്ങ ളിലെ ചെറുപ്പക്കാരിൽ നിന്ന് ഉയർന്നുവന്ന പ്രതിഷേധ ത്തെക്കുറിച്ച് പ്രസിദ്ധ മനുഷ്യാവകാശ പ്രവർത്തകൻ കെ.ബാലഗോപാൽ തന്റെ പഠനത്തിൽ പരാമർശിക്കു ന്നുണ്ട്. എൻ. ടി. ആർ ആണ് അക്കാലത്ത് ആന്ധ്രയി ലെ മുഖ്യമന്ത്രി. ആന്ധ്ര പോലീസ്, സമരങ്ങളോട് ഏറ്റവും സഹിഷ്ണുത പ്രകടിപ്പിച്ച ഘട്ടമായിരുന്നു അതെന്ന് ബാലഗോപാൽ നിരീക്ഷിക്കുന്നു. സംവരണ ത്തിനെതിരെ ഇംഗ്ലീഷിൽ തയ്യാറാക്കിയ മുദ്രാവാക്യ വുമായി പിക്‌നിക്കിനെന്നതുപോലെ തെരുവിലേക്ക് ഇറങ്ങിയ വരേണ്യ വർഗ്ഗത്തെ ഒരുതരത്തിലും ഉപദ്രവിക്കരുത് ഭരണകൂടം പോലീസിന് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. മെറിറ്റ് അട്ടിമറിക്കരുത് എന്നായിരുന്നു സമരക്കാരുടെ പ്രധാന ആവശ്യം.

മെറിറ്റിനെ സത്താപരമായാണ് പൊതുസമൂഹം സാധാരണ അവതരിപ്പിക്കാറുള്ളത്. അത് ഓരോ മനുഷ്യരുടെയും ഉള്ളിൽ നൈസർഗികമായി, വസ്തു രൂപത്തിൽ നിലനിൽക്കുന്നു എന്ന പ്രതീതിയാണ് ഈ വാദഗതികൾ പങ്കുവെക്കുന്നത്. സംവരണത്തെ എതിർക്കുന്നതിനേക്കാൾ മെറിറ്റിലൂന്നി തങ്ങളുടെ പക്ഷത്തെ സാധൂകരിക്കാനാണ് സവർണ്ണ ലോബി ശ്രമിക്കാറുള്ളത്. വലിയ സ്വീകാര്യതയാണ് ഈ വാദഗതിക്ക് പൊതു സമൂഹത്തിൽ ലഭിക്കുന്നത്. ' മെറിറ്റ് അട്ടിമറിക്കപ്പെടുന്നതിലൂടെ ' ജോലി ലഭിക്കാ തെ പോയ ഉയർന്ന ജാതികളിലെ ദരിദ്ര വിഭാഗത്തി ന്റെ കദനകഥകളാണ് മേൽപ്പറഞ്ഞതിന് ഉപോൽബല മായി നിരത്താറുള്ളത്. ഈ പൊതു ബോധത്തെ പ്രീണിപ്പിക്കാനാണ് ഇന്ത്യയിലെ ഭരണകൂടങ്ങളും മാധ്യമങ്ങളും ശ്രമിക്കുന്നത്.

ഹിന്ദുത്വ രാഷ്ട്രീയം സംഭരണ രാഷ്ട്രീയത്തെ അട്ടിമറിക്കാൻ പ്രേരണ നൽകുന്ന പ്രത്യയശാസ്ത്ര യുക്തിയായി സമകാല ഇന്ത്യയിൽ പ്രവർത്തിക്കുന്നുമുണ്ട്. ഈ പ്രത്യയശാസ്ത്ര യുക്തിക്ക് പുറത്ത് കടക്കാൻ ശേഷിയുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനവും ഇന്ന് ഇന്ത്യയിലില്ല.

സംവരണത്തിനെതിരെയുള്ള ഈ വാദഗതികൾ പരിശോധിച്ചാൽ 'പിന്നോക്ക ജാതിക്കാർക്കൊന്നും മെറിറ്റില്ല' എന്ന ബോധ്യമാണ് അവയിൽ മുഴച്ചു നിൽക്കുന്നതെന്ന് കാണാൻ കഴിയും. എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് മനു പറഞ്ഞുവെച്ചതിൽ നിന്ന് ഈ സംവരണ വിരുദ്ധർ ഒരിഞ്ച് മുന്നോട്ടു പോയിട്ടില്ല എന്ന് മനസ്സിലാക്കാൻ അധികമൊന്നും പ്രയാസപ്പെടേണ്ടി വരില്ല. ഒരു യോഗ്യതയുമില്ലാതെ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്കും തൊഴിലുകളിലേക്കും അധികാര സ്ഥാനങ്ങളിലേക്കും വലിഞ്ഞുകയറി

**മെറിറ്റിനായി വാദിക്കുന്ന സംവരണ വിരുദ്ധർ ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെ പുനരാനയിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുന്ന ഏറ്റവും പുതിയ പഠനങ്ങളിൽ ഒന്നാണ് അജന്ത സുബ്രഹ്മണ്യൻ എഴുതിയ 'ദി കാസ്റ്റ് ഓഫ് മെറിറ്റ്:എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ ഇൻ ഇന്ത്യ' എന്ന പുസ്തകം.**




വരുന്നവരായി പിന്നോക്ക ജാതികളെ സംവരണവിരുദ്ധർ ചിത്രീകരിക്കുന്നു. സംവരണത്തിലൂടെ മെഡിസിന് സീറ്റ് ലഭിച്ച ഒരു ബിരുദധാരി കണ്ണിനു പകരം പല്ല് സർജറി ചെയ്യുന്നതായി ചിത്രീകരിക്കുന്ന പോസ്റ്റർ ആന്ധ്രയിലെ മെഡിക്കൽ കോളേജുകളിൽ പ്രത്യക്ഷപ്പെട്ടതിനെക്കുറിച്ച് ഗോപാൽ തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട്. 'മേൽ ജാതിക്കാരനായി പിറന്നത് ഒരു കുറ്റമോ' എന്ന് ചോദിക്കുന്ന പോസ്റ്ററുകളും ചിരി ഉണർത്തുമെന്ന് അദ്ദേഹം പറയുന്നുണ്ട് മെറിറ്റിനായി വാദിക്കുന്ന സംവരണ വിരുദ്ധർ ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെ പുനരാനയിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുന്ന ഏറ്റവും പുതിയ പഠനങ്ങളിൽ ഒന്നാണ് അജന്ത സുബ്രഹ്മണ്യൻ എഴുതിയ 'ദി കാസ്റ്റ് ഓഫ് മെറിറ്റ്:എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ ഇൻ ഇന്ത്യ' എന്ന പുസ്തകം.

പ്രധാനമായും മദ്രാസ് ഐ.ഐ.ടി യിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്. ഇന്ത്യയിലെ കമ്മാളന്മാർക്കിടയിൽ നിലനിന്ന പലതരത്തിലുള്ള സാങ്കേതിക വിജ്ഞാനത്തെ ക്ലാസ് മുറിയിലേക്ക് പറിച്ചുനട്ടത് കൊളോണിയൽ വിദ്യാഭ്യാസമാണ്. ഈ പറിച്ചു നടൽ ഇന്ത്യയിലെ താഴ്ത്തപ്പെട്ട ജാതികളെ എൻജിനീയറിങ് വിദ്യാഭ്യാസത്തിൽ നിന്ന് അകറ്റാൻ കാരണമായെന്ന് അജന്ത സുബ്രഹ്മണ്യൻ നിരീക്ഷിക്കുന്നു. ഔപചാരിക എൻജിനീയറിങ് വിദ്യാഭ്യാസം ഇന്ത്യയിലെ കമ്മാളരെ കൂലിത്തൊഴിലാളികൾ എന്ന നിലയിൽ അധഃപതിപ്പിച്ചു. അവരെ അറിവുള്ളവരായി പരിഗണിക്കാൻ സമൂഹം അതോടെ വിസമ്മതിച്ചു. എൻജിനീയറിങ് ബിരുദമുള്ളവരുടെ അറിവ് മാത്രം അംഗീകരിക്കപ്പെട്ടു. യഥാർത്ഥത്തിൽ ഉന്നത ജാതിക്കാർക്ക് ഇന്ത്യൻ ജാതി സമ്പ്രദായം അനുസരിച്ച് ഒരുതരത്തിലുള്ള കൈത്തൊഴിൽ വൈദഗ്ധ്യവും ഉണ്ടായിരുന്നില്ല.അവരെ ഉൾപ്പെടുത്തിയും താഴ്ത്തപ്പെട്ട ജാതികളെ തിരസ്കരിച്ചും എൻജിനീയറിങ് വിദ്യാഭ്യാസത്തെ പുനർനിർവചിച്ചത് കൊളോണിയൽ വ്യവസ്ഥയായിരുന്നു. പൗരർക്ക് എൻജിനീയറിങ്ങിൽ പരിശീലനം നൽകാനുള്ള തീരുമാനം സ്വന്തം നാട്ടിലെ പരിഷ്കാരങ്ങളുടെ

ചുവടുപിടിച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആരംഭിച്ചത്. കൈതൊഴിലിനേക്കാൾ എഴുത്തിനും വായനയ്ക്കും ഇംഗ്ലീഷ് പരിജ്ഞാനത്തിനും ഊന്നൽ നൽകിയതോടെയാണ് സവർണ്ണ ജാതികൾ എൻജിനീയറിങ് മേഖലയിലേക്ക് കടന്നുവന്നത്. ഇന്ത്യയിലെ ശൂദ്രർ അക്ഷരജ്ഞാനത്തിന് പുറത്തായിരുന്നു അതുകൊണ്ടുതന്നെ അവർക്ക് കൈത്തൊഴിലിൽ വൈദഗ്ധ്യവുംമുണ്ടായിട്ടും എൻജിനീയറിങ് വിദ്യാഭ്യാസത്തിന്റെ പുറത്തു നിൽക്കേണ്ടിവന്നു. എൻജിനീയറിങ് ബിരുദം അധികാരസ്ഥാനത്തേക്കുള്ള ചവിട്ടുപടിയാണെന്ന് കണ്ടെത്തലാണ് സവർണ്ണ ജാതികളെ അതിലേക്കാകർഷിച്ചത്. 1901ൽ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചപ്പോൾ അപേക്ഷകരിൽ അധസ്ഥിത ജാതിക്കാർ ആരും ഉണ്ടായിരുന്നില്ല. പ്രസ്തുത അപേക്ഷ ഫോറങ്ങൾ മുഴുവൻ പരിശോധിച്ചു കൊണ്ടാണ് അജന്ത സുബ്രഹ്മണ്യൻ തന്റെ നിഗമനത്തിൽ എത്തുന്നത്. കൊളോണിയലിസം ഇന്ത്യൻ എൻജിനീയറിങ്ങിൽ വംശീയമായ ശുദ്ധി നിലനിർത്താൻ തുടക്കം മുതലേ ശ്രമിച്ചു ഇതിനായി ലണ്ടനിൽ കൂപ്പേഴ്സ് ഹിൽ എന്ന സ്ഥലത്ത് റോയൽ ഇന്ത്യൻ എൻജിനീയറിങ് കോളേജ് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. ഇന്ത്യയിലെ നിർമ്മാണ പ്രവർത്തികൾക്കായി കുലീനരായ എൻജിനീയർമാരെ തിരഞ്ഞെടുക്കുക എന്നതായിരുന്നു കോളേജിന്റെ നടത്തിപ്പ് ലക്ഷ്യം എന്നാൽ ഉദ്ദേശിച്ചത് പോലെ എൻജിനീയർമാരുടെ 'ജെന്റിൽ മാൻനസ്' ഉറപ്പാക്കാൻ കോളേജിന് കഴിഞ്ഞില്ല അപ്പോഴാണ് ഉന്നതകുലജാതരായ ഇന്ത്യക്കാരെ പരിശീലിപ്പിച്ച് ഇന്ത്യയിലെ പ്രവർത്തികൾക്കാവശ്യമായ എൻജിനീയർമാരെ സൃഷ്ടിക്കാനുള്ള തീരുമാനം ബ്രിട്ടീഷ് ഗവൺമെന്റ് കൈക്കൊണ്ടത് അതിനായി മേൽപ്പറഞ്ഞ സ്ഥാപനത്തിന്റെ പ്രവർത്തനം ഇന്ത്യയിലേക്ക് മാറ്റി.

ബ്രിട്ടീഷുകാരുടെ കാലത്ത് ആരംഭിച്ചത് സ്വാതന്ത്ര്യാനന്തരവും തുടർന്നു. മദ്രാസ് ഐ.ഐ .ടിയെ മുൻനിർത്തിയാണ് ഗ്രന്ഥകാരി ഇക്കാര്യം തെളിയിച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ജാതി വിവേചനം തെളിയിക്കാൻ മദ്രാസിൽ നിന്നുള്ള ഒരു സ്ഥാപനം തിരഞ്ഞെടുത്തതിന് സവിശേഷമായ യുക്തിയുണ്ട്. ഇന്ത്യയിൽ ജാതിക്കെതിരെയുള്ള അതിശക്തമായ സാമൂഹ്യപ്രസ്ഥാനങ്ങൾ നിലനിന്ന പ്രദേശമാണിത്. പെരിയാറിന്റെ ദ്രാവിഡ മുന്നേറ്റവും മറ്റുമാണ് ഇവിടെ പരാമർശിക്കുന്നത്. വരേണ്യ ജാതിയിൽ പെട്ടവർക്ക് സംവരണം ചെയ്തതാണെന്ന് തോന്നും വിധമാണ് ഐഐടികളിലെ വിദ്യാർത്ഥി പ്രവേശനവും മറ്റും. ഉയർന്ന മെറിറ്റിലുള്ളവർ പഠിക്കുന്ന സ്ഥാപനങ്ങളാണ് ഐ.ഐ.ടികൾ ഇവ്വിധം മെറിറ്റിലൂടെ പ്രവേശനം ലഭിച്ച കുട്ടികളുടെ ജാതി കൂടി നോക്കുമ്പോഴാണ് ജാതിയും മെറിറ്റും തമ്മിലുള്ള അവിശുദ്ധ ബന്ധം വെളിപ്പെടുക. മദ്രാസ് ഐഐടിയിൽ

**ഔപചാരിക എൻജിനീയറിങ് വിദ്യാഭ്യാസം ഇന്ത്യയിലെ കമ്മാളരെ കൂലിത്തൊഴിലാളികൾ എന്ന നിലയിൽ അധഃപതിപ്പിച്ചു. അവരെ അറിവുള്ളവരായി പരിഗണിക്കാൻ സമൂഹം അതോടെ വിസമ്മതിച്ചു. എൻജിനീയറിങ് ബിരുദമുള്ളവരുടെ അറിവ് മാത്രം അംഗീകരിക്കപ്പെട്ടു.**




1970നു ശേഷമുള്ള മുഴുവൻ ബാച്ചുകളെയും അജന്ത പഠനത്തിനായി വിശകലനം ചെയ്തിരിന്നു. ഉന്നതകുലജാതരാണ് ഇവിടെ പഠിച്ചവരും പഠിപ്പിക്കുന്നവരും. ഐ ഐ ടി യിൽ 1960ൽ പഠിച്ച 20 പൂർവ്വ വിദ്യാർത്ഥികളുമായി ദീർഘ സംഭാഷണത്തിൽ ഏർപ്പെട്ടാണ് അജന്ത തന്റെ പഠനത്തിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചത്.



'റിഫ്ലക്ഷൻസ് ബൈ ഐ.ഐ.ടിയൻസ്' എന്ന പേരിൽ 2008ൽ പ്രസിദ്ധീകരിച്ച സമാഹാരമാണ് മറ്റൊരു സ്രോതസ്സ്. അക്കാലത്ത് അവിടെ പഠിച്ചവരെല്ലാം ഉന്നത ജാതിയിൽ പിറന്നവരും, സാമ്പത്തികമായി ഭദ്രതയുള്ള കുടുംബങ്ങളിൽ പിറന്നവരുമാണ്. അവരിൽ ഏറെ പേരും നഗരത്തിൽ നിന്ന് വരുന്നവരും ജാതി, മതം തുടങ്ങിയ സങ്കുചിത തത്വങ്ങളിൽ നിന്ന് തങ്ങൾ മുക്തരാണെന്ന് അഭിമാനിക്കുന്നവരുമാണ്. തമിഴ്നാട്ടിൽ ശക്തമായിരുന്ന ജാതിവിരുദ്ധ പ്രസ്ഥാനത്തിന്റെ 'ശല്യ'ങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ തമിഴ് ബ്രാഹ്മണർ കണ്ടെത്തിയ അഭയകേന്ദ്രം മദ്രാസ് ഐ. ഐ. ടി യായിരുന്നു എന്നും അജന്ത കണ്ടെത്തുന്നുണ്ട്. രാഷ്ട്ര പുനർനിർമാണത്തിൽ തങ്ങൾക്കുള്ള പങ്കിനെക്കുറിച്ചും അവർ അഭിമാനിച്ചിരുന്നു. ഐ.ഐ.ടികൾ നെഹ്റുവിന്റെ സ്വപ്നമാണെന്നും തങ്ങളിലൂടെയാണ് അത് സാക്ഷാത്കരിക്കപ്പെടേണ്ടതെന്നും 'ഐഐടിഎൻസ്' സത്യമായും വിശ്വസിച്ചു.

ചിലരുടെ ജീവിത കഥയിൽ നിന്ന് അക്കാലത്തെ ഐഐടിയുടെ 'ക്യാമ്പസ് ചേരുവ'യെ കുറിച്ച് മനസ്സിലാക്കാൻ കഴിയും.1969ൽ ദില്ലിയിൽ നിന്നെത്തി ഐഐടിയിൽ

**തമിഴ്നാട്ടിൽ ശക്തമായിരുന്ന ജാതിവിരുദ്ധ പ്രസ്ഥാനത്തിന്റെ 'ശല്യ'ങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ തമിഴ് ബ്രാഹ്മണർ കണ്ടെത്തിയ അഭയകേന്ദ്രം മദ്രാസ് ഐ. ഐ. ടി യായിരുന്നു എന്നും അജന്ത കണ്ടെത്തുന്നുണ്ട്.**

പഠിച്ച ത്യാഗരാജന്റെ കഥ തന്നെ ഉദാഹരണം അദ്ദേഹത്തിന്റെ മുത്തച്ഛൻ തമിഴ്നാട്ടിലെ വലിയ ഭൂപ്രഭു ആയിരുന്നു ത്യാഗരാജന്റെ അച്ഛൻ ഉൾപ്പെടെ നാല് മക്കൾ ദില്ലിയിൽ പോയി പഠിച്ചു ത്യാഗരാജന്റെ അച്ഛൻ ആദ്യം പോസ്റ്റൽ സർവീസിലും പിന്നീട് ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും ജോലി ചെയ്തു. ദില്ലിയിൽ ആണെങ്കിലും തമിഴ് ബ്രാഹ്മണ സംസ്കാരത്തിൽനിന്ന് തന്റെ കുടുംബം ഒട്ടും വ്യതിചലിച്ചില്ലെന്ന് ത്യാഗരാജൻ അഭിമാനത്തോടെ ഓർക്കുന്നു. ഭജന സംഘവും കർണാട്ടിക് സംഗീതവും ബ്രാഹ്മണ സഭയും എല്ലാം ചേർന്ന ഒരു അഗ്രഹാരം തന്നെ അവർ ദില്ലിയിൽ സൃഷ്ടിച്ചു. ത്യാഗരാജൻ പഠിച്ച സ്കൂളിൽനിന്ന് 14 പേർക്ക് ആ വർഷം ഐ.ഐ.ടി മദ്രാസിൽ പ്രവേശനം ലഭിച്ചു.

തങ്ങൾ പഠിച്ചിരുന്ന മദ്രാസ് ഐ ഐ ടിയിൽ ഒരുതരത്തിലുള്ള വിവേചനവും നിലനിന്നിരുന്നില്ല എന്ന് ആണയിട്ടു ഉറപ്പിക്കുന്നവരാണ് ഈ പൂർവ്വ വിദ്യാർത്ഥികൾ. ഉദാഹരണമായി അറുപതുകളിൽ കളിൽ ഐ..ഐടിയിൽ പഠിച്ച ബാലചന്ദ്രൻ 2000 ആകുമ്പോഴേക്കും ഐ.ഐ.ടി യുടെ ഘടനയിൽ വരുന്ന മാറ്റത്തെക്കുറിച്ച് ആകുലപ്പെടുന്നുണ്ട് കാരണം അക്കാലമായപ്പോഴേക്കും ബാലചന്ദ്രന്റെ മകൻ ഐ.ഐ.ടി.യിൽ ബിരുദ വിദ്യാർത്ഥിയായി ചേർന്നിരുന്നു. മുമ്പ് ആൺകുട്ടികളുടെ ഹോസ്റ്റലിൽ ഓരോരുത്തർക്കും ഓരോ മുറിയായിരുന്നു. എന്നാൽ തന്റെ മകൻ വിദ്യാർഥിയായി ചേർന്നപ്പോൾ ഹോസ്റ്റൽ മുറിയിൽ ഒരു പങ്കാളി കൂടി ഉണ്ടെന്ന് കണ്ടു. ഒരിക്കൽ ഭാര്യയോടൊപ്പം മകന്റെ ഹോസ്റ്റലിൽ പോയപ്പോൾ മകന്റെ റൂംമേറ്റിന്റെ രക്ഷിതാക്കളും വന്നിരുന്നു. തങ്ങളെ കണ്ടപ്പോൾ ആ രക്ഷിതാക്കൾ ആകെ അസ്വസ്ഥത പ്രകടിപ്പിച്ചു. തങ്ങൾ ഷെഡ്യൂൾഡ് കാസ്റ്റിൽപെട്ടവർ ആണോ എന്ന് ആ കുട്ടിയുടെ അമ്മ പരസ്യമായി ചോദിച്ചു. തങ്ങൾ കൊച്ചിയിലെ രാജകുടുംബത്തിൽ പെട്ടവരാണ് എന്ന് പറഞ്ഞപ്പോഴാണ് അവർക്ക് സമാധാനമായത്. ( ഈ രണ്ടു കുടുംബവും മലയാളികളാണ്. ഗ്രന്ഥകാരി ഈ പഠനത്തിനായി അഭിമുഖം നടത്തിയ ഐ.ഐ.ടി. യൻസിലധികവും മലയാളികൾ ആണെന്ന കാര്യം പ്രത്യേകം ഓർക്കണം).

ഈ അനുഭവത്തെ എങ്ങനെയാണ് നോക്കിക്കാണുന്നത് എന്ന ചോദ്യത്തിന്റെ ഉത്തരമാണ് ജാതി രാഷ്ട്രീയത്തിന്റെ മൗലിക സ്വഭാവത്തെ തുറന്നു കാട്ടുന്നത്. ബാലചന്ദ്രൻ പറഞ്ഞു: 'ഞങ്ങൾ പഠിച്ചിരുന്ന ഐ.ഐ.ടിയിൽ ഇങ്ങനെ ഒരു കാര്യത്തെക്കുറിച്ച് ആരും ആകുലപ്പെട്ടിരുന്നില്ല. ഇപ്പോൾ ജാതിരാഷ്ട്രീയം ശക്തിപ്പെട്ടിരിക്കുന്നു'. പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ഭരണഘടനാനുസൃതമായ സംവരണം ഐഐടി പ്രവേശനത്തിന് ബാധകമായത് 2008ലാണ്. അതുവരെ ഐ. ഐ.ടി യിൽ ജാതി അദൃശ്യമായിരുന്നു എന്നാണ് അർത്ഥം. തങ്ങളുടെ ജീവിതത്തിൽ ജാതി ഇല്ലാത്തതുകൊണ്ട് ജാതി എന്ന യാഥാർത്ഥ്യം പോയിക്കഴിഞ്ഞു എന്ന് വിശ്വസിക്കുന്നവരാണ് ഐ..ഐ.ടി യിലെ പൂർവ്വ വിദ്യാർത്ഥികൾ. ഇപ്പോൾ ഐ.ഐ.ടിയിൽ


**ഒരിക്കൽ ഭാര്യയോടൊപ്പം മകന്റെ ഹോസ്റ്റലിൽ പോയപ്പോൾ മകന്റെ റൂംമേറ്റിന്റെ രക്ഷിതാക്കളും വന്നിരുന്നു. തങ്ങളെ കണ്ടപ്പോൾ ആ രക്ഷിതാക്കൾ ആകെ അസ്വസ്ഥത പ്രകടിപ്പിച്ചു. തങ്ങൾ ഷെഡ്യൂൾഡ് കാസ്റ്റിൽപെട്ടവർ ആണോ എന്ന് ആ കുട്ടിയുടെ അമ്മ പരസ്യമായി ചോദിച്ചു. തങ്ങൾ കൊച്ചിയിലെ രാജകുടുംബത്തിൽ പെട്ടവരാണ് എന്ന് പറഞ്ഞപ്പോഴാണ് അവർക്ക് സമാധാനമായത്.**

ജാതി പ്രത്യക്ഷപ്പെട്ടതിന് കാരണം അവർണരും അസ്പൃശ്യരുമായ കുട്ടികൾ ഐ.ഐ.ടിയിൽ പ്രവേശനം നേടിയതാണ്. ദളിതർ തുടച്ചുനീക്കപ്പെട്ട ക്യാമ്പസിനെയാണ് ബാലചന്ദ്രൻ ജാതിരഹിത ദേശീയ ക്യാമ്പസ് ആയി മനസ്സിലാക്കിയത്.

ഇത് കേരളത്തിലെ ഉപരി മധ്യവർഗ്ഗത്തിന്റെ സാമാന്യമായ സമീപനമാണ്. ഈ വർഗ്ഗമാണ് കേരളത്തിലെ സാംസ്കാരികവും രാഷ്ട്രീയവുമായ പൊതുമണ്ഡലങ്ങളിൽ ആശയ രൂപീകരണത്തിന് നേതൃത്വം നൽകുന്നത്. കേരളത്തിലെ ദളിത് രാഷ്ട്രീയത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി ഈ വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രപരമായ മേൽക്കോയ്മയാണ്. സംവരണത്തിലൂടെ കുട്ടികൾ പ്രവേശനം നേടുമ്പോൾ മെറിറ്റിനെ ശല്യം ചെയ്യുന്ന ജാതി കടന്നുവരുന്നതായി ഇവർ ആധിപ്പെടുന്നു. അതുകൊണ്ടാണ് മെറിറ്റോക്രസി എന്നത് സംവരണ വിരുദ്ധ രാഷ്ട്രീയമാണെന്ന് പറയുന്നത്. 1960കളിലെ ഐ.ഐ.ടിയൻസ് 'സ്വാഭാവിക പ്രതിഭകൾ' ആയിരുന്നു എന്നും സിലബസ് പഠിക്കാൻ അവർക്ക് ബുദ്ധി മാത്രം മതിയായിരുന്നു എന്നും ബാലചന്ദ്രൻ പറയുന്നു. ഈ സ്വാഭാവിക പ്രതിഭകളുടെ സാമൂഹ്യ പശ്ചാത്തലം പ്രസക്തമാണെന്ന് തങ്ങൾക്ക് ഒരിക്കലും തോന്നിയിരുന്നില്ല എന്നാണ് അദ്ദേഹം പറയുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ്കോളർഷിപ്പ് ലഭിച്ചിരുന്നുവെന്നും അത് വിവേചനത്തിന് കാരണമായിരുന്നില്ലെന്നും ബാലചന്ദ്രൻ പറയുന്നുണ്ട്. എന്നാൽ ദരിദ്രരായ ഉന്നത ജാതിക്കാരാണ് ഇവ്വിധം സ്കോളർഷിപ്പോടുകൂടി ഐ.ഐ.ടി യിൽ പഠിച്ചതെന്നും അജന്ത കണ്ടെത്തുന്നുണ്ട്.

സംവരണവും നാട്ടിലുടനീളം ആരംഭിച്ച കോച്ചിംഗ് സെന്ററുകളും ആണ് ദളിത് വിദ്യാർഥികളെ ഐ.ഐ.ടിയിൽ എത്താൻ സഹായിച്ചത്. മദ്രാസ് ഐ.ഐ.ടിയിൽ നിന്ന് ഇപ്പോൾ ദളിത് വിദ്യാർത്ഥികൾ സംസാരിച്ചു തുടങ്ങിയിരിക്കുന്നു. പുതിയ ഒരു രാഷ്ട്രീയ കർതൃത്വത്തിന്റെ ആവിഷ്കാരമാണത്.അത് ആരെയെങ്കിലും ഭയപ്പെടുത്തുന്നുണ്ടെങ്കിൽ ബ്രാഹ്മണ്യത്തിനെല്ലാതെ മറ്റൊന്നിനെയും ആയിക്കൂടാ. ഐ.ഐ.ടിയിൽ നിന്ന് മെറിറ്റ് കുടിയിറങ്ങിപ്പോയെന്ന് വിലപിക്കുന്നവർ കുടിയിറങ്ങി പോകുന്ന സവർണ്ണതയെ ഓർത്താണ് കരയുന്നതെന്ന് തിരിച്ചറിയുന്നില്ല. ചുരുക്കത്തിൽ ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെ സമർത്ഥമായി മൂടിവയ്ക്കുന്ന മിത്താണ് മെറിറ്റ് എന്ന് ഈ പുസ്തകം അർത്ഥശങ്കയ്ക്കിടയില്ലാതെ തെളിയിക്കുന്നു.

**ഐ.ഐ.ടിയിൽ നിന്ന് മെറിറ്റ് കുടിയിറങ്ങിപ്പോയെന്ന് വിലപിക്കുന്നവർ കുടിയിറങ്ങി പോകുന്ന സവർണ്ണതയെ ഓർത്താണ് കരയുന്നതെന്ന് തിരിച്ചറിയുന്നില്ല. ചുരുക്കത്തിൽ ബ്രാഹ്മണ പ്രത്യയശാസ്ത്രത്തെ സമർത്ഥമായി മൂടിവയ്ക്കുന്ന മിത്താണ് മെറിറ്റ് എന്ന് ഈ പുസ്തകം അർത്ഥശങ്കയ്ക്കിടയില്ലാതെ തെളിയിക്കുന്നു.**


നിലനിൽപ്പ്
അത്യാവശ്യമായ
മനുഷ്യൻ
കട്ടൻ കുടിക്കുന്ന
ലാഘവത്തിൽ
വെല്ലുവിളികൾക്ക്
തയ്യാറാവുന്നു

# യൂണിയൻ റിപ്പോർട്ട്
# 2022-23

കോവിഡ് മഹാമാരിയുടെ അതിജീവന കാലത്താണ് മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ നിലവിൽ വരുന്നത്. അതുകൊണ്ടു തന്നെ നിരന്തരം സാമ്പത്തിക പ്രതിസന്ധികളെ
അതിജീവിച്ചുകൊണ്ടാണ് യൂണിയൻ മുമ്പോട്ടു പോയിരുന്നത്. രാജ്യത്തിന്റെ ഭരണഘടന സമാനതകളില്ലാത്ത വെല്ലുവിളികൾ നേരിടുന്ന കാലത്ത് അതേ ഭരണഘടനയെ മുറുകെപ്പിടിച്ചുകൊണ്ടാണ് വിദ്യാർത്ഥി യൂണിയൻ അതിന്റെ പ്രവർത്തനകാലയളവ് പിന്നിടുന്നത്. സ്വാതന്ത്ര്യവും,സമത്വവും,സാഹോദര്യവും,ജനാധിപത്യവും,സ്ഥിതിസമത്വവും,മതനിരപേക്ഷതയും ഊട്ടിയുറപ്പിക്കുന്ന ഭരണഘടനയുടെ ആമുഖം വായിച്ചുകൊണ്ടാണ് നാം നമ്മുടെ പ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കുന്നത്. ലിബർട്ടിയെന്നു പേരു നൽകിയ സമ്പൂർണ്ണ ഭരണഘടന സാക്ഷരത യജ്ഞം ഈ വിദ്യാർത്ഥി യൂണിയന്റെ രജതരേഖ തന്നെയാണ്. ഇന്ത്യയിൽ സമ്പൂർണ്ണ ഭരണഘടന സാക്ഷരത നേടുന്ന ആദ്യത്തെ സർവ്വകലാശാലയായി നമ്മുടെ സർവ്വകലാശാല ഇതിനാൽ മാറാൻ പോവുകയാണ്. മറവികൾക്കും, തിരസ്കാരങ്ങൾക്കുമെതിരെ ഓർമ്മയുടെ കുന്തമുനകളുയർത്തുന്ന രാഷ്ട്രീയം നാമെല്ലാകാലത്തും ചേർത്തുപിടിച്ചിട്ടുണ്ട്. കലാമേളയും,കായികമേളയുമുൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും ഇതിന്റെ നേർസാക്ഷ്യങ്ങളാണ്. ചരിത്രം വിസ്മൃതിയിലാഴ്ത്തിയ ദാക്ഷായിണി വേലായുധന്റെ സ്മൃതികളെ വീണ്ടെടുത്തതും എടുത്തുപറയേണ്ട പ്രവർത്തനങ്ങളിലൊന്നാണ്. ഇത്തരത്തിൽ കാലവും,കലാലയവും ആവശ്യപ്പെടുന്ന രാഷ്ട്രീയ ജാഗ്രത ഉയർത്തിപ്പിടിച്ച് നമ്മുടെ സർവ്വകലാശാലയുടെ പരിമിതികളെ അതിജീവിച്ച് എല്ലാ വിദ്യാർത്ഥികളുടേയും അവകാശസംരക്ഷണത്തിനും ക്ഷേമത്തിനും സർവകലാശാലയുടെ വളർച്ചയിലും 2022-23 വർഷത്തെ മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ നടത്തിയ ഇടപെടലുകളുടെയും പ്രവർത്തനങ്ങളുടെയും സംക്ഷിപ്തരേഖ നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു.

വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് അരാഷ്ട്രീയ,അവസരവാദ,മതരാഷ്ട്രീയത്തെ ചെറുത്തുതോൽപ്പിച്ചുകൊണ്ട് മാനവികത ഉയർത്തിപ്പിടിച്ച മലയാള സർവ്വകലാശാലയിലെ വിദ്യാർത്ഥി സമൂഹം 2022 ആഗസ്റ്റ് 4 ന് സർവ്വകലാശാലയിൽ നടന്ന തെരഞ്ഞെടുപ്പിൽ മികച്ച ഭൂരിപക്ഷത്തോടെ സുശക്ത ജനാധിപത്യം,സമരോത്സുക കലാലയം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച എസ്.എഫ്.ഐ സ്ഥാനാർത്ഥികളെ വിദ്യാർത്ഥി യൂണിയൻ പ്രതിനിധികളായി തെരഞ്ഞെടുത്തു.

**യൂണിയൻ ഭാരവാഹികൾ**
ചെയർപേഴ്സൺ
**അഫ്സൽ**
വൈസ് ചെയർപേഴ്സൺ
**ആരതി.കെ**
**ശരത്ത്.എസ്.ജി**
ജനറൽ സെക്രട്ടറി
**ശ്രുജിത്ത്.പി.സി**
ജോയിന്റ് സെക്രട്ടറി
**ജിഷ്ണ.എം.കെ**
**ജിനുരാജ്.ആർ**
മാഗസിൻ എഡിറ്റർ
**സായൂജ്.എം.പി**
ഫൈൻ ആർട്സ് സെക്രട്ടറി
**വൃന്ദ.ടി**
സ്പോർട്സ് സെക്രട്ടറി
**അജേഷ്.പി.എസ്**

അസോസ്സിയേഷൻ സെക്രട്ടറിമാർ
ഭാഷാശാസ്ത്രം/**അമൃതേശ്വരി**
സാഹിത്യ പഠനം/**ഹരിപ്രിയ**
സാഹിത്യ രചന/**ജിനു.കെ.മാത്യു**
സംസ്കാര പൈതൃക പഠനം/**അനുശ്രീ ബാബു .ഇ.പി**

ചരിത്ര പഠനം/**അഞ്ജലി കൃഷ്ണ.കെ**
തദ്ദേശവികസന പഠനം/**സിവിൻ**
മാധ്യമ പഠനം/**സാരംഗ്.പി.എസ്**
ചലച്ചിത്ര പഠനം/**വിനയ്.പി**
പരിസ്ഥിതി പഠനം/**അജൻ നന്ദു**
സോഷ്യോളജി/**മുഹമ്മദ് അർസൽ.കെ.വി**
എഴുത്തച്ഛൻ പഠന സ്കൂൾ/ **ആര്യ.പി.കെ**

**സത്യപ്രതിജ്ഞ**

തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ 2022 ആഗസ്റ്റ് 27ന് സർവ്വകലാശാല വൈസ്ചാൻസലർ ഡോ.അനിൽ വള്ളത്തോളിന്റെ സാന്നിധ്യത്തിൽ അനശ്വര രക്തസാക്ഷികളുടെ നാമത്തിൽ സത്യപ്രതിജ്ഞ ചൊല്ലി ചുമതലയേറ്റു. വിദ്യാർത്ഥി യൂണിയൻ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രഥമ യൂണിയൻ യോഗത്തിൽ സ്റ്റാഫ് അഡ്വൈസറായി ഡോ.ആർ.രാജീവ് മോഹൻ, മാഗസിൻ അഡ്വൈസറായി ഡോ.കെ.എം.അനിൽ, ഫൈൻ ആർട്സ് അഡ്വൈസറായി ഡോ.ശുഭ.കെ, സ്പോർട്സ് അഡ്വൈസറായി ഡോ.സൈതലവി എന്നിവരെ യൂണിയൻ ഏകകണ്ഠമായി തിരഞ്ഞെടുത്തു.

**യൂണിയൻ ഉദ്ഘാടനം**

ഫാസിസ്റ്റ് ഭരണകൂട ഭീകരതയെ ചെറുത്തു തോൽപ്പിക്കുന്നതിനും, ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ സംരക്ഷിക്കുന്നതിനും, സർഗാത്മക പ്രവർത്തനങ്ങളിലൂടെ പ്രതിരോധം തീർക്കുന്നതിനുമായി 2022 ഓഗസ്റ്റ് 31 ന് മലയാള സർവകലാശാല വൈസ് ചാൻസലർ ഡോ.അനിൽ വള്ളത്തോളിന്റെ അദ്ധ്യക്ഷതയിൽ ബഹു. രാജ്യസഭാ എംപി എ.എ.റഹീം ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിച്ച് വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ മുഖ്യാതിഥിയായി ഇടതുപക്ഷ ചിന്തകനും എഴുത്തുകാരനുമായ ശ്രീ കെ.ഇ.എൻ കുഞ്ഞഹമ്മദ് പങ്കെടുത്തു. സർവ്വകലാശാല രജിസ്ട്രാർ ഇൻ ചാർജ്, സ്റ്റാഫ് അഡ്വൈസർ, ഫൈൻ ആർട്സ് അഡ്വൈസർ, മാഗസിൻ അഡ്വൈസർ, സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ യൂണിയനെ ആശംസകൾ അറിയിച്ചു. തുടർന്ന് ഡ്രം സ്വാഗ് സമുറായ്സ് എന്നിവരുടെ നേതൃത്വത്തിൽ ഡി.ജെ വിത്ത് ലിക്യുഡ് ഡ്രംസ് എന്ന പരിപാടിയും, വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

**ഓണാഘോഷം 2022**

കോവിഡ് മഹാമാരിയുടെ നീണ്ട ഇടവേളക്കുശേഷം സർവകലാശാലയിൽ വിദ്യാർത്ഥി യൂണിയൻറെ നേതൃത്വത്തിൽ ഓണസദ്യയും, വിവിധ ഓണാഘോഷ പരിപാടികളും 2022 സെപ്റ്റംബർ 1 ന് സംഘടിപ്പിച്ചു. സർവ്വകലാശാല വൈസ് ചാൻസിലർ അനിൽ വള്ളത്തോൾ എല്ലാവർക്കും ഓണാശംസകൾ അറിയിച്ചു സംസാരിച്ചു.



**"സാമൂഹിക സംരംഭകത്വം" സെമിനാർ**

സംരംഭങ്ങളിലൂടെ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കാം എന്ന ആശയത്തെ മുൻനിർത്തി 2022 സെപ്റ്റംബർ 19ന് മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയനും മലയാള സർവകലാശാല ഉദ്യോഗ നിയമന കേന്ദ്രവും സംയുക്തമായി "സാമൂഹിക സംരംഭകത്വം" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**അസോസിയേഷൻ ഉദ്ഘാടനങ്ങളും വിവിധ സെമിനാറുകളും**

**2022 ഒക്ടോബർ 11** ന് സാഹിത്യ രചന സ്കൂൾ അസോസിയേഷൻ ഉദ്ഘാടനം കേരള സാഹിത്യ അക്കാദമി അംഗവും സാഹിത്യകാരനുമായ ഡോ.കെ.പി രാമനുണ്ണി നിർവഹിച്ചു. തുടർന്ന് "ഇന്ത്യൻ സാഹിത്യത്തിൻറെ ബഹുസ്വരത" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.
**2022 ഒക്ടോബർ 12** ന് സാഹിത്യ പഠനം അസോസിയേഷൻ ഉദ്ഘാടനം എഴുത്തുകാരൻ കൽപ്പറ്റ നാരായണൻ നിർവഹിച്ചു. തുടർന്ന് "വചനം, ധ്യാനം മലയാള കവിതയുടെ ആത്മഭാഷണം" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.
**2022 ഒക്ടോബർ 13** ന് സോഷ്യോളജി അസോസിയേഷൻ ഉദ്ഘാടനം എഴുത്തച്ഛൻ പഠന സ്കൂൾ ഡയറക്ടർ പ്രൊഫസർ ഡോ.കെ.എം.അനിൽ നിർവഹിച്ചു. തുടർന്ന് "ഭാഷയും സമൂഹവും" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**2022 ഒക്ടോബർ 14** സംസ്കാരപൈതൃക പഠനം അസോസിയേഷൻ ഉദ്ഘാടനം ഡോ.എ.കെ. ജയശ്രീ നിർവഹിച്ചു. തുടർന്ന് "ചിന്തിക്കുകയും മോഹിക്കുകയും ചെയ്യുന്ന ശരീരങ്ങൾ" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.
**2022 ഒക്ടോബർ 20** ന് മാധ്യമ അസോസിയേഷൻ ഉദ്ഘാടനം മാധ്യമപ്രവർത്തകയും ഗോയങ്കെ അവാർഡ് ജേതാവുമായ നിലീന അത്തോളി നിർവഹിച്ചു. തുടർന്ന് അസോസിയേഷൻ ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോഗ്രാഫി മത്സരത്തിലെ വിജയികൾക്ക് സമ്മാനം നൽകുകയും, "മാധ്യമങ്ങളും ജെൻഡർ സമീപനങ്ങളും" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു.
**2022 ഒക്ടോബർ 26** ന് ചരിത്ര പഠന അസോസിയേഷൻ ഉദ്ഘാടനം അഡ്വക്കറ്റ് സബീന.പി.എം നിർവഹിച്ചു. "ലഹരി ഉപയോഗവും നിയമലംഘനവും സ്ത്രീ സുരക്ഷയും" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.
**2022 ഒക്ടോബർ 26**ന് എഴുത്തച്ഛൻ പഠന സ്കൂൾ അസോസിയേഷൻ ഉദ്ഘാടനം എഴുത്തുകാരി ഷാഹിന.കെ.റഫീഖ് നിർവഹിച്ചു. ഉദ്ഘാടനത്തിനോടനുബന്ധിച്ച് ചാർക്കോൾ എന്ന പേരിൽ ചിത്രകലാ ക്യാമ്പും പ്രദർശനവും സംഘടിപ്പിച്ചു. ശേഷം മെലഡീസ് അൺ പ്ലഗ്ഗ്ഡ് എന്ന സംഗീത പരിപാടിയും അരങ്ങേറി.
**2022 നവംബർ 15**ന് ചലച്ചിത്ര പഠന അസോസിയേഷൻ ഉദ്ഘാടനം സംവിധായകൻ ഷാനവാസ്. കെ.ബാവാക്കുട്ടി നിർവഹിച്ചു. തുടർന്ന് മലപ്പുറം ജില്ല സ്കൂൾ കലോത്സവത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പികെ വൈഷ്ണവ് സംവിധാനം ചെയ്ത നാടകം മലമ്പാമ്പും,വോയിസ് ഓഫ് വടകരയുടെ ഇശൽ സന്ധ്യയും അവതരിപ്പിക്കുകയുണ്ടായി.
**2022 നവംബർ 15**ന് പരിസ്ഥിതി പഠനം അസോസിയേഷൻ ഉദ്ഘാടനം ഡോ.പി.എസ്.ഈസ നിർവഹിച്ചു. "ഇക്കോ ടൂറിസം കേരളത്തിൽ" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.



**സ്കറിയ സക്കറിയ അനുസ്മരണം**
മലയാള സർവകലാശാല ഡിലിറ്റ് നൽകി ആദരിച്ച പ്രശസ്ത ഗ്രന്ഥകർത്താവും ഗവേഷകനും ആയ സ്കറിയ സക്കറിയയുടെ നിര്യാണത്തെ തുടർന്ന് 2022 ഒക്ടോബർ 21ന് അനുസ്മരണയോഗം സംഘടിപ്പിച്ചു വൈസ് ചാൻസലർ അനിൽ വള്ളത്തോൾ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**ഇടശ്ശേരി അനുസ്മരണം**
2022 ഒക്ടോബർ 31ന് സാഹിത്യപഠന അസോസിയേഷൻ കവിത അനുഭൂതി ജീവിതം എന്ന പേരിൽ ഇടശ്ശേരി അനുസ്മരണം സംഘടിപ്പിച്ചു. പ്രശസ്ത കവി റഫീഖ് അഹമ്മദ് യോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**ഇന്നസെൻറ് അനുസ്മരണം**
2023 മാർച്ച് 27 ന് ചലച്ചിത്ര പഠനം അസോസിയേഷൻ ഇന്നസെൻറ് അനുസ്മരണം സംഘടിപ്പിച്ചു. തുടർന്ന് റാംജി റാവു റാംജി റാവ് സ്പീക്കിംഗ് എന്ന ചിത്രം പ്രദർശിപ്പിച്ചു.

**അലാഴിക്കൊരു കിക്ക്**
2022 ഖത്തർ ലോകകപ്പിന്റെ ആവേശം മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ ഏറ്റെടുക്കുകയുണ്ടായി അതിൻറെ ഭാഗമായി നവംബർ 18ന് സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. എഴുത്തുകാരനും അധ്യാപകനുമായ ഡോ.കെ.പി.രാമനുണ്ണി മത്സരം കിക്കോഫ് ചെയ്ത് ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ "ആവേശം ആരവം രംഗശാലയിൽ" വിവിധ ലോകകപ്പ് മത്സരങ്ങൾ രംഗശാലയിൽ പ്രദർശിപ്പിച്ചു.

**ടൂറിങ് ടാക്കീസ്**
മലയാള സർവ്വകലാശാല വിദ്യാർത്ഥി യൂണിയനും ചലച്ചിത്ര പഠന സ്കൂളും സംയുക്തമായി ചേർന്ന് 27-മത് അന്തർദേശീയ ചലച്ചിത്രമേളയോട് അനുബന്ധിച്ച് രണ്ടു ദിവസങ്ങളിലായി സർവ്വകലാശാലയിൽ ചലച്ചിത്രമേള സംഘടിപ്പിച്ചു. ഔർ മദർ, ദി നെയിം ഓഫ് ദി ഫ്ലവേർസ്, ഐ സ്റ്റിൽ ഹൈഡ് ടു സ്മോക്ക്, ക്ലാഷ് എബൌട്ട് എല്ലി,ക്ലാര സോള, ഫിൽമിസ്ഥാൻ തുടങ്ങിയ സിനിമകൾ പ്രദർശിപ്പിച്ച ചലച്ചിത്ര മേള 2022 നവംബർ 22 ന് വൈസ് ചാൻസലർ അനിൽ വള്ളത്തോൾ ഉദ്ഘാടനം ചെയ്തു. മുഖ്യാഥിതിയായി കേരള ചലച്ചിത്ര അ്കാദമി റീജിയണൽ കോർഡിനേറ്റർ നവീന പുതിയോട്ടിൽ പങ്കെടുത്തു.

**പപ്പാ നോയൽ കളറിഡോ**
രാജ്യത്തിൻറെ ബഹുസ്വരതയെയും വൈവിധ്യങ്ങളെയും തകർക്കാനുള്ള ഭരണകൂട ശ്രമ

ങ്ങൾക്കെതിരെ പ്രതികരണമെന്നോണം മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ 2022 ഡിസംബർ 23 ന് ക്രിസ്തുമസ് ആഘോഷം സംഘടിപ്പിക്കുകയുണ്ടായി, നിറവൈവിധ്യമുള്ള സാന്താക്ലോസിനെയും ഭാഷ മരത്തെയും എല്ലാം സർവ്വകലാശാല സമൂഹം ഒന്നടങ്കം ഏറ്റെടുക്കുകയുണ്ടായി.

**പുതുമോടി**

നവാഗതരെ സ്വാഗതം ചെയ്തുകൊണ്ട് മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ പുതുമോടി എന്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി പ്രസ്തുത പരിപാടി 2022 ഡിസംബർ 23ന് വൈസ് ചാൻസലർ ഡോ അനിൽ വള്ളത്തോൾ ഉദ്ഘാടനം ചെയ്തു തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും, ഒറ്റ നാടൻ കലാ പഠന ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നാടൻപാട്ടും അവതരിപ്പിച്ചു.

**ഡോക്യുമെന്ററി പ്രദർശനം**

മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ 2023 ജനുവരി 24ന് മതനിരപേക്ഷ ഇന്ത്യയുടെ ഹൃദയത്തിലേറ്റ മുറിവ് സ്മൃതിയിലാണ്ട് പോകില്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് ബി.ബി.സിയുടെ ഇന്ത്യ ദി മോഡി ക്വസ്റ്റിൻ എന്ന ഡോക്യുമെൻററി പ്രദർശിപ്പിച്ചു.

**യോറം 2023**

കല ആസ്വാദനത്തിന്റെ മാത്രമല്ല, പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയുമാണ് എന്നതായിരുന്നു മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ കലാമേള യോറം 2023. സർവകലാശാലയിലെ വിദ്യാർത്ഥികളുടെ സർഗാത്മകമായ കഴിവുകളെ വളർത്തുന്നതിനും അതുപോലെതന്നെ ഭരണകൂട അടിച്ചമർത്തലുകൾക്കെതിരെ ഉയർന്നുവന്ന പ്രതിഷേധ സ്വരങ്ങളോടുള്ള ഐക്യദാർഢ്യവും എന്ന നിലയിൽ 2023 ജനുവരി 30,31 ഫെബ്രുവരി 1,2, 3 എന്നീ തീയതികളിൽ കലാമേള നടന്നു. കലാമേളയുടെ ഉദ്ഘാടനം 2023 ഫെബ്രുവരി ഒന്നിന് എഴുത്തുകാരനും തിരക്കഥാകൃത്തുമായ ഉണ്ണി. ആർ നിർവ്വഹിക്കുകയുണ്ടായി. സ്റ്റേജിത മത്സരങ്ങളും സ്റ്റേജ് മത്സരങ്ങളുമായി 53 ഇനങ്ങൾ അരങ്ങേറിയ യോറം 2023 ൽ 210-ൽപരം വിദ്യാർത്ഥികൾ മത്സരിക്കുകയുണ്ടായി. കലാമേളയുടെ സമാപന ചടങ്ങ് യൂണിയൻ ചെയർപേഴ്സൺ അഫ്സലിന്റെ അദ്ധ്യക്ഷതയിൽ മലയാള സർവകലാശാല വൈസ് ചാൻസിലർ അനിൽ വള്ളത്തോൾ ഉദ്ഘാടനം ചെയ്ത് വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി ശ്രുജിത്ത്.പി.സി സ്വാഗതം പറഞ്ഞ ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങൾ ആശിഷ്, സെനറ്റ് അംഗം ആര്യ. എം.വി തുടങ്ങിയവർ പങ്കെടുത്തു ഫൈൻ ആർട്സ് സെക്രട്ടറി വൃന്ദ.ടി നന്ദി രേഖപ്പെടുത്തി.

കലാപ്രതിഭ/**അനഘ.കെ**

സർഗ്ഗപ്രതിഭ/**മറിയം ഷാസിയ**

ചിത്രപ്രതിഭ/**കാവ്യാമൃത**

മികച്ച അഭിനേതാവ്/**അനഘ.കെ**



**സമ്പൂർണ്ണ ഭരണഘടന സാക്ഷരത യജ്ഞം**

ജനാധിപത്യ രാജ്യത്തിന്റെ പരമാധികാരികൾ ജനങ്ങളായിരിക്കെ അതിന്റെ അടിസ്ഥാന ശിലയായ ഭരണഘടനയെ കുറിച്ച് സാക്ഷരതാവുക എന്ന ഉത്തരവാദിത്വം കണക്കിലെടുത്ത് വിദ്യാർത്ഥി യൂണിയൻ മലയാള സർവ്വകലാശാലയിൽ സമ്പൂർണ്ണ ഭരണഘടന സാക്ഷരതാ യജ്ഞം ആരംഭിച്ചു. 2023 ഫെബ്രുവരി 21ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദു ഇന്ത്യൻ ഭരണഘടനയുടെ ആമുഖം പ്രദർശിപ്പിച്ച് ഉദ്ഘാടനം നിർവഹിച്ചു.

**ലിബർട്ടി**

സമ്പൂർണ്ണ ഭരണഘടന യജ്ഞത്തിന്റെ ഭാഗമായി 'ലിബർട്ടി' എന്ന പരിപാടിയിൽ 2023 മാർച്ച് 3 ന് ജസ്റ്റിസ്.കെ.ചന്ദ്രു 'ഇന്ത്യൻ ഭരണഘടന സാധ്യതകളും വെല്ലുവിളികളും'എന്ന വിഷയത്തിൽ വിദ്യാർത്ഥികളോട് സംവദിച്ചു.

**നാടക ശില്പശാല**

മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ നാടക ശില്പശാല 2023 മാർച്ച് 27,28 തീയതികളിൽ സംഘടിപ്പിക്കുകയുണ്ടായി രണ്ടു ദിവസങ്ങളായി നടന്ന നാടക ശില്പശാലയ്ക്ക് നേതൃത്വം നൽകിയത് നാടക സംവിധായകരായ അനീഷ് വളാഞ്ചേരി, പി.കെ വൈഷ്ണ എന്നിവരായിരുന്നു.

**ദാക്ഷായണി വേലായുധൻ അനുസ്മരണം**

2023 ജൂലൈ 5 ന് ഭരണഘടനാ നിർമ്മാണ സഭയിലെ ഏക ദളിത് സ്ത്രീയായ ദാക്ഷായിണി വേലായുധന്റെ നൂറ്റിപ്പതിനൊന്നാം ജന്മദിനം

ആചരിച്ചു. ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പർ അഡ്വ.രാജേഷ് പുതുക്കാട് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**കായികമേള 2023**

വംശീയത ഇല്ലാത്ത കായികലോകം സ്വപ്നം കണ്ടുകൊണ്ട് മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ കായികമേള HADRE (HAVE A DREAM) 2023 ജൂലൈ 12,13 തീയതികളിലായി സർവ്വകലാശാലയിലും ടി.എം.ജി ഗ്രൗണ്ടില്ലും വെച്ച് നടക്കുകയുണ്ടായി. കായികമേളയുടെ ഉദ്ഘാടനം പാര അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ഗോൾഡ് മെഡൽ ജേതാവായ പ്രിയ മാത്യുവും, നാഷണൽ ഹോക്കി താരം അക്ഷര വിനോദും ചേർന്ന് നിർവഹിക്കുകയുണ്ടായി.
വ്യക്തിഗത ചാമ്പ്യന്മാർ
**തബ്ഷീർ**
**സൗപർണിക**

**ഹോസ്റ്റൽ ഡേ 2023**

മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ ഹോസ്റ്റൽ ഡേ 2023 ജൂലൈ 20ന് വിദ്യാർഥികളുടെ വിവിധ കലാപരിപാടികളുടെ സംഘടിപ്പിക്കുകയുണ്ടായി പ്രസ്തുത പരിപാടിയിൽ കായികമേളയിലെ വിജയികൾക്കുള്ള സമാന വിദ്യാർത്ഥി യൂണിയൻ പ്രതിനിധികൾ നൽകി.

**ആണ്ടറുതി 2023**

രണ്ടാംവർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ യാത്രയയപ്പ് പരിപാടിയായ ആണ്ടറുതി 2023 ഓഗസ്റ്റ് 7ന് യൂണിയൻ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ സംസ്കാര പൈതൃക പഠനം ഡയറക്ടർ ഡോ.കെ.എം.ഭരതൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ 2022-23 വർഷത്തിലെ മലയാള സർവകലാശാല വിദ്യാർത്ഥി യൂണിയൻ റിപ്പോർട്ട് പ്രകാശനം ചെയ്യുകയുണ്ടായി തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും, ഫർസിൻ സിദ്ധു,സംഗീത് സിദ്ധാർത്ഥ്,റൈബിൻ ഗാറ്റ്സർ,എന്നിവർ നേതൃത്വം നൽകിയ 'റാപ്പ് എൻ റോക്ക്' പരിപാടി നടന്നു.

**ഓണാഘോഷം 2023**

2023 ആഗസ്റ്റ് 25 ന് യൂണിയന്റെ നേതൃത്വത്തിൽ ഓണസദ്യയും,വിവിധ പരിപാടികളും കെ.എൻ.കെ താമ്പോലത്തിന്റെ താമ്പോല വാദ്യവുമടങ്ങുന്ന ഓണാഘോഷം സംഘടിപ്പിച്ചു.



നിരന്തരം പ്രതിസന്ധികളും,വെല്ലുവിളികളും നിറഞ്ഞ ഈ കാലയളവിൽ വിദ്യാർത്ഥി യൂണിയനുമായി സഹകരിക്കുകയും മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്ത വിദ്യാർത്ഥി സുഹൃത്തുക്കൾ, വൈസ് ചാൻസലർ, അധ്യാപകർ, അനധ്യാപകർ, മറ്റ് സംഘടനാ ഭാരവാഹികൾ തുടങ്ങി എല്ലാ പ്രിയപ്പെട്ടവർക്കും വിദ്യാർത്ഥി യൂണിയന്റെ കൃതജ്ഞത അറിയിച്ചുകൊണ്ട് സ്നേഹാഭിവാദ്യങ്ങൾ നേരുന്നു

**ശ്രുജിത്ത്.പി.സി.**
ജനറൽ സെക്രട്ടറി

# അവകാശ
# പ്രസ്താവന



പ്രസിദ്ധീകരണ സ്ഥലം : തിരൂർ

ശീർഷകം :
**കരിങ്കുട്ടിത്താരേം വളഞ്ഞ്**
**എട്ട് തിക്ക് ചൊടല**

പ്രസാധക : **ഡോ. എൽ. സുഷമ**
വൈസ് ചാൻസലർ
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

സംശോധകർ : **സായൂജ്.എം.പി**
സാഹിത്യ പഠന സ്കൂൾ

**പ്രൊ.ഡോ.കെ.എം.അനിൽ**
എഴുത്തച്ഛൻ പഠന സ്കൂൾ

സംശോധക സമിതി : അഫ്സൽ/ശ്രുജിത്ത്.പി.സി./
ജിഷ്ണ.എം.കെ/ആര്യ.പി.കെ/നവജിത്ത്.എ/ശ്രുതി/
ആൽഡൻ/കൃഷ്ണ.കെ.എസ്/കൃഷ്ണ.കെ.പി/സ്നേഹ
ചന്ദ്ര/ഗ്രീഷ്മ/നിവേദ്യ/ജിനു.കെ.മാത്യു/സുവർണ/
അഭിജിത്ത്/ സ്നേഹ

ലിപി വിന്യാസം:
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

മുഖചിത്രം, വര, രൂപകല്പന :
പ്രജിൽ അമൻ-8589883349

അച്ചടി :
വീവൽ ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്
തൃശൂർ -9633220100


ഇന്നാള് പണിക്ക് പോയ വീട്ടില്
മൂത്തൊരുത്തൻ അവിടത്തെ
ചെറ്യേക്കുട്ട്യോട് പറയണത് കേട്ടു
"ഇനീം കരഞ്ഞാൽ നിന്നെ ആ
പണിക്ക് വന്നയാള് പിടിച്ചോണ്ട്
പോവും" കുട്ടി കരച്ചില് നിർത്തി
പിന്നെ കരഞ്ഞിട്ടില്ല

**ജോലിയെന്നാൽ പണിയും
പണിയെന്നാൽ ജോലിയുമാണ്**





**പുരാരേഖ എന്ന നിലയ്ക്ക് ഫോട്ടോഗ്രാഫിക് ആർക്കൈവിൽ ഒരു ഇമേജ് എങ്ങനെയാണ് പ്രൊഡ്യൂസ് ചെയ്യുന്നത്, എങ്ങനെയാണ് റീപ്രൊഡ്യൂസ് ചെയ്യുന്നത്, എങ്ങനെയാണ് വായിക്കപ്പെടുന്നത് എന്നിവയെല്ലാം പരാമർശിക്കുന്നുണ്ട്. ഇന്ത്യയ്ക്ക് പുറത്തു നോക്കുകയാണെങ്കിൽ ക്രിസ്റ്റഫർ പിന്നി, മാളവിക കാർലേക്കർ എന്നിവരുടെയെല്ലാം വെസ്റ്റേൺ സ്റ്റഡീസ് 2000 ന്റെ അവസാനങ്ങളിൽ ഉണ്ടായിട്ടുണ്ട്.**

# 'വർത്തമാനം വർത്തമാനം പറയുന്നു'

**● ആർക്കൈവുകളിലൂടെയും ഫോട്ടോഗ്രാഫുകളിലൂടെയും കേരളചരിത്രരചനയിൽ സംഭവിക്കുന്ന വ്യതിയാനത്തെ എങ്ങനെ വിലയിരുത്തുന്നു ?**

ആർക്കൈവുകൾ പണ്ടു മുതൽക്കേ ഉള്ളവയാണ്. ഈ മെറ്റീരിയൽസിനെ വിമർശനാത്മകമായി എങ്ങനെ ഉപയോഗിക്കുന്നുവെന്നതാണ് പ്രധാനം. പ്രൊഫ. എം.ജി.എസിനെപ്പോലുള്ളവരുടെ പഠനത്തിൽ ഇൻസ്ക്രിപ്ഷണൽ എവിഡൻസസ്, ലിറ്ററലി എവിഡൻസസ്, ടെക്സ്റ്റ് ബേസ്ഡ് എവിഡൻസസ് എന്നിവയെല്ലാം കാണാം. മോഡേൺ ഹിസ്റ്ററി ഡവലപ്മെന്റിലെല്ലാം തന്നെ പ്രമാണസാമഗ്രികൾ ആധാരമാക്കിയാണ് ചരിത്രരചന നടത്തിയിട്ടുള്ളത്. ചരിത്രവസ്തുക്കളുടെ അഭാവത്തിൽ ചരിത്രരചന സാധ്യമാവുകയില്ല. ആദ്യകാലത്തെ എത്തനോഗ്രാഫിക്പഠനങ്ങളിൽ ഫോട്ടോഗ്രാഫുകൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വിനിൽ പോൾ, സാജൻമണി തുടങ്ങിയവർ അവതരിപ്പിക്കുന്ന ലേഖനപരമ്പരയിൽ സീരീസായി എത്തനോഗ്രാഫിക് ഫോട്ടോഗ്രാഫിക്സ് കൊണ്ടുവരികയാണ് ചെയ്തത്. 
പുരാരേഖ എന്ന നിലയ്ക്ക് ഫോട്ടോഗ്രാഫിക് ആർക്കൈവിൽ ഒരു ഇമേജ് എങ്ങനെയാണ് പ്രൊഡ്യൂസ് ചെയ്യുന്നത്, എങ്ങനെയാണ് റീപ്രൊഡ്യൂസ് ചെയ്യുന്നത്, എങ്ങനെയാണ് വായിക്കപ്പെടുന്നത് എന്നിവയെല്ലാം പരാമർശിക്കുന്നുണ്ട്. ഇന്ത്യയ്ക്ക് പുറത്തു നോക്കുകയാണെങ്കിൽ ക്രിസ്റ്റഫർ പിന്നി, മാളവിക കാർലേക്കർ എന്നിവരുടെയെല്ലാം വെസ്റ്റേൺ സ്റ്റഡീസ് 2000 ന്റെ അവസാനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇവയല്ലാതെ ഇന്ത്യക്കു പുറത്ത് 1990 കളിൽ ഫോട്ടോഗ്രാഫ്സ് ഉപയോഗിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. സൌത്താഫ്രിക്കൻ വിമോചന പോരാട്ടവുമായി ബന്ധപ്പെട്ടുള്ള ഫോട്ടോഗ്രാഫുകൾ ഉപയോഗിച്ചുള്ള പഠനങ്ങൾ അത്തരത്തിലുള്ളവയാണ്. ഇത്തരത്തിലുള്ളവ ആർക്കൈവൽ മെറ്റീരിയൽ

വളരെ മുൻപേ ലഭ്യമായവയാണ്. ഒരു പ്രത്യേക സാഹചര്യത്തിൽ ഇത് ഉപയോഗിക്കപ്പെടുന്നു എന്നേയുള്ളൂ ബിനാലെ മുതലായ പ്രസന്റേഷനുകളിൽ ഹ്യൂമൺ ബോഡി /ബ്ലാക്ക് ബോഡി എന്നുള്ളതിനെ വലിയൊരു ഇമേജായി കൊണ്ടുവന്നിട്ടുണ്ട്.

**● കേരളത്തിലെ ആദ്യകാലചരിത്രപഠനങ്ങൾ അടിമത്തം എന്ന സങ്കല്പത്തെ എങ്ങനെയാണ് സമീപിക്കുന്നത്?**

പത്തൊൻപതാം നൂറ്റാണ്ടിൽ മിഷണറിമാരുടെ കാലത്ത് ഇന്ത്യയുടെ ഇതര ഭാഗങ്ങളിലായി എങ്ങനെയാണ് അടിമത്തം നിലനിന്നിരുന്നതെന്ന് സൂചിപ്പിക്കുന്ന ആന്റി സ്ലേവറി ജേണലുകൾ ഉണ്ടായിരുന്നു. റവ. ഗ്ലാഡ്സ്, ബാസൽ മിഷൻ ആർക്കൈവുകൾ എന്നിവയെല്ലാം വിശദമായ റിപ്പോർട്ടുകൾ ഉപയോഗിച്ച് കൊണ്ടുള്ള ചരിത്ര രചന നടത്തുന്നുണ്ട്. സമീപകാലത്ത് മാതൃഭൂമിയിലെഴുതിയ രാജൻ ഗുരുക്കളുടെ ആർട്ടിക്കിൾ എങ്ങനെയാണ് അടിമത്ത സമ്പ്രദായം കേരളത്തിൽ രൂപപ്പെട്ടതെന്ന് കേരളോൽപ്പത്തിയെ മുൻനിർത്തി അവതരിപ്പിക്കുന്നുണ്ട്. അടിമത്തത്തിന്റെ ചരിത്രത്തെക്കുറിച്ച് വളരെ സങ്കീർണതകൾ നിറഞ്ഞ അർത്ഥതലങ്ങളോടുകൂടി കാണാനുള്ള ശ്രമം ഇവിടെ കുറവാണ്. അതിനുള്ള പ്രധാന കാരണം അടിമത്തത്തിന്റെ ചരിത്രത്തെക്കുറിച്ച് പഠിക്കാനല്ല ഇവിടെ ശ്രമിക്കുന്നത്, മറിച്ച് ഇവിടെയുള്ള ഇൻസ്ക്രിപ്ഷനുകളെ (ലിഖിതങ്ങൾ) അടിസ്ഥാനമാക്കി വസ്തുതാപരമായി വിവരിക്കാനുള്ള ശ്രമമാണ് നടക്കുന്നത് എന്നതാണ്. ബ്ലൂംസ്ബറി പബ്ലിക്കേഷന്റെ ജർമ്മൻ സ്കോളേഴ്സ് എഴുതിയ ടെസ്റ്റിമോണിയൽസ് ഓൺ സ്ലേവറിയിൽ അടിമത്തം അനുഭവിക്കുന്ന വ്യക്തികളുടെ പേരുകൾ, അനുഭവങ്ങൾ എന്നിവ വെളിപ്പെടുത്തുന്നുണ്ട്. ഏതൊരു ലിറ്ററി ടെക്സ്റ്റിലും മാനുഷിക വൈകാരികതയ്ക്കാണ് പ്രാധ്യാന്യം. ഈ ഒരു രീതിയിൽ നോക്കുകയാണെങ്കിൽ അടിമത്തം അനുഭവിക്കുന്നവരുടെ യഥാർത്ഥമായ അനുഭവങ്ങൾ എന്തൊക്കെയാണ് അതായത് കൂട്ടം തിരിഞ്ഞ് പോവുക, കുടുംബത്തിൽ നിന്നും വേർപിരിഞ്ഞ് ജീവിക്കേണ്ടിവരുക എന്നിങ്ങനെയുള്ള കാര്യങ്ങൾ വിശകലനം ചെയ്യാം. എൻസ്ലേവ്മെന്റ് നിലനിന്നിരുന്നപ്പോഴൊക്കെയും ഈ ഒരു കാര്യം കൂറേക്കൂടി ആഴത്തിലാണ് ചർച്ചചെയ്യപ്പെട്ടിട്ടുള്ളത്. ചരിത്രകാരർ പറയുന്ന വസ്തുതകളെ അടിസ്ഥാനമാക്കിയാണ് അവ എഴുതപ്പെട്ടിരുന്നത്. പക്ഷേ, അതിന്റെ നറേറ്റീവ് സ്റ്റൈൽ വ്യത്യസ്തമാണ്. ഇപ്പോൾ വരുന്ന ഈ അടിമത്തത്തെക്കുറിച്ചുള്ള പഠനത്തെ മാറ്റുന്നതും അത്തരമൊരു ക്രിട്ടിക്കൽ പേഴ്സ്പെക്ടീവിലുള്ള നറേറ്റീവ് സ്റ്റൈലാണ്.

**● സമകാലിക കേരളത്തിൽ നവോത്ഥാനം വീണ്ടുമൊരു ചർച്ചാവിഷയമായി വരുന്നുണ്ടല്ലോ. കേരളത്തിൽ നടന്ന നവോത്ഥാന പ്രസ്ഥാനങ്ങളെ എങ്ങനെ വിലയിരുത്തുന്നു ? കേരളത്തിലെ അടിമ വിവേചനത്തിന് നവോത്ഥാനം എങ്ങനെ സഹായിച്ചിട്ടുണ്ട്?**

കേരളത്തിൽ അപ്പർകാസ്റ്റ് കമ്യൂണിറ്റികൾക്കിടയിലുള്ള ജാതിപരിഷ്കരണ പ്രസ്ഥാനങ്ങൾ, ജാതിവിരുദ്ധ പ്രസ്ഥാനങ്ങൾ എന്നിങ്ങനെ രണ്ട് തരത്തിലാണ് നവോത്ഥാനം സംഭവിക്കുന്നത്. ഇത്തരം പ്രസ്ഥാനങ്ങളുടെ ജാതിവിരുദ്ധ സമരങ്ങൾ അവരുടെ പൊതുവിലുള്ള സാമ്പത്തികമോ സാമൂഹികമോ ആയുള്ള പിന്നോക്കാവസ്ഥ മൂലം ഒരു പരിധിക്കപ്പുറം മുന്നോട്ടുപോവുന്നില്ല. അതേസമയം എസ്.എൻ.ഡി.പി പോലുള്ളവ ഇൻസ്റ്റിറ്റ്യൂഷ്ണലൈസ് ചെയ്യപ്പെട്ടവ പ്രസ്ഥാനങ്ങളായി മുന്നോട്ടുപോവുകയും അത് ഒരു നിയോ ഓർത്തഡോക്സി അഥവാ പുതിയ രീതിയിലുള്ള യാഥാസ്ഥിതികത്വം രൂപപ്പെടുത്തുകയും ചെയ്യുകയുണ്ടായി. മറ്റു അധസ്ഥിത സമൂഹങ്ങളുടെ ജാതിവിരുദ്ധ പ്രസ്ഥാനങ്ങളെല്ലാം തന്നെ ഒന്നിനൊന്ന് ഇല്ലാതാവുകയാണ് ചെയ്തത്. ഇവയെയെല്ലാം

ചേർത്താണ് നവോത്ഥാനം എന്നുപറയുന്നത്. ഇതിനെ പൊതുവേ കോളനിവൽക്കരണ സമൂഹത്തിൽ നടക്കുന്ന ആധുനികവൽക്കരണമായി കണക്കാക്കുകയാണെങ്കിൽ ഇതിലുള്ള പ്രധാന പ്രശ്നം എന്നു പറയുന്നത് പലരും ഇതിനെ ചരിത്രപരമായ സംഭവത്തിന്റെ പ്രൈമറി സോഴ്സായി കണക്കാക്കുന്നില്ല. അടിമത്തം എന്നത് അക്കാലത്ത് അത്തരമൊരു രീതിയിൽ ചർച്ച ചെയ്യപ്പെട്ടിരുന്നില്ല. കാരണം അടിമത്തം ബ്രിട്ടീഷ് കാലഘട്ടത്തിൽ നിരോധിക്കപ്പെട്ടതിനു ശേഷം നിയമപരമായി ആളുകളെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് അവസാനിച്ചു. പക്ഷേ അതിനു ശേഷവും കേരളത്തിന്റെ പല ഭാഗങ്ങളിലും അടിമക്കച്ചവടം നടന്നിരുന്നു. എന്നാൽ അങ്ങനെ സംഭവിച്ച വ്യക്തികളോട് ചോദിച്ചുകൊണ്ടുള്ള അനുഭവങ്ങളും മറ്റും അന്നത്തെ ചരിത്രരേഖകളിലോ പുസ്തകങ്ങളിലോ എഴുതിയിട്ടില്ല. പൊരുജനങ്ങളുടെ ഓർമ്മകളിൽ നിന്നുതന്നെ അടിമത്തത്തിന്റെ ചരിത്രമില്ലാതാവുന്നതിന് ഇതൊരു കാരണമായി.പിന്നീട് ഗാന്ധിയൻ മുന്നേറ്റങ്ങളുടെയും ക്ഷേത്രപ്രവേശനങ്ങളുടെയുമെല്ലാം സന്ദർഭത്തിൽ തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ മുതലായവ പരിഗണനയിൽ വരികയുമാണ് ചെയ്തത്.

**● ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം വലിയ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. അതേ സമയം അത്തരം ശ്രമങ്ങൾക്ക് ജാതിവ്യവസ്ഥയെ ആഴത്തിൽ അസ്ഥിരപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്ന എതിർവാദവുമുണ്ട്. അതിനോട് എങ്ങനെ പ്രതികരിക്കുന്നു?**

പത്തൊൻപതാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ വന്നതോടുകൂടി പുലയരും പറയരും ബൈബിൾ വായിക്കാനും പഠിക്കാനും ശേഷി നേടുന്നുണ്ട്. അതിന്റെയൊക്കെ തുടർച്ചയിലാണ് പൊയ്കയിൽ

**അടിമത്തം ബ്രിട്ടീഷ് കാലഘട്ടത്തിൽ നിരോധിക്കപ്പെട്ടതിനു ശേഷം നിയമപരമായി ആളുകളെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് അവസാനിച്ചു. പക്ഷേ അതിനു ശേഷവും കേരളത്തിന്റെ പല ഭാഗങ്ങളിലും അടിമക്കച്ചവടം നടന്നിരുന്നു.**



അപ്പച്ചനെപ്പോലുള്ളവർ കടന്നുവരുന്നത്. അസ്പൃശ്യജാതിയിൽപ്പെട്ടവർ മതം മാറി തങ്ങളുടെ മനുഷ്യാന്തസ്സ് പ്രഖ്യാപിക്കാൻ ശ്രമിക്കുന്നത് കാണാം. പൂർണ്ണമായും ജാതിവ്യവസ്ഥയെ പിടിച്ചുകുലുക്കാൻ കഴിഞ്ഞില്ലെങ്കിലും ഒരു ലിബർട്ടിസ്പേസ് ഉണ്ടാക്കിയെടുക്കാൻ ക്രിസ്ത്യാനിറ്റിക്ക് കഴിയുന്നുണ്ട്. അടിമത്തത്തിന്റെ അനുഭവങ്ങളെ മറികടക്കാൻ മതപരിവർത്തനം സഹായിക്കുന്നുണ്ട് എന്നത് പ്രധാനമാണ്. എന്തായാലും മനുഷ്യാന്തസ്സിനെപ്പറ്റിയുള്ള ആലോചനകൾ ആദ്യമായി മുന്നോട്ടുവെക്കുന്നത് മിഷണറിമാരാണ് എന്നു ചുരുക്കം.

**● പ്രത്യക്ഷരക്ഷാദൈവസഭയുടെ പ്രാധാന്യത്തെയും അതിന്റെ പ്രവർത്തനങ്ങളെയും എങ്ങനെയാണ് നോക്കിക്കാണുന്നത് ?**

ചരിത്രം പഠിക്കുന്നയാളെന്ന നിലയ്ക്ക് ഒരു സാമൂഹ്യമുന്നേറ്റമായാണ് പി ആർ ഡി എസിനെ ഞാൻ നോക്കിക്കാണുന്നത്. പി. ആർ. ഡി. എസിന്റെ ആദ്യകാലപ്രവർത്തന

ങ്ങൾ പരിശോധിച്ചാൽ യോഹന്നാന്റെ ക്രൈസ്തവമതദർശനങ്ങൾ അവയെ സ്വാധീനിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്. 1950കൾക്കു ശേഷം പി.ആർ.ഡി എസിന്റെ പ്രവർത്തനങ്ങൾ ബോധപൂർവ്വം തന്നെ ഹിന്ദുമുന്നേറ്റമെന്ന നിലയിലേക്ക് മാറുന്നതായി കാണാം. പ്രത്യക്ഷരക്ഷാദൈവസഭയുമായി ബന്ധപ്പെട്ട് അനുഭവങ്ങളുടെ ചരിത്രപരത, അടിമത്തം,മനുഷ്യാന്തസ്സ് തുടങ്ങിയവയെ മുൻനിർത്തിയാണ് ഞാൻ പഠനം നടത്തിയിട്ടുള്ളത്. എന്തൊക്കെയായാലും ഒരു മൂവ്മെന്റ് എന്ന നിലയിൽ പി.ആർ.ഡി എസ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. അതൊരു നിസ്സാരസംഭവമല്ല. മനുഷ്യരുടെ മനസ്സിനെ ഉഴുതുമറിച്ച് പുതിയൊരു ആശയലോകത്തേക്കെത്തിച്ചേരാൻ ഈ പ്രവർത്തനങ്ങൾ സഹായിച്ചിരുന്നു.


**● പൊയ്കയിലപ്പച്ചന്റെ ജ്ഞാനപദ്ധതിയുടെ ഉറവിടം ഹിന്ദുമത ദർശനങ്ങളാണോ അതോ ബൈബിൾ ആണോ?**

ഹിന്ദുമതവുമായി അതിന് യാതൊരു ബന്ധവുമില്ല. പൊയ്കയിലപ്പച്ചന്റെ പാട്ടുകളാണ് പി.ആർ.ഡി എസിന്റെ പ്രധാന ഉറവിടം. അതെല്ലാം ബൈബിൾ കേന്ദ്രിതമാണ്.. പൊയ്കയിൽ അപ്പച്ചന് ലഭ്യമായിരുന്ന പാഠങ്ങൾ ഏതായിരുന്നുവെന്നത് ഒരു പ്രധാന ചോദ്യമാണ്. അത് തീർച്ചയായും ബൈബിളാണ്. ഈ പാഠങ്ങൾ പഠിക്കുകയും വ്യാഖ്യാനിക്കുകയുമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. യോഹന്നാൻ ബൈബിളിനെ വിമർശരഹിതമായി അവതരിപ്പിക്കാനല്ല വിമർശനാത്മകമായി അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ പിൽക്കാലത്തേക്ക് വരുമ്പോൾ ഒരു ഗുരുവിന്റെ ഇമേജ് അപ്പച്ചന് നൽകുന്നുണ്ട്. പി.ആർ.ഡി.എസിന്റെ മന്ദിരത്തിലേക്ക് ഷർട്ട് ധരിച്ച് കയറാൻ പാടില്ല എന്നത് ഒരു പ്രത്യേകതരം യാഥാർത്ഥ്യത്തെ നിർമ്മിക്കുന്നുണ്ട്.

**● അടിമത്തത്തെ ഒരു വർഗ്ഗപ്രശ്നം മാത്രമായി കാണാതെ മനുഷ്യാന്തസിന്റെ പ്രശ്നം കൂടിയായി മാഷ് വിലയിരുത്തുന്നുണ്ടല്ലോ? അത്തരത്തിലുള്ള എഴുത്തുരീതിയിലേക്കെത്തിയതിനുപിന്നിലുള്ള ഒരു പ്രചോദനം എന്താണ്?**

കണ്ണൂർ ജില്ലയിലെ കരിക്കോട്ടക്കരി എന്ന സ്ഥലത്താണ് ഞാൻ ജനിച്ചത്. അവിടെ ജാതീയമായ നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾ അധ്യാപകർ ക്രൂരമായി പെരുമാറിയിരുന്നു. പിന്നീട് ചരിത്രം അറിയാൻ തുടങ്ങിയപ്പോഴാണ് അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നത്. എന്തുകൊണ്ട് നമ്മൾ ജനിച്ചു വളർന്ന ഗ്രാമങ്ങളിൽ ജാതീയമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നത്. വീട്ടിലെ ചിലർ ദലിത് ക്രിസ്ത്യൻ മൂവ്മെന്റുകളിൽ ഉണ്ടായിരുന്നവരായിരുന്നു അതുകൊണ്ടുതന്നെ അക്കാലത്ത് വീട്ടിൽ അതിനെക്കുറിച്ചെല്ലാം സംസാരിക്കുന്നത് കേൾക്കുകയും ചെയ്തിരുന്നു. പിന്നീട് വായനയിലൂടെ ആണ് കുറെ കാര്യങ്ങൾ മനസ്സിലാക്കിയത്. വായനയിൽ നിന്നു തന്നെയാണ് മനുഷ്യാന്തസ്സ് എന്ന ആശയമുണ്ടാവുന്നത്.

സാമൂഹ്യശ്രേണിയിൽ താഴെ നിർത്തപ്പെട്ട ജനത സ്വന്തം പേരിനൊപ്പം ജാതിപ്പേര് ചേർക്കുന്നത് ജാതിഉന്മൂലനത്തെ സാധ്യമാക്കുന്ന പ്രക്രിയയായി തോന്നിയിട്ടുണ്ടോ?
ഉ: ഇതൊരു പുതിയ സംഗതിയല്ല. ഇത്തരത്തിൽ ഒരുപാട് ആളുകൾ ചെയ്തിട്ടുണ്ട്. ഇത്തരം പേര് മാറ്റലുകൾ ഒരു ഓപ്പോസിഷണൽ തിങ്കിംഗ് എന്ന നിലയ്ക്ക് തലകീഴ് മറിച്ചിടുന്ന ഒരു രീതിയാണ് കൊണ്ടുവരുന്നത്. ആ അർത്ഥത്തിൽ അത് പോസിറ്റീവ് ആണ്. എന്നാൽ ഇത് എല്ലാവരും ചെയ്യണമെന്ന് വാശി പിടിക്കാനും പാടില്ല. ഇങ്ങനെ ചെയ്യാൻ താല്പര്യമില്ലാത്ത ആളുകളുമുണ്ട്. ജാതിയെന്നത് വളരെ സങ്കീർണ്ണമായ വസ്തുതയാണ്. പേരു മാറ്റിയത് കൊണ്ട് മാത്രം ജാതി എന്ന വടവൃക്ഷം ഇവിടെ




ഇല്ലാതാവണമെന്നില്ല. അത് സംഭവിക്കണമെങ്കിൽ ചൂഷകർ തങ്ങളുടെ പ്രവർത്തിയെപ്പറ്റി അവബോധമുള്ളവരായി മാറേണ്ടത് അനിവാര്യമാണ്.

**● പദോൽപ്പത്തി പ്രകാരം അടിച്ചമർത്തപ്പെട്ടവർ എന്നാണ് ദലിത് എന്ന വാക്ക് അർത്ഥമാക്കുന്നത്. ഈ സംവർഗ്ഗത്തെ മാഷ് എങ്ങനെയാണ് നോക്കിക്കാണുന്നത്?**

പലരും ഇങ്ങനെ ഉപയോഗിക്കരുത് എന്നു പറഞ്ഞുകൊണ്ട് കോടതിയിൽ കേസ് കൊടുത്തിട്ടുണ്ട്. എന്നാൽ എനിക്ക് തോന്നുന്നത്, സെൽഫ് റഫറൻഷ്യൽ ആയിട്ടുള്ള ഒരു ടേം ആണത് എന്നാണ്. സ്വയം വിശേഷിപ്പിക്കാൻ വേണ്ടി ഉപയോഗിച്ചിട്ടുള്ള ആ വാക്ക് അതിനെ പോസിറ്റീവ് സെൻസിൽ ആണ് ഇതുവരെയുള്ള വിമർശകരും മറ്റും കണ്ടിട്ടുള്ളത്. എനിക്ക് തോന്നുന്നു ആ അർത്ഥത്തിൽ അതിനൊരു യൂണിറ്റി ഉണ്ടാക്കാൻ ഉള്ള വാക്ക് എന്ന നിലയിലാണ്.

**● ഗാന്ധിയും അംബേദ്കറും തമ്മിലുള്ള ആശയപരമായ വൈരുദ്ധ്യത്തെ മാഷ് എങ്ങനെ കാണുന്നു? ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയസാഹചര്യത്തിൽ ഈ തർക്കത്തെ അതേവിധം കാണുകയാണോ വേണ്ടത് അതോ അവർക്ക് യോജിക്കാൻ കഴിയുന്ന മേഖലകൾ കണ്ടെത്തുകയാണോ വേണ്ടത്?**

ഗാന്ധിയുടെയും അംബേദ്കറുടെയും സന്ദർഭങ്ങൾ മനസ്സിലാക്കുകയെന്നതാണ് പ്രധാനപ്പെട്ട സംഗതി. നാഷണൽ യൂണിറ്റി എന്ന വ്യത്യസ്തമായൊരു ആശയമാണ് ഗാന്ധി മുന്നോട്ടുവെക്കുന്നത്. പക്ഷേ ഇവിടെ നിലവിലുള്ള ജാതി എന്ന പ്രശ്നം പരിഹരിച്ചെങ്കിൽ മാത്രമേ ഇത്തരമൊരു യൂണിറ്റി സാധ്യമാവുകയുള്ളൂ. റിപ്പബ്ലിക് ഓഫ് കാസ്റ്റ് എന്ന വളരെ ശക്തമായ ആശയമാണ് അംബേദ്കർ മുന്നോട്ടുവെക്കുന്നത്. അദ്ദഹം ജാതിയെ ഒരു സാമൂഹികപ്രശ്നമായിത്തന്നെ അഭിസംബോധന

ചെയ്യാൻ ശ്രമിക്കുന്നുണ്ട്. ഇന്നത്തെ സാഹചര്യം പരിശോധിക്കുകയാണെങ്കിൽ മറ്റൊരു തരത്തിലുള്ള ദേശീയ സന്ദർഭത്തിലാണ് നമ്മൾ. ആർ.എസ്.എസ് പ്രതിനിധീകരിക്കുന്ന ഫാസിസ്റ്റ് സമൂഹത്തിൽ എല്ലാ ജനാധിപത്യ വിശ്വാസികളും ഒരുമിച്ച് ചേരേണ്ടത് അത്യാവശ്യമാണ്. അത് വേറൊരു നാഷണൽ എമർജിങ് സിറ്റുവേഷൻ ആണ്.

**● അംബേദ്കറിന്റെയും മാർക്സിന്റെയും വിചാരമാതൃകകളെ ചേർത്തുവച്ചു പരിശോധിക്കുന്നതിൽ എത്രമാത്രം സാംഗത്യമുണ്ട് ?**

ഇവരെല്ലാവരും വ്യത്യസ്ത കാലയളവിൽ വളരെ വ്യത്യസ്തമായിട്ടുള്ള കോണ്ടക്സ്റ്റിൽ ജീവിച്ചവരാണ്. ക്യാപിറ്റലിസ്റ്റ് സൊസൈറ്റിയുടെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുകയും മൂലധനത്തിന്റെ ഹിസ്റ്ററിയും അതിന്റെ സോഷ്യോളജിയും അതിന്റെ ട്രാൻസ്ഫർമേഷനേയും കുറിച്ചാണ് മാർക്സ് പഠിക്കുന്നത്. മാർക്സ് ഇതിനെ ആഗോള തലത്തിൽ ആലോചിക്കുന്നു. ഇത്തരത്തിൽ ഉൽപ്പാദനക്ഷമമായ ആധുനിക രാഷ്ട്രമായി മാറേണ്ടതിനെക്കുറിച്ച് തന്നെയാണ് അംബേദ്കറും ആലോചിക്കുന്നത്. എന്നാൽ ഇന്ത്യയിലെ സാഹചര്യത്തിലേക്കെത്തുമ്പോൾ അതിനിവിടെ തടസ്സമായി നിൽക്കുന്നത് മതാത്മകമായുള്ള മുൻവിധികളാണെന്ന് അംബേദ്കർ കണ്ടെത്തുന്നു.



**● കോളനി എന്ന സങ്കൽപ്പത്തെ മാഷ് എങ്ങനെ കാണുന്നു?**

കോളനി എന്ന വാക്ക് കൊളോണിയലിസം എന്നിങ്ങനെയുള്ള കോണ്ടസ്റ്റിലാണ് നമ്മൾ ചർച്ച ചെയ്യുന്നത് എന്നാൽ ഇവിടെ യഥാർത്ഥത്തിൽ സെറ്റിൽമെന്റ് എന്ന അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. ഭൂമിയുടെ മേൽ ഓണർഷിപ്പ് ഇല്ലാത്തതുകൊണ്ട് മനുഷ്യരെ റീസെറ്റി ൽ ചെയ്ത് സ്ഥലമാണ് കോളനികൾ ആയി മാറിയത്. എന്നാൽ സമൂഹം അവിടെയുള്ള മനുഷ്യരെ മോശക്കാരായി ചിത്രീകരിക്കുന്നു. ക്രിമിനൽസ് അല്ലെങ്കിൽ ഡ്രസ്സ് പോലുള്ളവ എല്ലായിടത്തും ഉണ്ടെങ്കിലും അത് കോളനിയിലെ ആളുകളെ വച്ച് മാത്രം ചർച്ച ചെയ്യപ്പെടുന്നു. ഇതിനെ സോഷ്യൽ സ്പേസിൻറെ പ്രശ്നമായി കാണാം.ദലിത് കോളനികൾ എല്ലായ്പ്പോഴും വേർതിരിക്ക



**ഭൂമിയുടെ മേൽ ഓണർഷിപ്പ് ഇല്ലാത്തതുകൊണ്ട് മനുഷ്യരെ റീസെറ്റി ൽ ചെയ്ത് സ്ഥലമാണ് കോളനികൾ ആയി മാറിയത്. എന്നാൽ സമൂഹം അവിടെയുള്ള മനുഷ്യരെ മോശക്കാരായി ചിത്രീകരിക്കുന്നു.**

പ്പെട്ട ഒന്നായിട്ടാണ് നിലനിൽക്കുന്നത്. ഇവയല്ലാതെ ഹൗസിങ് കോളനികളും നമ്മുടെ സമൂഹത്തിലുണ്ട്. എന്നാൽ അവയ്ക്കു നേരെ ഇത്തരത്തിലുള്ള ആക്രമണങ്ങൾ നടക്കുന്നില്ല. മനുഷ്യാന്തസ്സ് നിശ്ചിത വർഗ്ഗത്തിന്റെ മാത്രം കുത്തകയായി നിലനിൽക്കുന്നതാണ് അതിന്റെ അടിസ്ഥാനകാരണം.

**● പേരിന്റെ രാഷ്ട്രീയം പ്രധാനമാണെന്ന് തോന്നുന്നു. ദളിത് സെറ്റിൽമെന്റുകളെ കോളനികൾ എന്ന് വിളിക്കുന്നതിന്റെ പ്രശ്നങ്ങളെക്കുറിച്ച് ഇപ്പോൾ ചില ചർച്ചകൾ ഉണ്ടായി വരുന്നുണ്ടല്ലോ?**

അങ്ങനെ സിമ്പിൾ ആയി പരിഹരിക്കാൻ കഴിയുന്ന ഒരു സംഗതിയായി ഇതിനെ കാണാൻ പറ്റില്ല. അതിനൊരു ഉദാഹരണമാണ് തിരുവനന്തപുരത്തെ ചെങ്കൽച്ചൂള. സർക്കാർ നിയമപ്രകാരം ചെങ്കൽച്ചൂള രാജാജി നഗർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലുള്ള സമീപനങ്ങൾക്ക് മാറ്റങ്ങൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ല. അവിടെയുള്ള കുട്ടികൾ മുടി നീട്ടി വളർത്തുകയോ മറ്റോ ചെയ്തിട്ടുണ്ടെങ്കിൽ അവരെ കുറ്റവാളികളായി കണക്കാക്കിക്കൊണ്ട് പോലീസുകാർ അടിക്കുകയും റൈഡ് ചെയ്യുകയും ചെയ്യാറുണ്ട്. ഇത്തരത്തിൽ നിരവധി പ്രശ്നങ്ങൾ നമുക്ക് ചുറ്റുമുണ്ട്. കോളനിയിലുള്ളവരെ മോശമായി ചിത്രീകരിക്കുന്നത് സമൂഹത്തിന്റെ മുഴുവൻ മനോഭാവവുമായി ബന്ധപ്പെട്ടതാണ്. മനോഭാവമാണ് മാറേണ്ടത്.

**● ദലിതരുടെ സാമൂഹികമാറ്റത്തിന് ബദൽമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുണ്ടോ?**

നമുക്ക് എല്ലാവർക്കും അറിയുന്നതുപോലെതന്നെ വിദ്യാഭ്യാസം തന്നെയാണ് അതിൽ പ്രധാനപ്പെട്ടത്. ആധുനിക വിദ്യാഭ്യാസമല്ലാതെ അതിനെ മറ്റൊരു പ്രധാന ബദൽമാർഗങ്ങൾ ഒന്നും തന്നെയില്ല. 'Educate agitate organize' എന്ന് അംബേദ്കർ പറഞ്ഞിരിക്കുന്നു. അതിനേക്കാൾ ഉപരിയായി നമുക്കൊന്നും പറയാനില്ല. ഇപ്പോൾ വിദ്യാഭ്യാസം എന്നത് കച്ചവടമായ സ്ഥിതിക്ക് അത് വളരെ ബുദ്ധിമുട്ടുള്ള സംഗതിയായി മാറും. ഇപ്പോഴത്തെ നിലയ്ക്ക് ഇത് കോംപ്ലിക്കേഷൻ വരുന്നത് എവിടെയാണെന്ന് വെച്ചാൽ എജുക്കേഷൻ അന്ന് ഒരു പബ്ലിക് ഗുഡ് ആയിരുന്നു പക്ഷേ ഇന്ന് അത് ഒരു പ്രൈവറ്റ് ഗുഡാണ്. അതിനെ നമുക്ക് ബ്രേക്ക് ചെയ്യാൻ പറ്റുമോ എന്ന ഇടത്താണ് റിയൽ ചലഞ്ച്. പിന്നെ വിദ്യാഭ്യാസം ഉണ്ടായതുകൊണ്ട് മാത്രം ആളുകൾ നന്നാവണമെന്നില്ല അതിന് എല്ലാത്തരത്തിലുള്ള മാറ്റങ്ങളും സാധ്യമാവേണ്ടിയിരിക്കുന്നു. സോളിഡാരിറ്റിയുടെ ഒരു എലമെന്റ് ഇവിടെ പ്രധാനപ്പെട്ടതാണ്. ഒറ്റവാക്കിൽ പറഞ്ഞാൽ സോഷ്യൽ മൂവ്മെന്റ്സ് ആണ് മാറ്റത്തിന്റെ അടിസ്ഥാനം. സോഷ്യൽ ആൻഡ് പൊളിറ്റിക്കൽ മൂവ്മെന്റ്സ് ആണ് ഇതിനകത്ത് പ്രധാനമായി നടക്കേണ്ടത്. വിദ്യാഭ്യാസം പോലും ഉണ്ടായത് ഇത്തരത്തിലുള്ള സോഷ്യൽ മൂവ്മെന്റ്സ് വഴിയാണല്ലോ.

**സർക്കാർ നിയമപ്രകാരം ചെങ്കൽചൂള രാജാജി നഗർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലുള്ള സമീപനങ്ങൾക്ക് മാറ്റങ്ങൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ല. അവിടെയുള്ള കുട്ടികൾ മുടി നീട്ടി വളർത്തുകയോ മറ്റോ ചെയ്തിട്ടുണ്ടെങ്കിൽ അവരെ കുറ്റവാളികളായി കണക്കാക്കിക്കൊണ്ട് പോലീസുകാർ അടിക്കുകയും റൈഡ് ചെയ്യുകയും ചെയ്യാറുണ്ട്.**

# കയ്യും തലയും പുറത്തിടുക

ഷർമിന

എന്റെ നെറ്റിയിൽ പൊടിഞ്ഞിരിക്കുന്ന വിയർപ്പുതുള്ളികളെ വൈകുന്നേരത്തെ കാറ്റ് തണുപ്പിച്ചു. ബസ്റ്റോപ്പിൽ അധികം ആളുകളില്ല. കറുത്ത നെറ്റിയിൽ വിയർപ്പ്, വെളിച്ചത്തെ ഒപ്പിയെടുത്ത് തിളങ്ങി!തിളങ്ങി..,തിളങ്ങി.., താഴേക്കുരുണ്ടു, ഒഴുകി.

പലതരം കണ്ണുകളുടെ ചൂട് എന്റെ വിയർപ്പുതുള്ളികളെ ആവിയാക്കി. വെള്ളമുണ്ടിനുള്ളിലെ അഭിമാനക്കണ്ണുകൾ, തേച്ച പാന്റിനുള്ളിലെ അഭ്യാസക്കണ്ണുകൾ, സിൽക്ക് സാരിക്കുള്ളിലെ അഹങ്കാരക്കണ്ണുകൾ, തിളങ്ങുന്ന ചുരിദാറിനുള്ളിലെ അറപ്പുകണ്ണുകൾ. എന്തായിരിക്കും എല്ലാവരുടെയും പ്രശ്നം?
സിമന്റുപാടുള്ള പോളിസ്റ്റർ സാരിയോ?
നീളൻ മുടിയില്ലാത്ത തലയോ?
പണിയെടുത്തുറച്ചുപോയ ശരീരമോ?
അതോ ഈ കറുപ്പോ?

എനിക്കറിയില്ല.!
എന്റെ പ്രശ്നം മാത്രം എനിക്കറിയാം..
എന്റെ പ്രശ്നം കൂലിയാണ്.

ഇന്നും കൺട്രാക്ടറോട് അടിയുണ്ടാക്കിയാണ് അറന്നൂറ് രൂപ വേടിച്ചത്. ഒപ്പം പണിയെടുത്തവന്മാർക്കൊക്കെ എണ്ണൂറ്..
ഒരേ പണി, ഒരേ അധ്വാനം പക്ഷെ പല കൂലി.
പണി കഴിയുമ്പോൾ ഉള്ളിൽ അലകളാണ്,നാട്ടിലേക്കയക്കാൻ ഇനിയും വേണം. കനത്തെപ്പോലും കനം കുറയ്ക്കുന്ന പിഞ്ചു നോട്ടങ്ങളാണ് ഓരോ സിമന്റുചട്ടിയും തലയിലെടുത്ത് വയ്ക്കുമ്പോൾ മുന്നിൽ തെളിയുന്നത്.



ഇന്നും കൺട്രാക്ടറോട് അടിയുണ്ടാക്കിയാണ് അറന്നൂറ് രൂപ വേടിച്ചത്. ഒപ്പം പണിയെടുത്തവന്മാർക്കൊക്കെ എണ്ണൂറ്..ഒരേ പണി, ഒരേ അധ്വാനം പക്ഷെ പല കൂലി. പണി കഴിയുമ്പോൾ ഉള്ളിൽ അലകളാണ്, നാട്ടിലേക്കയക്കാൻ ഇനിയും വേണം.





ബസ്സ് നിയന്ത്രണം വിട്ടതുപോലെ പെട്ടെന്ന് വന്നു. "വേഗം കയറടി അണ്ണാച്ചി" കണ്ടക്ടർ ആർത്തു. പണി സാധനങ്ങൾ നിറച്ച, പച്ചയും മഞ്ഞയും നിറമുള്ള സഞ്ചികൾ മുന്നിലും, അവയ്ക്ക് പിന്നിൽ ഞാനും എങ്ങനെയോ ബസ്സിൽ കയറിക്കൂടി. തുണികളൊതുക്കി, സഞ്ചികൾ മുറുക്കി ഒറ്റപ്പെട്ടിരിക്കുന്ന രണ്ടു സീറ്റുകളിൽ ജനലിനോട് ചേർന്നുള്ള സീറ്റിൽ ഞാനിരുന്നു. റോഡരികിൽ പലതരം മനുഷ്യർ, എന്റെ കാഴ്ചകളിലെ സ്ഥിരം മനുഷ്യർ, ഒരേ പ്രതീക്ഷകൾ.

**മിനിറ്റുകൾ കടന്നുപോയി എന്ന് തിരിച്ചറിഞ്ഞപ്പോഴാണ് ഞാനത് ശ്രദ്ധിക്കുന്നത് എന്റെ തൊട്ടടുത്ത സീറ്റ് ഇപ്പോഴും ശൂന്യമാണ്. പക്ഷേ ആളുകൾ ബസ്സിൽ നിൽക്കുന്നുണ്ട്. ഇല്ല! എനിക്കൊന്നും പറയാനില്ല!**

മിനിറ്റുകൾ കടന്നുപോയി എന്ന് തിരിച്ചറിഞ്ഞപ്പോഴാണ് ഞാനത് ശ്രദ്ധിക്കുന്നത് എന്റെ തൊട്ടടുത്ത സീറ്റ് ഇപ്പോഴും ശൂന്യമാണ്. പക്ഷേ ആളുകൾ ബസ്സിൽ നിൽക്കുന്നുണ്ട്.
ഇല്ല! എനിക്കൊന്നും പറയാനില്ല!
ഏകാന്തതയെ ചൂഴ്ന്നിറങ്ങുന്ന ഒറ്റപ്പെടൽ.. ഒറ്റപ്പെടലിനെ ചൂഴ്ന്നിറങ്ങുന്ന ഏകാന്തത..
ശരീരം മറന്ന് ഇഴുകിച്ചേരുന്ന പ്രണയികളെപ്പോലെ അവ പരസ്പരം അലിഞ്ഞുചേരുന്നു. അതിനിടയിൽ എങ്ങും പെടാത്ത ഞാൻ.


ബസ്സിനു പിന്നിൽ ആളുകളുടെ ഉന്തുംതള്ളും. തിരിഞ്ഞു നോക്കിയപ്പോഴതാ പിന്നിലെ സീറ്റിൽ ഒറ്റമുണ്ടുടുത്ത് ഗാന്ധി യിരിക്കുന്നു. ഗാന്ധിയുടെ കൂടെയിരിക്കാൻ ആളുകൾ പരസ്പരം വാക്കുതർക്കത്തിലേർപ്പെടുന്നു.. ബഹളം..
ഇല്ല ഈ തിരക്ക് എനിക്കർഹതപ്പെട്ടതല്ല. തിരിഞ്ഞിരിക്കു മ്പോഴാണ് അദ്ദേഹത്തെ കാണുന്നത് 'അംബേദ്കർ'.. കോട്ടിട്ട്. കയ്യിലൊരു പുസ്തകവുമുണ്ട്.. ബസ്സിന്റെ മുൻവശത്ത് ഒറ്റയ്ക്ക്.. ബഹളങ്ങളില്ല.

ഇല്ല ഈ ശൂന്യതയും ഞാൻ അർഹിക്കുന്നില്ല.
ഇനി ഞാൻ എങ്ങോട്ട് നോക്കും?
ഏത് കാഴ്ചകളെയാണ് ഞാൻ അർഹിക്കുന്നത്?
ഏത് തിരക്കാണ്?
ഏത് ശൂന്യതയാണ്?
കണ്ണുകളടയ്ക്കണം.. കണ്ണുകൾ അടച്ചു വേണം
ഈ യാത്ര പൂർത്തീകരിക്കാൻ..
കണ്ണുകളടയ്ക്കുന്നു.

ഒന്നിനോടും സന്ധിയില്ലാതെ ഈ വിധം
നാടുവിട്ടോടിക്കൊണ്ടിരിക്കുന്നതിന്റെ ആത്യന്തികമായ ലക്ഷ്യം
ഒരിക്കൽ ഒരാൾ കുന്ദേരയോട് ചോദിക്കുകയുണ്ടായി
അതിന് മറുപടിയായി പുള്ളി പറഞ്ഞതൊരു ചെക്കോസ്ലോവാക്യൻ
പൗരന്റെ കഥയാണ്;

അധിനിവേശകാലത്ത് രാജ്യം വിട്ടോടി വന്ന ചെക്കോസ്ലോവാക്യൻ പൗരൻ
കുടിയേറ്റ വിസക്കായി എമിഗ്രേഷൻ ഓഫീസിനെ സമീപിച്ചു.
ഏത് രാജ്യത്തേക്കുള്ള വിസയാണ് വേതെന്ന എമിഗ്രേഷൻ ഓഫീസറുടെ
ചോദ്യത്തിന് കൃത്യമായ ഉത്തരം നൽകാൻ കഴിയാതെ വന്നപ്പോൾ ഓഫിസർ ഒരു
ഗ്ലോബെടുത്ത് അയാൾക്കു മുന്നിലേക്കു വച്ച്
തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു ഗ്ലോബ് മുഴുവൻ സാവധാനം കറക്കി
നോക്കിയതിനു ശേഷം അയാളത് തിരികെ നീക്കിവച്ച് ചോദിച്ചു

‘വേറെ ഗ്ലോബുണ്ടോ ഇതല്ലാതെ‘?




നിങ്ങൾ പലർക്കൂടി
നാട് പഴുക്കും
നാങ്ങൾ പലർക്കൂടി
തോട് പഴുക്കും
നിങ്ങൾ പലർക്കൂടി
മേലോത്ത് പോമ്പോ
നാങ്ങൾ പലർക്കൂടി
മന്നത്ത് പോകും
നീങ്ങളും നാങ്ങളും
ഒക്കും



കാത്തിരിക്കണതല്ല
കാത്തിരിക്കേമില്ല.
കണ്ണോക്ക് വരാനോ
പാടാനോ
പൊറത്ത്ന്നാരും ഇനി
വരില്ലന്നറിയാം.
ജീവിച്ചിരിക്കുമ്പഴാണ്
എല്ലാർക്കും എല്ലാരും ഭാരം
ഞങ്ങക്ക് അങ്ങനല്ല
മരിച്ചാലാണ് എല്ലാരും ഭാരം.
മറവെയ്യാൻ മണ്ണില്ലാതെ
തണുത്ത് വെറുങ്ങലിച്ച്,
ഇത്രേം കാലം ഇനീം
എത്രയോ കാലം
ന്റെ കഥ കഴിഞ്ഞെങ്കിലും
ന്റെ കഥകള്
കഴിയുന്നില്ലല്ലോ...





കരിങ്കുട്ടിത്താര
വളഞ്ഞും തിരിഞ്ഞും
മുള്ളുവേലികളിൽ
കൊളുത്തിക്കീറിയും
കോൺക്രീറ്റു ചുമരുകളിൽ
ഉരഞ്ഞും പോറിയും
പഞ്ചായത്തു കിണറിന്റെ ആൾമറ
തൊട്ടും തൊടാതെയും
അരികിലൂടെ
ചെരിഞ്ഞും കുനിഞ്ഞും
പുറകിലൂടെയെത്താം
ഇതാണ് ആ പറഞ്ഞയിടം
ഇവിടെയാണ് ബാക്കി കഥ
പിക്കാസും മൺവെട്ടിയും
കയ്യിൽ കരുതേണ്ട
ധൈര്യപൂർവ്വം
മുന്നോട്ടു കടന്നു വരാം
ആരും ചോദിക്കാനും
പറയാനുമില്ലാത്ത
നിങ്ങൾ ഇത്രയും കാലം
അന്വേഷിച്ചു നടന്ന ഇനിയും
കണ്ടെത്താൻ കഴിയാത്ത
ഭൂമിയിലെ ഒരേയൊരിടം.



ചുടലയിൽ തിക്കും തിരക്കും കൂടി വരുന്നു

**ചത്തവർ ചത്തവർ**

വരിയായി കിടക്കുക

എല്ലാവർക്കും കൂടി ഒരേയൊരു

കുഴിയാണ്



ഭൂമി കറങ്ങുന്നു നീയിപ്പോൾ എന്നെ
നിസ്സഹായതയോടെ നോക്കിക്കൊണ്ടിരിക്കുന്നു

# നന്ദി

എന്തിനു പറയണം?

നാല് സെന്റിലെ കാക്ക
(എഡിറ്റർ)






തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാർഷികം'23